
# സുഗന്ധഗിരികളിലൂടെ



ഹന്നാ ഹെർണാർഡ്

വിവ: സി. ജോയ്സ് എം.എസ്.എം.ഐ.

www.malankaralibrary.com

Fr. Geevarghese ...
Malankara Catholic Church
Konni. P. O, Pathanamthitta
Pin. 689691

# സുഗന്ധഗിരികളിലൂടെ

('ഉന്നതങ്ങളിലേയ്ക്ക് ഒരു തീർത്ഥയാത്ര'
എന്ന ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗം)

**ഹന്നാ ഹെർണാർഡ്**

---

**വിവ: സി. ജോയ്സ് എം.എസ്.എം.ഐ.**

www.malankaralibrary.com

(Malayalam)
**SUGANDHA GIRIKALILOODE**
Translation of
MOUNTAINS OF SPICES

Author
HANNAH HURNARD

Published by
Tyndale House Publishers. Inc U.S.A.

Translated by Sr. **JOYCE.** M.S.M.I., M.A.

Malayalam Translation Published by

Vimalalayam, Kulathuvayal, P.O. Kayanna -673 526
Kerala, India.

First Published in 1994
Typesetting & Printing: Grafica, Shine Art Calicut -1.
Copies: 5000
Copy right: Vimalalayam, Kulathuvayal.
Price Rs: 25.

www.malankaralibrary.com

# ഉള്ളടക്കം

അവതാരിക
നന്ദിയുടെ ഒരു വാക്ക്
അനുവാചകരുടെ ശ്രദ്ധക്ക്
1. ശ്രീമതി ദുശ്ശകുനം 19
2. മാതളഗിരി (സ്നേഹം) 38
3. വിഷാദിനിയും ദ്രോഹിണിയും 51
4. മൈലാഞ്ചിമല (ആനന്ദം) 62
സ്നേഹത്തിൻെറ വിജയം
5. തിക്തതയും ആവലാതിയും 70
6. ജടാമാഞ്ചിമല (സമാധാനം) 85
പരിഹാരം ചെയ്യുന്ന സ്നേഹം
7. ആത്മാനുകമ്പയുടെ മോചനം 92
8. കുങ്കുമഗിരി (ദീർഘക്ഷമ) 108
സ്നേഹത്തിൻെറ സഹനം
9. വൃദ്ധനായ ഭീരുപ്രഭുവിൻെറ മരണം 115
10. വയമ്പുമല (സൗമ്യത) 128
സ്നേഹത്തിൻെറ ഭീകരത
11. അസംതൃപ്തിയും നീരസവും 136
12. ഇലവംഗഗിരി (നന്മ) 156
സ്നേഹത്തിൻെറ വിധി
13. ഹീനഭീതിയും ശുണ്ഠിയും 162
14. കുന്തിരിക്കമല (വിശ്വാസം) 182
സ്നേഹത്തോടുള്ള വിശ്വാസത്തിൻെറ പ്രതികരണം
15. അഹങ്കാരവും ഗർവ്വിഷ്ഠയും 189
16. മീറഗിരി (ശാന്തത) 203
സ്നേഹസാമ്രാജ്യമാണ് സ്വർഗ്ഗം
17. അകിൽഗിരി (ആത്മസംയമനം) 210
സ്നേഹത്താലുള്ള ആത്മസംയമനം
18. സുഗന്ധഗിരികളുടെ മുകളിലെ അവസാനരംഗം 217

www.malankaralibrary.com

*"എൻെറ പ്രിയനേ വേഗം വരുക,*
*സുഗന്ധദ്രവ്യങ്ങളുടെ മലകളിൽ*
*കലമാൻ കുട്ടിയെപ്പോലെയോ*
*ചെറുമാൻപേടയെപ്പോലെയോ വേഗം വരുക"*
(ഉത്തമഗീതം 8:14)

| "അങ്ങയുടെ ഫലവൃക്ഷത്തോപ്പിലെ മരങ്ങൾ | "ആത്മാവിൻെറ ഫലങ്ങൾ |
|---|---|
| മാതളനാരകം.......... | സ്നേഹം |
| മൈലാഞ്ചി........ | ആനന്ദം |
| ജടാമാഞ്ചി........ | സമാധാനം |
| കുങ്കുമം......... | ദീർഘക്ഷമ |
| വയമ്പ് .......... | സൗമ്യത |
| ഇലവംഗം...... | നന്മ |
| കുന്തിരിക്കം........ | വിശ്വാസം |
| മീറ....... | ശാന്തത |
| അകിൽ ............" | ആത്മസംയമനം........" |
| (ഉത്തമഗീതം 4:13,14) | (ഗലാ 5:22,23) |

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അവതാരിക

'സുഗന്ധഗിരികളിലൂടെ' എന്ന ഈ ഗ്രന്ഥം, 'ഉന്നതങ്ങളിലേക്ക് ഒരു തീർത്ഥയാത്ര' എന്ന പുസ്തകത്തിൻെറ രണ്ടാംഭാഗമാണ്. "Mountains of Spices" എന്ന പേരിലാണ് ഇതിൻെറ മൂലഗ്രന്ഥം ഉള്ളത്. 'Hinds' Feet on High Places' എന്ന പുസ്തകത്തിന് ഒരു രണ്ടാം ഭാഗം ഉണ്ടെന്ന് ആരോ പറഞ്ഞുകേട്ടപ്പോൾ ഞാനതിനെപ്പറ്റി താത്പര്യപൂർവ്വം അന്വേഷിച്ചു. ദീർഘനാളത്തെ അന്വേഷണഫലമായിട്ടാണ് പുസ്തകം കണ്ടുപിടിക്കാൻ സാധിച്ചത്. കണ്ടുകിട്ടിയ ഉടനെതന്നെ ഞാൻ അത് സി. ജോയ്സിനെ ഏൽപിച്ചു. പരിശുദ്ധാത്മാവിൻെറ ഫലങ്ങളാണ് കഥാരൂപത്തിൽ ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.

'ഉന്നതങ്ങളിലേക്ക് ഒരു തീർത്ഥയാത്ര' പ്രശംസനീയമാംവിധം വിവർത്തനം ചെയ്ത സി. ജോയ്സ്, അതിൻെറ രണ്ടാം ഭാഗമായ ''സുഗന്ധഗിരികളിലൂടെ'' താൻ ആരംഭിച്ച തീർത്ഥാടനം വിജയകരമായി പര്യവസാനിപ്പിച്ചിരിക്കുന്നു എന്നുപറയുവാൻ ഏറെ സന്തോഷമുണ്ട്. തൻെറ ഇതര ജോലികൾക്കിടയിൽ സി.ജോയ്സ് ഈ വിവർത്തനം വിശ്വസ്തതയോടെ ഏറ്റെടുത്തു പൂർത്തീകരിച്ചതിന് എൻെറ അഭിനന്ദനങ്ങൾ! ആശംസകൾ!

പരിശുദ്ധാത്മാവിൻെറ ഫലങ്ങളെപ്പറ്റി വെറും താത്വികമായ അറിവുമാത്രമുള്ള നമുക്ക്, ഈ പുസ്തകം വായിച്ചുകഴിയുമ്പോൾ, അവയെപ്പറ്റി ഒരു ദൃശ്യരൂപം ലഭിക്കുമെന്നുള്ളതു തീർച്ചയാണ്.

കരിസ്മാററിക് നവീകരണത്തിലൂടെ പരിശുദ്ധാത്മാവിനെ അനുഭവിച്ചറിയാൻ ആഗ്രഹിക്കുന്നവരും, അങ്ങനെ അനുഭവിച്ചറിഞ്ഞവരും ഇന്ന് അനേകായിരങ്ങളുണ്ട്. അവർക്കുമാത്രമല്ല, ഈ ഗ്രന്ഥം ഒരാവർത്തി വായിക്കുന്ന എല്ലാവർക്കും ഒരു ദൈവാനുഭവം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com

ഈ പുസ്തകത്തിലെ പ്രധാന കഥാപാത്രമായ 'ഭീത' ('കൃപാമഹത്വം') തനിക്കു ലഭിച്ച ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവച്ച് അവരേയും ഇടയപ്രമുഖനിലേയ്ക്ക് ആനയിക്കുന്നതുപോലെ ഈ ഗ്രന്ഥം വായിക്കുന്ന ഓരോരുത്തരും തങ്ങൾക്കു ലഭിക്കുന്ന ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവച്ച് തങ്ങളുടെ ജീവിതം ഫലസമൃദ്ധമാക്കുമെന്ന് എനിക്കു പ്രതീക്ഷയുണ്ട്.

കുളത്തുവയൽ, ഫാ.സി.ജെ.വർക്കി.

21 - 9 - 1994.

www.malankaralibrary.com

# നന്ദിയുടെ ഒരു വാക്ക്

ഈ ഗ്രന്ഥം നിങ്ങളുടെ കൈകളിലെത്തിക്കുന്നതിന് എന്നെ അനുഗ്രഹിച്ച നല്ല ദൈവത്തിനു ഞാൻ ആദ്യമായി നന്ദി പറയുന്നു.

'ഉന്നതങ്ങളിലേയ്ക്ക് ഒരു തീർത്ഥയാത്ര' എന്നപോലെ ഈ ഗ്രന്ഥവും കണ്ടെത്തി ഇതു വിവർത്തനം ചെയ്യാൻ എന്നെ ഏൽപിച്ചത് ഞങ്ങളുടെ സന്യാസ സമൂഹത്തിന്റെ സ്ഥാപകനായ ബ.സി.ജെ. വർക്കിയച്ചനാണ്. അന്നുമുതൽ ഇന്നോളം അദ്ദേഹത്തിന്റെ നിർലോഭമായ പ്രചോദനവും നിരന്തരമായ പ്രോത്സാഹനവും സർവ്വോപരി പ്രർത്ഥനാ സഹായവും എനിക്കു ലഭിച്ചിട്ടുണ്ട്. ഭാരിച്ച ജോലിത്തിരക്കിനിടയിലും ഈ പരിഭാഷയ്ക്ക് ഹൃദ്യമായ ഒരവതാരിക എഴുതി ഈ സദുദ്യമത്തെ പിതൃനിർവ്വിശേഷമാംവിധം അനുഗ്രഹിച്ച അദ്ദേഹത്തോട് എനിക്കുള്ള കൃതജ്ഞത സാദരം രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ വിവർത്തനപരിശ്രമത്തിൽ എന്നെ സഹായിക്കുവാൻ സന്മനസ്സും ത്യാഗസന്നദ്ധതയും പ്രകടിപ്പിച്ച തലശ്ശേരി സന്ദേശഭവനിലെ സ്റ്റാഫംഗമായ ബ.ഫാ. ജോർജ്ജ് പുതുമന, ശ്രീ.മാത്യു. എൻ.ആൻഡ്രൂസ് M.A. Bed, D.T.E, Asst. Education Officer (Retd) എന്നിവർക്കും, കവിതാഭാഗം വിവർത്തനം ചെയ്യുകയും കയ്യെഴുത്തുപ്രതി പരിശോധിച്ചു വേണ്ട തിരുത്തലുകൾ നല്കുകയും ചെയ്ത നിർമ്മലഗിരി കോളേജിലെ മലയാളം അദ്ധ്യാപകനായ ബ. ഫാ. ജിയോ പുളിക്കൽ M.A.(Phil),M.A.(Mal), M.Phil -നും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

കയ്യെഴുത്തുപ്രതി പകർത്തിയെഴുതിയ എന്റെ കുഞ്ഞനുജത്തിമാരായ നോവിസസ്സിനെയും ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച *"Grafica D.T.P. Centre"*-നെയും നന്ദിയോടെ സ്മരിക്കുന്നു.

ഈ ഉദ്യമത്തിനു വേണ്ട സമയവും സാഹചര്യവും നൽകി എന്നെ പ്രോത്സാഹിപ്പിച്ച ഞങ്ങളുടെ മദർ ജനറൽ ബ.സി. ലെത്തീസ്യായ്ക്കും പ്രൊവിൻഷ്യലായ ബ.സി. മരിയറ്റായ്ക്കും കൗൺസിലേഴ്സിനും വിമലാലയത്തിലെ എല്ലാ സഹോദരിമാർക്കും നന്ദിയുടെ നറുമലരുകൾ ഏകുന്നു.

കൂടാതെ, ഈ പരിഭാഷയുടെ പ്രകാശനത്തിൽ സഹായിച്ചിട്ടുള്ള ഏറെപ്പേരുണ്ട്. അവർക്കെല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

നല്ലിടയനായ യേശുനാഥനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ ഈ ഗ്രന്ഥം ഏവർക്കും സഹായകമാകട്ടെ.

**സി.ജോയ്സ്.**

കുളത്തുവയൽ
21 – 9 – 1994.

www.malankaralibrary.com

# അനുവാചകരുടെ ശ്രദ്ധയ്ക്ക്

വർഷങ്ങൾക്കുമുമ്പ് ഒരു യുവ പ്രേഷിതയായി പലസ്തീനായിൽ ജോലി ആരംഭിക്കുന്ന കാലത്ത് ഒരു ദിവസം പ്രഭാതത്തിൽ ഗലാ.5: 22,23–ൽ കാണുന്ന അരൂപിയുടെ ഒൻപതു ഫലങ്ങളും ഉത്തമഗീതം 4:13,14–ൽ "ആവൃതോദ്യാന"ത്തെയും "മാതളത്തോട്ട"ത്തെയും പറ്റിയുള്ള വിവരണത്തിൽ കാണുന്ന ഒൻപതു സുഗന്ധദ്രവ്യങ്ങളും തമ്മിലുള്ള സാദൃശ്യം വളരെ ശ്രദ്ധേയമായി എനിക്ക് അനുഭവപ്പെട്ടു. അതേത്തുടർന്ന് ജീവിതത്തിലെ ആനന്ദപ്രദമായ അനേകം "ഏകാന്ത നിമിഷങ്ങ"ളിൽ ഉത്തമഗീതത്തിലെ പ്രസക്തഭാഗങ്ങളിൽ കാണുന്ന ചെടികളുടെയും മരങ്ങളുടെയും പ്രത്യേകതകളും അവയ്ക്ക് "അരൂപിയുടെ ഫലങ്ങളോടുള്ള" സാധർമ്മ്യവും ഞാൻ ധ്യാനവിഷയമാക്കി. കാനൻ ടിസ്ട്രാമിന്റെ "Flora of the Bible" ഉം "From Cedar to Hyssop" എന്ന മറ്റൊരു ഗ്രന്ഥവും വിശദാംശങ്ങൾ പഠിക്കുവാൻ വളരെ സഹായകമായി.

വർഷങ്ങൾക്കുശേഷം "ഉന്നതങ്ങളിലേയ്ക്കു ഒരു തീർത്ഥയാത്ര"യുടെ തുടർച്ചയായി ഈ ഗ്രന്ഥം രചിക്കാനാരംഭിച്ചപ്പോൾ പ്രിയങ്കരങ്ങളായ ആ "ഏകാന്ത നിമിഷങ്ങ"ളിൽ പഠിക്കാൻ കഴിഞ്ഞ പാഠങ്ങൾ ഓർമ്മയിൽ ഓടിയെത്തി. എങ്കിലും ഉന്നതങ്ങളിൽ വളരുന്നതായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന സുഗന്ധ വൃക്ഷങ്ങൾ പ്രതീകങ്ങളാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തട്ടെ. അവയെപ്പറ്റിയുള്ള വിവരണത്തിൽ ആശയാവതരണത്തിനാവശ്യമായ ക്രമീകരണങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്; ചില വിശദാംശങ്ങളിൽ മാറ്റം വരുത്തിയിട്ടുമുണ്ട്. അതിനാൽ ഉന്നതങ്ങളിൽ വളരുന്ന വൃക്ഷങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും ഒരു യഥാർത്ഥ വിവരണമല്ല ഇവിടെ കാണുക. അല്പം കലാപരമായ സ്വാതന്ത്ര്യം ഞാൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ഈ ഗ്രന്ഥത്തിലെ കഥാപാത്രങ്ങൾ മനസ്സിന്റെയും ഹൃദയത്തിന്റെയും അസംതൃപ്തവും വേദനാജനകവുമായ ആന്തരികഭാവങ്ങളുടെ വ്യക്തിത്ത്വവത്ക്കരണമാണ്. അവയുടെ പേരുകൾതന്നെ ഇതു വ്യക്തമാക്കുന്നു."ഉന്നതങ്ങളിലേയ്ക്കു ഒരു തീർത്ഥയാത്ര"യിൽ അവ'ഭീത'യുടെ ശത്രുക്കളായിരുന്നു- ഉന്നതങ്ങളിലേക്കുള്ള പ്രയാണത്തിൽ അവൾക്കു പ്രതിബന്ധമായിനിന്നവർ. ഈ ഗ്രന്ഥത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്ന കാര്യം മറ്റൊന്നാണ്: ക്രിസ്തീയ ജീവിതത്തിന് ഏറ്റവും വലിയ പ്രതിബന്ധമായി നമുക്കു തോന്നുന്ന സഹജമായ സ്വഭാവവൈകല്യങ്ങളും ദൗർബല്യങ്ങളും അവയ്ക്കു നേരേ വിപരീതമായ വിശിഷ്ട ഗുണങ്ങളായി രൂപാന്തരപ്പെടുത്തുവാൻ സാധിക്കും; നാം അവയെ രക്ഷകനു സമർപ്പിക്കണമെന്നുമാത്രം. എന്റെ സ്വന്തം ജീവിതത്തിൽ

www.malankaralibrary.com

ഏറ്റവും വലിയ പ്രശ്നങ്ങളായിരുന്ന സ്വഭാവവൈകല്യങ്ങളുടെ രൂപാന്തരീകരണമാണ് ഇവിടെ വിവരിക്കപ്പെട്ടിട്ടുള്ളത്. അവയെപ്പറ്റി ആധികാരികമായി സംസാരിക്കാൻ എനിക്കു കഴിയുമല്ലോ. ഞാൻ ജന്മനാ ഒരു ഭീരുവായിരുന്നു-"ഭീരുവംശ"ത്തിലെ ഒരു യഥാർത്ഥ അടിമ! പക്ഷേ കാലാന്തരത്തിൽ ഒരു കാര്യം എനിക്കു പകൽപോലെ വ്യക്തമായി: ഭയത്തെ നിരന്തരം വിശ്വാസമായിപകർത്താൻ നിർബ്ബന്ധിതരാകുന്നവരെപ്പോലെ വിശ്വാസപരിശീലനത്തിനും വളർച്ചക്കുമുള്ള സുവർണ്ണാവസരം മറ്റാർക്കും ലഭിക്കുന്നില്ല. ഒരുവൻ ഒന്നുകിൽ ഭീതിനിറഞ്ഞ തൻെറ പ്രകൃതത്തിനടിമപ്പെട്ട് ജീവിതകാലമത്രയും ഒരു 'ഹീനഭീതി'യായി കഴിയണം; അല്ലെങ്കിൽ ഭീതി നിറഞ്ഞ തൻെറ പ്രകൃതത്തെ പൂർണ്ണമായി നാഥനു സമർപ്പിച്ച്, ഭയത്തിനു കീഴടങ്ങാനുള്ള ഓരോ പ്രലോഭനവും വിശ്വാസത്തിൽ അടിയുറയ്ക്കാനുള്ള അവസരമായി ഉപയോഗിച്ച്, നാഥൻെറ സ്നേഹവും ശക്തിയും വിളംബരം ചെയ്യുന്ന 'നിർഭയസാക്ഷി'യായി രൂപാന്തരപ്പെടണം. ഇതിനു രണ്ടിനുമിടയ്ക്ക് മറ്റൊരു മാർഗ്ഗമില്ല.

അതുപോലെതന്നെ മ്ലാനപ്രകൃതി, പരപുച്ഛം നിറഞ്ഞ മൂർച്ചയുള്ള നാവ്, ദുഃശ്ശകുനഭീതികൊണ്ട് അസ്വസ്ഥമായ മനസ്സ് എന്നിങ്ങനെ ഈ ഗ്രന്ഥത്തിൽ വ്യക്തിരൂപംപൂണ്ടിട്ടുള്ള സ്വഭാവസവിശേഷതകളെല്ലാം അവയ്ക്കുനേരേ വിപരീതമായ മഹത്ഗുണങ്ങളായി രൂപാന്തരീകരിക്കപ്പെടാൻ കഴിയും. സ്നേഹം നമ്മുടെ പോരായ്മകളെയും വൈകല്യങ്ങളെയും സ്വീകരിച്ച് അവയിൽനിന്ന്, "വക്രബുദ്ധിയായ യാക്കോബിൽ" നിന്നെന്നപോലെ, ദൈവത്തിൻെറ രാജകുമാരന്മാരെയും രാജകുമാരിമാരെയും രൂപപ്പെടുത്തുന്നു.

സുഗന്ധഗിരികളിൽവച്ച് ഇടയരാജാവും കൃപാമഹത്വവും തമ്മിൽ നടക്കുന്ന സംഭാഷണങ്ങളിൽനിന്ന്, ഞാൻ രക്ഷകൻെറ അധരങ്ങളിൽ അവിടുന്ന് ഒരിക്കലും പറയാത്ത വചനങ്ങൾ നിക്ഷേപിക്കുകയും അവയ്ക്ക് ദൈവനിവേശിതമായ സത്യത്തിൻെറ ആധികാരികത അവകാശപ്പെടുകയും ചെയ്യുകയാണെന്നു ധരിക്കരുത്. സ്നേഹിക്കുന്ന ഏതൊരാത്മാവും സ്നേഹരാജനും തമ്മിലുണ്ടാകാവുന്ന പരസ്പര ഐക്യത്തെ ദ്യോതിപ്പിക്കുകയും നമ്മെ അസ്വസ്ഥരാക്കുന്ന പ്രശ്നങ്ങളിലേക്ക് വെളിച്ചംവീശാൻ അവിടുത്തേക്ക് എങ്ങനെ കഴിയുമെന്നു വെളിപ്പെടുത്തുകയും മാത്രമാണ് ഈ സംഭാഷണങ്ങളുടെ ലക്ഷ്യം. ദിനംപ്രതി രക്ഷകൻെറ സ്നേഹത്തിനും പഠനങ്ങൾക്കും സ്വയം തുറന്നുവയ്ക്കുകവഴി എൻെറതന്നെ മനസ്സിനും ബുദ്ധിക്കും എങ്ങനെ പ്രകാശം ലഭിച്ചുവെന്ന് പ്രകടമാക്കുകയാണ് ഞാൻ ഇവിടെ ചെയ്തിട്ടുള്ളത്. ഇക്കാര്യങ്ങളെ സംബന്ധിച്ച എൻെറ ചിന്തകൾ അപഹാസ്യമാം വിധം അപര്യാപ്തമാണെന്നും അവാച്യവും മഹത്വപൂർണ്ണവുമായ സത്യ

www.malankaralibrary.com

ത്തോട് അവ നീതിപുലർത്തുന്നില്ലെന്നും എനിക്കറിയാം. പക്ഷേ, എത്തിച്ചേരേണ്ട ഉയരങ്ങൾ അനന്തമായി മുന്നിൽ തുറന്നുകിടക്കുന്ന സ്ഥിതിക്ക് മുകളിലേക്കുള്ള യാത്രയിൽ കണ്ട ക്ഷണികദൃശ്യങ്ങൾ മാത്രമാണല്ലോ ഇവിടെ വിവരിക്കാൻ കഴിയുക. ഏറ്റവും സുന്ദരമായ കാഴ്ചകൾ ഇനിയും കാണാനിരിക്കുന്നതേയുള്ളു, സംശയമില്ല.

ഈ ഗ്രന്ഥത്തിലെ കവിതകളെയും ഗാനങ്ങളെയുംപറ്റി ഒരു വാക്ക്. ജീവിത യാത്രയിൽ പഠിക്കുന്ന പുതിയ പാഠങ്ങളും ലഭിക്കുന്ന പുതിയ ഉൾക്കാഴ്ചകളും പദ്യരൂപത്തിൽ സംഗ്രഹിക്കുന്നത് അവയെ മനസ്സിലുറപ്പിക്കാനും എളുപ്പം ഓർമ്മയിൽകൊണ്ടുവരാനും എനിക്ക് സഹായകമായിട്ടുണ്ട്. വായനക്കാർക്കും അവ പ്രയോജനപ്പെടുമെന്നാണ് എന്റെ പ്രതീക്ഷ. അവയെല്ലാം ഈ ഗ്രന്ഥത്തിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയവയാണ്. എങ്കിലും അവയിൽ മിക്കതും ഞാനെഴുതിയ "Unveild Glory," "The Heavenly Powers" എന്നീ ഗ്രന്ഥങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

ഗ്രന്ഥകർത്രി.

www.malankaralibrary.com

## അദ്ധ്യായം - 1

# ശ്രീമതി ദുശ്ശകുനം

അവമതിയുടെ താഴ്‌വരയിൽ എല്ലാം തികഞ്ഞ ഒരു വസന്തപ്പുലരി. സൂര്യപ്രകാശം നിറഞ്ഞ മൃദുലവും സുഗന്ധപൂരിതവുമായ അന്തരീക്ഷത്തിൽ സകലതും ആഹ്ലാദിക്കുന്നതുപോലെ തോന്നി. പുൽത്തകിടികൾ പുതുമയാർന്ന പച്ചപുതച്ചിരുന്നു. ഫലവൃക്ഷങ്ങൾ വെള്ളയും ഇളം ചുവപ്പും കലർന്ന പൂക്കളുടെ മേലങ്കി അണിഞ്ഞുനിന്നു. മന്ദമാരുതനിൽ കാട്ടുപൂക്കൾ ഉല്ലാസത്തോടെ നൃത്തം വച്ചു. സൂര്യകിരണങ്ങളേറ്റു വെട്ടിത്തിളങ്ങുന്ന ലില്ലിപ്പൂക്കൾ മെഴുകുപന്തങ്ങളുടെ ഒരു സൈന്യനിരയെപ്പോലെ നീലത്തടാകത്തിൻെറ മുകളിലുള്ള കിഴുക്കാം തൂക്കായ മലഞ്ചെരുവുകളിൽ നിരനിരയായിനിന്നു. പുഴ ചുറ്റിത്തിരിഞ്ഞൊഴികിയിരുന്ന പുൽത്തകിടികളിൽ ആട്ടിൻകുട്ടികൾ അവയുടെ തള്ളമാരുടെ ചുറ്റും തുള്ളിക്കളിക്കുകയും പാറക്കെട്ടുകളുടെ ഇടയിൽ "പിടിക്കാമെങ്കിൽ എന്നെ പിടിച്ചോളൂ" എന്ന കളി കളിക്കുകയും ചെയ്തുകൊണ്ടിരുന്നു. പലയിനത്തിലും നിറത്തിലുമുള്ള പക്ഷികൾ കൂടുനിർമ്മാണത്തിൽ വ്യാപൃതരായിരുന്നു. അവയുടെ കളകൂജനംകൊണ്ട് അന്തരീക്ഷം മാറ്റൊലികൊണ്ടു. തേനീച്ചകളും ചീവീടുകളും, അവയുടെ തുടർച്ചയായ മൂളൽകൊണ്ട് അതിനു പശ്ചാത്തല സംഗീതമൊരുക്കി. താഴ്‌വരയിൽ എല്ലാം തികഞ്ഞ ഒരു ദിനമായിരുന്നു അത്. ജീവജാലങ്ങളെല്ലാം വസന്തത്തെ സ്വാഗതം ചെയ്യുവാൻ ഒരുങ്ങിനിന്നു.

'വിഭ്രാന്തീഗ്രാമ'ത്തിലൂടെ കടന്നുപോകുന്ന പ്രധാനനിരത്തിൻെറ പിന്നിൽ, മൂത്തുമുരടിച്ചു ചുറ്റിപ്പിരിഞ്ഞുനിൽക്കുന്ന ഫലവൃക്ഷങ്ങളുടെ

www.malankaralibrary.com

തണലിൽ കളകൾ മുറ്റി നിൽക്കുന്ന ഒരു കാബേജ് തോട്ടമുണ്ടായിരുന്നു. തോട്ടത്തിൻെറ മദ്ധ്യഭാഗത്തായി, ജനാലകളും വാതിലുകളും അടച്ചുപൂട്ടപ്പെട്ട പഴകിദ്രവിച്ച ഒരു കുടിൽ നിരുന്മേഷഭാവത്തിൽ നിലകൊണ്ടു. ഇത്ര മഹത്തായ ഒരു സുദിനത്തിൽ പ്രത്യക്ഷപ്പെടാൻ മടിച്ചിട്ടെന്നപോലെ നേരിയ ഒരു പുകച്ചുരുൾ കഴിയുന്നതും ആരുടേയും ശ്രദ്ധയിൽപെടാതിരിക്കത്തക്കവണ്ണം ഒളിഞ്ഞും മറിഞ്ഞും കുടിലിൻെറ പുകക്കുഴലിൽനിന്നുയർന്നുകൊണ്ടിരുന്നു. മുഷിഞ്ഞ വസ്ത്രവും പഴകി നരച്ച ഒരു ഷോളും ധരിച്ച് അഗാധദുഃഖത്തിലാണ്ട് മ്ലാനവദനയായി ശ്രീമതി 'ദുശ്ശകുനം' കുടിലിനുള്ളിൽ പുകയുന്ന തീയുടെ അടുത്ത് അലസമായി പതുങ്ങിയിരിക്കുകയായിരുന്നു.

വാതിലിൽ ആരോ ധൃതിയിൽ മുട്ടുന്ന ശബ്ദം. ഉത്തരം നല്കാൻ തെല്ലൊന്നു മടിച്ചുനിന്ന ശ്രീമതി ദുശ്ശകുനത്തിൻെറ പ്രവേശനാനുവാദം കാതിലെത്തും മുമ്പുതന്നെ അയൽക്കാരി ശ്രീമതി 'ധീര' അകത്തു പ്രവേശിച്ചു.

ഈ രണ്ടു വനിതകളും തമ്മിൽ സ്വഭാവത്തിൽ ഒരു പൊരുത്തവുമുണ്ടായിരുന്നില്ല. അതിനാൽ, അവർ തമ്മിലുള്ള സൗഹൃദത്തെപ്പറ്റി (ഇത്ര ഏകപക്ഷീയമായ ഒരു ബന്ധത്തിന് ആ പേരു നല്കാമെങ്കിൽ) 'വിഭ്രാന്തീഗ്രാമ'ത്തിലുള്ള എല്ലാവരും അത്ഭുതപ്പെട്ടു. അവരുടെ വിദ്യാലയ ജീവിതത്തോളംതന്നെ പഴക്കമുള്ള ഈ ബന്ധം അനുപേക്ഷണീയമാക്കുന്ന എന്തോ ഒരു പ്രത്യേകത ശ്രീമതി ധീരയ്ക്ക് ഉള്ളതായി അയൽക്കാർക്കു തോന്നിയിരുന്നു.

ശ്രീമതി ധീര മുറിയിൽ പ്രവേശിച്ചയുടനെ ചിരിക്കൊണ്ട് ഉച്ചത്തിൽ പറഞ്ഞു.

"ഇതെന്തൊരുകളി! ശ്രീമതി ദുശ്ശകുനം, ഇതുപോലൊരു സുന്ദരസുദിനത്തിൽ, എല്ലാ ജാലകങ്ങളും അടച്ചുപൂട്ടി നീ ഇവിടെ എന്തുചെയ്യുകയാണ് ? ഈ പുകപിടിച്ച സ്റ്റൗ മാത്രംമതിയല്ലോ നിന്നെ വീർപ്പുമുട്ടിക്കാൻ."

"ധീരേ, ദയവായി ആ വാതിൽ ഉടനെ അടയ്ക്കുക." ശ്രീമതി ദുശ്ശകുനം ക്ഷോഭത്തോടെ പറഞ്ഞു. "ഈ തണുത്ത കാറ്റ് അക്ഷരാർത്ഥത്തിൽ ക്രൂരമാണ്; ഈ കിഴക്കൻകാറ്റ് കാരണം എൻെറ വാതം എനിക്കു സഹി

www.malankaralibrary.com

ക്കാൻ കഴിയുന്നില്ല.''

''കിഴക്കൻകാറ്റ്!'' ശ്രീമതി ധീര തിരിച്ചടിച്ചു. ''പ്രിയ ദുശ്ശകുനമേ, അന്തരീക്ഷം ഒരു മദ്ധ്യവേനൽ ദിനത്തിലെപ്പോലെ സുഗന്ധപൂരിതമാണ്. മാത്രമല്ല, ഇവിടെ വീശുന്ന ഈ മന്ദമാരുതൻ നേരെ തെക്കുനിന്നുള്ളതാണുതാനും.''

''എന്റെ കാറ്റാടി ഒരിക്കലും കളവു പറയുകയില്ല.'' ശ്രീമതി ദുശ്ശകുനം ഉറപ്പിച്ചു പറഞ്ഞു. ''ഇന്നുരാവിലെ ഞാൻ അതു നോക്കിയപ്പോൾ കാറ്റു കിഴക്കുനിന്നായിരുന്നു. മാത്രമല്ല, എന്റെ ശരീരമാസകലം, എല്ലാ സന്ധീബന്ധങ്ങളിലും, എനിക്ക് അതനുഭവപ്പെടുന്നുണ്ട്. കാറ്റാടിയുടെ തെളിവുപോലും ആവശ്യമില്ല.''

''കുറഞ്ഞപക്ഷം തെക്കുഭാഗത്തെ ജാലകമെങ്കിലും ഞാൻ ഒന്നു തുറക്കട്ടെ.'' ശ്രീമതി ധീര നിർബ്ബന്ധിച്ചു. ''നിന്റെ ഈ വൃത്തികെട്ട ഷോൾ മാറ്റി കുളിർമ്മയും ഭംഗിയുമുള്ള വല്ലതും ധരിച്ച് കുറച്ചുസമയത്തേക്ക് എന്റെ കൂടെ പുറത്തേക്കു വരൂ. കാരണം –ഇതുപറയുമ്പോൾ അവളുടെ സ്വരത്തിൽ നിഗൂഢത നിറഞ്ഞുനിന്നിരുന്നു –അത്യന്തം ആഹ്ലാദകരവും അപ്രതീക്ഷിതവുമായ ഒന്നു സംഭവിച്ചിരിക്കുന്നു. നിന്നെ എന്റെ കുടിലിലിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി ആ സന്തോഷത്തിൽ പങ്കുചേർക്കാനാണു ഞാൻ വന്നിരിക്കുന്നത്.''

പക്ഷേ ശ്രീമതി ദുശ്ശകുനം അതിൽ ജിജ്ഞാസയോ താത്പര്യമോ കാണിച്ചില്ല. പകരം, അവൾ തീ ഇളക്കി ശ്വാസം മുട്ടിക്കുന്ന പുക മുറിയ്ക്കുള്ളിൽ പരത്തി കോപത്തോടെ പറഞ്ഞു. ''ധീരേ, ദയവായി ആ ജാലകം തുറക്കരുത് . അന്തരീക്ഷം ഏറ്റവും സുഖപ്രദമായിരുന്നാൽ പോലും ഇന്നു കുടിലിനു പുറത്തേയ്ക്കു പോകുവാൻ ഞാൻ ധൈര്യപ്പെടുകയില്ല. കാരണം എന്റെ പഞ്ചാംഗമനുസരിച്ച് ഇന്നൊരു കറുത്ത ദിനമാണ് –വിഷാദത്തിന്റെയും ഇരുട്ടിന്റെയും അപകടത്തിന്റെയും ഒരു ദിനം. ഞാൻ പുറത്തേയ്ക്കു പോകുന്നപക്ഷം നിശ്ചയമായും എന്തെങ്കിലും അപകടം എന്റെമേൽ വന്നു ഭവിക്കും. എന്റെ പഞ്ചാംഗം തികച്ചും വിശ്വസനീയമാണ്. അതിന്റെ മുന്നറിയിപ്പുകളെ ഞാൻ ഒരിക്കലും അവഗണിക്കാറില്ല.''

അതിവികൃതവും ബീഭത്സവുമായ ആ പഞ്ചാംഗം തൂക്കിയിരുന്ന ചു

www.malankaralibrary.com

മരിൻെറനേരെ നടന്നടുത്തുകൊണ്ട് ശ്രീമതി ധീര ക്ഷോഭത്തോടെ ചോദിച്ചു: "എന്തു പഞ്ചാംഗമാണിത്?! നീ ജ്യോതിഷത്തിൽ വിശ്വസിക്കുവാൻ തുടങ്ങിയെന്നോ ! മറ്റുള്ളവരുടെ ഭയത്തിൽനിന്നു മുതലെടുത്തു ജീവിക്കുന്ന പണക്കൊതിയന്മാരായ ഒരുപറ്റം ചതിയന്മാർ നടത്തുന്ന ഒരു പ്രസിദ്ധ സ്ഥാപനം അച്ചടിച്ചിറക്കുന്നതാണിത്! ഇതു ശുദ്ധ അസംബന്ധമാണ്!"

താൻ അവഹേളിക്കപ്പെട്ടതായി ശ്രീമതി ദുശ്ശകുനത്തിനുതോന്നി. പരുഷഭാവത്തിൽ അവൾ ഇങ്ങനെ പറഞ്ഞു: "എൻെറ വിലപ്പെട്ട പഞ്ചാംഗത്തിന് തെറ്റുപറ്റിയതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ദുരിതവും അത്യാഹിതവും സമീപിക്കുന്നതായി ഇതു സൂചിപ്പിക്കുമ്പോൾ ഏതെങ്കിലും വിധത്തിൽ അവ വന്നു ഭവിക്കുകതന്നെചെയ്യും. ഇത് എൻെറ അനുഭവമാണ്. അതുകൊണ്ട് ഇതിൻെറ മുന്നറിയിപ്പുകളെ അവഗണിക്കാൻ തക്ക വിഡ്ഢിത്തം ഞാൻ ഒരിക്കലും കാണിക്കുകയില്ല."

"വൃത്തികെട്ട ഈ പഞ്ചാംഗം കീറി തീയിൽ എറിയുവാൻ നീ എന്നെ അനുവദിച്ചിരുന്നെങ്കിൽ എന്നു ഞാൻ ചിന്തിച്ചുപോവുകയാണ്." ശ്രീമതി ധീര വെറുപ്പോടും ആവേശത്തോടുംകൂടി പറഞ്ഞു. "പകരം ഞാൻ ഉപയോഗിക്കുന്നതരം ചുവപ്പക്കങ്ങളുള്ള ഒരു കലണ്ടർ നമുക്ക് ഇവിടെ തൂക്കാം. കാരണം ഇന്ന് എൻെറ കലണ്ടർ പറയുന്നു: 'ഇത് ദൈവം തന്ന ദിനമാണ്; നമുക്കിന്ന് സന്തോഷിച്ചാനന്ദിക്കാം."

"എന്തു വന്നാലും എൻെറ പഞ്ചാംഗം ഞാൻ ഉപേക്ഷിക്കുകയില്ല." പാവം ശ്രീമതി ദുശ്ശകുനം പറഞ്ഞു. "ഇന്ന് എൻെറ കുടിലിനു പുറത്തേയ്ക്കു കാലുകുത്താൻ ഞാൻ ധൈര്യപ്പെടുകയുമില്ല. എൻെറ പേരു ദുശ്ശകുനം എന്നാണെങ്കിൽ അത്യാഹിതം അടുത്തിരിക്കുന്നു, തീർച്ച."

"എനിക്കായിരുന്നു അങ്ങനെ ഒരു പേരുണ്ടായിരുന്നതെങ്കിൽ," പെട്ടെന്നു ക്ഷുഭിതയായി ശ്രീമതി ധീര ഉച്ചത്തിൽ പറഞ്ഞു. "തീർച്ചയായും ഞാൻ അതു മാറ്റി മെച്ചപ്പെട്ട മറ്റൊന്നു സ്വീകരിക്കുമായിരുന്നു."

ശ്രീമതി ദുശ്ശകുനത്തിൻെറ മനസ്സിന് ആഴത്തിൽ മുറിവേറ്റു. പക്ഷേ കുറേയൊക്കെ ശുണ്ഠിക്കാരിയെങ്കിലും സ്നേഹമുള്ള തൻെറ അയൽക്കാരി അക്ഷമയായിത്തീരുമ്പോഴെല്ലാം ദുശ്ശകുനം ഒരു രക്തസാക്ഷിയുടെ കീഴ്‌വഴക്കത്തോടെ പ്രതികരിച്ചിരുന്നു. അതുകൊണ്ട് ക്ഷമയും ശകാ

www.malankaralibrary.com

രവും കലർന്ന സ്വരത്തിൽ അവൾ ഇങ്ങനെ പറഞ്ഞു; " ഇത് വളരെ പുരാതനവും ബഹുമാന്യവുമായ ഒരു പേരാണ്, ധീരേ. ജലപ്രളയത്തിനു മുമ്പേതന്നെ ഇതുണ്ടായിരുന്നുവെന്ന് വിശ്വസനീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ചരിത്രാതീതകാലം മുതൽക്കേ ദുശ്ശകുനങ്ങൾ ലോകത്തിലുണ്ടായിരുന്നു."

തൻെറ സുഹൃത്തിൻെറ വിവരക്കേടോർത്ത് ശ്രീമതി ധീര ഹൃദ്യമായി ചിരിച്ചു. തൻെറ മുമ്പിലിരിക്കുന്ന മതിഹീനയുടെ മനസ്സിലേക്ക് അല്പം വിവേകം പകർന്നുകൊടുക്കുവാനുള്ള അവസരമാണിതെന്ന് അവൾക്കു തോന്നി. എങ്കിലും തൻെറ അസന്തുഷ്ടയായ അയൽക്കാരിയോടു ദീർഘക്ഷമയോടെ വർത്തിക്കുവാനും അവൾ ആയിരിക്കുന്ന അവസ്ഥയിൽ സ്നേഹത്തോടെ അവളെ സ്വീകരിക്കുവാനുമുള്ള ബാദ്ധ്യത തനിക്കുണ്ടെന്ന് അവൾക്കുതോന്നി. അതിൻെറ കാരണം അവൾക്കും ഇടയപ്രമുഖനും മാത്രം അറിയാവുന്ന കാര്യവുമായിരുന്നു. അതിനാൽ പ്രസരിപ്പോടെയെങ്കിലും നയരഹിതമായി അവൾ മറുപടി പറഞ്ഞു: "ശരി, ജലപ്രളയത്തിനു മുമ്പുള്ള ദുശ്ശകുനങ്ങൾ ഏതായാലും നാമാവശേഷമായിട്ടുണ്ടാവണം; എന്തുകൊണ്ടെന്നാൽ നോഹയുടെ പെട്ടകത്തിൽ അവയിൽ ഒന്നുപോലുമില്ലായിരുന്നു. ഈ കുടുംബപ്പേര് വീണ്ടും സ്ഥാപിക്കാൻ ഒരുങ്ങിയ വിഡ്ഢി ആരാണെന്നു ഞാൻ അത്ഭുതപ്പെടുകയാണ്."

മറുപടി കൊടുക്കാനാവാത്തവിധം ശ്രീമതി ദുശ്ശകുനത്തിൻെറ മനസ്സു വ്രണപ്പെട്ടു. വിറയലാർന്ന അവൾ തൻെറ ഷോൾ തോളിലേക്കു കയറ്റിച്ചുറ്റി. ധീര കുടിലിനുള്ളിൽ ഉണ്ടെന്ന ബോധംതന്നെ അവൾക്കു നഷ്ടപ്പെട്ടു.

ശ്രീമതി ധീരയുടെ മനസ്സാക്ഷി അവളെ പീഡിപ്പിക്കാൻ തുടങ്ങി. തൻെറ സുഹൃത്തിനെ സഹായിക്കുക എന്ന ഏക ഉദ്ദേശ്യത്തോടെ വന്ന അവൾ സ്വന്തം നാവിനെ നിയന്ത്രിക്കുന്ന കാര്യത്തിൽ എത്ര വലിയ പരാജയമാണ് ഏറ്റുവാങ്ങിയത്! മാപ്പു ചോദിക്കാൻവേണ്ടി പശ്ചാത്താപത്തോടെ അവൾ ഇങ്ങനെ പറഞ്ഞു: "പ്രിയ ദുശ്ശകുനം, എന്നോടു ക്ഷമിക്കൂ. ഞാൻ അങ്ങനെ പറയരുതായിരുന്നുവെന്ന് എനിക്കറിയാം. എന്നാൽ ഹാ! നീ അകപ്പെട്ടിരിക്കുന്ന ഈ അസന്തുഷ്ടമായ അവസ്ഥയിൽനിന്നു നിന്നെ കരകയറ്റാൻ എന്നെ നീ അനുവദിച്ചിരുന്നെങ്കിൽ എന്നു

www.malankaralibrary.com

ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു ! നിന്നിലെ ആകുലഭാവം മാറ്റി സ്തുതിയുടെ ഉടുപ്പണിയേണ്ടവളാണു നീ."

ശ്രീമതി ദുശ്ശകുനം പൊട്ടിക്കരഞ്ഞു. "ധീരേ, നിനക്ക് എങ്ങനെ ഇതു പറയാൻ കഴിയും ? എത്ര ഹൃദയശൂന്യയാണ് നീ? മുമ്പു ഞാൻ തികച്ചും സന്തോഷവതിയും സംതൃപ്തയും ആയിരുന്നു. എന്നാൽ വിധിയുടെ ക്രൂരമായ കരങ്ങൾ എൻെറമേൽ വന്നു പതിച്ചിരിക്കുന്ന ഈ അവസ്ഥയിൽ എന്നിൽനിന്ന് എന്താണു നീ പ്രതീക്ഷിക്കുന്നത് ? നിർഭാഗ്യരായ തൻെറ മൂന്നു മക്കളെ പോറ്റുവാൻവേണ്ടി എല്ലുമുറിയെ പണിയെടുക്കുവാൻ വിധിക്കപ്പെട്ട പരിത്യക്തയായ ഒരു വിധവയോടാണു നീ സംസാരിക്കുന്നത് എന്നോർക്കുക. (ഇത് അവൾ കെട്ടിച്ചമച്ച കഥയായിരുന്നു. കാരണം ശ്രീമതി ദുശ്ശകുനത്തിൻെറ ഭർത്താവ് ചെറുതെങ്കിലും ആവശ്യത്തിനു തികയുന്ന ഒരു വാർഷിക വേതനം അവൾക്കായി നീക്കിവച്ചിരുന്നു.) "എൻെറ ദുർവിധി അവർക്കും ഉണ്ടാകാതിരിക്കാൻവേണ്ടി അവരെ മാന്യമായി വളർത്തുന്നതിനും സന്തുഷ്ടമായ കുടുംബങ്ങൾ ഒരുക്കുന്നതിനും ക്ലേശിക്കുകയായിരുന്നു ഞാൻ ഇക്കാലമത്രയും. പക്ഷേ ഇപ്പോൾ എന്താണു സംഭവിച്ചിരിക്കുന്നത്? ധീരേ, അതു നിനക്കറിയാം, നിനക്കു നന്നായി അറിയാം. എന്നിട്ടും ഈ ദുരവസ്ഥയിൽ എന്നെ ശകാരിക്കാൻമാത്രം ഹൃദയശൂന്യത നീ കാട്ടിയല്ലോ! എൻെറ മകൾ 'വിഷാദിനി' ഭർത്താവിനാൽ പരിത്യക്തയായി, സ്ഥാനഭ്രഷ്ടയായി, ബന്ധുക്കളുടെ മുമ്പിൽ ലജ്ജിതയായി, തൻെറ വിധവയായ അമ്മയുടെ അടുത്തേയ്ക്കു മനസ്സില്ലാമനസ്സോടെ മടങ്ങിവരുവാൻ നിർബന്ധിതയായി. ഭീരു പ്രഭുവിൻെറതന്നെ മരുമകളായ അവൾക്ക് അവളുടെ അവകാശങ്ങൾ നേടിക്കൊടുക്കുവാൻവേണ്ടി ഒരു ചെറുവിരൽ അനക്കാൻ പോലും ആരും ഉണ്ടായിരുന്നില്ല ! ഇനി പാവം 'ദ്രോഹിണി'യുടെ കാര്യം. അവളെ അടിക്കുകയും ഹീനമായ രീതിയിൽ ചീത്തവിളിക്കുകയും ചെയ്യുന്ന ഒരു മദ്യപാനിയാണ് അവളുടെ ഭർത്താവ്. തൻെറ മച്ചുനന്മാരുടെ വീടിൻെറ ഇരുളടഞ്ഞ മുകളറയിൽ, നിന്ദിക്കപ്പെട്ട ഒരു ദരിദ്രബന്ധു എന്ന നിലയിൽ കഴിഞ്ഞുകൂടുവാൻ നിർബന്ധിതയായിരിക്കയാണവൾ. "ഇനി എൻെറ പ്രിയപ്പെട്ട ഏകപുത്രൻ 'ഹീനഭീതി'യുടെ അവസ്ഥ നോക്കൂ ! (ഇതു പറഞ്ഞപ്പോൾ അവൾ ഏങ്ങലടിച്ചു കരഞ്ഞു.) പരദ്രോഹം, ഹീനമായ പെരുമാറ്റം എന്നിങ്ങനെ കെട്ടിച്ചമച്ച കുറെ കുറ്റാരോപണങ്ങളുടെ പേരിൽ അവൻ ജയിൽവാസത്തിനു വിധിക്കപ്പെട്ടിരിക്കുന്നു! ധീരേ, ഇതാണോ നിൻെറ അവസ്ഥ? ഒരിക്കൽ നിന്നെ സംരക്ഷിക്കുവാൻ കഴി

www.malankaralibrary.com

വുള്ള കരുത്തനായ നല്ലൊരു ഭർത്താവുണ്ടായിരുന്നു നിനക്ക്. ഇപ്പോഴും ഒരു ദുഃഖത്തിനും കാരണം ഉണ്ടാക്കാത്ത മക്കൾ നിനക്കുണ്ട്. എന്നിട്ടും നീ എന്നെ ശകാരിക്കുകയും ഞാൻ 'സ്തുതിയുടെ ഉടുപ്പ്'ണിയണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു! ആ വേഷം അതിവിശിഷ്ടവും മനോഹരവുമായിരിക്കാം. പക്ഷേ ഹൃദയം തകർന്നവളും , അനീതിയുടെയും കഷ്ടപ്പാടിന്റെയും രക്തസാക്ഷികളായ മക്കളുടെ അമ്മയുമായ ഒരു വിധവയ്ക്ക് അത് ഒരുവിധത്തിലും ചേർന്നതല്ല.''

കരഞ്ഞുകൊണ്ടിരുന്ന ആ സ്ത്രീയുടെ അടുത്തുചെന്ന് സാന്ത്വനഭാവത്തിൽ അവളുടെ വിറയ്ക്കുന്ന തോളിൽ പിടിച്ച് ശ്രീമതി ധീര സൗമ്യമായി ഇങ്ങനെ പറഞ്ഞു:

''നീ എന്നെ തെറ്റിദ്ധരിച്ചു ദുശ്ശകുനം. നിന്റെ എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും എനിക്കറിയാം. നിന്നെ കുറച്ചെങ്കിലും ആശ്വസിപ്പിക്കാനും നിന്റെ ദുഃഖദുരിതങ്ങളെ നേരിടാൻ ശക്തിയും ധൈര്യവും പകർന്നു തന്നു സഹായിക്കാനും അവയെ രൂപാന്തരീകരിക്കാനാവശ്യമായ കൃപാവരം ലഭിക്കുന്നതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കഴിഞ്ഞാൽ ഞാൻ വളരെ സന്തുഷ്ടയായിരിക്കും. അതിനു വേണ്ടിയാണ് ഈ പ്രഭാതത്തിൽ ഞാൻ ഇങ്ങോട്ടുവന്നതുതന്നെ. പ്രിയ ദുശ്ശകുനം, ഞാനൊരു സന്തോഷവാർത്ത നിന്നെ അറിയിക്കട്ടെ. നീയും എന്നോടൊപ്പം എന്റെ കുടിലിലേക്കു വരണം. സംഭവിച്ചിരിക്കുന്നതെന്താണെന്നോ! അത് ഊഹിക്കാൻ നിനക്ക് ഒരിക്കലും സാധിക്കുകയില്ല...... അതു നിന്റെ ദുഃഖപൂർണ്ണമായ ഹൃദയത്തെപ്പോലും ആനന്ദിപ്പിക്കും !''

തന്റെ മുമ്പിലുള്ള വിഷാദംനിറഞ്ഞ മുഖത്ത് താത്പര്യത്തിന്റെയോ ജിജ്ഞാസയുടെയോ ഛായ കണ്ടേക്കാമെന്ന പ്രതീക്ഷയോടെ അവൾ അല്പം നിറുത്തി. പക്ഷേ വിശാലമായ ഈ ലോകത്ത് തന്റെ ദൗർഭാഗ്യങ്ങളൊഴികെ മറ്റെല്ലാറ്റിനോടും പരിപൂർണ്ണ നിസ്സംഗത പുലർത്തി ശ്രീമതി ദുശ്ശകുനം ഏങ്ങലടിച്ച് മുമ്പോട്ടും പിമ്പോട്ടും ആടിയുലഞ്ഞുകൊണ്ടിരുന്നു.

അങ്ങനെ ഒരു നിമിഷം കാത്തതിനുശേഷം, ശ്രീമതി ധീര ഉന്മേഷവും സന്തോഷവും നിറഞ്ഞ സ്വരത്തിൽ തുടർന്നു: ''ശരി, നിനക്ക് അത് ഒരിക്കലും ഊഹിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഞാൻതന്നെ പറയാം. നിന്റെ മുടന്തയായ മരുമകൾ, 'ഭീത,' താഴ്വര വിട്ടപ്പോൾ ഇടയൻ അവ

www.malankaralibrary.com

ളെ ഉന്നതങ്ങളിലേക്കു കൊണ്ടുപോയിയെന്ന് ജനങ്ങൾ പറഞ്ഞതു നീ ഓർക്കുന്നുണ്ടല്ലോ. അതു സത്യമായിരുന്നു. തികച്ചും സത്യം! എന്തു സംഭവിച്ചുവെന്ന് നിനക്കറിയാമോ, ദുശ്ശകുനം? അവൾ നമ്മെ സന്ദർശിക്കാൻ താഴ്വരയിൽ എത്തിയിട്ടുണ്ട്. ഇപ്പോൾ അവൾ ഒരു വികലാംഗയേ അല്ല. അവളുടെ മുടന്തുള്ള പാദങ്ങളും കോടിയ വായും പൂർണ്ണമായും സുഖപ്പെട്ടിരിക്കുന്നു. ശരീരം ശരിക്കും നിവർന്ന് തിരിച്ചറിയാൻ പറ്റാത്തവിധം സുഭഗയാണവൾ. അതിനു പുറമേ, അവൾക്ക് ഒരു പുതിയ പേരും ലഭിച്ചിട്ടുണ്ട്. അവൾ ഇനിമേൽ 'ഭീത'യല്ല പ്രത്യുത, 'കൃപാമഹത്വ'മാണ്. ചിന്തിച്ചുനോക്കൂ! എത്ര സുന്ദരമായ പേര്! അവൾ രണ്ടു സുഹൃത്തുക്കളെയും കൂടെകൊണ്ടുവന്നിട്ടുണ്ട്- 'സമാധാനം', 'സന്തോഷം' എന്നീ പേരുകളുള്ള സുന്ദരികളായ രണ്ടു സ്ത്രീകൾ! കൃപാമഹത്വം ഇപ്പോൾ സ്നേഹസാമ്രാജ്യത്തിൽ വസിക്കുന്നുവെന്നും അവൾ രാജകുടുംബത്തിലെ ഒരംഗമാണെന്നും രാജാവു പോകുന്നിടത്തെല്ലാം അവളും കൂടെ പോകുന്നുവെന്നും അവർ പറയുന്നു. അതൊന്നു സങ്കല്പിച്ചുനോക്കൂ, ദുശ്ശകുനം! അത്ഭുതകരമായ ഒരു യക്ഷിക്കഥപോലെയുണ്ട്, അല്ലേ? ശരിയാണ്, യക്ഷിക്കഥയേക്കാൾ മനോഹരം! കാരണം, അതു സത്യമാണ്! ഇടയനോടൊത്ത് ഉന്നതങ്ങളിലേക്കു പോയതുകൊണ്ടാണ് അവൾക്ക് ഇതൊക്കെ ലഭിച്ചത്.''

ശ്രീമതി ധീര ദുഃഖിതയായ തൻെറ സുഹൃത്തിൻെറ ശ്രദ്ധ പിടിച്ചുപറ്റാനാണ് ആഗ്രഹിച്ചതെങ്കിൽ അതിൽ അവൾ തികച്ചും വിജയിച്ചു. ഒരു വാക്കുപോലും ഉരിയാടാൻ കഴിയാതെ ശ്രീമതി ദുശ്ശകുനം ധീരയെ തുറിച്ചുനോക്കി സ്തംഭിച്ചിരുന്നുപോയി! ധീര സന്തോഷത്തോടെ തുടർന്നു:

''ഞാൻ മുമ്പേ പറഞ്ഞതുപോലെ, അവളിതാ ഇപ്പോൾ തൻെറ രണ്ടു സുഹൃത്തുക്കളോടൊപ്പം താഴ്വരയിലേക്കു മടങ്ങിവന്നിരിക്കുന്നു. അവർ എൻെറ മകൾ 'കരുണ'യുടെകൂടെ കുടിലിൽ ഉണ്ട്. അവരെ സ്വാഗതം ചെയ്യുവാൻവേണ്ടി ഞങ്ങൾ ഒരു ചെറിയ സദ്യ ഒരുക്കുകയാണ്- അവളുടെ ഏതാനും പഴയ സുഹൃത്തുക്കൾക്കും അയൽക്കാർക്കും വേണ്ടി. അമ്മായിയായ നീയും തീർച്ചയായും അതിൽ വന്നു സംബന്ധിക്കണം. വരൂ, പ്രിയ ദുശ്ശകുനം; അല്പനേരത്തേക്കു വരൂ. നിൻെറ കണ്ണുനീർ തുടയ്ക്കൂ. ഈ ഇരുട്ടുമുറിയിലിരുന്നു കരഞ്ഞതുകൊണ്ട് നിൻെറ ഉറ്റവരെ സഹായിക്കുവാൻ ഒരുവിധത്തിലും നിനക്കു സാധ്യമല്ല. നിൻെറ

www.malankaralibrary.com

നല്ല വസ്ത്രം ധരിച്ച് എൻെറ കൂടെ വരൂ. പാവപ്പെട്ടവളും ദുഃഖിതയുമായിരുന്ന ഭീതയ്ക്ക് ലഭിച്ച ഈ സന്തോഷത്തിൽ പങ്കു ചേരൂ.''

ശ്രീമതി ദുശ്ശകുനം ഒറ്റവാക്കുപോലും ഉരിയാടിയില്ല. വാസ്തവത്തിൽ ഈ ''ഭയങ്കര'' വാർത്ത കേട്ട് അവൾ സ്തംഭിച്ചുപോയി. ഭീത അവരുടെ നിന്ദാപാത്രമായിരുന്നു. അവളുടെ യാത്രമുടക്കാൻ സർവ്വവിധേനയും അവർ ഉദ്യമിക്കുകയും ചെയ്തിരുന്നു. അവളുടെ തിരിച്ചുവരവോളം അസഹ്യവും അപമാനകരവുമായി മറ്റെന്തെങ്കിലുമുണ്ടെന്ന് ശ്രീമതി ദുശ്ശകുനത്തിനു തോന്നിയില്ല. ഒരു കാലത്ത് ഈ താഴ്‌വരയിൽ പരിത്യക്തയും നിന്ദിതയുമായി കഴിഞ്ഞിരുന്ന ഭീത സൗഖ്യം പ്രാപിച്ച്, സുഹൃത്തുക്കളാൽ വലയം ചെയ്യപ്പെട്ട്, മഹത്വത്തിലേയ്ക്കും മാന്യതയിലേയ്ക്കും ഉയർത്തപ്പെട്ട്, രാജഭവനത്തിലെ ഒരംഗമായി, ഒരു രാജ്ഞിയെപ്പോലെ ഇവിടെ തിരിച്ചെത്തിയിരിക്കുന്നുവത്രേ! അതും അവളുടെ ഏറ്റവും അടുത്ത ബന്ധുക്കളെ അവരുടെ ഏറ്റവും അപമാനകരമായ സാഹചര്യത്തിൽ കാണത്തക്കവിധം തീർത്തും അസമയത്ത്! അവളുടെ മച്ചുനത്തി 'വിഷാദിനി' (നല്ലനിലയിൽ വിവാഹം ചെയ്തിരുന്നവൾ) ഇപ്പോൾ അവളുടെ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട്, അമ്മയുടെ കുടിലിൽ ഒരു അനാഥ ഭിക്ഷുകിയായി എത്തിയിരിക്കുന്നു. 'ദ്രോഹിണി' അവളുടെ മദ്യപാനിയായ ഭർത്താവിനാൽ മർദ്ദിക്കപ്പെട്ട്, മച്ചുമ്പുറത്തെ ഒരു ചെറിയ ഇരുട്ടുമുറിയിൽ വലിയ ദാരിദ്ര്യദുഃഖത്തിൽ കഴിയുന്നു. ഇതൊന്നും പോരാഞ്ഞിട്ടെന്നപോലെ, അവൾ വിവാഹം കഴിക്കുവാൻ വിസമ്മതിച്ച അവളുടെ മച്ചുനൻ-ഹീനഭീതി- ഇപ്പോൾ ജയിലിലാണ്! അവളുടെ തിരിച്ചുവരവ് ഇതിനേക്കാൾ അസമയത്താവുക സാധ്യമല്ലല്ലോ. ഇതിലും വലിയ ഒരു അത്യാഹിതത്തെപ്പറ്റി ശ്രീമതി ദുശ്ശകുനത്തിനു സങ്കല്പിക്കുവാൻപോലും കഴിയുമായിരുന്നില്ല. ''എൻെറ പഞ്ചാംഗത്തിലെ സൂചന എത്ര വാസ്തവം!'' മുമ്പൊരിക്കലും അനുഭവപ്പെടാത്ത വിധത്തിലുള്ള ഹൃദയത്തകർച്ചയോടെ ശ്രീമതി ദുശ്ശകുനം തന്നത്താൻ പറഞ്ഞു. ''ഇതൊരു കരിദിനം തന്നെ ! ഇതിനെക്കാൾ കഠിനമായ ഒരു അടി എൻെറമേൽ വീഴാനില്ല.''

എന്നിരുന്നാലും അവൾ ഒറ്റവാക്കുപോലും പറഞ്ഞില്ല. തൻെറ ചുണ്ടുകളിൽനിന്നു പുറപ്പെടാൻ തുടങ്ങിയ വിലാപത്തെ അവൾ വളരെയേറെ പണിപ്പെട്ടു നിയന്ത്രിച്ചു. കാരണം മുടന്തയായ ഒരു മരുമകൾ പൂർണ്ണമായി സുഖപ്പെട്ട്, രാജഭവനത്തിൽ അംഗത്വം സ്വീകരിച്ച്, തൻെറ

www.malankaralibrary.com

പഴയ വീട്ടിലേക്കു മടങ്ങിവരുമ്പോൾ അവളുടെ അമ്മായി അതേപ്പറ്റി വിലപിക്കുക ഒട്ടും യുക്തമല്ലല്ലോ. എങ്കിലും വേദനയോടെ അവൾ ഇങ്ങിനെ ചിന്തിച്ചു: "സ്വന്തം ബന്ധുക്കളിൽ ആരെങ്കിലുമാണ് എന്നോട് ഇതു പറഞ്ഞിരുന്നെങ്കിൽ എന്റെ വികാരങ്ങൾ അവർക്കു മനസ്സിലാകുമായിരുന്നു; ഞങ്ങൾ ഒരുമിച്ചു വിലപിക്കുമായിരുന്നു. എന്നാൽ, ശ്രീമതി ധീര വളരെ വ്യത്യസ്തയാണ്; എന്നെ മനസ്സിലാക്കാൻ അവൾക്ക് ഒട്ടും കഴിയുകയില്ല." അതിനാൽ നിശ്ശബ്ദത ഭേദിക്കാതെ അവൾ അവിടെത്തന്നെ മരവിച്ചിരുന്നു.

തന്റെ അയൽക്കാരിയിൽനിന്ന് സന്തോഷത്തിന്റെയോ താത്പര്യത്തിന്റെയോ ഒരടയാളം കാണാൻവേണ്ടി നിഷ്ഫലമായി കാത്തുനിന്നതിനുശേഷം ശ്രീമതി ധീര നിർബ്ബന്ധപൂർവ്വം പറഞ്ഞു: "വരൂ, ദുശ്ശകുനം, എന്റെകൂടെ കുടിലിലേക്കു വന്ന് ഞാൻ പറഞ്ഞത് എത്ര ശരിയാണെന്ന് നീതന്നെ നേരിട്ടു കാണൂ. കൃപാമഹത്വത്തെ സ്വാഗതം ചെയ്ത് എന്റെ വീട്ടിലുള്ള മറ്റു സുഹൃത്തുക്കളുടെ സന്തോഷത്തിൽ പങ്കുചേർന്ന് കുറച്ചുസമയത്തേക്കെങ്കിലും നിന്റെ ദുഃഖത്തെ മറക്കൂ."

ഇതു കേട്ടതോടെ ശ്രീമതി ദുശ്ശകുനം സംസാരിക്കുവാൻ തുടങ്ങി. "ധീരേ, നിനക്കു നന്ദി," അവൾ പറഞ്ഞു. "ഇന്ന് ഈ കുടിലുവിട്ടു പുറത്തുപോകുന്നതിന് എന്നെ പ്രേരിപ്പിക്കുവാൻ ഒന്നിനും കഴിയുകയില്ല. എന്റെ പെൺമക്കൾ യാതനയുടെ അപ്പം ഭക്ഷിക്കുകയും മകൻ ജയിലിൽ ദുരിതമനുഭവിക്കുകയും ചെയ്യുമ്പോൾ ഒരു വിരുന്നിൽ സംബന്ധിച്ച് വ്യക്തിപരമായ ആനന്ദം തേടുന്നതുപോലെ ഹൃദയശൂന്യമായ പ്രവൃത്തി എന്താണുള്ളത്? "ഭീതയെപ്പറ്റി പറയുകയാണെങ്കിൽ," (വിദ്വേഷം മറച്ചുവയ്ക്കുവാൻ കഴിയാതെ അവൾ തുടർന്നു. രാജാവു തെരഞ്ഞെടുത്ത പുതിയപേരിൽ ഭീതയെ വിളിക്കുവാൻ അവൾ ഇഷ്ടപ്പെട്ടില്ല.) "അവളേക്കാൾ കർത്തവ്യബോധമില്ലാത്തവളും നന്ദികെട്ടവളുമായ ഒരു മരുമകൾ ഒരിടത്തും കാണുകയില്ല. അവളുടെ ബന്ധുക്കൾക്കു വന്നുഭവിച്ചിരിക്കുന്ന ദൗർഭാഗ്യങ്ങളെപ്പറ്റി അഹങ്കരിച്ചാഹ്ലാദിക്കുവാൻ അവൾ ഇപ്പോൾ മടങ്ങിവന്നിരിക്കുന്നു! അതിൽ പങ്കുചേരാൻ എന്നെ കിട്ടുകയില്ല. ധീരേ, ദയവായി ഉടൻതന്നെ വിരുന്നിനു മടങ്ങിപ്പോവുക; എന്റെ ദുരിതത്തിന്റെ ഏകാന്തതയിൽ ആശ്വാസം കണ്ടെത്താൻ എന്നെ വിട്ടേക്കുക."

www.malankaralibrary.com

ഇനി അധികസമയം തങ്ങുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ലെന്നും കൂടുതൽ നിർബന്ധം തൻെറ അയൽക്കാരിയുടെ എതിർപ്പും അനിഷ്ടവും വർദ്ധിപ്പിക്കുകയേയുള്ളുവെന്നും ശ്രീമതി ധീര ദുഃഖത്തോടെ മനസ്സിലാക്കി. തൻെറ ദൗത്യം പരാജയപ്പെട്ടേക്കുമോ എന്ന ഭീതി വാസ്തവത്തിൽ അവൾക്കു മുമ്പേതന്നെ ഉണ്ടായിരുന്നു. അതിനാൽ ഖേദത്തോടെ അവൾ വിടപറഞ്ഞു.

കുടിലിൽ തനിച്ചായപ്പോൾ ശ്രീമതി ദുശ്ശകുനം, ഈ വിനാശകരമായ വാർത്തകളെപ്പറ്റി ആധിപൂണ്ടിരുന്നു. എത്രയേറെ ചുഴിഞ്ഞു ചിന്തിച്ചുവോ അത്രയേറെ കാര്യങ്ങൾ വഷളാകുന്നതായി അവൾക്കു തോന്നി. ഈ സമയത്ത് ആ പെൺക്കുട്ടിയെ മടങ്ങിവരാനനുവദിച്ചത് വിധിയുടെ എത്ര ക്രൂരമായ പ്രഹരമാണ്! അവൾ ഹീനഭീതിയെ വിവാഹം ചെയ്തിരുന്നുവെങ്കിൽ (അവൾ അങ്ങനെ ചെയ്യേണ്ടതായിരുന്നു.) ഇപ്പോൾ അവളുടെ അമ്മായിയമ്മയെപ്പോലെതന്നെ അവളും അപമാനിതയും നിന്ദിതയും ദുരിതപൂർണ്ണയും ആയിത്തീരുമായിരുന്നു. മാത്രമല്ല, കുടുംബത്തിൻെറ ദുഃഖദുരിതങ്ങളുടെ ഭാരം മുഴുവൻ കെട്ടിവെയ്ക്കാൻ ഒരു ബലിയാടിനേയും അവളിൽ കണ്ടെത്താൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ അതിനുപകരം, പൂർണ്ണസ്വാതന്ത്ര്യയും എല്ലാം ലഭിച്ചവളും മാന്യമായ ഒരു പുതിയ പേരിൻെറ ഉടമയുമായി അവൾ ഇതാ ഇവിടെ ! "ഇത് അപകീർത്തികരമാണ്!" ശ്രീമതി ദുശ്ശകുനം തേങ്ങിക്കൊണ്ടു പറഞ്ഞു. "ജീവിതത്തിൻെറ അനീതി ! വിധിയുടെ കഠിനമായ പ്രഹരം! അത്യാഹിതങ്ങളുടെ അത്യാഹിതം !"

ഏകദേശം അരമണിക്കൂർ അവൾ ചിന്തയിൽ മുഴുകിയിരുന്നപ്പോൾ കുടിലിൻെറ വാതിലിൽ ചെറിയ ഒരു മുട്ടു കേട്ടു. എന്തോ ദുഃസൂചനയാണതെന്ന ചിന്തയോടെ വിരസഭാവത്തിൽ അവൾ വിളിച്ചു ചോദിച്ചു: "ആരാണത്?"

"പ്രിയ അമ്മായീ, ഇതു ഞാനാണ്-അങ്ങയുടെ മരുമകൾ. ഞാൻ അകത്തേയ്ക്കു വരട്ടെയോ?" ഇതു ചോദിച്ച് കൃപാമഹത്വം വാതിൽ തുറന്ന് ഉന്മേഷം കെടുത്തുന്ന ആ മുറിയിലേയ്ക്കു കടന്നു.

വൈമനസ്യം ഉണ്ടായിരുന്നിട്ടുപോലും ശ്രീമതി ദുശ്ശകുനം ഒരിക്കൽ ഭീതയായിരുന്ന ആ പെൺകുട്ടിയെ ജിജ്ഞാസയോടെ നോക്കി. ശ്രീ

www.malankaralibrary.com

മതി ധീര പറഞ്ഞതു തികച്ചും സത്യമാണെന്നും ആ പെൺകുട്ടിയിൽ വലിയ മാറ്റം വന്നിട്ടുണ്ടെന്നും അവൾ മനസ്സിലാക്കി. ഒരിക്കൽ കൂനിയായിരുന്ന അവൾക്ക് ഇപ്പോൾ അനായാസം നിവർന്നു നടക്കാൻ കഴിഞ്ഞിരുന്നു. അങ്ങനെ അവൾ പണ്ടത്തെക്കാൾ പൊക്കമുള്ളവളാണെന്നു തോന്നിക്കുമായിരുന്നു. അവളുടെ വികലവും വികൃതവുമായ വായ് സൗഖ്യം പ്രാപിച്ചിരുന്നതുകൊണ്ടും കൂസലും അപകർഷവുമില്ലാതെ മറ്റുള്ളവരുടെ മുഖത്തു നോക്കാൻ കഴിഞ്ഞിരുന്നതുകൊണ്ടും അവൾ പണ്ടത്തെ ആ വികൃത ജീവിയേ അല്ലാതായിത്തീർന്നിരുന്നു.

എന്നിരുന്നാലും, വേറൊരുവിധത്തിൽ നോക്കിയാൽ, അവളിൽ അസാധാരണത്വമൊന്നും ഉണ്ടായിരുന്നില്ല. അവളുടെ മുഖത്തെ ശാന്തതയും സ്ഥിരമായ സന്തോഷഭാവവും കണ്ണുകളിലേ പ്രകാശവും ഒഴികെ ഒരു ജനക്കൂട്ടത്തിൽ അവളെ ശ്രദ്ധേയയാക്കുന്ന പ്രത്യേകതകളൊന്നും ഇല്ലായിരുന്നു.

കൃപാമഹത്വം ഒരു നിമിഷം വാതിൽക്കൽ സംശയിച്ചുനിന്നു. തന്റെ അമ്മായി ഒരു ആശംസാവാക്കുപോലും പറയാതിരുന്നതുകണ്ടപ്പോൾ, നര ബാധിച്ച് സ്റ്റൗവിനടുത്തുള്ള കസേരയിൽ കൂനിയിരിക്കുന്ന ആ വൃദ്ധയെ അവൾ കുനിഞ്ഞ്, കവിളിൽ ചുംബിച്ചു.

ഒരു പാമ്പ് തന്നെ സമീപിച്ചാലെന്നപോലെ ശ്രീമതി ദുശ്ശകുനം ഞെട്ടിമാറുകയും മരുമകളെ കയ്കൊണ്ടു തള്ളിനീക്കുകയും ചെയ്തു.

''ആത്മാർത്ഥതയില്ലാത്ത സ്നേഹപ്രകടനങ്ങളൊന്നും ആവശ്യമില്ല, ഭീതേ.'' അവൾ വെറുപ്പോടെ പറഞ്ഞു. ''നിന്റെ ഒരു ചുംബനമില്ലാതെതന്നെ എനിക്കു ജീവിക്കാം.''

മരുമകൾ അനുകമ്പയോടെ അവളെ നോക്കി സൗമ്യമായി പറഞ്ഞു: ''പ്രിയ അമ്മായീ, അമ്മായിയുടെ വികാരങ്ങൾ എനിക്കു മനസ്സിലാക്കാൻ കഴിയും. അമ്മായിയുടെ അഭിലാഷങ്ങളോടു താത്പര്യവും ശ്രദ്ധയും എനിക്കു കുറവായിരുന്നുവെന്ന് ഞാൻ ഏറ്റുപറയുന്നു. എന്നാൽ നമ്മൾ അവസാനം തമ്മിൽ കണ്ടതിനുശേഷം അമ്മായി വളരെയേറെ സങ്കടം അനുഭവിച്ചുവെന്നു ഞാൻ കേട്ടു. എന്റെ ഹൃദയം അമ്മായിക്കുവേണ്ടി നൊമ്പരപ്പെടുന്നു. ഏതെങ്കിലും വിധത്തിൽ അമ്മായിയെ സഹായിക്കുന്നതിനോ, കുറഞ്ഞപക്ഷം അമ്മായിയുടെ ദുഃഖത്തിൽ പങ്കു

www.malankaralibrary.com

ചേരുന്നതിനോ ഞാൻ കൊതിക്കുന്നു.'' ഒരു നിമിഷം അവൾ നിർത്തി ലജ്ജയോടെ തുടർന്നു: ''ഞാൻ ഇവിടെനിന്നു പോയതിൽപിന്നെ, എനിക്കു വളരെ മാറ്റം വന്നു; ഞാൻ സ്നേഹിക്കുവാൻ പഠിച്ചു. എനിക്കിപ്പോൾ ഒരു പുതിയ പേരുണ്ട്. ഒരു പുതിയ സ്വഭാവവും ഉണ്ടെന്നു ഞാൻ കരുതുന്നു.''

''ശ്രീമതി ധീരയിൽനിന്നു ഞാൻ അങ്ങനെ കേട്ടു,'' അവളുടെ അമ്മായി നിർവികാരയായി പറഞ്ഞു. ''എന്നാൽ നിൻെറ യഥാർത്ഥ പേരില്ലാതെ മറ്റൊരു വിധത്തിലും ഞാൻ നിന്നെ വിളിക്കില്ല. നീ നേരത്തെ എന്തായിരുന്നുവെന്നു മറക്കുവാൻ പുതിയൊരു പേരു മാത്രം പോരാ, എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. എന്നെ സംബന്ധിച്ചിടത്തോളം നീ എപ്പോഴും ഭീത തന്നെയാണ്.''

''ശരി, അതും എനിക്കു മനസ്സിലാകും.'' കൃപാമഹത്വം പറഞ്ഞു, ''അമ്മായിക്ക് അതാണ് ഇഷ്ടമെങ്കിൽ പഴയ പേരിൽ തന്നെ എന്നെ വിളിച്ചോളൂ. ''എന്നാൽ ,'' അവൾ പുഞ്ചിരിയോടെ കൂട്ടിച്ചേർത്തു, ''വിളിക്കാൻ എളുപ്പമുള്ളതും ചെറുതും 'കൃപ' യെന്ന പേരാണ്. മാത്രമല്ല, എനിക്ക് സന്തോഷവും സമാധാനവും സൗഖ്യവും ലഭിച്ച മാർഗ്ഗത്തെ അതു കൃത്യമായി വിവരിക്കുകയും ചെയ്യുന്നു. പ്രിയ അമ്മായീ, ദുഃഖദുരിതങ്ങളുടെ മദ്ധ്യത്തിൽ വേദനിക്കുന്ന അമ്മായിയെ, എന്നെ കരുണയോടെ അത്ഭുതകരമായി സഹായിച്ച ആളിലേക്കു തിരിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു.''

ശ്രീമതി ദുശ്ശകുനത്തിൻെറ മുഖം കോപംകൊണ്ടു ചുവന്നു. ''ഭീതേ, ആ ഇടയനെ............ (വെറുപ്പുമൂലം ആ പേര് ഉച്ചരിക്കുവാൻ അവൾ നന്നേ പണിപെട്ടു)- അതെ, ആ ഇടയനെപ്പറ്റിയാണോ നീ സംസാരിക്കുന്നത്?''

''അതെ,'' അവൾ താത്പര്യത്തോടെ പറഞ്ഞു.

''ഞാൻ അപേക്ഷിക്കുന്നു, അല്ല ഞാൻ ആജ്ഞാപിക്കുന്നു, എൻെറ മുമ്പിൽനിന്ന് ആ പേര് ഇനി ഒരിക്കലും ഉച്ചരിച്ചുപോകരുത്.'' ശ്രീമതി ദുശ്ശകുനം കോപംകൊണ്ടു വിറച്ചു. ''നിൻെറ ബന്ധുക്കളെയെല്ലാം ഹൃദയശൂന്യമായ രീതിയിൽ ഉപേക്ഷിച്ചുപോയ ആ മാനംകെട്ട പെരുമാറ്റത്തെപ്പറ്റി ഞങ്ങളൊക്കെ എന്താണു വിചാരിക്കുന്നതെന്ന് നിനക്കു നന്നാ

www.malankaralibrary.com

യി അറിയാം! അതിനുശേഷം എന്തൊക്കെയാണു സംഭവിച്ചതെന്ന് നിനക്കറിയാമോ ? എൻെറ നിർഭാഗ്യവാനായ മകൻ ഹീനഭീതി നിൻെറ .....നിൻെറ ആ ഇടയൻ കെട്ടിച്ചമച്ച കുറ്റാരോപണത്തിൻെറ ഫലമായി ജയിൽവാസം അനുഭവിക്കുന്ന കാര്യം നിനക്കറിയാമോ? എൻെറ പുത്രൻ, എൻെറ ഏകപുത്രൻ, ഒരു കുറ്റവാളിയായി മുദ്രകുത്തപ്പെട്ട് ആറു മാസത്തെ ജയിൽവാസത്തിനു ശിക്ഷിക്കപ്പെട്ടിരിക്കുന്നു !''

ഹൃദയം കവിഞ്ഞൊഴുകുന്ന സ്നേഹത്തോടും ഒരിക്കൽ താൻ അനുഭവിച്ച അതേ ദുരിതത്തിൽ ആണ്ടുകിടക്കുന്ന അമ്മായിയെ രക്ഷിക്കണമെന്ന ആഗ്രഹത്തോടുംകൂടി വന്ന കൃപാമഹത്വം എന്തു പറയേണ്ടൂ എന്നറിയാതെ കുഴങ്ങി. ഹീനഭീതിയുടെ ബലപ്രയോഗത്തെപ്പറ്റി അവൾക്ക് വ്യക്തിപരമായ സ്മരണകളുണ്ടായിരുന്നു. അവൻെറ പിടിയിൽ നിന്നു ഇടയനാൽ മോചിപ്പിക്കപ്പെട്ട നിസ്സഹായൻെറ സന്തോഷം മനസ്സിലാക്കുവാൻ അവൾക്കു കഴിഞ്ഞു. കൂടാതെ, ജയിൽവാസം കഠിനമാണെങ്കിലും ഹീനഭീതിയ്ക്ക് അതു ഗുണപ്രദമായ ഒരു പാഠമായിരിക്കുമെന്നും അവൾക്കു തോന്നി. എന്നാൽ ഇതെല്ലാം അവൻെറ അമ്മയെ ധരിപ്പിക്കാനുള്ള സമയമല്ല ഇതെന്ന് അവൾക്ക് അറിയാമായിരുന്നു. അതുകൊണ്ട് എന്തുപറയണമെന്ന് അവൾക്ക് ഒരു രൂപവും കിട്ടിയില്ല.

സ്വന്തം ആശയ്ക്കും പ്രതീക്ഷയ്ക്കും നേരെ വിപരീതമായ സ്ഥിതിവിശേഷങ്ങളാണു തൻെറ ദൗത്യത്തെ ഇത്രയേറെ ദുഷ്ക്കരമാക്കിത്തീർത്തതെന്ന് അവൾ ഗ്രഹിച്ചു. ഉന്നതങ്ങളിലെ സ്നേഹസാമ്രാജ്യത്തിൻെറ അവസ്ഥ എത്ര വ്യത്യസ്തം ! അവിടെ ഓരോ ചിന്തയും സ്നേഹമയമായിരുന്നു. കൂട്ടുകാരായ സന്തോഷവും സമാധാനവും അവളുടെ സന്തതസഹചാരികളുമായിരുന്നു. അല്പം മുമ്പ് രാജകീയോദ്യാനങ്ങളിൽ രാജാവിൻെറ അടുത്തിരുന്ന് താഴ്‌വരയെ വീക്ഷിച്ചതും ബന്ധുക്കളോടുള്ള അനുകമ്പയും അവരെ സഹായിക്കുവാനുള്ള ആഗ്രഹവും കൊണ്ട് അവളുടെ ഹൃദയം വേദനിക്കുകയും ത്രസിക്കുകയും ചെയ്തതുമെല്ലാം അവൾ ഓർത്തു. അവരുടെ ദാരുണമായ അടിമത്വത്തിൽനിന്ന് അവരെ മോചിപ്പിക്കുവാനും രക്ഷിക്കുവാനും കഴിയുമെങ്കിൽ അതിനുവേണ്ടി എന്തു ത്യാഗവും ഏറ്റെടുക്കുവാൻ സ്നേഹം തയ്യാറാകുമെന്ന് അവൾക്കു ബോദ്ധ്യമുണ്ടായിരുന്നു.

എന്നാൽ, ഇപ്പോൾ, ഇവിടെ യാഥാർത്ഥ്യങ്ങളെ നേരിട്ടപ്പോൾ കാര്യ

www.malankaralibrary.com

ങ്ങളെത്ര വ്യത്യസ്തവും ദുഷ്കരവുമാണെന്ന് അവൾക്ക് അനുഭവപ്പെട്ടു തുടങ്ങി. അവളുടെ അമ്മായി ഇതാ, സ്വന്തം വ്യക്തിത്വത്തിന്റെ കാരാഗ്രഹത്തിൽ അടച്ചുപൂട്ടപ്പെട്ടവളായി കഴിഞ്ഞുകൂടുന്നു. അവളുടെ ചിന്തയുടെയും താല്പര്യങ്ങളുടെയും കേന്ദ്രവിഷയം എപ്പോഴും ഒന്നുതന്നെ –സ്വന്തം ദാരുണാവസ്ഥ. ബാഹ്യലോകത്തുനിന്ന് അവൾ തന്നെത്തന്നെ പൂർണ്ണമായും ഒറ്റപ്പെടുത്തിയിരിക്കുന്നു. സ്നേഹരഹിതമായ ''ബാഹ്യാന്ധകാര''ത്തിൽ ("Outer darkness") ജീവിച്ചാലെന്നപോലെ സ്നേഹമേഖലയ്ക്കു പുറത്തു കഴിഞ്ഞുകൂടുകയാണവൾ. ബന്ധനച്ചങ്ങല ഇഷ്ടപ്പെടുകയും മോചിപ്പിക്കപ്പെടുവാൻ വിസമ്മതിക്കുകയും ചെയ്യുന്ന ഒരു തടവുകാരിയുടെ ചങ്ങല പൊട്ടിച്ച് അവളുടെ തടവറയിലേക്ക് എങ്ങനെ പ്രവേശിക്കാൻ കഴിയും? തന്റെ എല്ലാ ദുഃഖദുരിതങ്ങളുടെയും കാരണം ഇടയനാണെന്നു വിശ്വസിക്കുമ്പോൾ എങ്ങനെ ആ ഏകരക്ഷകനെപ്പറ്റി അവളോടു പറയാൻ കഴിയും? മുകളിൽ സ്നേഹസാമ്രാജ്യത്തിലെ മഹത്വത്തിലും പ്രകാശത്തിലും സഹായിക്കാനും രക്ഷിക്കാനും ഉൽക്കടമായ ആഗ്രഹം തോന്നുക ഒരുകാര്യമാണ്. എന്നാൽ ഈ താഴ്വരയിൽ വ്യത്യസ്തങ്ങളായ യാഥാർത്ഥ്യങ്ങളുടെ നടുവിൽ എങ്ങനെ അതു നിർവ്വഹിക്കപ്പെടും? തകർക്കാനാവാത്ത ജയിലറകളിൽ അടയ്ക്കപ്പെട്ട ഹൃദയങ്ങളെ സ്പർശിക്കാനും മോചനത്തിന്റെ ഒരു നേരിയ ആഗ്രഹമെങ്കിലും ഉണർത്താനും എങ്ങനെയാണു കഴിയുക ?

ഉന്നതങ്ങളിൽ വച്ചു നടന്ന സംഭാഷണവേളയിൽ ശ്രീമതി ദുശ്ശകുനത്തെയും കുടുംബത്തെയും സഹായിക്കാൻ ഏറ്റവും പറ്റിയ സമയം ഇതാണെന്ന കാര്യത്തിൽ എല്ലാവരും യോജിച്ചത് കൃപാമഹത്വം ഓർമ്മിച്ചു. കാരണം അവർക്കു നേരിട്ടിരിക്കുന്ന അത്യാഹിതങ്ങൾ ഇടയന്റെ സഹായത്തിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തും. എന്നാൽ ഇപ്പോൾ എല്ലാം വ്യത്യസ്തം. രാജാവിന്റെ ഈ വാക്കുകൾ അവൾ ഓർത്തു: ''എനിക്കുവേണ്ടി സംസാരിക്കുവാൻ ഒരാൾ വേണം, കാരണം, അവർ സ്വയം എന്റെ അടുത്തേക്കു വരില്ല.'' താൻ അദ്ദേഹത്തിന്റെ വക്താവായിരിക്കുമെന്ന് അവൾ സന്തോഷപൂർവ്വം വാക്കുകൊടുത്തിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളുടെ ധ്വനിയും അവൾ ഓർത്തു, **''അവർ നിന്നെ ശ്രദ്ധിക്കുമെന്നു നീ വിചാരിക്കുന്നുണ്ടോ, കൃപാമഹത്വം?''** അവളുടെ മറുപടിയിതായിരുന്നു: **''പറയേണ്ടത് എന്തെന്ന് അങ്ങ് എനിക്കു പറഞ്ഞു തരുക, ഞാൻ അത് അങ്ങേയ്ക്കു വേണ്ടി പറയാം.''**

www.malankaralibrary.com

''അതേ,'' കൃപാമഹത്വം പെട്ടെന്ന് ചിന്തിച്ചു. ''അതാണ് ഉത്തരം. എന്തു പറയണമെന്ന് അദ്ദേഹം പറഞ്ഞുതരണം. അദ്ദേഹം എന്നെ പഠിപ്പിക്കണം. ഇപ്പോൾ എനിക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. ഞാൻ അദ്ദേഹത്തിൻെറ അടുത്തേയ്ക്കു പോയി എല്ലാ കാര്യങ്ങളും അദ്ദേഹത്തോടുപറയും; എന്തു സമീപനം സ്വീകരിക്കണമെന്നും എങ്ങനെ എൻെറ അമ്മായിയുടെ തടവറയിൽ പ്രവേശിക്കുവാൻ സാധിക്കുമെന്നും എന്നെ പഠിപ്പിക്കാൻ ഞാൻ അപേക്ഷിക്കും.''

എന്നിരുന്നാലും, അമ്മായിക്ക് അവളോടുള്ള ശത്രുതയെ തകർക്കുവാൻ ഒരു അവസാനശ്രമംകൂടി അവൾ നടത്തി. ''ഏറ്റവും പ്രിയപ്പെട്ട അമ്മായീ,'' അവൾ പറഞ്ഞു, ''ചിലപ്പോഴൊക്കെ അമ്മായിയെ വന്നുകാണാനും എന്നാലാവുന്ന സഹായം ചെയ്യാനും അമ്മായി എന്നെ അനുവദിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഒരുപക്ഷേ അടുത്ത പ്രാവശ്യം ഞാൻ വരുമ്പോൾ എൻെറ എല്ലാദുഃഖങ്ങളിൽനിന്നും ഭയങ്ങളിൽനിന്നും ഞാൻ എങ്ങനെ മോചിപ്പിക്കപ്പെട്ടുവെന്ന് അമ്മായിയോടുപറയുവാൻ എനിക്ക് അവസരമുണ്ടാകും, ഇല്ലേ?

''ഭീതേ, നിനക്കു നന്ദി,'' അമ്മായി നിസ്സംഗതയോടെ പറഞ്ഞു. ''പക്ഷേ എനിക്കു താത്പര്യമില്ല. നീ എന്താണു പറയാൻ പോകുന്നതെന്ന് ഇപ്പോൾതന്നെ എനിക്കറിയാം. കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നതിൽ അവസാനത്തെ കാര്യമാണ് അത്.''

ദുർഗമമായ ഒരു കോട്ടയെ തകർക്കാൻ പറ്റിയ ഒരു ചെറിയ ചരൽക്കല്ല് കയ്യിൽ കിട്ടിയ വികാരങ്ങളോടെ കൃപാമഹത്വം എഴുന്നേറ്റ് വിടപറയാൻ ഒരുങ്ങി. അവൾ തൻെറ അമ്മായിയെ കെട്ടിപ്പിടിച്ചു ചുംബിച്ചശേഷം മൃദുലമായി ഇപ്രകാരം പറഞ്ഞു: ''അമ്മായീ, അമ്മായിയെ സ്നേഹിക്കുവാൻമാത്രം എന്നെ അനുവദിക്കുക. മുൻകാലത്തെ സ്നേഹരാഹിത്യത്തിനു ഞാൻ പരിഹാരം ചെയ്യട്ടെ. അമ്മായിയേയും വിഷാദിനിയേയും വന്നുകണ്ട് എന്നാൽ കഴിയുന്ന സഹായം ചെയ്യുവാൻ എന്നെ അനുവദിക്കുക.''

പക്ഷേ അവൾക്കു ലഭിച്ച ഉത്തരം ഇതായിരുന്നു: ''ഭീതേ, നീ നിൻെറ സ്വന്തം മാർഗ്ഗം തിരഞ്ഞെടുത്ത് ആ വഴിയേ പോകുന്നു. അതെൻെറ മാർഗ്ഗമല്ല. ദൗർഭാഗ്യം എന്നെ കീഴടക്കുകയും സൗഭാഗ്യം നിൻെറ

www.malankaralibrary.com

മേൽ പുഞ്ചിരി പൊഴിക്കുകയും ചെയ്താലും നിൻെറ സഹായവും സംരക്ഷണയും ഞാൻ ഒട്ടും ആഗ്രഹിക്കുന്നില്ല. ഞാൻ പ്രഹരമേറ്റവളായിരിക്കാം, നിന്ദിതയും പരിത്യക്തയുമായിരിക്കാം. പക്ഷേ നിൻെറ സംരക്ഷണയൊന്നും എനിക്കാവശ്യമില്ല. നീ വീണ്ടും ഇവിടെ വന്നു ബുദ്ധിമുട്ടേണ്ട കാര്യവുമില്ല.''

കൃപാമഹത്വം കുടിൽവിട്ടിറങ്ങി. ബന്ധുക്കളെ സഹായിക്കുകയെന്ന മോഹന സ്വപ്നവും യാഥാർത്ഥ്യത്തോടടുക്കുമ്പോൾ കാണുന്ന പ്രതിബന്ധങ്ങളും തമ്മിലുള്ള അന്തരമോർത്ത് അവൾ ദുഃഖിച്ചു. ഏതാനും നിമിഷത്തേയ്ക്ക് അവൾ വികാരാധീനയായി കാണപ്പെട്ടു.

അവൾ കരുണയോടൊത്തു താമസിച്ചിരുന്ന കുടിലിൽ തിരിച്ചെത്തിയപ്പോൾ അവളുടെ സുഹൃത്തും ശ്രീമതി ധീരയും ഉത്സാഹപൂർവ്വം വിരുന്നിനുള്ള ഒരുക്കങ്ങൾ ചെയ്തു തിരക്കിട്ടു നടക്കുന്നതു കണ്ടു. ഇടയപ്രമുഖനും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. സന്തോഷത്തേയും സമാധാനത്തെയും കാണുകയും (ദുരിതാവസ്ഥയിൽ കഴിയുന്ന തൻെറ അമ്മായിയെ സന്ദർശിക്കുമ്പോൾ, തൻെറ ദാസികളുടെ അകമ്പടിയോടെ ചെന്നാൽ അത് ആർഭാടമായി തോന്നുമെന്നു കരുതി അവരെ അവൾ കുടിലിൽ വിട്ടിരിക്കുകയായിരുന്നു.)- അവരുടെ സ്നേഹപൂർവ്വകമായ ആശംസകൾ ഏറ്റുവാങ്ങുകയും ചെയ്തപ്പോൾ ഹൃദയത്തിൽ പരിമള തൈലം പൂശിയതുപോലെ അവൾക്ക് അനുഭവപ്പെട്ടു. അവൾ ഇങ്ങനെ ആത്മഗതം ചെയ്തു: ''അടുത്തതവണ അമ്മായിയെ സന്ദർശിക്കുവാൻ പോകുമ്പോൾ 'സന്തോഷ'ത്തെയും 'സമാധാന'ത്തെയും എൻെറകൂടെ ഞാൻ കൊണ്ടുപോകും.''

തിരക്കിട്ട് ഓടിനടന്ന ശ്രീമതി ധീരയ്ക്ക് അതിഥികൾ എത്തിച്ചേരുന്നതിനു മുമ്പ് അല്പസമയം കിട്ടി. അവൾ കൃപാമഹത്വത്തെ ഒരു ഭാഗത്തേയ്ക്കു കൂട്ടികൊണ്ടുപോയി ഇങ്ങനെ ചോദിച്ചു: ''പ്രിയ കൃപാമഹത്വം, കാര്യങ്ങളെങ്ങനെയിരുന്നു? പാവം ദുശ്ശകുനത്തിൻെറ പ്രതികരണം എന്തായിരുന്നു?''

''അവരെ ഇനി ഒരിക്കലും സന്ദർശിക്കരുതെന്ന് എന്നോടു പറഞ്ഞു.'' കൃപാമഹത്വം ദുഃഖത്തോടെ പ്രത്യുത്തരിച്ചു. ''അവർ പറഞ്ഞതു കാര്യമായിട്ടാണോ എന്നു ഞാൻ ഭയപ്പെടുന്നു.''

www.malankaralibrary.com

''ഇതേ വാക്കുകൾതന്നെ എത്രയോ തവണ അവൾ എന്നോടു പറഞ്ഞിട്ടുണ്ടെന്നോ!'' ശ്രീമതി ധീര ഉത്സാഹപൂർവ്വം മറുപടി പറഞ്ഞു. ''പക്ഷേ അവൾ പറഞ്ഞ വാക്ക് ഞാൻ കാര്യമായെടുത്താൽ ഉടനെ അവൾക്കു വിഷമമാകും. പ്രിയ കൃപാമഹത്വം, പാവം ദുശ്ശകുനം പറയുന്നതൊന്നും നീ ശ്രദ്ധിക്കേണ്ട. അവൾ സ്നേഹത്തിനു വേണ്ടി ദാഹിക്കുകയാണ്. അവൾ അത് അറിയുന്നില്ലെന്നു മാത്രം. സ്നേഹിച്ചുകൊണ്ടേയിരിക്കുക; അവസാനം അതു വിജയിക്കുകതന്നെ ചെയ്യും.''

പറയാതെതന്നെ നിങ്ങൾക്ക് ഊഹിക്കാൻ കഴിയുന്നതുപോലെ, ശ്രീമതി ധീര, ഇടയപ്രമുഖനോടൊപ്പം ഉന്നതങ്ങളിൽ പോയിട്ടുള്ള മറ്റൊരാളാണ്. സ്നേഹ സാമ്രാജ്യത്തിലെ മറ്റെല്ലാ അംഗങ്ങളുടേയും ഹൃദയത്തിലെന്നപോലെ സ്നേഹലത അവളുടെ ഹൃദയത്തിലും പുഷ്പിച്ചു നിന്നിരുന്നു.

അപ്പോൾ പുറത്ത് ആരുടേയോ കാലടിയൊച്ചയും പൊട്ടിച്ചിരിയുടെ ശബ്ദവും കേട്ടു. അടുത്തനിമിഷം ഇടയപ്രമുഖൻതന്നെ തൻെറ സുഹൃത്തുക്കളാൽ വലയം ചെയ്യപ്പെട്ടു കുടിലിൽ പ്രവേശിക്കുകയും വിരുന്ന് ആരംഭിക്കുകയും ചെയ്തു. അടുപ്പിലിരുന്ന കെറ്റിൽ ചൂടുപിടിച്ച് സംഗീതമുതിർത്തു. അതിഥികൾ സംസാരിക്കുകയും ചിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. മഞ്ഞ പൂച്ച ഇടയപ്രമുഖൻെറ മടിയിൽ കിടന്നു മുരുളിക്കൊണ്ടിരുന്നു; കറുപ്പും വെളുപ്പും കലർന്ന പൂച്ച കൃപാമഹത്വത്തിൻെറ മടിയിൽ ചുരുണ്ടുകൂടി. ആടുകളെ സംരക്ഷിക്കുന്ന പട്ടികൾ വാലാട്ടിക്കൊണ്ടു വാതിൽക്കൽ കിടന്നു; ശ്രീമതി ധീര ചായക്കപ്പുകൾ വീണ്ടുംവീണ്ടും നിറച്ച് തിരക്കിട്ടു നടന്നു. അങ്ങനെ ആ ഗ്രാമത്തിലെ ഏറ്റവും സന്തോഷവും സംതൃപ്തിയും നിറഞ്ഞ സ്ഥലമായിത്തീർന്നു ആ കുടിൽ -സ്നേഹസാമ്രാജ്യത്തിൻെറ ഒരംശം താഴ്വരയിലേക്കു പറിച്ചുനട്ടാലെന്നപോലെ! വസ്തുതയും മറ്റൊന്നായിരുന്നില്ല.

''പാവം ദുശ്ശകുനം ഇവിടെ ഉണ്ടായിരുന്നെങ്കിൽ!'' ശ്രീമതി ധീര ഒന്നു നെടുവീർപ്പിട്ടു. അവൾ ഇടയൻെറ നേരെ നോക്കിയപ്പോൾ, അവളുടെ ചിന്തകൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തതുപോലെ അദ്ദേഹം അവളെ നോക്കുകയായിരുന്നു. ശ്രീമതി ധീര തൃപ്തിനിറഞ്ഞ ഒരു പുഞ്ചിരി പൊഴിച്ച് തന്നോടുതന്നെ പറഞ്ഞു: ''എല്ലാം ശരിയാകും. നമുക്കുള്ളതിലധികം താത്പര്യം അദ്ദേഹത്തിന് അക്കാര്യത്തിലുണ്ട്.

www.malankaralibrary.com

അവസാനം ശ്രീമതി ദുശ്ശകുനത്തിനും അവളുടെ അസന്തുഷ്ടകുടുംബത്തിനും ഇടയന്റെ സ്നേഹത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയാതെ വരും.''

പിന്നീട് അവൾ കപ്പുകൾ നിറച്ച് എല്ലാവരുടെയും ആവശ്യങ്ങൾ അന്വേഷിച്ച് തിരക്കിട്ടു നടന്നു. ഇടയപ്രമുഖൻ കഴിഞ്ഞാൽപിന്നെ ആ മുറിയിൽ ഏറ്റവും അധികം സന്തോഷവും ഉന്മേഷവും പ്രസരിപ്പിക്കുന്ന വ്യക്തി താനാണെന്ന് അവൾ മനസ്സിലാക്കിയതേയില്ല.

www.malankaralibrary.com

## അദ്ധ്യായം - 28

# മാതളഗിരി (സ്നേഹം)

### സ്നേഹത്തിൻെറ നിയമം

സന്ധ്യയാകാറായപ്പോൾ ഇടയപ്രമുഖൻ കൃപാമഹത്വത്തെയും അവളുടെ രണ്ടു കൂട്ടുകാരികളെയും വിളിച്ച് ഉന്നതങ്ങളിലുള്ള അവരുടെ ഭവനത്തിലേക്കു യാത്ര പുറപ്പെട്ടു. സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന കൊടുമുടികളിലേക്ക് കുതിച്ചുയർന്നുകൊണ്ടിരുന്ന സമയമത്രയും തൻെറ അമ്മായിയായ ദുശ്ശകുനത്തെ സന്ദർശിച്ചതിനെക്കുറിച്ച് കൃപാമഹത്വം ചിന്തിച്ചുകൊണ്ടിരുന്നു. താഴ്വരയിലേക്കു മടങ്ങിപ്പോകുന്നതിനു മുമ്പ് ഇടയ രാജാവുമായി സംസാരിക്കുകയും മനസ്സിനെ മഥിക്കുന്ന പ്രശ്നംപിടിച്ച ചോദ്യങ്ങൾ അദ്ദേഹത്തോടു ചോദിക്കുകയും ചെയ്തേ പറ്റൂ. അമ്മായി ദുശ്ശകുനത്തോട് എന്താണു പറയേണ്ടതെന്നും അവർ ചുറ്റും പണിതിരിക്കുന്ന ഇരുട്ടറയെ ഭേദിച്ച് രക്ഷാസന്ദേശം അവർക്ക് എങ്ങനെ എത്തിച്ചുകൊടുക്കാൻ കഴിയുമെന്നും ഇടയനിൽ നിന്നു മനസ്സിലാക്കിയേ മതിയാവൂ.

''മാൻപേടയുടെ പാദങ്ങൾ'' ഉണ്ടായിരുന്നതിനാൽ ഞൊടിയിടകൊണ്ട് പർവ്വതപാർശ്വത്തിലൂടെ ഉന്നതങ്ങളിലേക്കു കുതിച്ചുയരുവാൻ അവർക്കു കഴിഞ്ഞു. രാജാവിൻെറ തോട്ടങ്ങളിൽ എത്തിയപ്പോൾ, (അവർ അപ്പോൾ താമസിച്ചിരുന്നത് അവിടെയായിരുന്നു.) അവൾ തൻെറ ആഗ്രഹം ഇടയനെ അറിയിച്ചു. പിറ്റേദിവസം പ്രഭാതത്തിൽ മാതളഗിരിയിലേക്കു പോകുവാൻ തയ്യാറാകണമെന്നും അവിടെവച്ച് എല്ലാം

www.malankaralibrary.com

സംസാരിക്കാമെന്നും ഇടയൻ പറഞ്ഞു.

കൃപാമഹത്വം ആനന്ദനിർഭരമായ പ്രതീക്ഷകൊണ്ടു നിറഞ്ഞു. അവൾ മാതളഗിരിയിൽ ഒരിക്കലും പോയിട്ടില്ലായിരുന്നു. ഉന്നതങ്ങളുടെ പുതിയ മേഖലകളിലേയ്ക്ക് നയിക്കപ്പെടാനും ആ പർവ്വത നിരകളുടെ മഹനീയ ദൃശ്യങ്ങൾ പുതിയ വീക്ഷണകോണങ്ങളിലൂടെ നോക്കിക്കാണാനും അവൾ അതിയായി ആഗ്രഹിച്ചു. അനുദിന ജോലികൾ ആരംഭിക്കുന്നതിനുമുമ്പ് പ്രഭാതത്തിൽ ഇടയരാജാവിനോടൊത്തു ചെലവഴിച്ചിരുന്ന സമയം അവളുടെ ജീവിതത്തിലെ ഏറ്റവും കമനീയമായ മണിക്കൂറുകളായിരുന്നു. പലപ്പോഴും സൂര്യോദയത്തിനു വളരെമുമ്പു തന്നെ അദ്ദേഹം അവളെ വിളിക്കുകയും മറ്റാരെയും കാണുന്നതിനുമുമ്പ് രണ്ടുമൂന്നു മണിക്കൂർ അവർ തമ്മിൽ സംസാരിക്കുകയും ചെയ്യുമായിരുന്നു.

അടുത്ത ദിവസം പ്രഭാതത്തിൽ, താഴ്വരയുടെ എതിർഭാഗത്തു സ്ഥിതിചെയ്യുന്ന കൊടുമുടികൾ ഇളം ചുവപ്പു നിറമണിഞ്ഞിരിക്കെ, പ്രഭാതനക്ഷത്രം ആകാശത്തുനിന്ന് അപ്രത്യക്ഷമാകുന്നതിനു മുമ്പുതന്നെ, രാജാവ് തന്നെ വിളിക്കുന്ന സ്വരം കൃപാമഹത്വം കേട്ടു. ഉടൻതന്നെ അദ്ദേഹത്തെ പിൻചെല്ലുവാൻ അവൾ കുതിച്ചു. എന്നിരുന്നാലും, ഉദയസൂര്യന്റെ ആദ്യകിരണങ്ങൾ സ്വീകരിക്കുവാൻ ശ്വാസമടക്കി കാർമേഘരഹിതമായ ആകാശത്തേക്ക് തലയുയർത്തി നിൽക്കുന്ന മഞ്ഞണിഞ്ഞ കൊടുമുടികളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടവർ ഒരുനിമിഷം അവിടെ നിന്നു. എതിർവശത്തുള്ള പർവ്വതങ്ങളിൽ ആദ്യകിരണങ്ങൾ പതിക്കുകയും വെണ്മയാർന്ന സാനുക്കൾ ഇളം ചുവപ്പണിയുകയും ചെയ്തപ്പോൾ കൃപാമഹത്വം രാജാവിന്റെ മുഖത്തേക്കുനോക്കി പറഞ്ഞു: "പ്രഭാതത്തിനുവേണ്ടി കാത്തിരിക്കുന്ന കാവൽക്കാരെക്കാൾ ആകാംക്ഷയോടെ എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു. അതെ, പ്രഭാതത്തിനുവേണ്ടി കാത്തിരിക്കുന്ന കാവൽക്കാരെക്കാൾ ഏറെ." (സങ്കീ.130:6)

അദ്ദേഹം അവളുടെ കയ്ക്കു പിടിച്ചു. രണ്ടുപേരുംകൂടി തുള്ളിച്ചാടി പർവ്വതമുകളിലൂടെ മാതളഗിരിയിലേക്കു യാത്രയായി.

പോകുംവഴി അവൾ ഈ ചെറിയപാട്ടു പാടി:

www.malankaralibrary.com

## പ്രഭാതത്തിലെ ഗിരിശൃംഗങ്ങൾ

*പ്രഭാതത്തിൻെറ ആദ്യയാമങ്ങളിൽ*
*മഞ്ഞണിഞ്ഞ ഗിരിശൃംഗങ്ങൾ*
*അരുണോദയത്തെ വരവേല്കാനെന്നപോലെ*
*അങ്ങയുടെ മുഖദർശനത്തെയും*
*പ്രസാദവര ദീപ്തിയെയും എൻെറ ഹൃദയം*
*കാത്തിരിക്കുന്നു, അന്വേഷിക്കുന്നു.*

*സൂര്യോദയത്തിൽ ഉയർന്നുനിൽക്കുന്ന കൊടുമുടികൾ പോലെ*
*എൻെറ ഹൃദയത്തെ നിൻെറ പക്കലേക്കുയർത്തുന്നു.*
*അവയെപ്പോലെ എന്നെയും മഹത്വംകൊണ്ട്*
*ആവരണം ചെയ്താലും.*
*സ്തുതികളാൽ ഞാൻ കത്തിയെരിയട്ടെ.*
*സ്നേഹാഗ്നി നാളങ്ങളാകുന്ന*
*വസ്ത്രം എൻെറ അലങ്കാരമാകട്ടെ.*

*മഞ്ഞിൻെറ ധവള വസ്ത്രമണിഞ്ഞ്*
*മലമുടികൾ സൂര്യദേവനെ വരവേൽക്കുന്നു.*
*നിൻെറ പ്രഭാപൂരം ഞാനും കാത്തിരിക്കുന്നു*
*ചിറകുമുളച്ച പാദങ്ങളാൽ*
*ഞാൻ പ്രയാണം ചെയ്യുന്നു.*
*നമ്മുടെ സമാഗമം അനുവദിച്ചാലും,*
*മധുരമായ സമാഗമം.*

അങ്ങനെ പാട്ടുപാടി, ഒപ്പത്തിനൊപ്പം തുള്ളിച്ചാടി, കൃപാമഹത്വത്തിന് അപരിചിതമായ പർവ്വതനിരയുടെ ഒരു പുതിയ ഭാഗത്ത് അവർ എത്തി. ഇവിടെയുള്ള മനോഹരമായ ഫലവൃക്ഷത്തോപ്പിൽ വിവിധതരത്തിലുള്ള ഫലവൃക്ഷങ്ങൾ, പ്രത്യേകിച്ച് മാതളനാരകങ്ങൾ,നിറഞ്ഞുനിന്നിരുന്നു. മറ്റുള്ള ഫലവൃക്ഷങ്ങളെക്കാളധികം മാതളനാരകങ്ങളെ നോക്കി രാജാവ് സന്തോഷിക്കുന്നത് അവൾ ശ്രദ്ധിച്ചിരുന്നു. അന്നു രാവിലെ, അതിൻെറ കാരണം അവൾക്കു മനസ്സിലായി. ഒരേസമയം റോസ് നിറമുള്ള പൂക്കളും പഴങ്ങളും ഈ മരങ്ങളിൽ നിറഞ്ഞു നിന്നിരുന്നു. പുഷ്പദളങ്ങൾ ചുറ്റുപാടും ഹൃദ്യമായ പരിമളം പരത്തിക്കൊണ്ടിരുന്നു.

www.malankaralibrary.com

വൈഡൂര്യ തുല്യമായ ആകാശ പശ്ചാത്തലത്തിൽ അവയുടെ പച്ചിലകളും റോസ് നിറത്തിലുള്ള പുഷ്പഫലങ്ങളും അതിമനോഹരമായിരുന്നു. ആ കാഴ്ച അവൾക്ക് ആനന്ദ നിർവൃതി നൽകി. തണലേകിയിരുന്ന ആ വൃക്ഷങ്ങളിൽ ഏറ്റവും വലിയതിൽ ഒന്നിൻെറ ചുവട്ടിലിരുന്ന് കൊടുമുടികളുടെ ഇതുവരെ കാണാത്ത പുതിയ ഭാഗങ്ങൾ നോക്കിക്കൊണ്ടിരുന്നപ്പോൾ ഒരു ചെറിയ വള്ളിക്കുടിലിൽ ഇരിക്കുന്നതുപോലെ അവൾക്കു തോന്നി.

ഒരുനിമിഷം ഇടയൻെറ സാന്നിദ്ധ്യത്തിൽ ശാന്തമായി സന്തോഷപൂർവ്വം വിശ്രമിക്കുകയും തന്നെ പഠിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം ശ്രവിക്കുവാനും ഗ്രഹിക്കുവാനും സാധിക്കത്തക്കവണ്ണം തൻെറ മനസ്സിനേയും ഹൃദയത്തേയും ഒരുക്കുകയും ചെയ്തശേഷം അവൾ പറഞ്ഞു: ''നാഥാ, എന്നോടു പറയൂ, എന്തുകൊണ്ടാണ് അങ്ങ് മറ്റേതൊരു വൃക്ഷത്തെയും കാൾ മാതളനാരകങ്ങളെ ഇഷ്ടപ്പെടുന്നതും ഈ പർവ്വതം മുഴുവൻ അവ നിറഞ്ഞിരിക്കുന്നതും?''

''നാം ഇപ്പോൾ സുഗന്ധഗിരികളുടെ മുകളിലാണ്,'' രാജാവു പറഞ്ഞു, ''എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഫലങ്ങളും സുഗന്ധദ്രവ്യങ്ങളും വളരുന്ന ഒൻപതു പർവ്വതങ്ങളുടെ ഒരു നിരയാണിത്. പരിശുദ്ധാത്മാവിൻെറ ഒൻപത് ഫലങ്ങളിൽ ആദ്യത്തേതിൻെറ-സ്നേഹത്തിൻെറ-ഏറ്റവും നല്ല പ്രതീകമാണ് ഈ മാതളനാരകങ്ങൾ. നിനക്കു കാണാൻ കഴിയുന്നതുപോലെ ഇത് ഒരു നിത്യഹരിതവൃക്ഷമാണ്. കിഴക്കൻ ജനത പറയുന്നതുപോലെ മാതളമരത്തിൻെറ ചുവട്ടിൽ കിടന്നു വിശ്രമിക്കുന്നതു സുരക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ ഒരു അശുദ്ധാരൂപിയും അതിൻെറ സമീപത്തേക്കു വരുവാൻ ധൈര്യപ്പെടുകയില്ല. ഇതിൻെറ പുഷ്പങ്ങൾ മനോഹരവും ഫലങ്ങൾ സ്വാദിഷ്ടവുമാണ്. ഇതിൽനിന്ന് ആരോഗ്യപ്രദവും ഉന്മേഷദായകവുമായ പാനീയം ഉണ്ടാക്കുവാനും കഴിയും. ഓരോ പഴത്തിലേയും കുറഞ്ഞത് ഒരു വിത്തെങ്കിലും പറുദീസായിൽനിന്നാണെന്നു പറയപ്പെടുന്നു. ഭംഗിയേറിയ, ഫലസമൃദ്ധമായ, നിത്യഹരിതമായ, രോഗം ശമിപ്പിക്കുന്ന, അശുദ്ധാത്മാക്കളെ ഒഴിവാക്കുന്ന ഈ മരത്തെ മറ്റേതൊരു വൃക്ഷത്തേക്കാൾ ജനങ്ങൾ ഇഷ്ടപ്പെടുന്നതിൽ അത്ഭുതപ്പെടാൻ എന്താണുള്ളത്?''

''ഒന്നുമില്ല,'' അവൾ മറുപടി പറഞ്ഞു. ''ഇത് എനിക്കു നന്നായി

www.malankaralibrary.com

മനസ്സിലാക്കാൻ കഴിയും. ഈ പർവ്വതപാർശ്വം ഞാൻ ഇതുവരെ കണ്ടിട്ടുള്ള സ്ഥലങ്ങളെക്കാളെല്ലാം മനോഹരമാണെന്നതിൽ സംശയമില്ല. ഇവിടെ നിന്നുള്ള കാഴ്ച തികച്ചും പുതുമ നിറഞ്ഞതാണ്. എങ്കിലും നമ്മുടെ നേരെതാഴെ അങ്ങകലെ കാണുന്നത് അവമതിയുടെ താഴ്വരയല്ലേ?''

''അതെ,'' അദ്ദേഹം പറഞ്ഞു: ''നീ പറയുന്നതു ശരിതന്നെ. എന്നോടു പറയൂ, കൃപാമഹത്വം, ഈ പുതിയ ദൃശ്യത്തെക്കുറിച്ച് നീ എന്തു വിചാരിക്കുന്നു?''

തൻെറ മുമ്പിൽ പരന്നുകിടക്കുന്ന പ്രകൃതിദൃശ്യം വീക്ഷിച്ച് അത് ഉൾക്കൊള്ളാൻ ശ്രമിച്ചുകൊണ്ട് അവൾ ശാന്തമായി ദീർഘനേരം ഇടയൻെറ അടുത്തിരുന്നു. ആകാശം മുട്ടുമാറ് നിരനിരയായി ഉയർന്നു നിൽക്കുന്ന മഞ്ഞണിഞ്ഞ കൊടുമുടികളുടെ ഉച്ചികൾ ഉജ്ജ്വലമായ പ്രകാശത്തിൽ വെട്ടിത്തിളങ്ങി. ആ ദൃശ്യം നിരീക്ഷിക്കാനാഗ്രഹിച്ച കൃപാമഹത്വത്തിന് തൻെറ കണ്ണുകൾ മൂടേണ്ടതായി വന്നു. അതേസമയം, ആ മനോഹരദൃശ്യത്തിനു കളങ്കം ചാർത്തുമാറ് നല്ല പിരമിഡാകൃതിയിലുള്ളതെങ്കിലും തീ പിടിച്ച് കൽക്കരിപോലെ കറുത്ത ഒരു ചെറിയ പർവ്വതം അതിൻെറ മുൻഭാഗത്തുണ്ടായിരുന്നു. ആരുടേയും ശ്രദ്ധയാകർഷിക്കുന്ന ഒരു വൈരുദ്ധ്യമായിരുന്നു അത്. ന്യായാധിപതികളുടെ മുമ്പിൽ നില്ക്കുവാൻ നിർബ്ബന്ധിക്കപ്പെട്ട തികച്ചും നഗ്നനായ ഒരു കുറ്റവാളിയെപ്പോലെ, കാഴ്ചക്കാരായ മറ്റ് വെളുത്ത പർവ്വതങ്ങളുടെ ദൃഷ്ടിയിൽനിന്ന് ഒളിച്ചിരിക്കുവാൻ സാധിക്കാതെ അത് ഏകാകിയായി കാണപ്പെട്ടു. അതിൻെറ അവസ്ഥയെക്കുറിച്ച് ചിന്തിച്ചപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. ജീർണ്ണിച്ചു കറുത്ത അതിൻെറ പ്രതലം മറ്റു പർവ്വതങ്ങളുടേതിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു. സർവ്വോപരി നാശത്തിൻെറ അടയാളങ്ങളെല്ലാം നഗ്നമായി പ്രദർശിപ്പിച്ചുനിന്ന അതിന് തൻെറ ലജ്ജ മറച്ചുവെക്കുവാൻ സാധിച്ചതുമില്ല.

''കൃപാമഹത്വം, എന്തുകൊണ്ടാണു നീ കരയുന്നത്?'' രാജാവിൻെറ ഈ സ്വരം കേട്ട് ഞെട്ടിയുണരുന്നതുവരെ ആ മലയെത്തന്നെ തുറിച്ചുനോക്കി അവൾ ദീർഘനേരം ഏതോ ദിവാസ്വപ്നത്തിലാണ്ടിരുന്നു.

നിരുദ്ധകണ്ഠയായി അവൾ പറഞ്ഞു: ''മാതളമരങ്ങളുടെ ഈ പർവ്വതത്തിൽനിന്നുള്ള കാഴ്ചയാണ് എന്നെ അസ്വസ്ഥയാക്കുന്നത്.

www.malankaralibrary.com

സ്നേഹതരുക്കൾ വളരുന്ന ഈ സ്ഥലത്തുനിന്നു നോക്കുമ്പോൾ ഇതു പോലൊരു ദൃശ്യത്തിൻെറ പ്രസക്തി എന്താണ് ? നേരെ മുമ്പിൽ, ക്ഷയി ച്ച് ശൂന്യമാക്കപ്പെട്ട അവസ്ഥയിൽ കിടക്കുന്ന ആ പർവ്വതം ഏതാണ്? എന്തുകൊണ്ടാണ് അതിന് മറ്റു പർവ്വതങ്ങളിൽനിന്ന് ഇത്ര വ്യത്യാസം ? അതിന് എന്തു സംഭവിച്ചു? എൻെറ നാഥനായ രാജാവേ, എന്തുകൊണ്ടാ ണ് അതിനെ സമുദ്ധരിക്കാൻ എന്തെങ്കിലും ചെയ്യാത്തത്? എല്ലാം കാ ഴ്ചയ്ക്കു സുന്ദരമാണ്. എന്നാൽ ശൂന്യമായ ആ പർവ്വതം എല്ലാ ഭംഗി ക്കും വിഘ്നം വരുത്തുന്നു. ഇതും അഴകുള്ളതാകേണ്ടതായിരുന്നു. അതിൻെറ സുന്ദരമായ ആകൃതിയിൽനിന്ന് ഒരു കാലത്ത് അതും മനോ ഹരമായിരുവെന്ന് വ്യക്തമാണ്. ഇപ്പോഴത്തെ അവസ്ഥയിൽ അതിനെ നോക്കുവാൻ അങ്ങേയ്ക്ക് എങ്ങനെ കഴിയുമെന്ന് ഞാൻ അത്ഭുത പ്പെടുന്നു. നാഥാ, അതിന് എന്തു സംഭവിച്ചു?''

''കറുത്ത പർവ്വതത്തെക്കുറിച്ചു നിന്നോടു ഞാൻ പറയാം. അപ്പോൾ നിനക്കു മനസ്സിലാകും.'' രാജാവു ശാന്തനായി പറഞ്ഞു. ''നീ കാ ണുന്നതുപോലെ, എൻെറ പ്രീതിപാത്രമായ മാതള പർവ്വതത്തിനു മുമ്പിൽ ഉയർന്നുനില്ക്കുന്ന ദൃശ്യമാണത്. സ്നേഹത്തിൻെറ ദൃഷ്ടി പതിയുന്നത് നേരെ അതിന്മേലാണ്. അതുകൊണ്ട് അതിനെ മോടിപിടി പ്പിക്കാനും എൻെറ രാജ്യത്തിലെ ഏറ്റവും മനോഹരമായ ഭാഗങ്ങളിൽ ഒന്നാക്കിത്തീർക്കുവാനും ഞാൻ പണ്ടേതന്നെ നിശ്ചയിച്ചിരുന്നു. വളക്കൂ റുള്ളതും സമ്പുഷ്ടവുമായ മണ്ണ്. സൂര്യപ്രകാശമേൽക്കുന്ന ചരിവുകൾ അസാധാരണമാംവിധം ഫലസമൃദ്ധമായിരിക്കുവാൻ പറ്റിയ അവസ്ഥയാ യിരുന്നു അതിൻേറത്. അതുകൊണ്ട് സന്തോഷത്തിൻെറയും ഉല്ലാസത്തി ൻെറയും വീഞ്ഞ് സമൃദ്ധമായി ഉൽപ്പാദിപ്പിക്കുന്ന മുന്തിരിത്തോട്ടങ്ങൾ അതിന്മേൽ കൃഷിചെയ്യുവാൻ ഞാൻ തീരുമാനിച്ചു. പർവ്വതത്തിൻെറ വശങ്ങൾ അടിമുതൽ മുടിവരെ തട്ടുകളായി തിരിക്കുവാൻ തോട്ടപ്പണി ക്കാരോടും ജോലിക്കാരോടും ഞാൻ കല്പിച്ചു. അവിടെ ഞങ്ങൾ ഏറ്റവും നല്ല മുന്തിരിച്ചെടികളും, തണലും പലവിധത്തിലുള്ള ഫലങ്ങളും നല്കുന്ന മനോഹരമായ വൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. അതിൻെറ ഭാവി ഫലസമൃദ്ധിയിൽ സന്തോഷിച്ചുകൊണ്ട് സർവ്വവിധ പരിചരണങ്ങളും ഞങ്ങൾ അതിനു നൽകി.''

ദീർഘനേരത്തേയ്ക്ക് അദ്ദേഹം മിണ്ടാതെനിന്നു. അവസാനം കൃ പാമഹത്വം അടക്കിയ സ്വരത്തിൽ ചോദിച്ചു: ''എന്തു സംഭവിച്ചു,നാഥാ?''

www.malankaralibrary.com

"അതു കാട്ടുമുന്തിരികളാണ് ഉൽപ്പാദിപ്പിച്ചത്," രാജാവ് ശാന്തനായി പറഞ്ഞു. "ഒരു ശത്രു അവ വിതച്ചു; കയ്ക്കുന്ന വിഷമുന്തിരികൾ. കയ്പുള്ള വിഷഫലങ്ങൾ അവ പുറപ്പെടുവിച്ചു. അതിനുപുറമെ, വളക്കൂറുള്ള മണ്ണിൽ അവ സമൃദ്ധമായി വളർന്നുപന്തലിച്ചു. ഞാൻ വച്ച മുന്തിരികളെ അവ മൂടി ഞെക്കി ശ്വാസം മുട്ടിച്ചു. വൃക്ഷങ്ങളിൽ പടർന്നുകയറി അവയെ ഞെക്കിക്കൊന്നു. ഒരു തിരശ്ശീലകൊണ്ടെന്ന പോലെ സകലതും കാട്ടുമുന്തിരികളാൽ മൂടപ്പെട്ടു."

"അതു തടയാൻ അങ്ങേയ്ക്ക് എന്തെങ്കിലും ചെയ്യാമായിരുന്നില്ലേ?" കൃപാമഹത്വം ദുഃഖത്തോടുകൂടി ചോദിച്ചു. "കാട്ടുമുന്തിരികളെ വളരാനനുവദിക്കാതെ പറിച്ചുകളയാമായിരുന്നില്ലേ?"

"ഞങ്ങൾ അങ്ങനെ ചെയ്തുനോക്കി," രാജാവു പറഞ്ഞു. "ഞങ്ങൾ അവയെ കഷണം കഷണമാക്കി തീയിലിട്ടു കത്തിച്ചുവെങ്കിലും ഭൂമിക്കടിയിലേക്കുപോയിരുന്ന അവയുടെ വേരുകൾ കുറച്ചകലെയായി ഞങ്ങൾ പറിച്ചുകളഞ്ഞതിനേക്കാൾ വേഗതയിൽ പൊട്ടിമുളച്ചുകൊണ്ടിരുന്നു. കാട്ടുമുന്തിരിച്ചെടികളെ നല്ല മുന്തിരികൊണ്ട് ഗ്രാഫ്റ്റ് ചെയ്യുവാൻ ഞങ്ങൾ പരിശ്രമിച്ചെങ്കിലും അതു വിജയിച്ചില്ല. കാട്ടുമുന്തിരികൾ ഇത്തിക്കണ്ണികളായിരുന്നു. അവ നല്ല മുന്തിരികളെ പിടികൂടുകയും ഞാൻ പറഞ്ഞതുപോലെ അവയുടേയും മറ്റുവൃക്ഷങ്ങളുടെയുംമേൽ പടർന്നുകയറി ജീവജലം ഊറ്റിക്കുടിച്ച് അവയെ നശിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് അവസാനം ഒരു കാര്യം മാത്രമേ കരണീയമായി ഉണ്ടായിരുന്നുള്ളൂ. പർവ്വതത്തിന് അടിമുതൽ മുടിവരെ തീയിട്ട്, തിന്മനിറഞ്ഞതും ഇത്തിക്കണ്ണികളായി കഴിയുന്നതും വന്യവുമായ സകലതിനേയും നിശ്ശേഷം നശിപ്പിക്കുക."

"നശിച്ച് ശൂന്യമായ ഈ അവസ്ഥയിൽ അങ്ങ് അതിനെ ഉപേക്ഷിക്കുമോ?" ഇടറിയ സ്വരത്തിൽ കൃപാമഹത്വം ചോദിച്ചു.

"ഓ, ഇല്ല!" സന്തോഷംനിറഞ്ഞ മുഖഭാവത്തോടെ രാജാവു പറഞ്ഞു. "ഞങ്ങൾ അതിനെ വീണ്ടും നടുകയും മുമ്പത്തെക്കാൾ ഫലസമൃദ്ധമാക്കുകയും ചെയ്യും. ചാരംകൊണ്ടു മണ്ണു കൂടുതൽ വളക്കൂറുള്ളതായിരിക്കുന്നു. അത് ഉത്ഥാനജീവനുവേണ്ടി തയ്യാറെടുക്കുകയാണ്. സ്നേഹസാമ്രാജ്യത്തിലെ മറ്റേതൊരു ഭാഗത്തെയുംകാൾ മനോഹരവും ഫലസമൃദ്ധവുമായ ഒരു മുന്തിരിമലയെ ചുറ്റുമുള്ള കൊടു

www.malankaralibrary.com

മുടികൾ നോക്കി നിൽക്കുന്നതായി ഈ മാതളഗിരിയിൽനിന്നു കാണുന്ന ഒരു ദിവസം വരും.''

നീണ്ട മൗനത്തിനുശേഷം കൃപാമഹത്വം വീണ്ടും ചോദിച്ചു: ''എന്റെ നാഥാ, അങ്ങ് എന്നെ ഇവിടെ കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം എനിക്കു മനസ്സിലായി തുടങ്ങി. ഞാൻ എന്തിനെക്കുറിച്ചാണ് അങ്ങയോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നതെന്ന് അങ്ങു മനസ്സിലാക്കി. ഞാൻ ഉൽകണ്ഠാകുലയും ചഞ്ചലചിത്തയുമാണ്. അങ്ങ് എന്നെ പഠിപ്പിക്കുമോ? എന്റെ അമ്മായി വലിയ ദുരിതത്തിലാണെന്നു കണ്ടുവെങ്കിലും എനിക്ക് അവരെ സഹായിക്കുവാൻ കഴിഞ്ഞില്ല. അവമതിയുടെ താഴ്‌വരയിലേയ്ക്കു തിരിച്ചുപോയതുമുതൽ എന്നെ അലട്ടിക്കൊണ്ടിരിക്കുന്ന എല്ലാ ചോദ്യങ്ങളും ചോദിക്കുവാൻ അങ്ങ് എന്നെ അനുവദിക്കുമോ?''

''നീ ആഗ്രഹിക്കുന്നതെന്തും ചോദിച്ചുകൊള്ളുക,'' അദ്ദേഹം സൗമ്യനായി പറഞ്ഞു. ''ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരങ്ങൾ സ്വീകരിക്കുന്നതിനും ലോകത്തിലെ ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ ഒന്നാണ് ഈ സ്നേഹപർവ്വതം.''

''അങ്ങനെയാണെങ്കിൽ,'' കൃപാമഹത്വം സാവകാശം പറഞ്ഞു: ''അവമതിയുടെ താഴ്‌വരയിലെ എല്ലാ തിന്മകളെക്കുറിച്ചും കഷ്ടപ്പാടുകളെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും അങ്ങയോടു ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നാഥാ, ഈ നാശമെല്ലാം വരുത്തിവച്ചത് എന്താണ്? എന്തുകൊണ്ടാണ് അവമതീതാഴ്‌വരയിലെ നിവാസികൾ - അവർ അത് അറിയുന്നില്ലെങ്കിലും - ദുഃഖാർത്തരും നികൃഷ്ടരും ആകുലചിത്തരുമായിരിക്കുന്നത്?''

''അവർ സ്നേഹത്തിന്റെ രാജകീയ നിയമം ലംഘിച്ചതുതന്നെ അതിനു കാരണം.'' രാജാവു മറുപടി പറഞ്ഞു. ''അടിസ്ഥാന നിയമമാകുന്ന സ്നേഹത്തിന്മേലാണു പ്രപഞ്ചം മുഴുവൻ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ആ നിയമം അനുസരിക്കുകവഴി എല്ലാം യോജിപ്പിലും പൂർണ്ണസന്തോഷത്തിലും സാഫല്യത്തിലും നിലകൊള്ളുന്നു. എന്നാൽ അതു ലംഘിക്കപ്പെടുമ്പോൾ, പൊരുത്തക്കേടുണ്ടാവുകയും അതുവഴി കഷ്ടപ്പാടുകളും എല്ലാത്തരത്തിലുള്ള തിന്മകളും ഉടലെടുക്കുകയും ചെയ്യുന്നു. പ്രപഞ്ചനിയമത്തോടു പൊരുത്തപ്പെട്ടിരിക്കുകയും അതിനാൽ നിയന്ത്രി

www.malankaralibrary.com

ക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് ധാർമ്മികത. സ്നേഹത്തിന്റെ നിയമത്തോടു പൊരുത്തപ്പെടാതിരിക്കുകയും അതിന്റെ നിയന്ത്രണത്തെ തിരസ്കരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് അധാർമ്മികത. സ്നേഹം അയൽക്കാരനോടു തിന്മ പ്രവർത്തിക്കുന്നില്ല. അതു മുഴുവൻ നിയമത്തിന്റെയും പൂർത്തീകരണമാണ്; അതിന്മേലാണ് ഈ പ്രപഞ്ചം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. സ്നേഹത്തിന്റെ നിയമത്തെ ലംഘിക്കുന്ന എല്ലാറ്റിൽനിന്നുമുള്ള പൂർണ്ണമായ അകൽച്ചയുടെ ഫലമാണു വിശുദ്ധിയും ആനന്ദവും ആരോഗ്യവും. സ്നേഹത്തിനായി നീക്കിവയ്ക്കപ്പെട്ടവരാണു വിശുദ്ധജനത. സ്നേഹത്തിന്റെ നിയമം ലംഘിക്കുകയും അതുവഴി നാനാവിധ തിന്മകൾ തങ്ങളുടെമേൽ വരുത്തിവയ്ക്കുകയും ചെയ്യുന്ന ഹതഭാഗ്യരാണ് പാപികൾ. താഴ്വര മുഴുവൻ തിന്മ നിറഞ്ഞിരിക്കാൻ കാരണമിതാണ്. മനുഷ്യർ സ്നേഹിക്കുമ്പോൾ അവരുടെ അസ്തിത്വത്തിന്റെ നിയമം പൂർത്തീകരിക്കുന്നു. സ്നേഹത്തിന്റെ നിയമം ലംഘിക്കുമ്പോൾ അവർ ജീവന്റെതന്നെ നിയമം തകർക്കുകയും വിഫലമാക്കുകയുമാണ് ചെയ്യുന്നത്. സ്നേഹിക്കുന്നിടത്തോളം കാലം അവർ ആരോഗ്യമുള്ളവരും സന്തുഷ്ടരും മനപ്പൊരുത്തമുള്ളവരുമാകുന്നു; സ്നേഹിക്കാതിരിക്കുമ്പോൾ അസൂയാലുക്കളും നീരസമുള്ളവരും വെറുപ്പുള്ളവരും ക്ഷമിക്കാത്തവരും സ്വാർത്ഥമതികളുമാകുന്നു. അതുവഴി അവർ സ്വയം നശിപ്പിക്കുവാൻ തുടങ്ങുന്നു. അങ്ങനെ, അവരുടെ അസ്തിത്വത്തിന്റെ ഓരോ ഭാഗവും സ്നേഹരഹിതമായ ചിന്തകളാൽ വിഷലിപ്തമാക്കപ്പെടുന്നു.''

''എന്റെ നാഥാ, എന്റെ രാജാവേ,'' കൃപാമഹത്വം ചോദിച്ചു: ''എന്താണ് യഥാർത്ഥ സ്നേഹം? അത് എങ്ങനെ തിരിച്ചറിയാം ?''

''ഞാനാകുന്നു സ്നേഹം,'' രാജാവ് വ്യക്തമായി പറഞ്ഞു. ''യഥാർത്ഥ സ്നേഹത്തിന്റെ മാതൃക കാണുവാൻ നിനക്ക് ആഗ്രഹമുണ്ടെങ്കിൽ എന്നെ നോക്കുക. ഈ പ്രപഞ്ചം എന്തിനുമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ ആ സ്നേഹനിയമത്തിന്റെ ആവിഷ്ക്കാരമാണു ഞാൻ. യഥാർത്ഥ സ്നേഹത്തിന്റെ ഒന്നാമത്തെ സവിശേഷത, ഞാൻ വെളിപ്പെടുത്തിയിട്ടുള്ളതുപോലെ, എല്ലാ മനുഷ്യരേയും അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കുവാനുള്ള സന്നദ്ധതയാണ്. അവർ എത്ര കളങ്കമുള്ളവരും പാപംവഴി മലിനമനസ്ക്കരുമായാലും അവരുടെ പാപാവസ്ഥയിലും ആവശ്യത്തിലും അവരോടുകൂടെ ഒന്നാകുവാൻ

www.malankaralibrary.com

സന്നദ്ധതകാണിക്കുക. ഓരോ മനുഷ്യഹൃദയവും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നുവെന്നും മാനവരാശിയുടെ ഐക്യത്തിൻെറ അടിസ്ഥാനം ഇതാണെന്നും അംഗീകരിക്കുക. മനുഷ്യപുത്രന്മാരും പുത്രികളുമായ നിങ്ങൾ സ്നേഹിക്കപ്പെടുകയും മറ്റുള്ളവരെ സ്നേഹിക്കുകയും ചെയ്യാത്ത പക്ഷം, നിങ്ങൾ എന്തായിരിക്കുവാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ അതായിത്തീരുവാൻ, സ്നേഹമാകുന്ന ദൈവത്തിൻെറ മക്കളായിത്തീരുവാൻ, നിങ്ങൾക്കു കഴിയുകയില്ല.''

അദ്ദേഹം സംസാരം നിർത്തി. ആ സമയത്ത് രാജാവിൻെറ വേലക്കാരിൽ കുറച്ചുപേർ മാതളമരങ്ങളുടെ പർവ്വതത്തിലേയ്ക്കു മനോഹരമായ ഫലങ്ങൾ ശേഖരിക്കുവാൻ കടന്നു വന്നു. അടുത്തുള്ള ചരിവിൽ ജോലി ആരംഭിച്ചപ്പോൾ അവർ പാട്ടു പാടാൻ തുടങ്ങി.

**അവർ പാടിയ പാട്ടിൻെറ വാക്കുകൾ ഇതാ:**

*ഒന്നായിരിക്കുക എന്നതത്രേ സ്നേഹം.*
*ഓ! ഈ നിയമം പാലിക്കുക എത്ര മധുരോദാരം*
*നാം കണ്ടുമുട്ടുന്ന സ്നേഹരഹിതർ*
*നമ്മുടെ സ്നേഹം കൂടുതൽ അർഹിക്കുന്നു.*
*സ്നേഹമേ!*
*മനുഷ്യരുടെ ദുഃഖങ്ങളോടും ആവശ്യങ്ങളോടും*
*ഒന്നായിത്തീരുവാൻ ഞങ്ങളെ അനുവദിക്കൂ.*

*സ്നേഹദാഹത്തിൻെറ കാര്യത്തിൽ നാം ഒന്നാണ്.*
*(യഥാർത്ഥ സ്നേഹം നമുക്കു പ്രകടിപ്പിക്കാം.)*
*ഉന്നതത്തിൽ ഉദിക്കുന്ന സ്നേഹസൂര്യൻ മാത്രമേ*
*നമ്മുടെ ചൈതന്യത്തെ വളർത്തൂ.*
*''സ്നേഹിക്കൂ'' ഇതാണ് ഞങ്ങളുടെ ഹൃദയത്തിൻെറ ദാഹം*
*നമുക്കു സ്നേഹിക്കാം, സ്നേഹിച്ചുകൊണ്ടു ജീവിക്കാം.*

*ഒന്നുകിൽ സ്നേഹിക്കുക, അല്ലെങ്കിൽ മരിക്കുക;*
*ഇക്കാര്യത്തിലും നാം ഒരുപോലെയത്രേ.*
*പരസ്നേഹമാണ് യഥാർത്ഥ സ്വർഗ്ഗം.*
*സ്വാർത്ഥസ്നേഹമോ വെറും വ്യാജം.*

www.malankaralibrary.com

*സ്വാർത്ഥസ്നേഹം ആത്മ സംഘർഷത്തിനു ഹേതു,*
*പരോന്മുഖ സ്നേഹം യഥാർത്ഥ ജീവിതം*
*സ്നേഹിച്ചുകൊണ്ട് നമുക്ക് ഫലം പുറപ്പെടുവിക്കാം*
*സ്നേഹം ദൈവത്തിൻെറ നിശ്വാസമത്രേ.*
*സ്നേഹം സ്നേഹത്തെ ജ്വലിപ്പിക്കുന്നു.*
*മൃത്യുവിൽ നിന്ന് പുതുജീവൻ മുളപ്പിക്കുന്നു*
*സ്നേഹിക്കുന്നവർ ഒന്നു ചേരുന്നിടമെന്യേ*
*മോഹനമായ സ്വർഗ്ഗം എങ്ങുമില്ല.*

അവരുടെ പാട്ടു നിലച്ചപ്പോൾ, മുമ്പിലുള്ള വിശാലമായ ഭൂപ്രദേശത്തെയും കറുത്ത പർവ്വതത്തെയും ചൂണ്ടിക്കാണിച്ച് രാജാവു പറഞ്ഞു:

''സ്നേഹം സൃഷ്ടിച്ചിട്ടുള്ളവയിലെല്ലാം പ്രപഞ്ചനിയമം എത്ര വ്യക്തമായിട്ടാണു തെളിഞ്ഞു നിൽക്കുന്നതെന്നു നോക്കൂ! സ്രഷ്ടാവിൻെറ കരങ്ങൾ രൂപപ്പെടുത്തിയവയെല്ലാം അവയുടെ സ്വാഭാവിക നിയമങ്ങൾ അനുസരിക്കുക വഴി, മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും സകലരുടേയും ആവശ്യങ്ങളിൽ അവരോടുള്ള ഐക്യം ഏറ്റുപറയുകയും ചെയ്യുന്നു. ഈ നിയമം സത്യത്തിൽ നിൻെറ ചുറ്റുമുള്ളവയിലെല്ലാം എപ്രകാരം എഴുതപ്പെട്ടിരിക്കുന്നുവെന്നു ശ്രദ്ധിക്കൂ.''

കൃപാമഹത്വം ശ്രദ്ധയോടെ നോക്കി.

അങ്ങകലെയുള്ള താഴ്വരയിലെ പുൽമേടുകളിൽ ആട്ടിൻപറ്റങ്ങൾ മേയുന്നുണ്ടായിരുന്നു. കന്നുകാലികളേയും ആട്ടിൻപറ്റത്തേയും പോഷിപ്പിക്കുവാൻ അസംഖ്യം പുൽക്കൊടികൾ സ്വയം ദാനം ചെയ്യുന്ന ദൃശ്യം അവൾ കണ്ടു. എണ്ണമറ്റ കാട്ടുപൂക്കൾ അവയുടെ മാധുര്യവും ഭംഗിയും സുഗന്ധവും, അവയെ നോക്കുവാൻ കണ്ണുകളോ ആസ്വദിക്കുവാൻ ആളുകളോ ഇല്ലാത്ത സ്ഥലങ്ങളിൽപോലും പുറപ്പെടുവിക്കുന്നതായി അവൾ ഓർത്തു. ചവിട്ടിമെതിക്കപ്പെടുവാനും പിച്ചിചീന്തപ്പെടുവാനും അവ തയ്യാറാകുന്നു, അല്ലെങ്കിൽ അവയുടെ ജീവിതകാലം മുഴുവൻ പ്രശംസയും പ്രതിഫലവും സ്വീകരിക്കാതെ വിരിഞ്ഞു നിൽക്കുന്നു. പർവ്വതമുകളിൽ ഇരുന്നപ്പോൾ, അവർക്കുചുറ്റും വളർന്നു നിന്ന സ്നേഹത്തിൻെറ വൃക്ഷങ്ങളിലേയ്ക്ക് അവൾ നോക്കി. മറ്റുള്ളവർക്കു പറിക്കുവാനും ആസ്വദിക്കുവാനും സാധിക്കത്തക്കവണ്ണം നിറയെ ഫലങ്ങളും സം

www.malankaralibrary.com

വഹിച്ചുകൊണ്ട് അവ നിൽക്കുന്നു! അവയുടെ അസ്തിത്വത്തിൻെറ സകല അർത്ഥവും ഈ കൊടുക്കലിൽ അവ കണ്ടെത്തുന്നു. മുകളിൽ, പ്രകാശിച്ചു നിന്നിരുന്ന സൂര്യനേയും അവൾ നോക്കി. അതിൻെറ ചൂടും പ്രകാശവും ദുഷ്ടരുടേയും ശിഷ്ടരുടേയും നീതിമാന്മാരുടേയും നീതി രഹിതരുടേയുംമേൽ ഒരുപോലെ അതു ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. സ്വയംദാനത്തിലും സ്വയംപങ്കുവയ്ക്കലിലുമെന്നപോലെ അതിൻെറ ചൂടും പ്രകാശവും സ്വീകരിക്കുവാൻ തയ്യാറാകുന്നവരിലേയ്ക്കും കടന്നു ചെല്ലുവാനും അവയോട് ഒന്നാകുവാനുമുള്ള അതിൻെറ താത്പര്യം പരിപൂർണ്ണ സ്നേഹത്തിൻെറ മനോഹരമായ ഒരു പ്രതീകമായിരുന്നു. തീരങ്ങളിൽ ദാഹജലം തേടുന്നവയ്ക്കെല്ലാം സ്വയം ദാനം ചെയ്തുകൊണ്ട് താഴേയ്ക്കു ധൃതഗതിയിൽ ഒഴുകിക്കൊണ്ടിരുന്ന അരുവികളെ അവൾനോക്കി. എല്ലായിടത്തും, കൊടുക്കുന്നതിലും മറ്റുള്ളവയുമായി പങ്കുവയ്ക്കുന്നതിലും പ്രകൃതി അത്യധികം ആഹ്ലാദിക്കുകയും അതുവഴി അവയുമായി ഒന്നായിത്തീരുകയും ചെയ്യുന്നതായി അവൾ കണ്ടു.

പ്രപഞ്ചത്തിൻെറ ഈ നിയമം ലംഘിക്കുന്ന നിരവധി സൃഷ്ടികളെക്കുറിച്ച് അവൾ പെട്ടെന്ന് ചിന്തിക്കുവാൻ തുടങ്ങി. ഇരപിടിക്കുന്ന മൃഗങ്ങൾ എപ്പോഴും തങ്ങൾക്കുവേണ്ടി ഇരതേടുകയും തങ്ങളുടെ കുഞ്ഞുങ്ങൾക്കു മാത്രം കൊടുക്കുകയും ചെയ്യുന്നു. കറുത്ത പർവ്വതത്തെ നശിപ്പിച്ച കാട്ടുമുന്തിരികളും ഇത്തിക്കണ്ണികളും അവളുടെ ചിന്തയിൽ വന്നു. സ്നേഹത്തിൻെറ നിയമത്തോട് ഐക്യപ്പെട്ടും പൊരുത്തപ്പെട്ടും നിലനില്ക്കുന്നില്ലെങ്കിൽ സകലവും നാശകരമാണെന്ന് അവൾ മനസ്സിലാക്കി. തൻെറ വ്യക്തിത്വത്തിൻെറ ഓരോ അണുവിലും ഇതേ നിയമം തന്നെ എഴുതപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. ''സ്നേഹിക്കുക ആനന്ദകരമാണ്,'' അവൾ ചിന്തിച്ചു. ''അത് ആരോഗ്യദായകവുമാണ്. സ്നേഹം നല്കാതിരിക്കുന്നതും തനിക്കായി മാത്രം എപ്പോഴും ജീവിക്കുന്നതുമാണ് ദുരിതപൂർണ്ണം. അദ്ദേഹം പറയുന്നതുതന്നെയാണു ശരി: സ്നേഹം കൊടുക്കലിൽ പ്രകടമാകണം; മറ്റുള്ളവരുമായി ഒന്നായിത്തീരുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണം; സ്വന്തം ജീവൻ നല്കി അദ്ദേഹം നമ്മോട് ഒന്നായിത്തീരാൻ മാർഗ്ഗം കണ്ടെത്തിയതുപോലെ തന്നെ! അവമതിയുടെ താഴ്വരയിലെ എല്ലാ വിപത്തുകൾക്കും കാരണം അവിടത്തെ നിവാസികൾ അവരുടെ അസ്തിത്വത്തിൻെറ ഈ നിയമം ബോധപൂർവ്വമല്ലെങ്കിലും ലംഘിക്കുന്നതാണ്.''

www.malankaralibrary.com

ഇവയെപ്പറ്റിയെല്ലാം ചിന്തിച്ച് അവൾ നിശ്ചലയായിരുന്നപ്പോൾ, രാജാവുതന്നെ പാടുവാൻ തുടങ്ങി. മാതളമരങ്ങളുടെ പർവ്വതത്തിൽവച്ച് രാജാവ് അവളെ പഠിപ്പിച്ച പാട്ട് ഇതാണ്:-

*കൊടുക്കുക, കൊടുക്കുക*
*വീണ്ടും കൊടുക്കുക.*
*സ്നേഹത്തിൻെറ ആഗ്രഹം അതുമാത്രം.*
*ഇതല്ലോ ജീവിതത്തിൻെറ ഏകനിയമം.*
*വിശ്വം സംവിധാനം ചെയ്യപ്പെട്ടത്*
*ഈ രാജകീയ നിയമത്തിലത്രേ.*
*പങ്കുവയ്ക്കുന്ന ഹൃദയത്തിലെന്യേ*
*അനശ്വരമായ ആനന്ദം എങ്ങുമില്ല.*
*സ്നേഹത്തിൻെറ നിയമം അനുവർത്തിക്കുന്നവരിൽ*
*ജീവിതം അനേകമടങ്ങ് ഫലമേകുന്നു.*

*ചിലരിൽ മാത്രം ഒതുങ്ങുന്ന സ്നേഹം*
*എത്രയോ ദുർബ്ബലവും സങ്കുചിതവും.*
*ഒരാളിൽ മാത്രം ഒതുങ്ങുന്ന സ്നേഹം*
*ക്ഷണികമായവസാനിക്കുന്ന,*
*ദിവ്യതയുടെ സ്പർശമില്ലാത്ത ലൗകിക സ്നേഹമത്രേ.*
*വാത്സല്യഭാജനം പൂർണ്ണതയെ പുൽകും വരെ*
*സ്നേഹം വിശ്രമമറിയുന്നില്ല.*
*സ്നേഹം, വീഴുന്നവരെ ഉയർത്താൻ വെമ്പുന്നു,*
*എല്ലാം പങ്കുവയ്ക്കുന്നതിൽ സന്തോഷം കാണുന്നു.*

ഈ പാട്ടുപാടി കഴിഞ്ഞപ്പോൾ രാജാവ് എഴുന്നേറ്റുനിന്നു പറഞ്ഞു: ''ഇപ്പോൾ, സ്വയംദാനവും പങ്കുവയ്ക്കലുമെന്ന മനോഹരമായ വേലയ്ക്കു തിരിക്കേണ്ട സമയമായി.'' അനന്തരം താഴെയുള്ള മലഞ്ചെരുവുകളിലേയ്ക്ക് അദ്ദേഹം വിരൽചൂണ്ടി. അങ്ങു താഴെ അവമതിയുടെ താഴ്വര പച്ചപ്പരവതാനി വിരിച്ചതുപോലെ കാണപ്പെട്ടു. അവർ ഇരുവരും മാൻപേടയുടെ പാദങ്ങൾ ഉപയോഗിച്ച്, തങ്ങളുടെ സ്നേഹത്തിൻെറ വേല വളരെയധികം ആവശ്യമായിരുന്ന ആ ഗ്രാമത്തെ ലക്ഷ്യമാക്കി താഴേക്കു കുതിച്ചു.

www.malankaralibrary.com

## അദ്ധ്യായം -3

# വിഷാദിനിയും ദ്രോഹിണിയും

വിഭ്രാന്തീഗ്രാമത്തിലെ സത്രത്തിൻെറ ഉടമസ്ഥരായിരുന്നു 'തിക്തത'യും അദ്ദേഹത്തിൻെറ ഭാര്യ 'ആവലാതി'യും. പച്ചപുതച്ച ഗ്രാമപുൽത്തകിടിയുടെ ഒരു മൂലയിൽ തണൽവൃക്ഷങ്ങളുടെ ഇടയിൽ നില്ക്കുന്ന പല ത്രികോണമുഖപ്പുകളുള്ള മനോഹരമായ ഒരു കെട്ടിടമായിരുന്നു അത്. സത്രത്തിൻെറ ഒരുവശത്ത് പച്ചപുൽത്തകിടിയും മറുവശത്ത് നദീതീരത്തായി ഒരു തേയിലത്തോട്ടവുമുണ്ടായിരുന്നു. നദിയിൽ സവാരിക്കുപോകുവാൻ അവിടെ ബോട്ടുകൾ വാടകയ്ക്കു കിട്ടുമായിരുന്നു. മദ്യശാല വൃത്തിയുള്ളതും പുതിയതായി പെയ്ൻറു ചെയ്തതും സൗകര്യപ്രദവുമായിരുന്നു. ഗ്രാമത്തിലെ ചങ്ങാതിമാരുടെ ആകർഷകമായ സമ്മേളനസ്ഥലമായിരുന്നു അത്. താഴ്വര മുഴുവനിലുംനിന്നുവരുന്ന കൃഷിക്കാർ ചന്തദിവസങ്ങളിൽ വിഭ്രാന്തിസത്രത്തിൽ സമ്മേളിച്ചിരുന്നു. തിക്തതയും അദ്ദേഹത്തിൻെറ ഭാര്യയും ആദായകരമാംവിധം സത്രം നടത്തിയിരുന്നുവെന്നു മാത്രമല്ല, സാമൂഹികമായി ഉന്നതനിലവാരമുള്ളതും തികച്ചും ആധുനികവുമായ അതിൻെറ നടത്തിപ്പിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. വൃദ്ധനായ ഭീരുപ്രഭു തൻെറ സുഹൃത്തുക്കളോടൊപ്പം സ്വകാര്യമുറിയിൽ മിക്കപ്പോഴും സമ്മേളിച്ചിരുന്നു. അദ്ദേഹമുൾപ്പെടെ സ്ഥലത്തെ മാന്യന്മാരെല്ലാം അതിൻെറ നടത്തിപ്പിൽ തത്പ്പരരായിരുന്നു.

'ശുണ്ഠി' എന്ന പരിഹാസപ്പേരോടുകൂടിയ 'ഭയസങ്കോചം'- ശ്രീ

www.malankaralibrary.com

മതി ആവലാതിയുടെ ഇളയ സഹോദരൻ - സത്രത്തിൽ താമസിച്ച് ജോലിയിൽ സഹായിച്ചിരുന്നു. ശ്രീമതി ദുശ്ശകുനത്തിൻെറ മകൾ ദ്രോഹിണിയായിരുന്നു അവൻെറ ഭാര്യ. ദുരിതപൂർണ്ണമായ ഒരു വിവാഹമായിരുന്നു അത്. കാരണം ആ ഗ്രാമത്തിലെ ഏറ്റവും മുൻകോപിയെന്ന കീർത്തി അവനു ലഭിച്ചിരുന്നു. അവൻെറ ഭാര്യയാകട്ടെ - പാവം പെൺകുട്ടി - ശരംപോലെ മൂർച്ചയുള്ള ഒരു നാവിൻെറ ഉടമയുമായിരുന്നു. കൃപാമഹത്വം താഴ്വരയിലേക്കു മടങ്ങുന്നതിന് അല്പം മുമ്പ്, കുടിച്ചു മത്തനായിരുന്ന സമയത്ത് ചെറുപ്പക്കാരിയായ തൻെറ ഭാര്യയെ അടിച്ചു കൊല്ലാറാക്കിയതിന്, ശുണ്ഠിക്ക് ജയിൽശിക്ഷ ലഭിച്ചിരുന്നു. അതേ സമയത്തുതന്നെ 'ഭീരു' തൻെറ ഭാര്യയായ വിഷാദിനിയെ, ദ്രോഹിണിയുടെ സഹോദരിയെ, ഉപേക്ഷിച്ചതിനെപ്പറ്റിയുള്ള അപവാദം ഗ്രാമം മുഴുവൻ പ്രചരിക്കുകയും ചെയ്തിരുന്നു.

ബഹുമാന്യയായ ശ്രീമതി 'ഭീരു,' തൻെറ വിവാഹ ജീവിതത്തിൻെറ ആരംഭത്തിൽ, ഗ്രാമസത്രത്തിൽ പോയി ദ്രോഹിണിയെ സന്ദർശിക്കുവാൻ സന്മനസ്സു കാട്ടിയിരുന്നില്ല. എന്നാൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതോടെ, ദുഃഖദുരിതങ്ങളുടെ ഒരു പൊതുശൃംഖല അവളെ തൻെറ സഹോദരിയോ ട് അടുപ്പിച്ചു. അങ്ങനെ അഹംഭാവിയായ വിഷാദിനിയിൽ വളരെയേറെ മാറ്റം ഉണ്ടായി. അവളുടെ സഹോദരിക്കു രോഗമായതുമുതൽ എല്ലാദിവസവും ആരും അറിയാതെ, കഴിയുന്നിടത്തോളം രഹസ്യമായി മുകളിലത്തെ നിലയിലെ ഇരുട്ടറയിൽ അവൾ എത്തുകയും അവളുടെ സഹായത്തിനും ആശ്വാസത്തിനും ഉതകുന്നതെല്ലാം ചെയ്തുകൊടുക്കുകയും പതിവായിരുന്നു. പ്രത്യക്ഷത്തിൽ അവൾ അധികമൊന്നും ചെയ്തിരുന്നില്ലെന്നു തോന്നാം. കാരണം വീട്ടുവേലയെ അവജ്ഞാപൂർവ്വം വീക്ഷിച്ചിരുന്ന വിഷാദിനിക്ക് മുറി വൃത്തിയാക്കുവാനോ, പാചകം ചെയ്യുവാനോ, ശുശ്രൂഷിക്കുവാനോ ശരിക്ക് അറിയില്ലായിരുന്നു. ആശ്വസിപ്പിക്കാനായി അവൾ അധികം സംസാരിച്ചിരുന്നുമില്ല. എല്ലാം മൗനമായി, വിരസമായി, സ്വന്തം പേരു ധ്വനിപ്പിക്കുന്നതിനേക്കാൾ വിഷാദത്തോടെ അവൾ ചെയ്തുകൂട്ടി. എന്നിരുന്നാലും അവളുടെ നിത്യേനയുള്ള സന്ദർശനം സഹോദരിയുടെ ദുരിതംനിറഞ്ഞ ജീവിതത്തിലെ ഒരു വെള്ളിരേഖയായിരുന്നു. തന്നോടുകൂടെ ആയിരുന്നുകൊണ്ട് തന്നെ ശ്രദ്ധിക്കുവാൻ ഈ ലോകത്തിൽ ഒരാളെങ്കിലുമുണ്ടല്ലോ എന്ന തോന്നൽ പരിത്യജിക്കപ്പെട്ട, നിരാലംബയായ, ആ പാവം പെൺകുട്ടിയുടെ ജീവിതത്തിൽ ഒരു നങ്കൂരം പോലെയായിരുന്നു. കുടുംബത്തിന്മേൽ വന്നു

www.malankaralibrary.com

പതിച്ച അപമാനം ശ്രീമതി ദുശ്ശകുനത്തെ വല്ലാതെ തളർത്തിയിരുന്നു. അയൽക്കാരുടെ ജിജ്ഞാസയും അവജ്ഞയും നിറഞ്ഞ തുറിച്ചുനോട്ടങ്ങളെ അഭിമുഖീകരിക്കുവാൻ സാധിക്കാത്തതിനാൽ തന്റെ കുടിലിൽനിന്നു പുറത്തുപോകുവാൻ അവൾ വിസമ്മതിച്ചു. എന്നിരുന്നാലും മുട്ടകൾ, സൂപ്പ് തുടങ്ങിയവ പാകം ചെയ്ത് കഴിവുപോലെ അവൾ കൊടുത്തയച്ചിരുന്നു. വിഷാദിനിയ്ക്കും, തന്റെ അമ്മയെപ്പോലെ, അയൽക്കാരുടെ തുറിച്ചുനോട്ടങ്ങളെ അഭിമുഖീകരിക്കുവാൻ പ്രയാസമായിരുന്നുവെങ്കിലും ദിവസവും തെരുവീഥിയിലെ ജനത്തിരക്കു കുറയുന്ന സമയം നോക്കി അവൾ സത്രത്തിന്റെ മുകളിലത്തെ മുറിയിൽ എത്തി ദിവസത്തിന്റെ സിംഹഭാഗവും അവിടെ ചെലവഴിച്ചിരുന്നു. തന്റെ സഹോദരിയുടെ ദുരിതത്തിൽ അവളെ ആശ്വസിപ്പിക്കുകവഴി തനിക്കും തെല്ലൊരു ആശ്വാസം ലഭിക്കുന്നതായി വിഷാദിനിക്ക് അനുഭവപ്പെട്ടു. അവർ പരസ്പരം അധികം സംസാരിച്ചിരുന്നില്ല. എന്നാൽ ചില സമയങ്ങളിൽ പാവം ദ്രോഹിണി ക്ഷീണവും തളർച്ചയും കൊണ്ട് പൊട്ടിക്കരഞ്ഞിരുന്നു. ആ സമയങ്ങളിൽ വിഷാദിനി വിലക്ഷണമായി അവളുടെ കയ്പിടിച്ചുകൊണ്ട് (അനുകമ്പയും വാത്സല്യവും പ്രകടിപ്പിക്കേണ്ടതെങ്ങിനെയെന്ന് ദുശ്ശകുനങ്ങളിലാർക്കും അറിയില്ലായിരുന്നു) ഒരു വാക്കുപോലും ഉരിയാടാതെ അടുത്തിരിക്കും. അതിനപ്പുറം ഒന്നും ചെയ്യാൻ അവൾക്കു കഴിയുമായിരുന്നില്ല. എന്നാൽ വിചാരിച്ചിരുന്നതിനേക്കാൾ കൂടുതലായി തന്റെ സഹോദരിയുടെ ദുഃഖത്തെ ലഘൂകരിക്കുവാനും അവൾക്ക് ആശ്വാസം പകർന്നുകൊടുക്കുവാനും വിഷാദിനിക്കു കഴിഞ്ഞു.

ഈ പ്രത്യേക സുപ്രഭാതത്തിൽ വിഷാദിനി വിണ്ടുകീറിയ രണ്ടു പ്ലെയ്റ്റുകളും കപ്പുകളും തട്ടങ്ങളും കഴുകിയതിനുശേഷം നിലം അടിക്കുകയും അവിടെയുണ്ടായിരുന്ന ഏതാനും വീട്ടുപകരണങ്ങളുടെ പൊടി തട്ടുകയും ചെയ്തിട്ട് തുന്നൽ സാമഗ്രികളടങ്ങിയ സഞ്ചിയും എടുത്ത് അവളുടെ സഹോദരിയുടെ അടുത്തിരുന്ന് തയ്ക്കുവാൻ സഹായിച്ചു. ഒരു വലിയ കുട്ടനിറയെ തയ്ക്കുവാനുള്ള സാധനങ്ങൾ അവരിരുവരുടേയും മദ്ധ്യത്തിലുണ്ടായിരുന്നു. പൂർണ്ണമായി സുഖം പ്രാപിക്കാത്ത അവസ്ഥയിലും ദ്രോഹിണി തന്നെ കഴിയുന്നത്ര സഹായിക്കണമെന്ന് ശ്രീമതി തിക്തതയ്ക്കു നിർബ്ബന്ധമുണ്ടായിരുന്നു. പാത്രം കഴുകുന്നതിനും മറ്റുമായി അടുക്കളയിൽ അധിക സമയം ചെലവഴിക്കുവാൻ സാധിക്കാഞ്ഞതിനാൽ സത്രത്തിലെ തുന്നൽപ്പണികളെല്ലാം ചെയ്യുവാൻ അവൾ നിയുക്തയായി.

www.malankaralibrary.com

സഹോദരിമാർ ഇരുവരും മൗനമായിരുന്നു കുറച്ചുസമയം ജോലി ചെയ്തു കഴിഞ്ഞപ്പോൾ ആരോ കതകിൽ മുട്ടുന്ന ഒരു നേരിയ ശബ്ദം കേട്ടു. അമ്പരപ്പോടും ഞെട്ടലോടും കൂടെ അവർ പരസ്പരം നോക്കി. ആരായിരിക്കും അത്? അയൽവാസികളുടെ സന്ദർശനം സ്വീകരിക്കുവാൻ ദ്രോഹിണി ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല; ആവലാതി അവരെ ഒട്ടും പ്രോത്സാഹിപ്പിച്ചിരുന്നുമില്ല. ദൗർഭാഗ്യകരമായ ആ സംഭവം എത്ര വേഗത്തിൽ ഒതുക്കുകയും മറക്കുകയും ചെയ്യുന്നുവോ അത്രയും നന്ന്- അവർ ചിന്തിച്ചു. ദ്രോഹിണി സംസാരിക്കാതെ ഒളിവിൽ കഴിഞ്ഞാൽ അത്രയും വേഗം ജനങ്ങൾ മറന്നുകൊള്ളും.

വാതിലിലെ മുട്ട് ആവർത്തിക്കപ്പെട്ടു. മുറിയിൽനിന്ന് ആരും ഉത്തരം കൊടുക്കാതിരുന്നതിനാൽ മുട്ടിയ ആൾ അനുവാദം കൂടാതെതന്നെ അകത്തു കടക്കുവാൻ തീരുമാനിച്ചു. വാതിൽ തുറന്ന് 'കൃപാമഹത്വം' അവളുടെ സുഹൃത്തുക്കളായ 'സമാധാന'ത്തിൻെറയും 'സന്തോഷ'ത്തിൻെറയും അകമ്പടിയോടെ മുറിയിൽ പ്രവേശിച്ചു.

അവളുടെ ബന്ധുവിനെ കണ്ടയുടനെ, ദ്രോഹിണി സീറ്റിലേയ്ക്കു ചാരിക്കിടന്ന് കയ്കളുയർത്തി മുഖം മറച്ചു. വിഷാദിനി ഗൗരവഭാവത്തിൽ മൗനമായി അവളുടെ അടുത്തിരുന്നു. നവാഗതയുടേയും അവളുടെ സഹോദരിയുടേയും ഇടയിലേയ്ക്ക് കടന്നുനിൽക്കാനെന്നോണം പെട്ടെന്ന് ഒന്നിളകിയതല്ലാതെ അവൾ ചലിച്ചില്ല.

കൃപാമഹത്വം മുമ്പോട്ട്വന്ന് അവളുടെ ബന്ധുവിനെ യാചനാഭാവത്തിൽ നോക്കി. ദ്രോഹിണിയുടെ അടുത്ത് മുട്ടുകുത്തിനിന്ന് കുനിഞ്ഞിരുന്ന അവളെ കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ട് സ്വരമടക്കി പറഞ്ഞു: "എൻെറ ദ്രോഹിണീ, ദയവായി, ദയവായി എന്നിൽനിന്ന് മുഖം തിരിക്കരുതേ. കുറച്ചുസമയം ഞാൻ നിൻെറയടുത്ത് ചെലവഴിക്കട്ടെ. ഏതാനും ദിവസങ്ങൾക്കു മുമ്പ് താഴ്വരയിലേയ്ക്കു തിരിച്ചു വന്നപ്പോൾ നിൻെറ ദുഃഖാവസ്ഥയെക്കുറിച്ചു ഞാൻ കേട്ടു. അന്നുമുതൽ നിന്നെ പ്രതി എൻെറ ഹൃദയം എത്രമാത്രം വേദനിച്ചുവെന്നു നിനക്കറിഞ്ഞുകൂടാ. ഓ! വിഷാദിനിയും ഇവിടെ ഉള്ളതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. നിങ്ങളെ രണ്ടു പേരെയും ഞാൻ കണ്ടിട്ട് നാളുകൾ കുറെയായി. എന്നെ കണ്ടതിൽ നിങ്ങൾക്കും സന്തോഷമുണ്ടെന്നും നിങ്ങളുടെയിടയിലേക്കു സ്വാഗതം ചെയ്യുന്നുവെന്നും ഒന്നു പറയൂ."

www.malankaralibrary.com

സഹോദരിമാരിലാരും ഒരു വാക്കുപോലും ഉരിയാടിയില്ല. എന്നാൽ താങ്ങാനാവാത്ത തൻെറ ഹൃദയവ്യഥ മുഴുവൻ പുറത്തേയ്ക്ക് ഒഴുക്കാൻ ഒരു വഴി കണ്ടെത്തിയാലെന്നപോലെ, പൊട്ടിക്കരഞ്ഞുകൊണ്ട്, ദ്രോഹിണി തൻെറ മുമ്പിൽ മുട്ടുകുത്തി നിന്നിരുന്ന ബന്ധുവിൻെറ തോളിലേയ്ക്ക് തലചാരി.

കുറെസമയത്തേക്ക് ഒരു വാക്കുപോലും സംസാരിക്കാതെ അവർ അതേ ഇരുപ്പിരുന്നു. അവസാനം ഏങ്ങലടിപ്പു നിലച്ചപ്പോൾ കൃപാമഹത്വം തൻെറ തൂവാല എടുത്ത് ദ്രോഹിണിയുടെ കണ്ണീരണിഞ്ഞ മുഖം തുടയ്ക്കുകയും അവളെ വീണ്ടും വീണ്ടും ചുംബിക്കുകയും ചെയ്തു.

ഇത്രയുമായപ്പോൾ മറ്റൊന്നു സംഭവിച്ചു. ആരുടേയും ശ്രദ്ധയിൽ പെടാതെ ഈ സമയമത്രയും അവിടെ നിന്നിരുന്ന അപരിചിതർ രണ്ടു പേരും മുമ്പോട്ടുവന്ന്, മധുരമായി ഇങ്ങനെ പറഞ്ഞു: ''ദയവായി വന്ന് ലഘുഭക്ഷണം വല്ലതും കഴിക്കുക. ഞങ്ങൾ എല്ലാം തയ്യാറാക്കിവച്ചിട്ടുണ്ട്.''

വിഷാദിനിയും ദ്രോഹിണിയും ആശ്ചര്യത്തോടെ കണ്ണുകളുയർത്തി നോക്കി. എന്നാൽ ഉടൻ തന്നെ ലജ്ജയാലെന്നപോലെ സംഭ്രമിച്ച് പുറകോട്ടു വലിഞ്ഞു. അവിടെ കിടന്ന പെയ്ൻറു ചെയ്യാത്ത ചെറിയ പഴഞ്ചൻ മേശ ഒരു തുണികൊണ്ടു മൂടപ്പെട്ടിരുന്നു. അതിന്മേൽ സഹോദരിമാർ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതും അതിവിശിഷ്ട സുഗന്ധങ്ങൾ പുറപ്പെടുവിക്കുന്നതുമായ പുഷ്പങ്ങൾ നിറച്ച ഒരു വാസ് (Vase) വച്ചിരുന്നു. ഓരോ വെള്ളപ്പൂവിൻെറയും മദ്ധ്യത്തിൽ ഒരു സ്വർണ്ണക്കിരീടം കാണപ്പെട്ടു. വാസിനരികിൽ കാട്ടുഞാവൽപ്പഴങ്ങളും ബ്ലൂബേറികളും നിറച്ച പ്ലെയ്റ്റുകൾ. വേറൊരു തട്ടത്തിൽ ശീമബദാം പഴങ്ങളും ആപ്പിളുകളും മാതള നാരങ്ങകളും റൊട്ടിയും വെണ്ണയും പുതിയ തേനും. ഇത്ര വിശിഷ്ടമായ ഭോജ്യങ്ങൾ സത്രത്തിലെ ആ മുഷിപ്പൻ മുറിയോ ശ്രീമതി ദുശ്ശകുനത്തിൻെറ അത്രതന്നെ മുഷിപ്പനായ കുടിലോ അതുവരെ കണ്ടിരുന്നില്ല. വിശപ്പില്ലാത്തവരിൽപ്പോലും കൊതിയുണർത്താൻ അവയ്ക്കു കഴിയുമായിരുന്നു. 'സമാധാനം' സ്റ്റൗവിൽനിന്നു ചൂടുവെള്ളം ചായപാത്രത്തിലേയ്ക്ക് ഒഴിക്കുകയായിരുന്നു; 'സന്തോഷം' ഒരു കുപ്പി പുതിയ പാൽ ഒരു കയ്യിലും ഒരു ജഗ് ക്രീം മറുകയ്യിലും പിടിച്ചുകൊണ്ടു നിൽക്കുകയും.

സംസാരിക്കാൻ കഴിയാതെ ദ്രോഹിണി സഹോദരിയെ നോക്കി. വി

www.malankaralibrary.com

ഷാദിനി അവളുടെ പഴയ ധിക്കാരം കലർന്ന സ്വരത്തിൽ പറഞ്ഞു: "ഇതു പോലുള്ള സൗജന്യം സ്വീകരിക്കുവാൻ ഞങ്ങൾക്കു സാധിക്കുകയില്ല, ഭീ - ഭീ -" ആ പേര് പൂർത്തിയാക്കാൻ കഴിയാത്തതുപോലെ അവൾ നിറുത്തി. അതിനുശേഷം വിറച്ചുകൊണ്ടവൾ കൂട്ടിച്ചേർത്തു: " ഞങ്ങൾ ഭിക്ഷക്കാരാണെന്നു തോന്നുമല്ലോ, കൃപാമഹത്വം."

"വാസ്തവത്തിൽ ഞങ്ങൾ അങ്ങനെയായിരിക്കാം, എന്നാലും..." ദ്രോഹിണി കൂട്ടിച്ചേർത്തു.

"ഇതു സൗജന്യമല്ല," കൃപാമഹത്വം ചെറുപുഞ്ചിരിയോടെ പറഞ്ഞു. "താഴ്‌വരയിലേയ്ക്കു വരുന്നതിനുമുമ്പ് ഇന്നുരാവിലെ ഉന്നതങ്ങളിൽ നിന്നു ഞങ്ങൾ പറിച്ചെടുത്തവയാണ് ഈ ഞാവൽപ്പഴങ്ങളും ബ്ലൂബേറികളും. മറ്റു പഴങ്ങൾ രാജാവിൻെറ തോട്ടങ്ങളിൽനിന്നും തേൻ അദ്ദേഹത്തിൻെറ തേനീച്ചക്കൂടുകളിൽനിന്നുമാണ്. എൻെറ പ്രിയപ്പെട്ട സഹോദരിമാരേ, രാജാവു നൽകുമ്പോൾ അതു ഭിക്ഷയായി ആരും കരുതുകയില്ല!"

സഹോദരിമാർ പരസ്പരം നോക്കി. രോഗമായിരുന്നപ്പോൾ എന്തു കണ്ടാലും ഒരിക്കലും വിശപ്പു തോന്നാതിരുന്ന ദ്രോഹിണി മേശമേൽ വച്ചിരുന്ന പുതിയ പഴങ്ങളെ ആർത്തിയോടെ നോക്കി. വിഷാദിനി ആ നോട്ടം ശ്രദ്ധിച്ചു. അവൾ എഴുന്നേറ്റ് സഹോദരിയുടെ കയ്ക്കു പിടിച്ച് പറഞ്ഞു: "വളരെ നന്ദി. ദ്രോഹിണി വളരെ ക്ഷീണിതയും രോഗിണിയുമാണ്. ഇത് നിരസിക്കുക ഞങ്ങളെ സംബന്ധിച്ചിടത്തോളം അർത്ഥശൂന്യമായ ദുരഭിമാനമായിരിക്കും. അവൾ പറയുന്നതുപോലെ, അഭിമാനിക്കുവാൻ ഞങ്ങളെക്കാൾ അവകാശം കുറഞ്ഞ മറ്റാരുമില്ല."

പിന്നെ, അവർ മൂവരും ലഘുഭക്ഷണം കഴിക്കാൻ ആരംഭിച്ചു. 'സന്തോഷ'വും 'സമാധാന'വും വളരെ സാമർത്ഥ്യത്തോടും സൗമ്യതയോടുംകൂടെ ഭക്ഷണം വിളമ്പി. ആദ്യം അവർ റൊട്ടി കനം കുറച്ച് കഷണങ്ങളാക്കി. എന്നിട്ട് ഞാവൽപ്പഴങ്ങളും ക്രീമും വിളമ്പി. എല്ലാവരും ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ സന്തോഷം മാതളനാരങ്ങയും ആപ്പിളും എടുത്തുകൊടുത്തു. സമാധാനം പോഷകാഹാരമായ മുട്ട രുചികരമായ വിധത്തിൽ പാകപ്പെടുത്തി നൽകി. നിരുന്മേഷപ്രദമായ ആ ഇരുട്ടറയിൽ ഇരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ, രുചികരമായ പദാർത്ഥങ്ങൾകൊണ്ടു പ്രീണിപ്പിക്കപ്പെടുന്ന ഒരു രാജ്ഞിയെപ്പോലെ

www.malankaralibrary.com

ദ്രോഹിണിക്കു തോന്നി. അവളുടെ കവിളുകൾക്ക് നിറംവച്ചുതുടങ്ങി. കണ്ണുകളിൽ നേരിയ പ്രകാശം പരന്നു. അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, കൃപാമഹത്വം, പർവ്വതമുകളിൽ വളരുന്ന ഞാവൽപ്പഴങ്ങളെക്കുറിച്ചും തീരങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ബ്ലൂബേറികളെക്കുറിച്ചും സൂര്യപ്രകാശമേറ്റ് സുഗന്ധം പരത്തുന്ന മനോഹരമായ പൈൻ തളിരുകളെക്കുറിച്ചും മധുവുണ്ണാൻ പൂമെത്തകൾക്കു മീതേ പാറി നടക്കുന്ന തേനീച്ചകളുടെ മൂളലിനെക്കുറിച്ചും രാജാവിൻെറ പൂന്തോട്ടങ്ങളെക്കുറിച്ചും അന്നു പ്രഭാതത്തിൽ മാതളനാരകങ്ങളുടെ തണലിൽ ഇരുന്ന് പ്രഭാതഭക്ഷണം കഴിച്ചതിനെക്കുറിച്ചുമെല്ലാം വിവരിച്ചുകേൾപ്പിച്ചു. രാജാവിന് മാതളനാരകങ്ങളോടുള്ള പ്രത്യേക താത്പര്യത്തെക്കുറിച്ചും പർവ്വതത്തിൻെറ മറുവശത്തുള്ള കിഴക്കൻ ജനതയുടെ വിശ്വാസത്തെക്കുറിച്ചും (മാതളനാരകം സ്നേഹത്തിൻെറ വൃക്ഷമായതിനാൽ പിശാചുക്കൾ അതിനെ സമീപിക്കുകയില്ല എന്ന വിശ്വാസം) അവൾ അവരോടു പറഞ്ഞു. അപ്പോൾ വിഷാദിനിയും ദ്രോഹിണിയും ശങ്കയോടെയെങ്കിലും സാവകാശം സംസാരിക്കുവാനും ചോദ്യങ്ങൾ ചോദിക്കുവാനും തുടങ്ങി. മേശയുടെ നടുക്കുവച്ചിരുന്ന സ്വർണ്ണ ഹൃദയത്തോടുകൂടിയതും സുഗന്ധം പരത്തുന്നതുമായ വെളുത്ത പുഷ്പങ്ങളെപ്പറ്റി അറിയുവാൻ വിഷാദിനി ആഗ്രഹിച്ചു. ഇത്തരത്തിലുള്ള പുഷ്പങ്ങൾ മുമ്പൊരിക്കലും അവൾ കണ്ടിട്ടില്ലായിരുന്നു. ഉന്നതങ്ങളിൽ വളരുന്ന സ്നേഹപുഷ്പങ്ങളാണവയെന്ന് കൃപാമഹത്വം തെല്ലൊരു ലജ്ജയോടെ പറഞ്ഞു. എന്നാൽ ഇടയൻ തൻെറ ഹൃദയത്തിൽ നട്ട വൃക്ഷത്തിൽനിന്ന് അടർത്തിയെടുത്ത പുഷ്പങ്ങളാണ് അവ എന്നകാര്യം അവൾ വെളിപ്പെടുത്തിയില്ല.

പിന്നീട് അവളുടെ യാത്രയെക്കുറിച്ച് അറിയുവാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ കൃപാമഹത്വത്തിന് അതിനെപ്പറ്റി അധികമൊന്നും പറയാൻ കഴിയാത്തതുപോലെ തോന്നി. ഇടയൻെറ നന്മയെയും സഹായത്തെയും വിവരിക്കുന്നതിലും ഇടയനെപ്പറ്റി സംസാരിക്കുന്നതിലും അവൾ മുഴുകിയിരുന്നു.

ഒരു ഉല്ലാസയാത്രയുടെ പ്രതീതിയുളവാക്കുന്ന ആ ലഘു ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോഴേക്ക് സഹോദരിമാർ മൂവരും മുമ്പൊരിക്കലും തോന്നാത്ത സ്നേഹത്തോടും സൗമ്യതയോടും കൂടി സംസാരത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അതിനേക്കാൾ അസാധാരണമായി മ

www.malankaralibrary.com

റ്റൊന്നുകൂടി സംഭവിച്ചു. സന്തോഷവും സമാധാനവും ആഹാരത്തിൻെറ അവശിഷ്ടമെല്ലാം ശേഖരിച്ച് എല്ലാം കഴുകി വൃത്തിയാക്കാനായി താത്പ്പര്യപൂർവ്വം പിൻഭാഗത്തേയ്ക്കു മാറി. അപ്പോൾ ദ്രോഹിണിയും വിഷാദിനിയും തപ്പിത്തടഞ്ഞും താഴ്ന്ന സ്വരത്തിലും ചിലപ്പോൾ തുടരുവാൻ സാധിക്കാതെ നിറുത്തി നിറുത്തിയും അവരുടെ ദുഃഖ ദുരിതങ്ങളെക്കുറിച്ചു സംസാരിക്കുവാൻ തുടങ്ങി. ഭീരു, ശുണ്ഠി (Moody), ഹീനഭീതി എന്നിവരുടെ പേരുകൾ എങ്ങനെയോ അവരുടെ ചുണ്ടുകളിൽ കൂടി കടന്നുപോയി. പാവം ദ്രോഹിണി, അവളുടെ ഭർത്താവിൻെറ പെരുമാറ്റത്തിന് ന്യായീകരണങ്ങൾപോലും ഉരുവിടുവാൻ തയ്യാറായി. (കുറ്റപ്പെടുത്തി ഒരു വാക്കുപോലും അവൾ ഉരിയാടിയില്ലായെന്നത് ശ്രദ്ധാർഹമായിരുന്നു.) വിഷാദിനി ദുഃഖം സ്ഫുരിക്കുന്ന ഇരുണ്ട മുഖത്തോടെ, തൻെറ ഉന്മേഷരഹിതവും ധിക്കാരപരവുമായ സ്വഭാവത്തെക്കുറിച്ചും ഭർത്താവിൻെറ സ്നേഹം നേടിയെടുക്കുന്നതിലും നിലനിർത്തുന്നതിലുമുള്ള കഴിവുകേടിനെക്കുറിച്ചും മന്ത്രിച്ചു. അപ്പോൾ കൃപാമഹത്വം മടിച്ചു മടിച്ച് അവളുടെതന്നെ അനുഭവം അവരുമായി പങ്കുവച്ചു. യഥാർത്ഥ സ്നേഹമാണെന്ന് അവൾ സങ്കല്പ്പിച്ചിരുന്ന അവളുടെ ഹൃദയത്തിലെ ചെടി സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള സ്വാർത്ഥാഭിലാഷമാണെന്ന് അവസാനം എങ്ങിനെ വെളിപ്പെട്ടുവെന്നും, പർവ്വത മുകളിൽ വച്ച് അത് ഹൃദയത്തിൽനിന്നു വലിച്ചു പറിക്കപ്പെടുന്നതുവരെ എത്രമാത്രം മനോവ്യഥ താൻ അനുഭവിച്ചുവെന്നുമെല്ലാം അവൾ വിവരിച്ചു. അവളുടെ സഹചാരികളായിരുന്ന 'സന്താപ'ത്തേയും 'സഹന'ത്തേയും കുറിച്ചും ഉന്നതങ്ങളിൽവച്ച് അവർ 'സന്തോഷ'വും 'സമാധാന'വുമായി രൂപാന്തരപ്പെട്ടതിനെക്കുറിച്ചും അവൾ അവരോടു പറഞ്ഞു. അപ്പോൾ ആ രണ്ടു പരിചാരികമാർ, തങ്ങളുടെ പേര് പറയുന്നത് കേട്ട് ചുറ്റും നോക്കി ദീപ്തിമത്തായി പുഞ്ചിരിച്ചു. വീർപ്പുമുട്ടിക്കുന്നതും ദുരിതപൂർണ്ണവുമായ ആ ഇരുട്ടറയ്ക്ക് അവൾ സംസാരിച്ചുകൊണ്ടിരിക്കെ, അത്ഭുതകരമാംവിധം മാറ്റം വരുന്നതായി അവർക്കനുഭവപ്പെട്ടു. വളർന്നു പന്തലിച്ചുനിൽക്കുന്ന പൈൻ വൃക്ഷങ്ങളുടെ ചുവടുപറ്റി ഇരിക്കുന്നതായും അവിടത്തെ ശുദ്ധവായു അവരെ തലോടുന്നതായും മഞ്ഞണിഞ്ഞ കൊടുമുടികൾ വെട്ടിത്തിളങ്ങുന്നതായും, വലിയ വെള്ളച്ചാട്ടം പാട്ടുപാടിക്കൊണ്ട് താഴ്‌വരയിലേയ്ക്കു കുതിച്ചുചാടുന്നതിൻെറ ഇരമ്പൽ അവരുടെ കർണ്ണങ്ങളിൽ വന്നടിക്കുന്നതായും ഒക്കെ അവർക്കുതോന്നി. അപ്പോൾ മാതളഗിരിയിൽ വച്ചു പഠിച്ച മറ്റൊരു ഗാനം കൃപാമഹത്വം അവർക്കുവേണ്ടി ആലപിച്ചു.

www.malankaralibrary.com

*ദിവ്യസ്നേഹമേ, കത്തിയെരിയുന്ന തീ നാളമേ,*
*ഞാൻ എന്തിനാണ് ഇനിയും അലഞ്ഞുനടക്കുന്നത്!*
*ദൈവത്തിൻെറ ഹൃദയത്തിൽ നിന്ന് ഞാൻ പുറപ്പെട്ടുവന്നു,*
*എൻെറ ആ ഭവനത്തിലേക്കു തിരിച്ചെത്താൻ ഞാൻ കൊതിക്കുന്നു.*

*ജ്വലിക്കുന്ന പ്രകാശമേ, രാത്രിയണയും മുമ്പ്*
*നിൻെറ വിശുദ്ധഗിരിയിൽ എത്തിച്ചേരുന്നതിന്*
*മാർഗ്ഗം തെളിക്കുവാൻ, നിൻെറ സത്യത്തെ നീ അയക്കേണമേ.*

*അവിടെ നിൻെറ പവിത്രമായ സന്നിധാനത്തിൽ*
*വസിക്കുവാൻ എൻെറ ആത്മാവ് തീവ്രമായി കൊതിക്കുന്നു.*
*തിരശ്ശീല നീങ്ങുമ്പോൾ പിതാവിൻെറ*
*മുഖദർശനത്തിന് ദാഹിക്കുന്നു.*

*ഈ വനസ്ഥലികളിൽ അലഞ്ഞുതിരിയുന്ന*
*എൻെറ ആത്മാവ് ആരിൽ നിന്ന് പുറപ്പെട്ടുവന്നുവോ,*
*ആ ദിവ്യനാമം ഞാൻ ധരിച്ചിരിക്കുന്നു.*
*അലഞ്ഞുനടക്കുന്ന നിൻെറ ഈ പുത്രനെ*
*ഭവനത്തിലേക്കു നയിക്കേണമേ.*

അവൾ പാടിക്കഴിഞ്ഞപ്പോൾ വാതിലിൽ മുട്ടുന്ന, നേരിയതെങ്കിലും തികച്ചും വ്യക്തമായ മറ്റൊരു ശബ്ദം കേട്ടു. വിഷാദിനിയും ദ്രോഹിണിയും വീണ്ടും ഞെട്ടി. ചോദ്യഭാവത്തിൽ പരസ്പരം നോക്കിയിട്ട് അവർ കൃപാമഹത്വത്തിൻെറ നേരെ തിരിഞ്ഞു. അത്യാകർഷകമായ ഒരു നിറം അവളുടെ കവിൾത്തടങ്ങളിലേയ്ക്ക് പ്രവഹിക്കുകയും കണ്ണുകൾ നക്ഷത്രങ്ങൾപോലെ പ്രകാശിക്കുകയും ചെയ്തു. ശോകമൂകമായ ആ ഇരുട്ടറയുടെ വാതിലിൽ മുട്ടിയത് ആരുടെ കയ്കൊണ്ടാണെന്ന് തൽക്ഷണം അവൾ മനസ്സിലാക്കിയിരുന്നു. നിശ്ശബ്ദതയിൽ അവളുടെ ബന്ധുക്കൾ അവളെ തുറിച്ചു നോക്കി നിൽക്കവേ വീണ്ടും വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടു; കുറച്ചുകൂടെ ഉച്ചത്തിൽ, അല്പം കൂടെ നിർബ്ബന്ധബുദ്ധിയോടെ.

''ഓ!'' കൃപാമഹത്വം കേണപേക്ഷിച്ചു. ''ഓ! ദ്രോഹിണീ, വിഷാദിനീ, നമ്മൾ ആരെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നുവോ അദ്ദേഹമാ

www.malankaralibrary.com

ണത്. അത് ഇടയൻ തന്നെയാണ്. വാതിൽ തുറന്ന് അദ്ദേഹത്തോട് അകത്തേയ്ക്കുവരാൻ പറയൂ!''

ദ്രോഹിണിയുടെ വിളറിയ കവിൾത്തടങ്ങളിൽനിന്ന് ഉള്ള രക്തം പോലും വാർന്നു പോകുന്നതുപോലെ തോന്നി. വൃത്തികെട്ട ആ മുറിയിലേയ്ക്കും അവളുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളിലേയ്ക്കും (അവളുടെ ശരീരത്തിലെ മുറിവുകളെ ശരിക്കും മറയ്ക്കാൻപോലും അവ മതിയായിരുന്നില്ല.) നോക്കിക്കൊണ്ട് അവൾ പിൻവലിഞ്ഞു. കയ്കൾ ഉയർത്തി മുഖം മറച്ചു.

ഏതാനും നിമിഷത്തേയ്ക്ക് പൂർണ്ണ നിശ്ശബ്ദത. ആ മുറിയിലെ ഓരോ ഹൃദയമിടിപ്പും വ്യക്തമായി കേൾക്കാമായിരുന്നു. ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് മൂന്നാമതൊരു മുട്ട്; അതോടൊപ്പം ഒരു പുരുഷന്റെ ശക്തവും ശാന്തവും ക്ഷമയുള്ളതുമായ സ്വരവും : ''ഞാൻ അകത്തേയ്ക്കു വരട്ടേ?''

വിഷാദിനി എഴുന്നേറ്റു. അവളുടെ ദേഹമാസകലം വിറയ്ക്കുന്നുണ്ടായിരുന്നു. എങ്കിലും സഹോദരിയുടെ കയ്യിൽ പിടിച്ച് ഒന്നും മിണ്ടാതെ അപേക്ഷാഭാവത്തിൽ വാതിലിനുനേരെ ചൂണ്ടിക്കാണിച്ചു.

അപ്പോൾ പാവം ദ്രോഹിണി, പരിതാപകരമായ ആ മുകളറയുടെ സന്തപ്തയും പരിത്യക്തയുമായ ഉടമ,സംഭ്രമത്തോടുകൂടെ ചെന്നു വാതിൽ തുറന്നു.

പൊക്കമുള്ള, ശക്തിയുള്ള, രാജകീയ ആകാരമുള്ള ഇടയൻ അകത്തുപ്രവേശിച്ചു. അദ്ദേഹത്തിന്റെ മുഖത്ത് അപരിമേയമായ അനുകമ്പ തുളുമ്പി നിന്നിരുന്നു. ദ്രോഹിണി അദ്ദേഹത്തെ ഒന്നു നോക്കി. തൽക്ഷണം അദ്ദേഹത്തിന്റെ കാൽക്കൽ വീണുപൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു: ''നാഥാ, എന്റെമേൽ ദയതോന്നണമേ.''

ദ്രോഹിണിയെ പിടിച്ചെഴുന്നേൽപ്പിക്കുന്നതിനുവേണ്ടി ഇയടൻ കയ് നീട്ടി. എങ്കിലും അപ്രകാരം ചെയ്യുന്നതിനോ ഒരു വാക്കു സംസാരിക്കുന്നതിനോ കഴിയുംമുമ്പ്, ഒരു കാലത്തു ധിക്കാരിയും വൃദ്ധനായ ഭീരുപ്രഭുവിന്റെ മരുമകളുമായ വിഷാദിനി, അവളുടെ സഹോദരിയുടെ അടുത്ത് മുട്ടുകുത്തി, വിറയ്ക്കുന്ന അധരങ്ങളോടെ യാചിച്ചു: ''എന്നോ

www.malankaralibrary.com

ടും കരുണ തോന്നണമേ, നാഥാ; അങ്ങയുടെ അനുഗ്രഹത്തിൽനിന്ന് എന്നെ പുറം തള്ളരുതേ.''

സ്നേഹവും കരുണയും നിറഞ്ഞ വാക്കുകളോടെ ഇടയൻ അവരെ പിടിച്ചെഴുന്നേൽപ്പിച്ചപ്പോൾ, തൻെറ ഹൃദയാഭിലാഷം നിറവേറിയതിലുള്ള സംതൃപ്തി അദ്ദേഹത്തിൻെറ മുഖത്തു കളിയാടി - രക്ഷിക്കുക എന്ന സ്വർഗ്ഗീയ വേല ആരംഭിക്കാൻ എല്ലാം സജ്ജമായിരിക്കുന്നു എന്നുകണ്ട രക്ഷകൻെറ സംതൃപ്തി.

കൃപാമഹത്വം, സഹചാരികളായ സന്തോഷത്തിൻെറയും സമാധാനത്തിൻെറയും അകമ്പടിയോടെ ഈ രംഗം നിരീക്ഷിച്ച് അവളുടെ മനസ്സിൽ പറഞ്ഞു: ''ഇല്ല, ഉന്നതങ്ങളിൽപോലും ഇതുപോലുള്ള സന്തോഷം ഞങ്ങൾ കണ്ടിട്ടില്ല. ഈ ഇരുട്ടറ ദൈവത്തിൻെറ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിൻെറ കവാടമാണിവിടം.'' (ഉൽപത്തി. 28:17)

www.malankaralibrary.com

## അദ്ധ്യായം -4

# മൈലാഞ്ചിമല (ആനന്ദം)

### സ്നേഹത്തിൻെറ വിജയം

കഴിഞ്ഞ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയ അനുഭവത്തിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞ് രാജാവ് കൃപാമഹത്വത്തെ വിളിച്ച് ഉന്നതങ്ങളുടെ വേറൊരു ഭാഗത്തേയ്ക്ക് അവളെ കൊണ്ടുപോകുവാൻ താൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞു. മാതളമലയെ മുറിച്ചു കടന്ന് അതേ പർവ്വതനിരയുടെ അടുത്ത ഭാഗത്തേയ്ക്ക് അദ്ദേഹം അവളെ നയിച്ചു. ഉന്നതങ്ങളിൽ, താഴ്വരയിലെ മേഘപ്പാളികളുടെയും മൂടൽമഞ്ഞിൻെറയും മുകളിൽ, ആകാശം മേഘരഹിതവും പ്രകാശ പൂരിതവുമായിരുന്നതിനാൽ അതിവിദൂരസ്ഥലങ്ങൾ വരെ നോട്ടം എത്തിയിരുന്നു. അന്നത്തെ പ്രഭാത വേളയിൽ (ഏകാന്തതയിൽ, രാജാവുമായുള്ള കൂടിക്കാഴ്ചയും സൗഹൃദസംഭാഷണവും നടന്നിരുന്നത് സാധാരണയായി ജോലി ആരംഭിക്കുന്നതിനു മുമ്പുള്ള പ്രഭാത സമയത്തായിരുന്നു), പർവ്വത മുകളിൽ എല്ലാം ശാന്തവും വ്യക്തവുമായിരുന്നെങ്കിലും താഴ്വരകൾ മേഘപ്പാളികൾകൊണ്ട് മൂടപ്പെട്ടിരുന്നതിനാൽ ആർത്തിരമ്പുന്ന കടലിനു മുകളിലൂടെ എത്തിനോക്കുന്ന പ്രതീതി അവർക്കുണ്ടായി. ഇടയ്ക്കിടയ്ക്ക് ആഴങ്ങളിൽനിന്ന് ഇടിമുഴക്കവും ഉയർന്നു വന്നുകൊണ്ടിരുന്നു.

മാതളമല കടന്ന് അവർ മൈലാഞ്ചിമല എന്നു വിളിക്കപ്പെട്ടിരുന്ന സ്ഥലത്തെത്തി. ആ സ്ഥലം മൈലാഞ്ചി കൃഷി ചെയ്യുന്നതിനുവേണ്ടി

www.malankaralibrary.com

മാത്രം വേർതിരിക്കപ്പെട്ടതായിരുന്നു. അവിടെ വളർന്നിരുന്ന മൈലാഞ്ചിച്ചെടി മനോജ്ഞമായ സുഗന്ധവും വിലപിടിപ്പുള്ള ഒരു ചായവും ഉൽപ്പാദിപ്പിച്ചിരുന്നു.

അതീവസന്തോഷത്തോടെ കൃപാമഹത്വം ചുറ്റുപാടും നോക്കി. ആദ്യത്തെ മലയിലെ മാതളച്ചെടികൾക്കു പകരം ഈ സാനുക്കൾ സുഗന്ധവാഹികളായ ചെറിയ കുറ്റിച്ചെടികളാൽ മൂടപ്പെട്ടിരുന്നു. സങ്കല്പ്പിക്കുവാൻ കഴിയുന്നതിൽ ഏറ്റവും ഹൃദ്യമായ പരിമളം പരത്തുന്ന ചെറുപുഷ്പങ്ങളുടെ കുലകൾ ഈ ചെടികളിൽ നിറഞ്ഞു നിന്നിരുന്നു. ഈ കുറ്റിച്ചെടികളായിരുന്നു നമ്മുടെ ഭാഷയിൽ 'ആനന്ദം' എന്നു പറയുന്ന സുഗന്ധദ്രവ്യം പുറപ്പെടുവിച്ചിരുന്നത്.

സുഗന്ധവാഹിനികളായ ഈ തോട്ടങ്ങൾക്ക് പക്ഷികളെ ആകർഷിക്കുവാൻ ഒരു പ്രത്യേക കഴിവുള്ളതായി തോന്നി. ഇത്രയധികം പക്ഷികൾ ഒരേ സ്ഥലത്ത് സമ്മേളിക്കുന്നത് കൃപാമഹത്വം ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. പക്ഷികൾ വന്നിരിക്കുമ്പോഴും പറന്നു പോകുമ്പോഴും ചെടികൾ ചാഞ്ചാടിക്കൊണ്ടിരുന്നു. പറക്കുന്ന പക്ഷിക്കൂട്ടങ്ങൾ അവയുടെ തിളങ്ങുന്ന തൂവലുകൾകൊണ്ട് ആകാശത്തിൽ മനോഹരമായ ചിത്രങ്ങൾ വിരചിക്കുകയും ചിറകുകളുടെ സഞ്ചലനം കൊണ്ട് പർവ്വത സാനുക്കളിൽ കാറ്റു വീശുന്ന പ്രതീതി ഉളവാക്കുകയും ചെയ്തു. വൈവിദ്ധ്യമാർന്നതും ശ്രുതിമധുരവുമായ അവയുടെ ഗാനങ്ങൾ മൈലാഞ്ചിച്ചെടിയുടെ സുഗന്ധത്തിൽ കുളിച്ചുനിന്ന ആ പ്രദേശത്തെ മുഴുവൻ ഒരു ഓർക്കെസ്ട്രയാലെന്നപോലെ സജീവമാക്കി. സ്വയം നിയന്ത്രിക്കാനാവാതെ കൃപാമഹത്വം ആനന്ദം കൊണ്ടു പൊട്ടിച്ചിരിക്കുകയും കയ് കൊട്ടുകയും ചെയ്തു. അത്ര വശ്യമായിരുന്നു ആ രംഗം.

പർവ്വത സാനുവിലൂടെ നടന്നു നീങ്ങവേ, ആനന്ദത്തിൻെറ കനികൾ ഉൽപ്പാദിപ്പിക്കുന്ന മൈലാഞ്ചിച്ചെടികളുടെ സ്വഭാവത്തെക്കുറിച്ച് രാജാവ് അവളോട് സംസാരിച്ചു: ഈ ചെടികൾ സുഗന്ധതൈലം ഉൽപ്പാദിപ്പിക്കണമെങ്കിൽ ഇവയ്ക്കുചുറ്റും കയ്പ്പുള്ള ഒരു പദാർത്ഥമടങ്ങുന്ന വളം ഇട്ടുകൊടുക്കണം. ഇവയുടെ വേരുകൾ മണ്ണിൽനിന്ന് ആ വളം വലിച്ചെടുത്ത് സന്തോഷതൈലമായി രൂപാന്തരപ്പെടുത്തും. ശീതകാലവർഷവും മഞ്ഞും തുടങ്ങുന്നതിനു തൊട്ടുമുമ്പ്, ചെടികളിലെ ഇലകൾ കൊഴിഞ്ഞ് ശാഖകൾ മാത്രമായിത്തീരുന്ന കാലത്ത് അദ്ദേഹത്തിൻെറ ജോ

www.malankaralibrary.com

ലിക്കാർ മണ്ണിനെ ഇങ്ങനെ പാകപ്പെടുത്തിയിരുന്നു. ഇതു പറഞ്ഞപ്പോൾ രാജാവു തൻെറ സഹചാരിയെ നോക്കി അതിഹൃദ്യമായി പുഞ്ചിരിച്ചു. അദ്ദേഹം തുടർന്നു:

"ചെടികളിലെ ഇലകളെല്ലാം കൊഴിയുകയും മണ്ണിൽ കയ്പ്പുള്ള പദാർത്ഥം ചേർത്ത് നനവേൽക്കാൻ മഴയ്ക്കു വിട്ടുകൊടുക്കുകയും ചെയ്യുന്ന കാലഘട്ടം "ദുഃഖരാത്രി" ('The night of sorrow') എന്ന പേരിലാണ് ഇവിടെ അറിയപ്പെടുക. എന്നാൽ, ചെടികളിൽ പൂക്കൾ നിറഞ്ഞ് തൈലം എടുക്കുവാൻ പാകമായി നിൽക്കുന്ന ഈ കാലഘട്ടത്തിൻെറ പേര് "ആനന്ദപ്രഭാതം"('The morning of joy') എന്നാകുന്നു. കാരണം ഈ കാലയളവിൽ സകല ദുഃഖവും ദുരനുഭവങ്ങളും സന്തോഷമായി രൂപാന്തരപ്പെടും. കൃപാമഹത്വം, പക്ഷികളുടെ കളകൂജനം ശ്രദ്ധിക്കൂ, അതു മനസ്സിലാക്കുവാൻ നിനക്കു സാധിക്കുമോ എന്നു നോക്കൂ."

അവർ കുറച്ചു സമയം നിശ്ശബ്ദരായി നിന്നു. പെട്ടെന്ന് പക്ഷികളുടെ ശബ്ദം വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്ന ഒരു മനോഹര ഗാനമായി അവൾക്കു കേൾക്കുവാൻ കഴിഞ്ഞു. അത് ഇങ്ങനെയായിരുന്നു:

*സ്നേഹത്തിൻെറ വിജയാഘോഷം കേൾക്കൂ*
*സന്തോഷം വേദനയിൽനിന്നുദിക്കുന്നു.*
*സന്തോഷം വേദനയുടെ ആവിഷ്ക്കാരമത്രേ*
*ദുഃഖത്തിൻെറ പുനരവതരണം.*
*സ്നേഹത്തിൻെറ വിജയമായി*
*തകർന്ന ഹൃദയങ്ങൾ ഇതു ദർശിക്കുന്നു.*

*വികലമാക്കപ്പെട്ടവ നവരൂപം പുൽകുന്നു.*
*അശുദ്ധമായവ ഇവിടെ ശുദ്ധീകരിക്കപ്പെടുന്നു.*
*ഇവിടെ നിങ്ങൾക്ക് കീറത്തുണികൾക്കുപകരം*
*രാജകീയ വസ്ത്രങ്ങളും*
*കണ്ണീർ കണങ്ങൾക്കു പകരം ആഹ്ലാദവും ലഭിക്കുന്നു.*
*പാപത്തിൻെറ ഭയാനകശക്തിയെ അതിജീവിക്കുന്ന*
*കൃപാവരത്തിൻെറ നിറവ് അനുഭവിക്കുന്നു.*

www.malankaralibrary.com

*ആഘോഷഗീതങ്ങൾ കേൾക്കുന്നില്ലേ ?*
*എല്ലാ സൃഷ്ടികളും ഗാനമുതിർക്കുന്നു.*
*സർവ്വദേശങ്ങളിലും ആഹ്ലാദം അലയടിക്കുന്നു*
*സ്നേഹം രാജാക്കന്മാരുടെ രാജാവത്രേ*
*അന്ധരേ നിങ്ങൾ കാണുവിൻ*
*ബധിരരേ നിങ്ങൾ ആർത്തട്ടഹസിക്കുവിൻ*
*ദുഃഖത്തെ അതിജീവിക്കലല്ലയോ സന്തോഷം.*

ഈ ഗാനം ശ്രവിച്ചുകൊണ്ടിരുന്നപ്പോൾ, സന്താപത്തിൻെറയും സഹനത്തിൻെറയും കൂടെ സുദീർഘവും കയ്പ്പേറിയതും ക്ലേശപൂർണ്ണവും ഒരിക്കലും അവസാനിക്കാത്തതെന്ന് ചിലപ്പോൾ തോന്നിയതുമായ ഉന്നതങ്ങളിലേയ്ക്കുള്ള യാത്രയിലെ "നീണ്ട ദുഃഖരാത്രി"യെക്കുറിച്ച് അവൾ ചിന്തിച്ചു. ആ യാത്രയെപ്പറ്റി ഓർത്തപ്പോൾ ഇത്ര മനോഹരമായ ഒരു ഗാനം അവൾ ഇതുവരെ കേൾക്കുകയോ ദുഃഖത്തെ കീഴടക്കി രൂപാന്തരപ്പെടുത്തുന്നതാണ് ആനന്ദമെന്ന മഹത്തായ സത്യം മനസ്സിലാക്കുകയോ ചെയ്തിരുന്നില്ലെന്ന് അവൾ ഗ്രഹിച്ചു. "ഇതുപോലുള്ള ദുഃഖരാത്രികൾ ഇനി ഉണ്ടാവുകയാണെങ്കിൽ," അവൾ സ്വഗതമായി പറഞ്ഞു: "ഞാൻ ഒരിക്കലും ഉൽക്കണ്ഠപ്പെടുകയോ ഭയപ്പെടുകയോ ഇല്ല. കാരണം എനിക്കറിയാം ഇവയെല്ലാം രാജാവിൻെറ മൈലാഞ്ചിച്ചെടികളെ ഒരുക്കുകയും സന്തോഷത്തൈലത്തെ ഉൽപ്പാദിപ്പിക്കുവാൻ തയ്യാറാക്കുകയും ചെയ്യുന്ന ഋതുക്കളാണെന്ന്. ഓ, അദ്ദേഹത്തിൻെറ ചിന്തകളും പദ്ധതികളും എത്ര മനോജ്ഞം! അദ്ദേഹത്തിൻെറ നന്മയും കാരുണ്യവും എത്ര അത്ഭുതാവഹം! അദ്ദേഹത്തിൻെറ കൃപയുടെ വഴികൾ മനസ്സിലാക്കുക അസാദ്ധ്യമാണ്. ഹാ, ദുഃഖത്തെ കീഴടക്കി അദ്ദേഹത്തിൻെറ ആനന്ദമായി പരിവർത്തനം ചെയ്യാൻ കഴിയുന്നവിധത്തിൽ ഞാൻ എപ്പോഴും അതിനോടു പ്രതികരിച്ചിരുന്നെങ്കിൽ!" ചരിവുകളിൽ അങ്ങിങ്ങായി വളർന്നു പന്തലിച്ചു നിൽക്കുന്ന വലിയ വൃക്ഷങ്ങളുണ്ടായിരുന്നു. അവയിലൊന്നിൻെറ തണലിൽ ഇരുന്ന് അവർ ഇരുവരും സംസാരിക്കുവാൻ തുടങ്ങി.

മൈലാഞ്ചിമലയിൽനിന്നു നോക്കിയാൽ അതിനേക്കാൾ ഉയർന്ന പ്രദേശങ്ങളിലുള്ള കണ്ണഞ്ചിപ്പിക്കുന്ന മഞ്ഞണിഞ്ഞ കൊടുമുടികൾ അവർക്കു കാണാമായിരുന്നു. അതുപോലെതന്നെ മൂടൽ മഞ്ഞിൻെറയും കാർമേഘത്തിൻെറയും മുകളിലായി കറുത്ത പർവ്വതത്തിൻെറ കൊടുമുടി

www.malankaralibrary.com

യും അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവർ ഇരുന്ന സ്ഥലത്തെ ആനന്ദവും ഭംഗിയും അവർക്കെതിരെ സ്ഥിതി ചെയ്തിരുന്ന ക്ഷയിച്ച പർവ്വതത്തിൻെറ പരിത്യക്താവസ്ഥയും തമ്മിലുള്ള അന്തരം കൃപാമഹത്വത്തിൻെറ മനസ്സിനെ സ്പർശിച്ചു. അവൾക്ക് അതിയായ സഹതാപവും വേദനയും അനുഭവപ്പെട്ടു.

അവളുടെ ചിന്തകളെ മനസ്സിലാക്കി അവയ്ക്ക് ഉത്തരം നല്കാനെന്നപോലെ രാജാവ് ഇപ്രകാരം പറയുന്നത് അവൾ കേട്ടു:

''കൃപാമഹത്വം, രക്ഷകനായിരിക്കുക എന്നത് എനിക്ക് എത്ര ആനന്ദകരമാണെന്ന് നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? തിന്മയാൽ വികലവും മലീമസവും ആക്കപ്പെട്ട് നശിച്ചുപോയ ഒന്നിനെ എടുത്ത് അതിൽനിന്നു നല്ലതും മനോഹരവും നിലനിൽക്കുന്നതുമായ ഒന്നിനെ, വീണ്ടും നശിപ്പിക്കപ്പെടാൻ പറ്റാത്ത ഒന്നിനെ, ഉൽപ്പാദിപ്പിക്കുന്നതിൽ എനിക്കുള്ള സന്തോഷം വലുതാണ്. ഇങ്ങനെയുള്ള നേട്ടം വരിക്കാൻ എന്തു ചെലവിടേണ്ടിവന്നാലും അത് അധികമല്ല. വില എന്തുമായിക്കൊള്ളട്ടെ, ആഹ്ലാദത്തോടും അവർണ്ണനീയവും മഹത്വപൂർണ്ണവുമായ ആനന്ദത്തോടും കൂടെ സ്നേഹം അതു കൊടുത്തുകൊള്ളും.''

സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, നേരെ എതിർവശത്ത് മേഘപ്പാളികളുടെ മുകളിൽ ഉയർന്നു നിൽക്കുന്ന കത്തിക്കരിഞ്ഞ കൊടുമുടിയുടെ നേർക്ക് അദ്ദേഹം നോക്കി. സ്നേഹത്തിൻെറ മഹത്വവും അവർണ്ണനീയമായ ആനന്ദവുംകൊണ്ട് അദ്ദേഹത്തിൻെറ മുഖം പ്രകാശിച്ചു. ഉടനെ അദ്ദേഹം പർവ്വതഗാനം ആലപിക്കുവാൻ തുടങ്ങി. അതിലെ വാക്കുകളിലും സംഗീതത്തിലും ദുഃഖവും സന്തോഷവും ഇടകലർന്ന് ഇണങ്ങിച്ചേർന്നിരുന്നു. അതു കേട്ട് കൃപാമഹത്വം അത്ഭുത പരതന്ത്രയായി ലയിച്ചിരുന്നു.

*വികലമാക്കപ്പെട്ട എല്ലാ വസ്തുക്കളുടേയും നിലവിളി:*
*നീ ഞങ്ങളെ എന്തിന് ഇങ്ങനെ സൃഷ്ടിച്ചു ?*
*ജീവിതത്തിൻെറ ഉൽകണ്ഠകൾ പേറുവാൻ;*
*എന്തുകൊണ്ട് നീ ഞങ്ങളെ സ്നേഹിക്കുന്നില്ല?*
*ദൈവം പോലും കേഴുന്ന വിധം*

www.malankaralibrary.com

*വികലമാക്കപ്പെട്ട്, വലിച്ചെറിയപ്പെടുവാൻ*
*മാത്രം അർഹതയുള്ള ഞങ്ങൾ.*

*തകരുന്ന ഓരോ ഹൃദയത്തിൻെറയും വിലാപം.*
*ഞങ്ങൾക്ക് എന്തിനു ജന്മം നൽകി? —*
*തിന്മ മാത്രം ഞങ്ങളുടെ ഓഹരി.*
*ഭൂമിയുടെ സൗഭാഗ്യങ്ങൾ ഞങ്ങൾക്ക് അന്യം.*
*ഭൂമിയിൽ സ്നേഹം നിഷേധിക്കപ്പെട്ട*
*ഈ മനുഷ്യജന്മം എന്തിനു നൽകി?*

*നിരാശാപൂർണ്ണമായ മനസ്സിൻെറ നിലവിളി*
*സ്നേഹ സിംഹാസനത്തിൻെറ പടവുകളിൽ.*
*ദൈവമേ, ഞങ്ങളെ നീ കാണുന്നില്ലേ ?*
*നിൻെറ കണ്ണുകൾക്കു കാഴ്ചയില്ലേ ?*
*ഇതു ഞങ്ങളുടെ മാത്രം കുറ്റമോ ?*
*നീ അവിടെയുണ്ടെങ്കിൽ ഉത്തരമേകൂ*
*എന്തിനു ഞങ്ങളെ സൃഷ്ടിച്ചു ?*

*ദുരന്തത്തിൻ മൂർത്തരൂപമായ്,*
*കുരിശിൽ നിന്നു കേൾക്കുന്നു സ്നേഹനിസ്വനം*
*ഞാനും നിന്നോടൊപ്പം സഹിക്കുന്നു*
*നിൻെറ നഷ്ടങ്ങൾ പങ്കുവയ്ക്കുന്നു*
*എല്ലാം ഞാൻ നവീകരിക്കും*
*പാപത്തിൻെറ ഫലം ഏറ്റുവാങ്ങുവാൻ*
*നിന്നെ ഞാൻ ഏകനായ് വിടുകയില്ല.*
*ഞാൻ നിന്നെ സൃഷ്ടിച്ചെങ്കിൽ*
*നിൻെറ സഹനവും ഞാൻ ഏറ്റെടുക്കുന്നു,*
*പാപത്തിൻെറ പരിഹാരവും ഞാൻ തന്നെ ചെയ്യുന്നു..*

ഗാനം തീർന്നപ്പോൾ നീണ്ട നിശ്ശബ്ദത പരന്നു. അതിനു ശേഷം രാജാവു പറഞ്ഞു: "കൃപാമഹത്വം, ശിഷ്യനു കർത്താവിനെപ്പോലെ ആയിരിക്കുകയും തിന്മയെ നന്മകൊണ്ട് ജയിക്കാൻ പഠിക്കുകയും ചെയ്താൽ മതിയെന്ന് നിനക്കറിയാം. ലോകജീവിതത്തിൽ നേരിടേണ്ടി വരുന്ന അനുഭവങ്ങൾ, അവ എത്ര ഭയാനകവും ഹൃദയ ഭേദകവും അനീതിപരവും

www.malankaralibrary.com

ക്രൂരവും തിന്മ നിറഞ്ഞവയുമായിക്കൊള്ളട്ടെ, നിനക്ക് ഒരു ഉപദ്രവും വരുത്തുകയില്ല. പക്ഷേ ഒരു വ്യവസ്ഥയുണ്ട്. അവയെ സന്തോഷത്തോടെ സ്വീകരിക്കുവാനും ഞാൻ ചെയ്തതുപോലെ വിജയകരമായി അവയോടു പ്രതികരിക്കുവാനും സ്നേഹത്തോടും ക്ഷമയോടും സന്മനസ്സോടും കൂടെ മറ്റുള്ളവരുടെ ദ്രോഹങ്ങൾ സഹിക്കുവാനും നിന്നെ പഠിപ്പിക്കുവാൻ എന്നെ അനുവദിക്കണം. നിനക്കു നേരിടേണ്ടി വന്നേക്കാവുന്ന ഓരോ പീഡയും പരീക്ഷണവും ക്ലേശവും തിക്താനുഭവവും തിന്മയെ കീഴടക്കുവാനും അങ്ങനെ ദൈവത്തിനു നിത്യമായ സ്തുതിയും മഹത്വവും കരേറ്റുവാനും കിട്ടുന്ന ഓരോ അവസരമാണ്. ആദത്തിന്റെ സന്തതികളായ നിങ്ങൾ, നിങ്ങളുടെ എല്ലാ സഹനത്തിലും ദുഃഖത്തിലും, സകല സൃഷ്ടികളിൽവച്ച് ഏറ്റം അനുഗ്രഹീതരാണ്. കാരണം സഹനത്താൽ പരിപൂർണ്ണരാക്കപ്പെടുകയും തിന്മയെ നന്മകൊണ്ടു കീഴടക്കാനുള്ള ദൈവിക ശക്തിയാൽ ദൈവത്തിന്റെ പുത്രീപുത്രന്മാരായിരിക്കുകയും ചെയ്യേണ്ടവരാണു നിങ്ങൾ. നിങ്ങൾ എന്തിനായി സൃഷ്ടിക്കപ്പെട്ടു എന്നറിഞ്ഞിരുന്നെങ്കിൽ പരീക്ഷണങ്ങളിലും വേദനകളിലും ജീവിത പാതയിൽ അനുഭവിക്കേണ്ടി വന്നേക്കാവുന്ന പീഡനങ്ങളിൽപോലും നിങ്ങൾ എത്രമാത്രം സന്തോഷിക്കുമായിരുന്നു! അവയെല്ലാം ആനന്ദമായി നിങ്ങൾ പരിഗണിക്കുമായിരുന്നു. ബലഹീനതകളിലും ആരോപണങ്ങളിലും ആവശ്യങ്ങളിലും പീഡനങ്ങളിലും ദുഃഖങ്ങളിലുമെല്ലാം ക്രിസ്തുവിനെപ്രതി നിങ്ങൾ സന്തോഷിക്കുമായിരുന്നു. കാരണം ബലഹീനരായിരിക്കുമ്പോൾ ശക്തിയാർജ്ജിക്കേണ്ടതെങ്ങിനെയെന്നു നിങ്ങൾ പഠിക്കുന്നു. ഇവിടെ, ഈ ആനന്ദപർവ്വതത്തിനു മുകളിൽവച്ച്, ഞാൻ നിന്നോടു പറഞ്ഞ കാര്യങ്ങൾ ധ്യാനവിഷയമാക്കുക. താമസംവിനാ നമ്മൾ താഴ്വരയിലേയ്ക്കു പോകുമ്പോൾ നിന്റെ ബന്ധുക്കളെ ശല്യപ്പെടുത്തികൊണ്ടിരിക്കുന്ന തിന്മ നിറഞ്ഞതും ക്രൂരവുമായ കാര്യങ്ങൾ നീ വീണ്ടും കാണും; ആനന്ദം അവരുമായി പങ്കുവയ്ക്കുവാനുള്ള നിന്റെ ആഗ്രഹത്തോടുള്ള അവരുടെ സ്നേഹശൂന്യമായ പ്രതികരണങ്ങൾ നിനക്കു നേരിടേണ്ടിവരും. അപ്പോൾ ഈ ആനന്ദപർവ്വത്തിൽ വച്ചു നീ പഠിച്ച പാഠം ഓർമ്മിക്കുക. എല്ലാം സന്തോഷമായി കരുതുക. കാരണം തിന്മയെ നന്മകൊണ്ട് ജയിക്കുവാനും 'സ്നേഹത്തിന്റെ വിജയത്തിൽ' പങ്കുചേരാനും കിട്ടുന്ന സുവർണ്ണാവസരമാണ് ഇവയെല്ലാം.''

പിന്നീട് അവർ പർവ്വത പാർശ്വത്തിലൂടെ താഴ്വരയെ ലക്ഷ്യമാക്കി കുതിച്ചു. മുമ്പൊരിക്കലും അനുഭവപ്പെടാത്ത വിധത്തിലുള്ള ആനന്ദം

www.malankaralibrary.com

കൃപാമഹത്വത്തിൻെറ ഹൃദയത്തിൽ നിറഞ്ഞുനിന്നു. അതുപോലെ തന്നെ ദുഃഖവും തിന്മയും നിറഞ്ഞ താഴ്‌വരയിലെ അവരുടെ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യത്തെപ്പറ്റി തികച്ചും പുതിയ ഒരു ഉൾക്കാഴ്ചയും അവൾക്കുണ്ടായിരുന്നു.

www.malankaralibrary.com

## അദ്ധ്യായം - 5

# തിക്തതയും ആവലാതിയും

മുന്നദ്ധ്യായങ്ങളിൽ വിവരിച്ച സംഭവങ്ങൾ കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുശേഷം തിക്തതയും ആവലാതിയും സത്രത്തിൻെറ പിൻഭാഗത്തുള്ള അവരുടെ സ്വകാര്യമുറിയിൽ ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. രണ്ടുപേരുടേയും ചിന്തകളെ എന്തോ ശല്ല്യപ്പെടുത്തുന്നതുപോലെ തോന്നിയെങ്കിലും കുറച്ചു സമയത്തേക്ക് അവരിലാരും കാര്യം പറഞ്ഞില്ല. തിക്തത പരിപൂർണ്ണ മൗനത്തിൽ ഭക്ഷണം കഴിച്ചു. ആവലാതി അവരുടെ മക്കൾ മൂന്നുപേരുടേയും - ഇളയമകനും അവകാശിയുമായ 'മുറുമുറുപ്പ്'ൻെറയും (Grumble) അവൻെറ ഇരട്ട സഹോദരിമാരായ 'കൊച്ചുതേങ്ങലി'ൻെറയും (Little Sob) 'ചാറ്റമഴ'യുടെയും (Drizzle) -ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ വ്യാപൃതയായിരുന്നു. കഴുത്തിനുചുറ്റും നീർത്തുണിചുറ്റി, പിടിച്ചു നിൽക്കാനുള്ള പൊക്കമേറിയ കസേരകളിൽ സ്പൂണുകൾ കൊണ്ട് അടിച്ചും അലറിയും ശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുകയായിരുന്നു അവർ. ആവലാതി അവളുടെ മക്കളെ ഭംഗിയായി വസ്ത്രം ധരിപ്പിക്കുകയും അവരുടെ ആകാര വടിവിലും സൗന്ദര്യത്തിലും അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. പക്ഷേ ചോദിക്കുന്നതെന്തും ഉടൻ ലഭിച്ചില്ലെങ്കിൽ ഉറക്കെ ആവലാതിപ്പെടുന്ന സ്വഭാവം ചെറുപ്പത്തിൽതന്നെ അവർക്കെല്ലാം ഉണ്ടായിരുന്നു.

ഒടുവിൽ ആവലാതി, ഇനിയും മൗനം ദീക്ഷിക്കുവാൻ ഒട്ടും കഴിയാഞ്ഞിട്ടെന്നപോലെ ഭർത്താവിൻെറ നേരെ തിരിഞ്ഞ് ദേഷ്യത്തോടുകൂടി

www.malankaralibrary.com

ചോദിച്ചു: "തിക്തതേ, ദ്രോഹിണിയെയും സത്രത്തിലെ മാളികപ്പുരയി ലുള്ള അവളുടെ സഹോദരിയെയും ഇടയൻ കൂടെക്കൂടെ സന്ദർശി ക്കുന്നതിനെക്കുറിച്ച് നിങ്ങൾ എന്തു പറയുന്നു?"

അതിന് ഉത്തരം പറയാതെ തിക്തത പൂർണ്ണ മൗനത്തിൽ ഭക്ഷണം തുടർന്നു.

"ഞാൻ പറഞ്ഞത് കേട്ടോ? അതോ, പെട്ടെന്നു നിങ്ങളുടെ ചെവി അടച്ചുപോയോ?" രോഷത്തോടെ അവൾ ചോദിച്ചു. (ഇതു കേട്ടാൽ, ശ്രദ്ധപിടിച്ചുപറ്റാനുള്ള കൊച്ചുതേങ്ങലിന്റെയും ചാറ്റമഴയുടേയും ദുശ്ശാ ഠ്യം ആരിൽനിന്നു ലഭിച്ചുവെന്ന് വേഗം മനസ്സിലാകും!)

അവസാനം തിക്തത സംസാരിച്ചു. "അതിൽ കുഴപ്പമൊന്നുമില്ലെന്നു ഞാൻ വിചാരിക്കുന്നു." അദ്ദേഹം ചുരുക്കമായി പറഞ്ഞു.

"ഓ, അതാണു നിങ്ങളുടെ വിചാരം, അല്ലേ?" ക്ഷോഭത്തോടെ അ ദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. "ഞാൻ ഒരു കാര്യം പറയട്ടെ, ഇടയൻ ഇവിടെ വരുന്നുണ്ടെന്നും അദ്ദേഹത്തെ കണ്ടുമുട്ടുവാൻ സാദ്ധ്യതയു ണ്ടെന്നും താഴ്‌വരയിലുള്ളവർ അറിഞ്ഞാൽ നമ്മുടെ പറ്റുപടിക്കാർ മൊത്തത്തിൽ അകലുകയും കച്ചവടം തകരുകയും ചെയ്യും. എല്ലാവരും അദ്ദേഹത്തെ വെറുക്കുന്നു."

"അദ്ദേഹത്തെ ആളുകൾ കാണുമെന്നു തോന്നുന്നില്ല," തിക്തത പറഞ്ഞു. "അദ്ദേഹം ആരോടും കയറി ഇടപെടാറില്ല."

"ആളുകൾ നമ്മെപ്പറ്റി സംസാരിക്കുവാൻ തുടങ്ങും," ആവലാതി തിരിച്ചടിച്ചു. "നാം അദ്ദേഹത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടുകൊണ്ടി രിക്കുകയാണെന്ന് അവർ പറഞ്ഞുപരത്തും. ഞാൻ നിങ്ങളോടു പറയ ട്ടെ, എനിക്കിത് ഇഷ്ടമല്ല. നമുക്കിപ്പോൾതന്നെ ആവശ്യത്തിനുള്ള പ്രയാ സങ്ങളുണ്ട്. എല്ലാം ഉപേക്ഷിച്ച് പർവ്വതങ്ങളിലേയ്ക്കു പോകുവാൻ നിങ്ങളുടെ ബന്ധുവായ ഭീതയെ അദ്ദേഹം പ്രേരിപ്പിച്ചത് എപ്രകാരമെന്ന് ഒന്നു ചിന്തിച്ചുനോക്കൂ. നിങ്ങളുടെ ബന്ധുക്കൾ അത് എത്രമാത്രം വെറുത്തിരുന്നു എന്ന് ഓർമ്മയില്ലേ? സംശയത്തിന് ഇടം കൊടുക്കുന്നത് നമുക്ക് അപകടകരമാണ്."

www.malankaralibrary.com

ഉത്തരം പറയുന്നതിനു മുമ്പ് തിക്തത ഒരു നിമിഷം നിശ്ശബ്ദത പാലിച്ചു. പിന്നീട് അയാൾ താഴ്ന്ന സ്വരത്തിൽ പറഞ്ഞു: ''അദ്ദേഹത്തിന്റെ കൂടെ പോയത് എന്റെ ബന്ധുവിന് വലിയൊരു ഭാഗ്യമായി പരിണമിച്ചു എന്ന കാര്യം ആർക്കും നിഷേധിക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ഇന്നത്തെ അവളുടെ അവസ്ഥ അസൂയാർഹമാണെന്നു സമ്മതിച്ചേ മതിയാകൂ.''

''സംശയമുണ്ടോ!'' അയാളുടെ ഭാര്യ തിരിച്ചടിച്ചു. അവളുടെ കവിളുകൾ കോപംകൊണ്ടു തുടുത്തു. ''ഈ പറയപ്പെട്ട ഭാഗ്യവതിയായ ബന്ധുവിനെ തിരിച്ചുകൊണ്ടുവരുവാൻ നിങ്ങളും മറ്റുചിലരും അവളുടെ പിന്നാലെ പോയെന്നാണ് എന്റെ ഓർമ്മ! നിങ്ങളെ കല്ലെറിയാൻ മാത്രം സാമർത്ഥ്യക്കാരിയായിരുന്നു അവളെന്നു ഞാൻ വിശ്വസിക്കുന്നു! അവളുടെ ബന്ധു - അഹങ്കാരം - ജീവിതകാലം മുഴുവൻ മുടന്തനായിത്തീർന്നതിന്റെ ഉത്തരവാദിത്വവും മറ്റാരുടേതുമല്ല.''

അവളുടെ ഭർത്താവിന്റെ മുഖത്തും കോപം നിഴലിച്ചു. എങ്കിലും സ്വരത്തിന് മാറ്റമൊന്നുമുണ്ടായില്ല. അയാൾ ശാന്തനായി മറുപടി പറഞ്ഞു: ''അതു തികച്ചും ശരിയാണ്. പക്ഷേ, ഞങ്ങൾ അവളെ ബലപ്രയോഗത്താൽ തട്ടിക്കൊണ്ടുപോരുവാൻ ശ്രമിക്കുകയായിരുന്നു. ആത്മരക്ഷയ്ക്ക് അവൾക്കു വേറെ മാർഗ്ഗമൊന്നും ഉണ്ടായിരുന്നില്ല. അവളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും, ഞങ്ങൾ അവളെ തിരിച്ചുകൊണ്ടുവന്ന് ഹീനഭീതിയുമായുള്ള വിവാഹം അവളുടെമേൽ അടിച്ചേൽപ്പിക്കുന്നതിൽ വിജയിച്ചിരുന്നെങ്കിൽ സംഭവിക്കുമായിരുന്ന കാര്യങ്ങളെപ്പറ്റിയും ചിന്തിക്കുമ്പോൾ, അവൾ ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവതികളിൽ ഒരാളാണെന്നേ എനിക്കു ചിന്തിക്കാൻ കഴിയൂ.'' അയാൾ ഒരു നിമിഷം നിശ്ശബ്ദനായി നിന്നു. അതിനുശേഷം അല്പം സ്വരമുയർത്തി കൂട്ടിച്ചേർത്തു: ''ഹൃദയം തകർന്ന് മുകളിൽ കിടക്കുന്ന ആ സാധു സ്ത്രീക്കുവേണ്ടി ഇതുപോലെന്തെങ്കിലും ചെയ്യുവാൻ ഇടയനു സാധിക്കുമെങ്കിൽ അതു തടയുവാൻ ഞാൻ ഒരിക്കലും മുതിരുകയില്ല.'' ആവലാതി അയാളെ കോപത്തോടെ തുറിച്ചുനോക്കി. എങ്കിലും ഭർത്താവിന്റെ നിലപാട് അവളെ സംബന്ധിച്ചിടത്തോളം തീർത്തും അപ്രതീക്ഷിതമായിരുന്നില്ല.

''നിങ്ങൾക്ക് എന്തു പറ്റി?'' ഒരു നിമിഷത്തിനുശേഷം അവൾ ചോദി

www.malankaralibrary.com

ച്ചു. "പർവ്വതത്തിലേയ്ക്കുള്ള യാത്രയും ഭീതയെ തിരിച്ചുകൊണ്ടുവരുവാനുള്ള വിഫലശ്രമവും കഴിഞ്ഞു മടങ്ങിയെത്തിയശേഷം നിങ്ങൾ പഴയ മനുഷ്യനേയല്ല."

കണ്ണുകൾ പ്ലേറ്റിൽ ഉറപ്പിച്ച് അവളുടെ ഭർത്താവ് ഭക്ഷിച്ചുകൊണ്ടേയിരുന്നു. പിന്നീട് കുറെക്കൂടി താണസ്വരത്തിൽ അയാൾ പറഞ്ഞു: "നീ പറഞ്ഞതു ശരിയാണ്. ഞാൻ പഴയ മനുഷ്യനല്ല."

ആവലാതി ഞെട്ടി പകച്ചുനിന്നു. എന്നിട്ടവൾ സമനില വീണ്ടെടുത്ത് പ്രധാന കാര്യത്തിലേയ്ക്കു കടന്നു.

"തിക്തതേ, ഒരു കാര്യം ഞാൻ നിങ്ങളോടു പറയുന്നു –എൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കുക. കാരണം അവ തീർച്ചയായും സത്യമായി ഭവിക്കും– ദ്രോഹിണിയെ ഇവിടെ, ഈ വീട്ടിൽവച്ചു സന്ദർശിക്കുവാൻ ഇടയനെ നിങ്ങൾ ഇനിയും അനുവദിച്ചാൽ നമ്മുടെ കച്ചവടം തകരും, തകർന്നു തരിപ്പണമാകും."

ആദ്യമായി അവളുടെ ഭർത്താവ് തലയുയർത്തി നേരേ അവളുടെ മുഖത്തേക്കു നോക്കി. വെറുപ്പുകൊണ്ടും അവൾക്കു നിർവചിക്കാനാവാത്ത മറ്റേതോ വികാരംകൊണ്ടും അയാളുടെ കണ്ണുകൾ ഇരുണ്ടിരുന്നു. "ചിലപ്പോൾ," വേദനയോടെ സാവകാശം അയാൾ പറഞ്ഞു. "ചിലപ്പോൾ ഞാൻ ചിന്തിക്കാറുണ്ട്: കച്ചവടം തകർന്നാലും അതു ഞാൻ കാര്യമാക്കുകയില്ല. ഈ ശപിക്കപ്പെട്ട ഏർപ്പാട് മുഴുവനായി ഉപേക്ഷിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ !"

ശ്രീമതി തിക്തത ഭയവിഹ്വലയായി. രോഷവും കുറ്റാരോപണവും കലർന്ന സ്വരത്തിൽ അവൾ പറഞ്ഞു: "ഇടയനോട് നിങ്ങൾ തന്നെ സംസാരിക്കുന്നുണ്ടായിരുന്നു ഇല്ലേ, തിക്തതേ?"

സംസാരിക്കാതെ അയാൾ തലകുലുക്കി.

പാത്തുപതുങ്ങി മച്ചുമ്പുറത്തെ ആ മുറിയിലേക്കും നിങ്ങൾ പോയിരുന്നു, അല്ലേ!" അവൾ പൊട്ടിത്തെറിച്ചു. "നിങ്ങൾ പോകും! നിങ്ങൾ അതിനും മടിക്കുകയില്ല! ആ മനുഷ്യൻെറ സ്വാധീനത്തിനു നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക! സ്വന്തം ചെറുവിരൽത്തുമ്പിൽ നിങ്ങളെ കറക്കു

www.malankaralibrary.com

വാൻ അയാളെ അനുവദിക്കുക! അവസാനം നിസ്സഹായരായ സ്വന്തം മക്കളുടെ കഞ്ഞിക്കണ്ടം മുട്ടിക്കാൻവരെ നിങ്ങൾ മടിക്കുകയില്ല!'' ഒരു ഉന്മാദിനിയെപ്പോലെ അവൾ തുടർന്നു: ''കച്ചവടം തകർന്നാലും അതു ഗൗനിക്കുകയില്ലെന്നു പറഞ്ഞ് ഇവിടെ ഇരിക്കുന്നു! നമ്മുടെ ഹോട്ടൽ! ഈ താഴ്‌വരയിൽ ഏറ്റവും നന്നായി നടക്കുന്നതും അഭിവൃദ്ധിപ്പെടുന്നതുമായ സത്രം! ഈ വാക്കുകൾ ഉച്ചരിക്കുമ്പോൾ നിങ്ങൾക്കു വീർപ്പുമുട്ടുണ്ടാകാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു!''

എല്ലാം തുറന്നു പറയാൻ പെട്ടെന്നു നിശ്ചയിച്ചിട്ടെന്നപോലെ അവളുടെ ഭർത്താവു പറഞ്ഞു: ''ശ്രദ്ധിക്കൂ ആവലാതീ, എന്നെ ശ്രവിക്കൂ: എന്തുതരം കച്ചവടമാണ് യഥാർത്ഥത്തിൽ ഇത്? ആത്മാർത്ഥമായി നിന്നോടുതന്നെ ചോദിക്കുക. ആദായകരമെന്നതുപോലെതന്നെ മാന്യവുമാണെന്നു നീ പറയുന്നു. വാസ്തവത്തിൽ നീ അതു വിശ്വസിക്കുന്നുണ്ടോ? കച്ചവടത്തിൻെറ ഫലങ്ങൾ നോക്കൂ, ആവലാതീ. ധർമ്മബോധം നശിച്ച നിൻെറ സാധുസഹോദരൻ ശുണ്ഠിയുടെ കാര്യമെടുക്കൂ. നമ്മുടെ 'മാന്യമായ ഈ ബാർ' ഇല്ലായിരുന്നുവെങ്കിൽ അവൻ ഇപ്പോൾ ആയിരിക്കുന്നിടത്ത് എത്തുമായിരുന്നോ?- ജയിലിൽ; ഭാര്യയെ കൊല്ലാതെ കൊന്നതിന്? മുകൾപ്പുരയിൽ കഴിയുന്ന ആ പാവം പെൺകുട്ടിയുടെ കാര്യം ചിന്തിച്ചുനോക്കൂ. അവൾക്കു തൻെറ കുട്ടിയെ നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, ഒരമ്മയാകുന്നതിലുള്ള സന്തോഷവും ഇനിയൊരിക്കലും അവൾക്കു ലഭിക്കുമെന്നു തോന്നുന്നില്ല. നമ്മുടെതന്നെ കുട്ടികളെ നോക്കൂ, എന്നിട്ട്, നീ അവളുടെ സ്ഥാനത്തുനിന്ന് ആലോചിക്കൂ.''

മറുപടിക്കുവേണ്ടി കാത്തുനിൽക്കാതെ അയാൾ തുടർന്നു. അയാളുടെ സ്വരം വേദനയും വികാരവും കൊണ്ടു വിറച്ചു. ''എൻെറ ബന്ധു ഹീനഭീതിയെ നോക്കുക. പാവം മനുഷ്യൻ ! നമ്മുടെ ഈ 'മാന്യമായ ബാറിൽ'നിന്നു കുടിച്ചു മത്തനായതുകൊണ്ടാണ് അവൻ കയ്യേറ്റത്തിനും മോശമായ പെരുമാറ്റത്തിനും ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നത്.''

''ഹീനഭീതി എപ്പോഴും ഒരു കയ്യേറ്റക്കാരനായിരുന്നു,'' അദ്ദേഹത്തിൻെറ ഭാര്യ ഇടയ്ക്കു കയറി പറഞ്ഞു. ''ഇതൊരു ഒറ്റപ്പെട്ട സംഗതിയല്ല. കുറെക്കാലമായിട്ട് അവനു കിട്ടേണ്ടിയിരുന്നതെല്ലാം ഇപ്പോൾ കിട്ടിയെന്നു മാത്രം.''

www.malankaralibrary.com

“വാസ്തവം,” അവളുടെ ഭർത്താവു കനത്ത ശബ്ദത്തിൽ സമ്മതം മൂളി. “പക്ഷേ, അവൻ കയ്യേറ്റത്തിനു മുതിർന്നതെല്ലാം മദ്യത്തിൻെറ അധീനതയിലായിരുന്നപ്പോഴാണ്. ഹീനഭീതി സ്ക്കൂൾ വിട്ടകാലം മുതൽ നമ്മുടെ ‘മാന്യമായ ബാറി’ൽനിന്നു പതിവായി കുടിച്ചിരുന്നു. അതിനു മുമ്പും അവൻ പാത്തും പതുങ്ങിയും കുടിക്കുന്നുണ്ടായിരുന്നു. നിനക്ക് അത് അറിയുകയും ചെയ്യാം.”

അവൻെറ ഭാര്യ നിശ്ശബ്ദയായി.

“ഇനി നമ്മുടെതന്നെ കുട്ടികളെ അത് എങ്ങനെ സ്വാധീനിക്കുന്നു എന്നു ചിന്തിച്ചുനോക്കൂ,” തിക്തത വിറയലോടെ തുടർന്നു. “ എന്നെ പിടിച്ചുകുലുക്കുന്നത് അതാണ്. അതു വീടിനോട് അടുത്തുകൊണ്ടേയിരിക്കുന്നു. അവരും ഈ വഴി പിന്തുടർന്ന് ഈ ശാപത്തിന് അടിമപ്പെട്ടാൽ എന്തായിരിക്കും ഫലം? ഈ കച്ചവടത്തിൽ നിന്നു പൂർണ്ണമായും വിരമിക്കുന്നത് ഒരു ആശ്വാസമായിരിക്കുമെന്ന് ഞാൻ കരുതിയതിൽ നിനക്ക് ഇനിയും അത്ഭുതം തോന്നുണ്ടോ?”

അയാളുടെ വാക്കുകൾ അവളുടെ കോപം വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിച്ചുള്ളൂ. “ആ ഇടയനാണ് ഇതിനെല്ലാം കാരണം. ” വീർപ്പുമുട്ടിക്കുന്ന കോപത്തോടെ അവൾ വിളിച്ചു പറഞ്ഞു. “ഈ ചിന്തകൾ നിങ്ങളുടെ തലയിൽ നിക്ഷേപിച്ചത് ഇടയനാണ്. മറ്റെന്തെല്ലാമാണ് അയാൾ നിങ്ങളെ പറഞ്ഞു ധരിപ്പിച്ചിരിക്കുന്നത്? പറയൂ!”

“അദ്ദേഹം പറഞ്ഞു,” അവളുടെ ഭർത്താവു സാവകാശം പ്രത്യുത്തരിച്ചു, “ഈ കച്ചവടം പൂർണ്ണമായും ഉപേക്ഷിക്കുന്നതുവരെ നമ്മൾ യഥാർത്ഥ സമാധാനവും സന്തോഷവും സമൃദ്ധിയും ഒരിക്കലും അനുഭവിക്കുകയില്ലെന്ന്.”

“അതെനിക്ക് അറിയാമായിരുന്നു.” അദ്ദേഹത്തിൻെറ ഭാര്യ രോഷാകുലയായി പറഞ്ഞു. “ഇടയൻ അതേ പറയൂ! നമ്മൾ കഠിനാദ്ധ്വാനം ചെയ്തു സമ്പാദിച്ചതെല്ലാം ഉപേക്ഷിക്കുക! ദീർഘകാലത്തെ പരിശ്രമത്തിനുശേഷം അവസാനം സ്വത്തു സമ്പാദിക്കുന്നതിൽ വിജയിക്കുകയും ഈ ഗ്രാമത്തിൽ ഏറ്റവും വിജയകരമായി നടക്കുന്ന ഒരു കച്ചവടസംരംഭത്തിൻെറ ഉടമകളായിത്തീരുകയും ചെയ്ത ഈ സാഹചര്യത്തിൽ, മാന്യമായി നാം സമ്പാദിച്ച പണമെല്ലാം പരിത്യജിക്കുക! ഞാനൊന്നു

www.malankaralibrary.com

ചോദിക്കട്ടെ, ഇതിനെല്ലാം പകരമായി അയാൾ നിങ്ങൾക്ക് എന്തുതരും?''

''അദ്ദേഹത്തിൻെറതന്നെ സേവനത്തിനു നമ്മെ കൊണ്ടുപോകും.'' അവളുടെ ഭർത്താവു താണസ്വരത്തിൽ പറഞ്ഞു.

നമ്മെ ആട്ടിടയന്മാരാക്കുമെന്നോ- ആട്ടിടയന്മാർ? വാക്കുകൾ തൊണ്ടയിൽ ഉടക്കുന്നതുപോലെ ശ്രീമതി തിക്തതയ്ക്ക് അനുഭവപ്പെട്ടു. ''നാലു മുറികളുള്ള ഒരു കുടിൽ, ഒരു പൂച്ച, ഒരു പട്ടി, കുറെ കോഴിക്കുഞ്ഞുങ്ങൾ! ഛേ!''

സംസാരത്തിനിടയിൽ അവൾ ജാലകത്തിലൂടെ പുറത്തേയ്ക്കു നോക്കി. ആരാലും ചോദ്യം ചെയ്യപ്പെടാതെ താൻ അടക്കിഭരിക്കുന്ന ആ മേഖലയെ അവൾ വീക്ഷിച്ചു. പൂക്കൾ നിറഞ്ഞ തോട്ടത്തിലേയ്ക്കും പന്തുകളിക്കായുള്ള പുൽത്തകിടിയെ ചുറ്റിനിൽക്കുന്ന വെട്ടിയൊരുക്കിയ വേലിച്ചെടികളിലേയ്ക്കും നദിയിലുള്ള നിറപ്പകിട്ടാർന്ന വള്ളങ്ങളിലേയ്ക്കും അവൾ നോക്കി. നടപ്പാതയ്ക്കു താഴെ, പകുതി തുറന്ന വാതിലിലൂടെ, ബാറിലെ ഗ്ലാസ്സുകളുടെ കിലുക്കവും ഇടയ്ക്കിടക്കുള്ള പൊട്ടിച്ചിരിയും അവൾക്കു കേൾക്കാമായിരുന്നു. പുതിയ വിളമ്പുകാരൻെറ ഉല്ലാസകരമായ ശബ്ദം അവൾക്കു തിരിച്ചറിയാൻ കഴിഞ്ഞു. 'കുശാഗ്രബുദ്ധി' (Sharp) എന്ന പേരിൽ അറിയപ്പെട്ടിരുന്ന അയാൾ ദുർബ്ബലനായ 'ശുണ്ഠി' (Moody) യിൽനിന്നു തികച്ചും വ്യത്യസ്തനും സമർത്ഥനും പരിചയസമ്പന്നനുമായിരുന്നു. ഉച്ചസമയത്തെ തിരിക്കിനു വേണ്ടിയുള്ള ഒരുക്കമായി നേരത്തെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന അടുക്കളപ്പണിക്കാരികളുടെ കൂട്ടച്ചിരി അവൾ കേട്ടു. പാർക്കു ചെയ്യാനുള്ള സ്ഥലത്ത് കാറുകളും മോട്ടോർ സൈക്കിളുകളും വന്നു നിറയുന്നത് അവൾ ഭാവനയിൽ ദർശിച്ചു. ഇവയെല്ലാം തങ്ങൾ കഠിനാദ്ധ്വാനംകൊണ്ടും കാര്യക്ഷമതകൊണ്ടും നേടിയതാണ്. (അവർ സമർത്ഥരും കാര്യക്ഷമതയുള്ളവരുമായ ദമ്പതികളാണെന്ന കാര്യം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമെന്ന് ആവലാതി വിചാരിച്ചിരുന്നില്ല.) തിക്തതയുടെ പിതാവിൽനിന്ന് അവകാശമായി ലഭിച്ച പഴയ വൃത്തികെട്ട മദ്യശാലയെ അവരുടെ വിവാത്തിനുശേഷം ഏതാനും വർഷങ്ങൾക്കൊണ്ട് ആകർഷകവും അംഗീകൃതവുമായ ഒരു ആധുനിക ഹോട്ടലാക്കി മാറ്റുവാൻ അവർക്കു കഴിഞ്ഞു. ഇപ്പോഴിതാ, അസാദ്ധ്യകാര്യങ്ങൾക്കു മനുഷ്യനെ പ്രേരിപ്പിക്കുന്ന ആ ഇടയൻെറ സ്വാധീനത്തിൽപ്പെട്ടു ഭ്രാന്തുപിടിച്ച അവളുടെ

www.malankaralibrary.com

ഭർത്താവു പറയുന്നു, ഇവയെല്ലാം ഉപേക്ഷിക്കാതെ അവർക്കു സമാധാനവും സന്തോഷവും അഭിവൃദ്ധിയും ഉണ്ടാകുകയില്ലെന്ന് ! കൂലിപ്പണിക്കാരായ ഇടയന്മാരുടെ സ്ഥാനത്തേയ്ക്ക് അവർ താഴണമത്രേ! ഇതു ഭ്രാന്താണ്! ഇതു പരമ വിഡ്ഢിത്തമാണ്! അല്ല, അതിലും ഹീനമാണ്.''

തൻെറ ഭർത്താവിൻെറ ദുരിതപൂർണ്ണവും വിഷാദാത്മകവുമായ മുഖത്തേയ്ക്കും ആകുലതയും വേദനയും നിറഞ്ഞ കണ്ണുകളിലേയ്ക്കും അവൾ നോക്കി. തൻെറ സാമ്രാജ്യം നഷ്ടപ്പെട്ടേക്കുമോ എന്ന ഭയത്താൽ ഒരു നിമിഷത്തേയ്ക്ക് അവളുടെ ഹൃദയം വിറയൽകൊണ്ടു. ഉടനെ അവൾ തൻെറ സർവ്വശക്തിയും സംഭരിച്ച് അതിൻെറ ഒരു ഭാഗവും വിട്ടുകൊടുക്കുകയില്ലെന്നു നിശ്ചയിച്ചു. അവരിരുവരിൽ കൂടുതൽ കരുത്തുള്ളതു തനിക്കാണെന്നും ഈ മഹാവിപത്തിനെ തടയാനുള്ള ശക്തി തനിക്കുണ്ടെന്നും അവൾ സ്വയം ഓർമ്മപ്പെടുത്തി. എന്നിട്ട് അവൾ കൃത്രിമമായി ഒന്നു ചിരിച്ചു– ഇതിലെല്ലാം രസം തോന്നിയിട്ടെന്നതുപോലെ, ഭർത്താവിൻെറ വാക്കുകൾ വെറും തമാശയായി എടുക്കാൻ നിശ്ചയിച്ചിട്ടെന്നപോലെ.

''നിങ്ങളുടെ പാവം ഇടയൻ!'' അവൾ പറഞ്ഞു: ''കിറുക്കനും മതഭ്രാന്തനുമായി ആരെങ്കിലുമുണ്ടെങ്കിൽ അത് അയാൾതന്നെയാണ്! തൻെറ അതിവിചിത്രമായ ആശയങ്ങൾ ഈ താഴ്വരയിൽ ചെലവാകുകയില്ലെന്ന് അയാൾ മനസ്സിലാക്കും. അയാൾ നിർബ്ബന്ധപൂർവ്വം ഇങ്ങോട്ടു വരുകയാണെങ്കിൽ, ഇന്നുരാവിലെ ശ്രീമതി ദുശ്ശകുനത്തിൻെറ കുടിലിൽവച്ചു ലഭിച്ചതുപോലുള്ള സ്വീകരണമായിരിക്കും ഇവിടെയും കിട്ടുക.''

അവളുടെ ഭർത്താവ് ഒന്നും സംസാരിച്ചില്ല. അതുകൊണ്ട് സംതൃപ്തിയോടെ ചിരിച്ച് അവൾ തുടർന്നു: ''ഗ്രാമത്തിലെ തെരുവിലൂടെ നടക്കുമ്പോൾ, സാമർത്ഥ്യക്കാരിയായ ശ്രീമതി ധീര അവളുടെ ഇടയനെയും കൂട്ടി ശ്രീമതി ദുശ്ശകുനത്തിൻെറ തോട്ടത്തിൻെറ പടി തുറന്ന് അകത്തുകടന്ന് അവളുടെ കുടിലിൻെറ വാതിലിൽ മുട്ടുന്നതു ഞാൻ കണ്ടു. സംഭവിക്കാൻ പോകുന്നതെന്തെന്നു കാണാൻ ജിജ്ഞാസയോടെ ഞാൻ കാത്തുനിന്നു. എന്നിട്ട് എന്തുണ്ടായെന്നോ? തവിട്ടു നിറമുള്ള ഒരു അറുപഴഞ്ചൻ പുതപ്പും പുതച്ച് ശ്രീമതി ദുശ്ശകുനം വാതിൽ ഓന്നോ രണ്ടോ ഇഞ്ച് മാത്രം തുറന്നു. അവരുടെ സംഭ്രമം ശ്രദ്ധിക്കാതെ

www.malankaralibrary.com

ശ്രീമതി ധീര അരോചകമായ അത്യുത്സാഹത്തോടെ, ''ഇതാ അദ്ദേഹം, പ്രിയ ദുശ്ശകുനം!'' എന്നു പറഞ്ഞ് അകത്തേയ്ക്കു തള്ളിക്കയറുവാൻ ശ്രമിച്ചു. വൃദ്ധയായ പാവം ദുശ്ശകുനം പരുഷസ്വരത്തിൽ വിളിച്ചു പറഞ്ഞു: 'ഈ നിലയിൽ ആരേയും സ്വീകരിക്കുവാൻ എനിക്കു സാദ്ധ്യമല്ലെന്ന് നിനക്കു കാണരുതോ?' ഇതു പറഞ്ഞിട്ട്, അയാൾ നോക്കിനിൽക്കെ, അവൾ വാതിൽ വലിച്ചടച്ചു. ഇനി അത്രവേഗമൊന്നും അവിടം സന്ദർശിക്കാൻ അയാൾ പോവുകയില്ല! ചിരിച്ചു ചിരിച്ച് വല്ല അസുഖവും പിടിപെട്ടേക്കുമോ എന്നു ഞാൻ ഭയപ്പെട്ടു!''

ഇതിൻെറ സ്മരണതന്നെ അവളിൽ പഴയ അപകടഫലങ്ങൾ ഉളവാക്കുന്നതായി തോന്നി. സന്തോഷംകൊണ്ട് അവൾക്കു വീണ്ടും വീർപ്പുമുട്ട് അനുഭവപ്പെടാൻ തുടങ്ങി.

അവൾ ചിരിച്ചും കണ്ണുകൾ തുടച്ചും കൊണ്ടിരുന്നപ്പോൾ പെട്ടെന്ന്, പിന്നിൽ പകുതി തുറന്നുകിടന്ന വാതിലിലൂടെ ശാന്തമായ ഒരു സ്വരം കേട്ടു: ''ഞാൻ അകത്തേയ്ക്കു വരട്ടേ? താങ്കളോടു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.'' അത് ഇടയൻതന്നെ ആയിരുന്നു.

ഇടയൻെറ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ പരിഹസിക്കുവാൻ കഴിയും. പക്ഷേ അദ്ദേഹത്തെ മുഖാഭിമുഖം കാണുമ്പോഴത്തെ അവസ്ഥ മറ്റൊന്നാണ്. ഭയഭക്ത്യാദരങ്ങൾ ഉളവാക്കുന്ന രാജകീയമായ ഒരു ആജ്ഞാശക്തി അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൽ പ്രതിഫലിച്ചിരുന്നു.

തിക്തത പെട്ടെന്നു ചാടിഎഴുന്നേറ്റ് ഏറ്റവും നല്ല ചാരുകസേര മുമ്പോട്ടു നീക്കിയിട്ടു. അയാളുടെ മുഖം വിഷാദകലുഷിതമായിരുന്നെങ്കിലും , ഈ സന്ദർശനത്തെ സ്വാഗതം ചെയ്താലെന്നപോലെ, അടക്കിവെച്ച ഒരു ഉത്സാഹം അയാളുടെ പെരുമാറ്റരീതിയിൽ നിഴലിച്ചിരുന്നു. ആവലാതിയുടെ ചിരി നിന്നു. അവളുടെ മുഖത്തെ പരിഹാസഭാവം ജാലവിദ്യകൊണ്ടെന്നപോലെ അപ്രത്യക്ഷമായി. അല്പം മുമ്പുവരെ കിറുക്കനും മതഭ്രാന്തനുമായി ആരെ അവൾ മുദ്രകുത്തിയോ, ആർക്കെതിരെ വാതിൽ കൊട്ടിടയടയ്ക്കുമെന്ന് ഭീഷണിപ്പെടുത്തിയോ, അദ്ദേഹത്തോട് അവൾ പറഞ്ഞു: ''ദയവായി ഇരുന്നാലും, സാർ. കുടിക്കാൻ എന്തെങ്കിലും എടുക്കട്ടെയോ?''

www.malankaralibrary.com

അദ്ദേഹം തലയാട്ടി. അതിനുശേഷം കസേരയിൽ ഇരുന്ന് തിക്തത യോട് ശാന്തമായി ചോദിച്ചു: "സ്നേഹിതാ, കഴിഞ്ഞപ്രാവശ്യം കണ്ട പ്പോൾ ഞാൻ പറഞ്ഞകാര്യം നിങ്ങൾ പരിഗണിച്ചോ?"

"ഉവ്വ്," സാധാരണയായി പരുക്കൻ സ്വരത്തിൽ ഉറക്കെ സംസാരി ച്ചിരുന്ന തിക്തത സ്വരമടക്കി സാവകാശം പറഞ്ഞു: "ഉവ്വ്, എൻെറ ഭാര്യയും ഞാനും കൂടി അക്കാര്യം ഇപ്പോൾ ചർച്ചചെയ്തുകൊണ്ടിരിക്കു കയായിരുന്നു."

ശ്രീമതി തിക്തതയുടെ ഹൃദയം വിറച്ചു. എങ്കിലും തൻെറ ഭർത്താ വിൻെറമേൽ ഇടയനുള്ള സ്വാധീനത്തെയും തൻെറ ആനന്ദവിഷയമായ ഹോട്ടലിനെ ഉപേക്ഷിക്കാനുള്ള പ്രേരണയെയും ചെറുത്തുനിൽക്കുവാൻ അവൾ ദൃഢനിശ്ചയം ചെയ്തു. തൽക്കാലത്തേക്ക് അവൾ ഒന്നും പറഞ്ഞില്ല. പക്ഷേ മനസ്സിൻെറ സർവ്വശക്തിയും ഉപയോഗിച്ച് ഇടയ നെ പരമാവധി എതിർത്തുനിൽക്കുവാൻ വഴികൾ തേടിക്കൊണ്ടിരുന്നു. ആഗ്രഹത്തിനു വിപരീതമായി അവൾ കണ്ണുകൾ ഉയർത്തി ഇടയൻെറനേ രെ നോക്കി. അവളുടെ മനോഗതികളെല്ലാം ഉച്ചത്തിൽ പറഞ്ഞുകേട്ടി ട്ടെന്നപോലെ അദ്ദേഹം അവളുടെനേരെ നോക്കുകയായിരുന്നു. അ ദ്ദേഹത്തിൻെറ മുഖത്തു നിഴലിച്ച അനുകമ്പ അവളെ അത്ഭുതപ്പെടുത്തി. അത് തൻെറ എതിർപ്പിനെ തകർത്തേക്കുമോ എന്നവൾ ഭയപ്പെട്ടു. എങ്കി ലും അവൾ ഒന്നും പറഞ്ഞില്ല. എന്തുംവരട്ടെയെന്ന ഭാവത്തിൽ എതിർ പ്പിനുള്ള സർവ്വശക്തിയും സംഭരിച്ചു.

"ധനവാൻ സ്നേഹസാമ്രാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരമാണ്," ഇടയൻ അവളോടായി പറഞ്ഞു.

"എന്തുകൊണ്ട്?" ശ്രീമതി തിക്തത ചുണ്ടുകൾ ഇറുക്കിപിടിച്ച് ഒരു കൂസലും കൂടാതെ ചോദിച്ചു.

"എന്തുകൊണ്ടെന്നാൽ ഒരുവന് ദൈവത്തെയും ധനത്തെയും ഒന്നി ച്ചു സ്നേഹിക്കുവാൻ സാദ്ധ്യമല്ല," ഇടയൻ പറഞ്ഞു. "അത് തീർത്തും അസാദ്ധ്യമാണ്."

"ക്ഷമിക്കണം, സാർ," ശ്രീമതി തിക്തത, നിർവ്വികാരയായി പറഞ്ഞു: ദൈവത്തെ സ്നേഹിക്കുന്നില്ലായെന്ന് ന്യായമായി എന്നെ

www.malankaralibrary.com

കുറ്റപ്പെടുത്താൻ ആർക്കും സാദ്ധ്യമല്ലെന്നു ഞാൻ താങ്കളോടു പറയട്ടെ. ഞാൻ വിശ്വസ്തതയോടെ പള്ളിയിൽ പോകുന്നു (ഹോട്ടലിൽ തിരക്കില്ലാത്തപ്പോഴെല്ലാം); അർഹമെന്നു തോന്നുന്ന ഉപവിപ്രവർത്തികൾക്കെല്ലാം മറ്റുള്ളവരെക്കാൾ ഉദാരമായി ഞങ്ങൾ സംഭാവന ചെയ്യുന്നു; എന്റെ കൊച്ചുമക്കളെയെല്ലാം മുറയ്ക്ക് മാമ്മോദീസാ മുക്കിയിട്ടുണ്ട്. അയൽക്കാരനെ സ്നേഹിക്കുന്ന കാര്യമാണെങ്കിൽ (അടുത്തതായി താങ്കൾ ഉദ്ധരിക്കുവാൻ പോകുന്നത് അതാണെന്നു ഞാൻ വിചാരിക്കുന്നു), ആരോടെങ്കിലും അനീതിയോ നിന്ദനമോ ദയയില്ലായ്മയോ കാണിച്ചിട്ടുള്ളതായി എന്നെ കുറ്റപ്പെടുത്താൻ ആർക്കും കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട്. സ്രഷ്ടാവ് എന്നെ ന്യായമായി കുറ്റം വിധിക്കത്തക്കവിധത്തിൽ എന്തെങ്കിലും ചെയ്തിട്ടുള്ളതായി എനിക്കറിഞ്ഞുകൂടാ. വാസ്തവത്തിൽ, കച്ചവടത്തിന്റെ അഭിവൃദ്ധിയാണ് മുമ്പത്തെക്കാൾ ഉദാരമായി ആവശ്യക്കാരെ സഹായിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്നത്. ഒരുവനു തന്റെ സ്രഷ്ടാവിനെയും അയൽക്കാരനെയും ധനത്തെയും ഓരേസമയത്ത് സ്നേഹിക്കുവാൻ സാദ്ധ്യമല്ലെന്നു പറയുന്ന താങ്കൾക്കു തെറ്റുപറ്റിയെന്ന് ഞാൻ വിശ്വസിക്കുന്നു.''

''മച്ചിൻമുകളിലുള്ള ആ പാവം പെൺകുട്ടിയെ നിങ്ങൾ സ്നേഹിക്കുന്നില്ല,'' ഇടയൻ ആവുന്നത്ര ശാന്തമായും സൗമ്യമായും പറഞ്ഞു.

ആവലാതിയുടെ കവിളുകൾ കോപംകൊണ്ടു തുടുത്തു. ''എനിക്ക് എതിരായി എന്താണ് അവൾ പറഞ്ഞത് ?'' ചുണ്ടുകൾ കടിച്ചമർത്തിക്കൊണ്ട് അവൾ ചോദിച്ചു.

''യാതൊന്നും പറഞ്ഞില്ല,'' ഇടയൻ ശാന്തതവെടിയാതെ പറഞ്ഞു. സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന്റെ കണ്ണുകൾ അവർ ഇരുന്നിരുന്ന സുഖപ്രദവും വായുസഞ്ചാരമുള്ളതുമായ മുറിയിൽ ചുറ്റിത്തിരിഞ്ഞ് അവിടെയിട്ടിരുന്ന വിഭവങ്ങൾ നിറഞ്ഞ മേശയിൽ എത്തിനിന്നു. അദ്ദേഹം തുടർന്നു: ''നിന്നെപ്പോലെ അവളെ നീ സ്നേഹിച്ചിരുന്നെങ്കിൽ ക്ഷീണിതയും രോഗിണിയുമായ അവൾക്ക് ചുട്ടുപൊള്ളുന്ന ആ മച്ചിൽ കഴിയേണ്ടിവരികയില്ലായിരുന്നു; മറ്റുള്ളവരുടെ ദയകൊണ്ടു ലഭിക്കുന്ന റൊട്ടിയും ചായയും മറ്റും കൊണ്ട് വിശപ്പടക്കേണ്ടി വരികയില്ലായിരുന്നു.''

www.malankaralibrary.com

ആവലാതിയുടെ മുഖത്തെ ക്ഷോഭം കുറേക്കൂടി വർദ്ധിച്ചു. "ജോലിചെയ്യുവാൻ കഴിയാതെ മാസങ്ങളായിട്ട് അവൾ അവിടെ കിടക്കുകയാണ്; എന്നിട്ടും ഞാൻ അവളെ വീട്ടിൽനിന്ന് ഇറക്കിവിടുകയോ വാടക ചോദിക്കുകയോ ചെയ്തിട്ടില്ല. അവൾ ഇവിടെ അലസയായി കിടക്കുകയും കുടുംബത്തിനു പേരുദോഷമുണ്ടാക്കിയ അവളുടെ നാണം കെട്ട ഭർത്താവിന്റെ ജോലിചെയ്യുവാൻ മറ്റൊരാളെ കൂലിക്കു നിർത്താൻ ഞങ്ങൾ നിർബ്ബന്ധിതരാകുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ അവളെ ഒരു രാജകുമാരിയെപ്പോലെ ഞാൻ തീറ്റിപ്പോറ്റണമെന്നാണോ താങ്കൾ പറയുന്നത്?"

"ആ ചോദ്യങ്ങൾക്ക് ഉത്തരം നിനക്കുതന്നെ അറിയാം," ഇടയൻ പറഞ്ഞു. അദ്ദേഹത്തിന്റെ സ്വരം പേടിപ്പെടുത്തുമാറ് കർക്കശമായിരുന്നു. എന്നാൽ കുറേക്കൂടി മൃദുലസ്വരത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു: "ഞാൻ ആവർത്തിച്ചു പറയുന്നു, ധനവാന് യഥാർത്ഥ സ്നേഹത്തെപ്പറ്റി എന്തെങ്കിലും അറിയുക ദുഷ്ക്കരംതന്നെ."

"അപ്പോൾ," ആവലാതി വികാരാവേശത്തോടെ ഉച്ചത്തിൽ പറഞ്ഞു, "അപ്പോൾ, താങ്കൾ ഇവിടെ വന്നിരിക്കുന്നതിന്റെ ലക്ഷ്യമിതാണ്: എല്ലാം വലിച്ചെറിയാൻ ഞങ്ങളോടാവശ്യപ്പെടുക - ഞങ്ങളുടെ പ്രയത്നവും കഠിനാദ്ധ്വാനവുംകൊണ്ടു നേടിയതെല്ലാം!"

"അതെ," എഴുന്നേറ്റ് ഇടയൻ പറഞ്ഞു. "അതെ, ആവലാതീ, എല്ലാം ദൂരെ എറിയുക. അതു നിങ്ങളെ നശിപ്പിക്കുന്നു; നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കുന്നു; നിങ്ങളിൽ വിഷം കുത്തിവയ്ക്കുന്നു. അതു ദൂരെ എറിയൂ; കാരണം ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നഷ്ടപ്പെട്ടാൽ നിനക്ക് എന്തുപ്രയോജനം?"

"ഞാൻ ഉപേക്ഷിക്കുകയില്ല," പെട്ടെന്ന് ആത്മനിയന്ത്രണംവിട്ട് നിലത്തു ചവിട്ടി ശബ്ദം ഉണ്ടാക്കിക്കൊണ്ട് അവൾ പറഞ്ഞു: "ഞാൻ ഉപേക്ഷിക്കുകയില്ല. ന്യായമായി സമ്പാദിച്ചവ ഞങ്ങളിൽ നിന്നെടുക്കുവാനുള്ള അവകാശം താങ്കൾക്കുതരാൻ ഈ ലോകത്തിൽ ഒന്നിനും, യാതൊന്നിനും, സാദ്ധ്യമല്ലെന്ന് ഞാൻ തറപ്പിച്ചുപറയുന്നു." അവൾ ചീറിക്കൊണ്ട് ആവർത്തിച്ചു: "ഇതെല്ലാം എന്റെ സ്വന്തമാണ് - ഇത് എന്നിൽനിന്ന് എടുക്കാൻ താങ്കളെ ഞാൻ ഒരിക്കലും അനുവദിക്കുകയില്ല."

www.malankaralibrary.com

അദ്ദേഹത്തിൻെറ മുഖത്തെ അനുകമ്പയും സഹാനുഭൂതിയും, അവളുടെ മുഖത്തെ അടങ്ങാത്ത ക്ഷോഭവും കാണേണ്ട ഒരു കാഴ്ചത ന്നെ ആയിരുന്നു.

"ആവലാതീ, ഇവിടെനിന്നു പിരിയുംമുമ്പ് ഒരുകാര്യം എനിക്കു നി ന്നോടു പറയാതിരിക്കുക വയ്യ." ശാന്തവും അനുകമ്പാർദ്രവുമായ സ്വ രത്തിൽ ഇടയൻ പറഞ്ഞു, "ഭൗതിക സമ്പത്തിൽ ഹൃദയം വയ്ക്കുന്നതി ൻെറ വ്യർത്ഥതയും ഉപയോഗശൂന്യതയും ഇപ്പോൾ നീ മനസ്സിലാക്കുന്നി ല്ലെങ്കിൽ, കുറേക്കൂടി ദുഷ്ക്കരമായ മറ്റേതെങ്കിലും വിധത്തിൽ നിനക്ക് അതു പഠിക്കേണ്ടിവരും." ഇതു പറഞ്ഞിട്ട് വളരെ സ്വരമടക്കി അദ്ദേഹം തുടർന്നു: "സ്നേഹത്തിൻെറ സ്വാതന്ത്ര്യവും സന്തോഷവും അനുഭവി ക്കുവാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട നിന്നെ, പണത്തിൻെറയും സമ്പത്തി ൻെറയും അടിമയായി കഴിയുന്ന പരിതാപകരമായ ഈ അവസ്ഥയിൽ ഉപേക്ഷിച്ചുപോകുവാൻ എനിക്ക് എങ്ങനെ കഴിയും?"

ഭയത്തോടെയെങ്കിലും യാചനാഭാവത്തിൽ തൻെറ മുഖത്തു ദൃഷ്ടി കൾ ഉറപ്പിച്ച് ഈ സമയമത്രയും നിശ്ശബ്ദനായി അവിടെ നിന്നിരുന്ന അവളുടെ ഭർത്താവിൻെറ നേരെ നോക്കി അദ്ദേഹം പറഞ്ഞു: "തിക്ത തേ, എൻെറ പിന്നാലെ വരൂ." എന്നിട്ട് അദ്ദേഹം തിരിഞ്ഞു മുറിയിൽ നിന്നു പുറത്തേയ്ക്കുപോയി.

തിക്തത അദ്ദേഹത്തിൻെറ പിന്നാലെ ഒരടിവച്ചു. അപ്പോഴേക്ക് അയാളുടെ ഭാര്യ ഒരു ഞരമ്പുരോഗിയെപ്പോലെ അലമുറ കൂട്ടുകയും യാത്ര തടയാൻ സർവ്വശക്തിയും ഉപയോഗിച്ച് അയാളുടെമേൽ പിടിച്ചു തൂങ്ങുകയും ചെയ്തു. "പോകരുത്!" അവൾ നിലവിളിച്ചു. "നമ്മുടെ കുഞ്ഞുങ്ങളെ ഓർത്ത് ! എന്നെ ഓർത്ത്! നിങ്ങൾക്കു സകലതും നഷ്ട പ്പെടും. അയാൾ എല്ലാം ആവശ്യപ്പെടും."

അവളുടെ ഭർത്താവ് നിശ്ചലനായി തല ഭിത്തിയിൽ ചാരി നിന്നു കൊണ്ട് മരണവേദനകൊണ്ടെന്നപോലെ നെടുവീർപ്പിട്ടു. "ഇതുവളരെ ദുഷ്ക്കരമാണ്," ആ പാവം ധനവാൻ നിരാശയോടെ മന്ത്രിച്ചു. "ഇതു ദുഷ്ക്കരമാണെന്നു മാത്രമല്ല, അസാദ്ധ്യവുമാണ്." തുറന്ന വാതിലിലൂ ടെ ഇടയൻെറ വ്യക്തവും, ശാന്തമെങ്കിലും വെല്ലുവിളിയുയർത്തുന്നതു മായ സ്വരം കടന്നുവന്നു: "മനുഷ്യന് ഇത് അസാദ്ധ്യമാണ്; എന്നാൽ

www.malankaralibrary.com

ദൈവത്തിന് എല്ലാം സാദ്ധ്യമാണ്.'' അതോടെ പിൻവാങ്ങുന്ന കാലടികളുടേയും അടയുന്ന വാതിലിൻെറയും ശബ്ദം അവർ കേട്ടു.

* * * * *

ഇടയൻ സത്രത്തിൽനിന്നിറങ്ങിയപ്പോൾ പുറത്തുനിന്നിരുന്ന ശ്രീമതി ധീര അദ്ദേഹത്തെ കണ്ടു. ആകാംക്ഷയോടെ അവൾ അദ്ദേഹത്തിൻെറ അടുക്കലേയ്ക്കു വന്നു. ''ഓ!'' അവൾ സന്തോഷത്തോടെ പറഞ്ഞു, ''അങ്ങ് ഇവിടെയുണ്ടോ! ദയവായി എൻെറ കൂടെ വരൂ. ഇന്നു രാവിലെ അങ്ങയുടെ മുമ്പിൽ വാതിൽ കൊട്ടിയടച്ച നിമിഷം മുതൽ ശ്രീമതി ദുശ്ശകുനം ഒരു ഭ്രാന്തിയെപ്പോലെ ആയിത്തീർന്നിരിക്കുന്നു. അങ്ങ് ഇനി അവളുടെ പക്കലേയ്ക്കു ചെല്ലുകയില്ലെന്നും അങ്ങയുടെ സഹായം ഇനിയൊരിക്കലും അവൾക്കു കിട്ടുകയില്ലെന്നും ഇന്നു രാവിലത്തെ തിരസ്ക്കാരത്തിനുശേഷം അങ്ങ് അവളെ അവളുടെ ദുരിതാവസ്ഥയിൽ ഉപേക്ഷിക്കുകയേയുള്ളുവെന്നുമാണ് അവളുടെ ഭയം. ഓ, ദയവായി ഇപ്പോൾതന്നെ വരുക, ഉടനെ!''

ഉടൻ ശ്രീമതി ധീരയോടൊപ്പം ശാന്തമായ തെരുവീഥിയിലൂടെ താഴോട്ടുനടന്ന് ശ്രീമതി ദുശ്ശകുനത്തിൻെറ കുടിലിനുചുറ്റും കളപിടിച്ച് അലങ്കോലപ്പെട്ടു കിടന്ന പൂന്തോട്ടത്തിലേയ്ക്ക് അദ്ദേഹം പ്രവേശിച്ചു. അതിനുശേഷം അദ്ദേഹം കയ്ഉയർത്തി അടഞ്ഞുകിടന്ന വാതിലിൽ മുട്ടി. അത് അല്പം തുറന്നു; വിളറിയതും ദുഃഖാന്വിതവുമായ മുഖത്തോടെ ശ്രീമതി ദുശ്ശകുനം എത്തിനോക്കി. ഇടയനെ കണ്ടമാത്രയിൽ ഒരടി പ്രതീക്ഷിച്ചിട്ടെന്നപോലെ അവൾ പെട്ടെന്ന് പുറകോട്ടു വലിഞ്ഞു. അദ്ദേഹം ഒന്നും പറയാതെ അവളുടെനേരെ നോക്കിക്കൊണ്ടു കാത്തുനിന്നു. അവസാനം, ശ്രീമതി ദുശ്ശകുനം അടിമുടി വിറച്ച് വാതിൽ കുറച്ചുകൂടെ തുറന്നുകൊടുത്തു. അദ്ദേഹം അകത്തു പ്രവേശിച്ചു.

സംഭവിച്ചതുകണ്ട് ശ്രീമതി ധീര, സന്തോഷവതിയും ഒരു മാതൃഹൃദയത്തിൻെറ ഉടമയുമായ ശ്രീമതി ധീര, പെട്ടെന്ന് ഭ്രാന്തുപിടിച്ചവളെപ്പോലെ ഗ്രാമവീഥിയിലൂടെ താഴേയ്ക്ക് മടങ്ങി ഓടി. അവൾ സത്രത്തിൻെറ വാതിലിൽക്കൂടി അതിവേഗം അകത്തുകടന്ന് പിന്നിലെ ഗോവണിപ്പടി കയറി, വിഷാദിനിയും ദ്രോഹിണിയും ഒന്നിച്ചിരുന്നു കീറത്തുണി തുന്നിയിരുന്ന മുകൾപുരയുടെ വാതിൽക്കലെത്തി, മുട്ടുവാൻപോലും കാത്തുനിൽക്കാതെ, ഉള്ളിലേയ്ക്കു തള്ളിക്കയറി. വാതിൽ തുറക്കുന്നതു

www.malankaralibrary.com

കണ്ട് അവർ പകച്ചു നോക്കിയപ്പോൾ ശ്രീമതി ധീര ചിരിച്ചും കരഞ്ഞും കിതച്ചും കൊണ്ട് അവരുടെ മുമ്പിൽ നിൽക്കുന്നതായി കണ്ടു.

“നിങ്ങളുടെ അമ്മ,...........” കിതപ്പുകൊണ്ട് തുടരാൻ കഴിയാതെ അവൾ ഒരു നിമിഷത്തേക്കു നിശ്ശബ്ദയായി നിന്നു. അതിനുശേഷം ആനന്ദാശ്രുക്കൾ പൊഴിച്ച് അവൾ സന്തോഷവാർത്ത അറിയിച്ചു: “നിങ്ങളുടെ അമ്മ, ഇതാ ഇടയനെ അവളുടെ കുടിലിലേയ്ക്ക് സ്വാഗതം ചെയ്തിരിക്കുന്നു!”

www.malankaralibrary.com

### അദ്ധ്യായം - 6

# ജടാമാഞ്ചിമല (സമാധാനം)

## പരിഹാരംചെയ്യുന്ന സ്നേഹം

ഒൻപതു പർവ്വതങ്ങളടങ്ങുന്ന സുഗന്ധഗിരിനിരയുടെ അടുത്തഭാഗമായ ജടാമാഞ്ചിമലയിലേയ്ക്ക് അഥവാ സമാധാനഗിരിയിലേയ്ക്ക് രാജാവു കൃപാമഹത്വത്തെ കൂട്ടിക്കൊണ്ടുപോയി. പർവ്വതങ്ങളുടെ താഴ്ന്ന ചരിവുകളെ പലപ്പോഴും മൂടാറുള്ള മൂടൽമഞ്ഞിൻെറയും കാർമേഘങ്ങളുടെയുംമെല്ലാം അപ്പുറം വളരെ ഉയർന്ന പ്രദേശങ്ങളിൽ മാത്രം വളരുന്ന ഒരു പ്രത്യേകതരം കുറ്റിച്ചെടി ഈ പർവ്വതസാനുക്കളിൽ കാണാമായിരുന്നു. രാജാവിൻെറ ഈ ജടാമാഞ്ചിച്ചെടികൾ ലോകത്തിൽ മറ്റൊരിടത്തും വളർത്താൻ കഴിയുമായിരുന്നില്ല. എന്നാൽ ഉന്നതങ്ങളുടെ ആ ഭാഗത്ത് അവ അത്ഭുതകരമാംവിധം തഴച്ചു വളർന്നിരുന്നു. ഈ ഔഷധച്ചെടിയിൽനിന്നാണ്, എല്ലാ അസ്വസ്ഥതയും വേദനയും പനിയും ഉന്മൂലനംചെയ്യുന്ന സിദ്ധൗഷധമായ സമാധാനതൈലം അദ്ദേഹം ഉല്പാദിപ്പിച്ചിരുന്നത്. ഈ കുറ്റിച്ചെടിയുടെ വേരിൽനിന്നെടുക്കുന്ന സുഗന്ധസമൃദ്ധമായ ഒരുതരം എണ്ണയാണ് അത്. ഉന്നതങ്ങളിലെ നിവാസികളെല്ലാവരും, അവർ എവിടെ പോയാലും, താഴ്വരയിൽ സന്ദർശനത്തിനുപോകുമ്പോൾ പ്രത്യേകിച്ചും, ഈ പരിമളതൈലം കൂടെ കൊണ്ടുപോവുകയും ദിവസേന തങ്ങളുടെമേൽ അതു പൂശുകയും ചെയ്തിരുന്നു. അതുകൊണ്ട് ഈ സുഗന്ധതൈലത്തിൻെറ യഥാർത്ഥ ഉറവിടമായ കുറ്റിച്ചെടികൾ പർവ്വതസാനുക്കളിൽ നിറഞ്ഞു നിൽക്കുന്നതു നേരിൽ കണ്ടപ്പോൾ കൃപാമഹത്വത്തിനു വളരെ സന്തോഷം തോന്നി.

www.malankaralibrary.com

പർവ്വതസാനുക്കളിലൂടെ ധാരാളം തോടുകളും അരുവികളും താഴേയ്ക്ക് ഒഴുകിയിരുന്നത് അവൾ ശ്രദ്ധിച്ചു. എല്ലാ കുറ്റിച്ചെടികളുടെയും വേരുകൾ അവയിലേയ്ക്ക് ഇറങ്ങിച്ചെന്നിരുന്നു. അവയിൽനിന്നാണ് ഈ വേരുകൾ സമാധാനത്തിന്റെ ഔഷധഗുണം വലിച്ചെടുത്ത് ശേഖരിച്ചിരുന്നത്. ജടാമാഞ്ചിമല വാസ്തവത്തിൽ ഒരു സാക്ഷാത്തായ "ഉറവത്തോട്ടവും ജീവജലത്തിന്റെ കിണറും ലബനോനിൽനിന്ന് ഒഴുകുന്ന അരുവികളുമായിരുന്നു." (ഉത്തമഗീതം 4:15) അവിടെ വളർന്നിരുന്ന കുറ്റിച്ചെടികളുടെ വേരുകൾ ആവേശത്തോടും ദാഹത്തോടുംകൂടെ താഴേയ്ക്കിറങ്ങി ഈ അരുവികൾ കൊണ്ടുവന്നിരുന്നവയെല്ലാം സ്വീകരിക്കുകയും പാനംചെയ്യുകയും ചെയ്തിരുന്നു. ഒന്നും നിരസിക്കാതെ എല്ലാം സന്തോഷത്തോടെ സ്വീകരിച്ച് ഉള്ളിലേയ്ക്കു വലിച്ചെടുത്ത് അവയെ സൗന്ദര്യവും പരിമളവും സൗഖ്യദായകതൈലവുമായി അവ രൂപാന്തരപ്പെടുത്തി.

അവർ ഇരുവരും കുറ്റിച്ചെടികളുടെ ഇടയിലൂടെ നടന്നുനീങ്ങവെ രാജാവു യഥാർത്ഥസമാധാനത്തിന്റെ സ്വഭാവത്തെപ്പറ്റി കൃപാമഹത്വത്തിനു വിശദീകരിച്ചുകൊടുത്തു. ജീവിതപാതയിൽ തന്റെ ജനത്തിനുസംഭവിക്കുവാൻ ദൈവം അനുവദിക്കുന്നവയെല്ലാം സന്തോഷത്തോടെ സ്വീകരിക്കുകയും, "എന്റെ ദൈവമെ അങ്ങേ ഹിതം നിറവേറ്റുന്നതിൽ ഞാൻ ആനന്ദംകൊള്ളുന്നു" എന്നു പാടിക്കൊണ്ട് ഉന്നതങ്ങളിൽനിന്ന് താഴേയ്ക്കു കുതിച്ചുപായുന്ന ആഹ്ലാദത്തിന്റെ അരുവികളെ ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ സമാധാനം സംജാതമാകുന്നത്. അങ്ങനെ മണ്ണിനെ നനയ്ക്കുകയും സമാധാനത്തിന്റെ കൊച്ചുമരങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നത് ഈ അരുവികളത്രേ. പിന്നെ അദ്ദേഹം മറ്റൊരു പർവ്വതഗാനം അവളെ പഠിപ്പിച്ചു.

*അംഗീകാരത്തിലത്രേ സമാധാനം.*
*എന്റെ ഹൃദയമേ പ്രശാന്തത ധരിക്കൂ*
*നിന്റെ അസ്വസ്ഥതകളും ഉൽക്കണ്ഠകളും ശമിക്കട്ടെ.*
*അവന്റെ തിരുഹിതം നീ സ്വന്തമാക്കൂ*
*ഈ പരീക്ഷണം നിനക്ക് അഹിതമെങ്കിലും*
*അവന്റെ കരങ്ങളിൽ നിന്നാണെന്നോർത്തു സന്തോഷിക്കൂ.*

www.malankaralibrary.com

*നിന്നെ വേദനിപ്പിക്കുന്ന യാതൊന്നും*
*അവന്റെ പദ്ധതിയിലുണ്ടാവില്ല.*
*നിനക്കുവേണ്ടി അവൻ കരുതിവച്ചത് ഇതാണെങ്കിൽ*
*സന്തോഷത്തോടെ സ്വീകരിക്കൂ.*
*നിന്റെ രാജാവിന്റെ മഹത്വത്തിനായി*
*ഇതിൽ നിന്നു നീ നന്മ വിരിയിക്കൂ.*

*ദുഃഖങ്ങളും പരിദേവനങ്ങളും വിട്ട്*
*അവന്റെ സ്നേഹോദാരത പ്രകീർത്തിക്കുക.*
*സമ്പൽ സമൃദ്ധിയിലേക്ക് മുന്നേറാൻ*
*ഇത് നിനക്കു സഹായമരുളും*
*ഭയങ്ങളിൽ നിന്ന് അവൻ നിനക്കുമോചനമേകും*
*അംഗീകാരത്തിലത്രേ സമാധാനം.*

കുറ്റിച്ചെടിത്തോട്ടത്തിൽ അങ്ങിങ്ങായി ചെറുകുളങ്ങളും തടാകങ്ങളും ഉണ്ടായിരുന്നു. തോട്ടത്തെ നനച്ചിരുന്ന എണ്ണമറ്റ സൗഖ്യദായകങ്ങളായ അരുവികൾ അവയിലൂടെ ഒഴുകി അവസാനം ഇന്ദ്രനീലനിറമുള്ള വലിയൊരു ജലാശയത്തിൽ ചെന്നുചേർന്നു. ഈ തടാകങ്ങളിലും കുളങ്ങളിലും തിങ്ങിനിറഞ്ഞിരുന്ന ആമ്പൽപൂക്കൾക്കിടയിലൂടെ നിറപ്പകിട്ടാർന്ന മത്സ്യങ്ങൾ ജീവനുള്ള മനോഹര രത്നങ്ങളെപ്പോലെ തുള്ളിക്കളിച്ചിരുന്നു. മനംകവരുംവിധം മനോഞ്ജമായിരുന്നു ആ രംഗം. എന്നാൽ, ഒരുപക്ഷേ, ഏറ്റവും സന്തോഷപ്രദവും സൗഖ്യദായകവുമായ കാര്യം അവിടം മുഴുവൻ വ്യാപിച്ചിരുന്ന ഹൃദ്യമായ നിശ്ചലതയും ശാന്തതയും ആയിരുന്നു. എന്തുകൊണ്ടെന്നാൽ, താരതമ്യേന അല്പം ഉള്ളിലേയ്ക്കു തള്ളിനിന്നിരുന്ന ഈ മലയെ മറ്റുമലകൾ പൊതിഞ്ഞു നിൽക്കുകയും കൊടുങ്കാറ്റിൽനിന്നും പേമാരിയിൽനിന്നും സംരക്ഷിക്കുകയും ചെയ്തിരുന്നു. അവിടത്തെ പ്രശാന്തത നിമിത്തം അരുവികളുടെ മർമ്മരശബ്ദവും തേനീച്ചകളുടെ മൃദുലമായ മൂളലും സമാധാനത്തിന്റെ കുറ്റിച്ചെടികളിൽ കൂടുകെട്ടിയിരുന്ന മാടപ്രാവിന്റെ നേരിയ കുറുകലും മറ്റും വളരെ സാവകാശത്തിലേ കേൾക്കുവാൻ കഴിഞ്ഞുള്ളൂ.

വലിയ ജലസംഭരണിയുടെ അടുത്തെത്തിയപ്പോൾ രാജാവും സഹചാരിയും അതിന്റെ മുകളിലത്തെ കരയിൽ ഇരുന്നു. അവിടെ അവർ പർവ്വതത്തിന്റെ വക്കിലായിരുന്നതുകൊണ്ട് നേരെ താഴെ

www.malankaralibrary.com

അങ്ങകലെയായി അവമതീതാഴ്‌വര കാണാമായിരുന്നു. വാസ്തവത്തിൽ താഴ്‌വരയും ഉന്നതങ്ങളും തമ്മിലുള്ള ഏറ്റവും ദൂരം കുറഞ്ഞവഴി ജടാമാഞ്ചിമലയുടെ അരികിൽ കൂടി മുകളിലേയ്ക്കാണെന്ന് രാജാവു വിവരിച്ചുകൊടുത്തു. എന്നാൽ പർവ്വതത്തിൻെറ താഴ്ന്ന ഭാഗങ്ങളിൽ സാധാരണ അനുഭവപ്പെടുന്ന കൊടുങ്കാറ്റ് അവർ ഇരുന്നഭാഗത്തിനു താഴെ അതിശക്തവും ഏറ്റവും അപകടകാരിയുമാണെന്നകാര്യം അദ്ദേഹം അവളുടെ ശ്രദ്ധയിൽപ്പെടുത്തി. താഴെയുള്ള മേഘപാളികളെ പിളർക്കുന്ന ഇടിമിന്നലും അന്തരീക്ഷത്തെ ശബ്ദമുഖരിതമാക്കുന്ന ഇടിമുഴക്കവും അവിടെ ഇരുന്നുകൊണ്ടു കാണുകയും കേൾക്കുകയും ചെയ്യാമായിരുന്നു. എന്നിട്ടും ആഞ്ഞടിക്കുന്ന കൊടുങ്കാറ്റിൻെറ ഒരു ചെറു ചലനംപോലും പർവ്വതമുകളിലെ 'ശാന്തീതലത്തെ' സ്പർശിച്ചിരുന്നില്ല.

കുറച്ചുസമയത്തേയ്ക്കു രണ്ടുപേരും പൂർണ്ണ നിശ്ശബ്ദതയിൽ അവിടെത്തന്നെയിരുന്നു. അവിടെ അനുഭവപ്പെട്ട അഗാധമായ സ്വസ്ഥതയെയും ശാന്തതയെയും അവമതീതാഴ്‌വരയിലെ ആളുകളുടെ ജീവിതത്തിലെ സമ്മർദ്ദങ്ങളോടും കൊടുങ്കാറ്റുകളോടുമെന്നപോലെ ഉന്നതങ്ങളിലേയ്ക്കുള്ള ആദ്യയാത്രയിൽ തനിക്കുതന്നെ നേരിടേണ്ടിവന്ന സംഘർഷവും പ്രകൃതിക്ഷോഭങ്ങളും നിറഞ്ഞ രംഗങ്ങളോടും തുലനം ചെയ്യാതിരിക്കാൻ കൃപാമഹത്വത്തിനു കഴിഞ്ഞില്ല. ഭയം, പക, കോപം, അസൂയ, അത്യാഗ്രഹം, കിടമത്സരങ്ങൾ എന്നിത്യാദി തിന്മകളാൽ ആന്തരികമായി പീഡിപ്പിക്കപ്പെടുകയും ഹൃദയവ്യഥ അനുഭവിക്കുകയും കൊടുങ്കാറ്റിലെന്നപോലെ ഉലയ്ക്കപ്പെടുകയും ചെയ്യുന്ന, അവമതീതാഴ്‌വരയിലെ തൻെറ അനേക ബന്ധുമിത്രാദികളെ അവൾ ഓർമ്മിച്ചു. അതോടൊപ്പം താഴ്‌വരയിൽനിന്ന് അധികം ദൂരയെല്ലാതെ കടൽതീരത്തു സ്ഥിതി ചെയ്യുന്ന 'വിനാശനഗരത്തിലെ' (City of Destruction) ജനസമൂഹങ്ങൾ സഹിക്കുന്ന ദുഃഖവും ആധിയും അവളുടെ ചിന്തയിലേക്കു കടന്നുവന്നു.

അടുത്ത കാലത്ത് രാജാവിനോടൊപ്പം അവൾ ആ നഗരം സന്ദർശിച്ചപ്പോൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവളുടെ മനസ്സിനെ മഥിക്കാൻ തുടങ്ങി. ആ വലിയ നഗരത്തിൽ രാജാവിൻെറ ജോലിക്കാർക്ക് അനുഭവപ്പെട്ട ഉൽക്കടമായ ദുഃഖവും സഹാനുഭൂതിയും അവൾ ഓർത്തു: പരിത്യക്തരും നിന്ദിതരും നിസ്സഹായരുമായ ജനങ്ങളുടെയിടയിലാണ് അവർ ജോലിചെയ്തിരുന്നത്. തങ്ങൾ ആർക്കുവേണ്ടി ജോലിചെയ്തി

www.malankaralibrary.com

രുന്നുവോ അവരുടെ സഹനങ്ങളിലും കഷ്ടപ്പാടുകളിലും അവരോട് ഒന്നു ചേർന്ന ആ രാജസേവകർക്കു തങ്ങളുടെ ചുറ്റുമുള്ള വേദനകളുടെ മുമ്പിൽ ചിലപ്പോൾ നിരാശപോലും തോന്നിയിരുന്നു. തിന്മയും അപമാനവും നിറഞ്ഞ ചുറ്റുപാടിൽ ജനിച്ച നിഷ്കളങ്കരും നിസ്സഹായരുമായ കുട്ടികളുടെ അവസ്ഥയായിരുന്നു ഏറെ ദയനീയം. തിന്മയിൽനിന്നു തിന്മയിലേക്കു നിപതിച്ച് ജീവിതം അടിക്കടി ദുരിതപൂർണ്ണമാക്കാൻ വിധിക്കപ്പെട്ട അവർക്ക് രക്ഷാമാർഗ്ഗം ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

ഈ കാര്യങ്ങൾ ഓർമ്മിച്ചപ്പോൾ കൃപാമഹത്വം ചെറുതായൊന്നു നെടുവീർപ്പിട്ടു. ഉന്നതങ്ങളിൽ അവർ ഇരുന്നിരുന്ന സ്ഥലത്തെ സമാധാനത്തിൻെറയും സൗന്ദര്യത്തിൻെറയും വശ്യതയുടെയുംമേൽ നിഴൽ പരന്ന് ഇരുണ്ടു പോകുന്നതായി അവൾക്കു തോന്നി. താഴ്വരയിലെ ജീവിതം ഇത്ര ക്രൂരവും ഭയാനകവുമായിരിക്കെ താൻ "ഈ സ്വർഗ്ഗീയ ഇടങ്ങളിൽ" ഇരിക്കുന്നതു ശരിയല്ലെന്ന തോന്നൽ. താൻ അനുഭവിക്കുന്ന അതേ സന്തോഷത്തിൽ പങ്കുചേരാനോ തൻെറ അടുത്തിരിക്കുന്ന സ്നേഹരാജാവിനെപ്പറ്റി അറിയുവാൻപോലുമോ അവസരം കിട്ടാത്ത അനേകർ ഉള്ളപ്പോൾ ഇത്രയധികം ആനന്ദിക്കുവാൻ തനിക്ക് എന്തവകാശമാണുള്ളത്?

അപ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നതായി അവൾ കേട്ടു:

"കൃപാമഹത്വമേ, ലോകത്തിലെ സഹനങ്ങളുടെ ഒരംശമെങ്കിലും അനുഭവിക്കാൻ തുടങ്ങുകയും മലിനമാർന്നതും വികൃതവുമായ ജീവിതങ്ങളോട് നിനക്കുള്ള ഐക്യം മനസ്സിലാക്കുകയും ചെയ്യുക യുക്തവും അനുഗ്രഹദായകവുമാണ്. സ്നേഹത്തിൻെറതന്നെ ഹൃദയത്തെ അത് എങ്ങനെ സ്പർശിക്കുന്നുവെന്നും എല്ലാ തിന്മകളെയും കീഴടക്കി അവയുടെമേൽ വിജയമാഘോഷിക്കുന്നതുവരെ സ്നേഹത്തിനു വിശ്രമിക്കാനാവില്ലെന്നും മനസ്സിലാക്കുക. ഇവിടെ, ഈ ജടാമാഞ്ചിമലയിൽ വച്ച്, നിന്നെ പഠിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്ന സത്യം ഇതാണ്: യഥാർത്ഥ സമാധാനം- സ്നേഹത്തിൻെറ നിയമത്തോടുള്ള പൂർണ്ണമായ പൊരുത്തമാണിത്- സർവ്വ ഇടങ്ങളിലുമുള്ള എല്ലാ ജനഹൃദയങ്ങളിലേയ്ക്കും സംവഹിക്കപ്പെടുന്നതുവരെ സ്നേഹത്തിന് ഒരിക്കലും വിശ്രമിക്കാനാവില്ല. നീ ഇപ്പോൾ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന സ്നേഹസാക്ഷ്യത്തിൻെറയും ശുശ്രൂഷയുടെയുമെല്ലാം പ്രേരണയും പ്രചോദനവും

www.malankaralibrary.com

ഇതാണ്. എന്തുകൊണ്ടെന്നാൽ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കണം; അല്ലെങ്കിൽ അതു മരിക്കും. സ്വീകരിക്കുന്നതെല്ലാം മറ്റുള്ളവർക്കു കൊടുക്കണം; അല്ലെങ്കിൽ സ്നേഹമായി തുടരുക അതിനു സാദ്ധ്യമല്ല. പങ്കുവയ്ക്കലിലൂടെ വളർന്നെങ്കിൽ മാത്രമേ സ്നേഹത്തിന് നിൻെറ ഹൃദയത്തിൽ ജീവിക്കാനാവൂ. ദൈവസ്നേഹത്തിൻെറ സുവിശേഷം കേട്ടിട്ടില്ലാത്തവർക്ക് അത് എത്തിച്ചുകൊടുക്കുവാൻ എന്തു ത്യാഗവും സഹിക്കുവാനും മരണംതന്നെ വരിക്കുവാനും എന്നെ സ്നേഹിക്കുന്നവരെ നിർബന്ധിക്കുന്ന ശക്തി സ്നേഹമാണ്. ലോകത്തിൻെറ പാപങ്ങൾ വഹിക്കുന്ന ദൈവത്തിൻെറ കുഞ്ഞാടിനോടുള്ള സ്നേഹമാണത്. പാപപങ്കിലമായ സകലസൃഷ്ടിയും പാപത്തിൽനിന്നു പിൻതിരിഞ്ഞ് അവൻെറ രക്ഷാകരശക്തിയെ പ്രാപിക്കുന്നതുവരെ അവൻ ഈ ഭാരം വഹിക്കുകയും പാപികളോടൊത്തു സഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻെറ സൃഷ്ടികളെ മലിനമാക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന പാപം നിലനിൽക്കുന്നിടത്തോളം കാലം സ്നേഹത്തിന് തൻെറ കുരിശിൽനിന്ന് താഴെ ഇറങ്ങുവാനോ ലോകത്തിൻെറ പാപഭാരം വഹിക്കുന്നതിൽനിന്ന് വിരമിക്കുവാനോ സാധിക്കുകയില്ല.''

അദ്ദേഹം സംസാരം അവസാനിപ്പിച്ചപ്പോൾ, സർവ്വജീവജാലങ്ങളും വിറയലോടെ മുട്ടുകുത്തി ആരാധിച്ചാലെന്നപോലെ, സാന്ദ്രമായ നിശ്ശബ്ദത ജടാമാഞ്ചിമലയിലെങ്ങും വ്യാപിച്ചു. അവസാനം ഒരു ഗാനമാലപിച്ച് രാജാവുതന്നെ ആ നിശ്ശബ്ദതയെ ഭേദിച്ചു. വാക്കുകൾക്കതീതമെങ്കിലും കൃപാമഹത്വം കേട്ട ആ ഗാനത്തിൻെറ ഈരടികൾ ഇതാ:

*നാഥൻ സ്നേഹമാകുന്നു.*<br>
*ഓരോ നിലവിളിയും അവൻ ശ്രവിക്കുന്നു.*<br>
*അവൻെറ സൗമ്യത അതിശ്രേഷ്ഠമാണ്.*<br>
*വ്രണിത ഹൃദയത്തെ അവൻ അവഗണിക്കുകയില്ല.*<br>
*അനാഥമായി വിട്ടുകളയുകയുമില്ല.*<br>
*എന്തെന്നാൽ അവൻെറ സ്നേഹത്തിൽ*<br>
*നമ്മുടെ ദുഃഖങ്ങളോട് അവൻ ഒന്നുചേരുന്നു.*

www.malankaralibrary.com

*നാഥൻ സ്നേഹമാകുന്നു.*
*സ്നേഹം ഭയത്തെ നിർമ്മാർജ്ജനം ചെയ്യുന്നു*
*പാപബന്ധനങ്ങൾ അവൻ തകർക്കുന്നു*
*പാപത്താൽ രോഗബാധിതമായ*
*ഹൃദയത്തിൻെറ പ്രലാപങ്ങൾ അവൻ കേൾക്കുന്നു.*
*ദുഃഖങ്ങൾ സ്വന്തമാക്കുന്നു.*
*മനുഷ്യനു ചെയ്യാനാവാത്ത തെറ്റൊന്നുമില്ല*
*പക്ഷേ ദൈവത്തിൻെറ കുഞ്ഞാട് എല്ലാം സഹിച്ചേ പറ്റൂ.*

*നീ ഇതു മനസ്സിലാക്കാൻ ശ്രമിക്കൂ*
*(സ്നേഹം തന്നെയാണ് ഇതാവശ്യപ്പെടുന്നത്)*
*മനുഷ്യപുത്രനെ നീ മുറിപ്പെടുത്തുമ്പോൾ*
*ദൈവപുത്രൻ വീണ്ടും രക്തം ചിന്തുന്നു.*
*പാപത്തെ പൂർണ്ണമായും*
*നിഹനിക്കും വരെ*
*ദൈവത്തിൻെറ ഹൃദയം എങ്ങനെ സുഖം പ്രാപിക്കും?*

www.malankaralibrary.com

## അദ്ധ്യായം – 7

# ആത്മാനുകമ്പയുടെ മോചനം

പ്രഭാതജോലികളിൽ വ്യാപൃതയായി ശ്രീമതി ധീര ഉന്മേഷത്തോടും ഉത്സാഹത്തോടുംകൂടെ വീടിനു ചുറ്റും തിരക്കിട്ട് നടക്കുകയായിരുന്നു. തോട്ടത്തിൽ ചാരനിറമുള്ള തള്ളക്കോഴി തൻെറ മഞ്ഞനിറമുള്ള ഇളം കുഞ്ഞുങ്ങളുടെ പറ്റത്തെ ഇരതേടാൻ പഠിപ്പിക്കുന്നത് തുറന്നുകിടന്ന അടുക്കള വാതിലിലൂടെ അവൾക്കു കാണാമായിരുന്നു. താറാവുകുഞ്ഞുങ്ങൾ അടുത്തുള്ള അരുവിയിൽ ചിറകിട്ടടിച്ചു വെള്ളം തെറിപ്പിച്ചുകൊണ്ടിരുന്നു. പാണ്ടൻപൂച്ച സൂര്യപ്രകാശത്തിൽ കണ്ണു ചിമ്മുകയും തേനീച്ചകൾ മൂളിക്കൊണ്ടു തോട്ടം മുഴുവൻ പാറിനടക്കുകയും ചെയ്തു. അടുത്ത കുടിലിൽ കരുണ പാട്ടുംപാടി തൻെറ ജോലികൾ ചെയ്തുകൊണ്ടിരുന്നു.

''എത്ര സുന്ദരമായ ദിവസം!'' ശ്രീമതി ധീര സന്തോഷത്തോടെ ആത്മഗതം ചെയ്തു. ''വളരെ മനോഹരമായ എന്തിൻെറയോ വരവിനെ അതു വിളിച്ചറിയിക്കുന്നതുപോലെ. പാവം ദുശ്ശകുനത്തിൻെറ പഞ്ചാംഗത്തിൽ നാശത്തിൻെറ ദുഃസൂചനയല്ല കൊടുത്തിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. അവളെ പോയി കണ്ടാലോ എന്നു ഞാൻ ചിന്തിക്കുകയാണ്. ഇടയൻ അവളുടെ കുടിലിൽ പോയതിനുശേഷം എന്തു സംഭവിച്ചുവെന്നറിയാൻ എനിക്കു വളരെ ആഗ്രഹമുണ്ട്.''

അവളുടെ ചിന്ത അത്രയും എത്തിയപ്പോൾ ആരോ തോട്ടത്തിൻെറ ഇരുമ്പുപടി തുറക്കുന്ന ശബ്ദം കേട്ടു. വർണ്ണപ്പകിട്ടാർന്ന ചിത്രപ്പണിക

www.malankaralibrary.com

ളോടുകൂടിയ അതിമനോഹരമായ ഒരു ഷോൾ പുതച്ച് പൊക്കമുള്ള ഒരു സ്ത്രീ കടന്നുവരുന്നതായി അവൾ കണ്ടു. സ്വർണ്ണനൂലും വെള്ളിനൂലും പാകിനിർമ്മിച്ച അതിലെ ചിത്രപ്പണികൾ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന കാഴ്ച അത്യന്തം ഹൃദയഹാരിയായിരുന്നു.

ഷോളിൻെറ തിളക്കത്തിൽ അത്യധികം ആകൃഷ്ടയാവുകയും ഇത്ര ആഢംബരപൂർവ്വം വസ്ത്രധാരണം ചെയ്ത ഒരാൾ തോട്ടത്തിലൂടെ തൻെറ അടുക്കളവാതിലിനെ സമീപിക്കുന്നതിൽ അത്ഭുതപ്പെടുകയും ചെയ്ത ശ്രീമതി ധീരതയ്ക്ക് ഏതാനും നിമിഷത്തേയ്ക്ക് ആ വ്യക്തിയുടെ മുഖം തിരിച്ചറിയാൻ കഴിഞ്ഞില്ല. തിരിച്ചറിഞ്ഞപ്പോൾ അവൾ അത്ഭുതസ്തബ്ധയായി നെടുവീർപ്പിട്ടു. ഒന്നും വ്യക്തമായി കാണാനാവാത്ത വിധം അവളുടെ കണ്ണുകൾ സന്തോഷാശ്രുക്കൾക്കൊണ്ട് നിറഞ്ഞു.

"എൻെറ ദുശ്ശകുനമേ," ഇടറിയ സ്വരം നിയന്ത്രിച്ച് അവൾ ഉച്ചത്തിൽ പറഞ്ഞു. "ഞാൻ എന്താണ് ഈ കാണുന്നത് ? ഇത് നീ തന്നെയോ? ഞാൻ നിന്നെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു; നിന്നെ വന്നു കണ്ടാലോയെന്ന് ആലോചിക്കുകയായിരുന്നു. പക്ഷേ ഇതാണ് നൂറു മടങ്ങു ഭേദം ! നീ ഇവിടെ ഇരിയ്ക്ക്; ഞാൻ നിന്നെ ഒന്നു കാണട്ടെ. യഥാർത്ഥത്തിൽ ഇതു നീ തന്നെയാണ്, അല്ലേ, ദുശ്ശകുനം?"

തെല്ലൊരു സന്ദേഹത്തോടെ ശ്രീമതി ദുശ്ശകുനം അവളുടെ പഴയ സുഹൃത്തിനെ സമീപിച്ച് അവളെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അവരുടെ സ്ക്കൂൾ ജീവിതത്തിനുശേഷം ആദ്യമായിരുന്നു ഇങ്ങനെ സംഭവിക്കുന്നത്. "അതെ, ഇതു ഞാനാണ്, ഞാൻ തന്നെയാണ്," സ്വരമടക്കി ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു. "ധീരേ, ഞാൻ എന്താണ് ഈ ചെയ്യുന്നതെന്ന്, ഇതുപോലുള്ളൊരു ഷോളും ധരിച്ചു നടക്കുന്നതെന്തുകൊണ്ടാണെന്ന് നീ അത്ഭുതപ്പെടുകയാവും."

"ഇത് അത്യന്തം മനോഹരമായിരിക്കുന്നു." ആനന്ദനിർവൃതിയോടെ ശ്രീമതി ധീര പറഞ്ഞു. "ഇതിനെക്കാൾ മനോഹരമായി ഞാൻ ഒന്നും കണ്ടിട്ടില്ല. ദുശ്ശകുനമേ, ഇതു നിനക്ക് നന്നായി ചേരും, ആ വിധവയുടെ വൃത്തികെട്ട വേഷവുമായി നടക്കാത്തപ്പോൾ നീ നല്ല പൊക്കമുള്ളവളും മാന്യയുമാണ്. നീ അത് ഉപേക്ഷിച്ചുവെന്നു കാണുന്നതിൽ എനിക്കു സന്തോഷവും നന്ദിയുമുണ്ട്. ദുശ്ശകുനമേ, എന്നോടു പറയൂ,

www.malankaralibrary.com

നിനക്ക് എവിടെനിന്നാണ് ആ ഷോൾ കിട്ടിയത്?''

''അത് എനിക്ക് ഇടയൻ തന്നതാണ്,'' ശ്രീമതി ദുശ്ശകുനം പറഞ്ഞു. ''അതു ഞാൻ എപ്പോഴും ധരിക്കണമെന്നാണ് അദ്ദേഹത്തിൻെറ ആഗ്രഹം. പ്രിയ ധീരേ, അദ്ദേഹം അതു പറഞ്ഞില്ലായിരുന്നുവെങ്കിൽ, എൻെറ സ്വഭാവത്തിന് ഈ മനോഹരവസ്ത്രം തിരുനാൾ ദിവസങ്ങളിലും മറ്റു പ്രത്യേക സന്ദർഭങ്ങളിലും മാത്രം സൗകര്യപ്പെട്ടാൽ ഉപയോഗിക്കാമെന്നു കരുതി മടക്കി വർണ്ണക്കടലാസിൽ പൊതിഞ്ഞ് അമൂല്യമായൊരു തറവാട്ടുസ്വത്തായി സൂക്ഷിക്കുമായിരുന്നു. ഞാൻ അതു ദിവസേന ധരിക്കണമെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. ഒരു സാധുവിധവയ്ക്ക് അത് അനുയോജ്യമല്ലെന്നു തോന്നാമെങ്കിലും അദ്ദേഹത്തിൻെറ ആഗ്രഹത്തെ നിരസിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. പ്രിയ ധീരേ, ചോദിക്കുന്നതൊന്നും നിഷേധിക്കാനാവാത്തവിധം അത്രമാത്രം എനിക്കുവേണ്ടി അദ്ദേഹം ചെയ്തു. വൃദ്ധയും ദുർഭഗയുമായ എന്നെ അദ്ദേഹം തൻെറ സേവകരിലൊരാളായി സ്വീകരിച്ചു. എത്ര സ്നേഹവായ്പ്പോടെയാണ് അദ്ദേഹം എന്നോടും വിഷാദിനിയോടും സംസാരിച്ചതെന്നോ! ഞങ്ങൾ പുതിയ മനുഷ്യരായി ജീവിതം വീണ്ടും തുടങ്ങുന്നതുപോലെ തോന്നുന്നു. മനോഹരമായ ഈ ഷോളിൻെറ പേര് 'സ്തുതിയുടെ മേലങ്കി' എന്നാണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഏതാണ്ട് ഇതുപോലെതന്നെയുള്ള മറ്റൊരു വസ്ത്രം വിഷാദിനിക്കും കൊടുത്തുകൊണ്ട് 'വെണ്ണീറിനു പകരം പുഷ്പമാല്യവും വിലാപത്തിന് പകരം ആനന്ദത്തിൻെറ തൈലവും തളർന്ന മനസ്സിനു പകരം സ്തുതിയുടെ മേലങ്കിയും' (ഏശയ്യ 61:3) ഞങ്ങൾക്കു തരുമെന്ന് അദ്ദേഹം പറഞ്ഞു. പ്രിയ ധീരേ, ഈ മനോഹരമായ വസ്ത്രം ഞാൻ എൻെറ തോളിൽ അണിഞ്ഞപ്പോൾ എൻെറ പഴയ ചാര വസ്ത്രം ആകെ വൃത്തികെട്ടതായിതോന്നി. എൻെറ വിധവയുടെ വസ്ത്രങ്ങൾ അപ്പാടെ ഉപേക്ഷിച്ച് ഞാൻ എന്നേയ്ക്കുമായി മാറ്റിവച്ചിരുന്ന മനോഹര വസ്ത്രങ്ങളിൽ ഒന്നെടുത്ത് അണിയാൻ എന്നെ പ്രേരിപ്പിച്ചത് ഇതാണ്. എൻെറ പരുങ്ങൽ അല്പം കൂടി മാറേണ്ടതുണ്ടെന്ന് എനിക്കറിയാം,'' തെല്ലൊരു ലജ്ജയോടെ ചിരിച്ച് അവൾ കൂട്ടിച്ചേർത്തു. ''പക്ഷേ, താമസിയാതെ തന്നെ അതുമായി പൊരുത്തപ്പെടുകയും അത് എനിക്കു തന്നവൻെറ മഹത്വത്തിനായി കൂടുതൽ സ്വഭാവികവും ലളിതവുമായി അതു ധരിക്കാൻ ഞാൻ പഠിക്കുകയും ചെയ്യുമെന്നാണ് എൻെറ പ്രതീക്ഷ.''

www.malankaralibrary.com

സംസാരം തുടരാൻ കഴിയാഞ്ഞിട്ടെന്നപോലെ ഒരു നിമിഷത്തേയ്ക്ക് അവൾ നിശ്ശബ്ദയായി നിന്നു; അതിനുശേഷം കയ്യുയർത്തി വിറയലോടെ തന്റെ സുഹൃത്തിന്റെ തോളിൽ വച്ചു. "ധീരേ, നീയാണ് അദ്ദേഹത്തെ എന്റെ കുടിലിലേയ്ക്കു കൊണ്ടുവന്നത്." അവൾ സ്വരമടക്കി പറഞ്ഞു. "നിനക്ക് എങ്ങനെ നന്ദി പറയണമെന്ന് എനിക്കറിഞ്ഞുകൂടാ. ഈ വർഷങ്ങളത്രയും നീ എന്നോടു ക്ഷമാപൂർവ്വം പെരുമാറി; വിശ്വസ്തതയോടെയും. എന്റെ സ്വാർത്ഥതയും പരുക്കൻ പെരുമാറ്റവും നിന്നെ ഒട്ടും പിൻതിരിപ്പിച്ചില്ല. ധീരേ, ഈ ഭാഗ്യത്തിനു കാരണക്കാരി നീ ഒരുവളാണ്."

ശ്രീമതി ദുശ്ശകുനത്തിന്റെ കയ് തന്റെ കരങ്ങൾക്കുള്ളിലാക്കി, സൂര്യനെപ്പോലെ പ്രഭ വിതറുന്ന മുഖഭാവത്തോടെ ശ്രീമതി ധീര സൂര്യപ്രകാശംനിറഞ്ഞ ആ പൂമുഖത്ത് ഇരുന്നു. തന്റെ കവിൾത്തടത്തിലൂടെ സന്തോഷാശ്രുക്കൾ ഒഴുകി വീണപ്പോൾ അവൾ ഒട്ടും സങ്കോചം കാട്ടിയില്ല. പക്ഷേ, സംസാരത്തിൽ അവൾ സമർത്ഥയായിരുന്നില്ല. സ്നേഹനിർഭരയായി ഓടിനടന്നു പ്രവർത്തിക്കുക – അതായിരുന്നു അവളുടെ ശൈലി. അവസാനം, തന്റെ വികാരം നിയന്ത്രണാധീനമായപ്പോൾ അവൾ ഇത്രമാത്രം പറഞ്ഞു:

"എന്റെ പ്രിയപ്പെട്ട ദുശ്ശകുനമേ, എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ദിവസമാണിത്. ഞാൻ അടുക്കളയിലേയ്ക്കു പോയി കെറ്റിൽ അടുപ്പിന്മേൽ വയ്ക്കാം. അത് ഇപ്പോൾ തിളയ്ക്കും – നമുക്കൊരുമിച്ച് ഒരു കപ്പു നല്ല ചായ കുടിക്കാം. നീ ഇവിടെ ഈ പൂമുഖത്ത് ഇരിക്കുക. ഞാൻ വേഗംപോയി അടുത്ത കുടിലിലുള്ള കരുണയെ വിളിച്ചുകൊണ്ടു വരാം."

അവൾ തിരിക്കിട്ടോടി നിമിഷംകൊണ്ട് തന്റെ മകളുടെ കുടിലിലെത്തി. അവിടെ കൃപാമഹത്വം കരുണയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതു കണ്ടപ്പോൾ അവൾ അത്യധികം സന്തോഷിച്ചു. അവർ ഉടൻ സംസാരം നിറുത്തി, തങ്ങളുടെ മുമ്പിൽ നിൽക്കുന്ന ശ്രീമതി ധീരയെ വിസ്മയഭരിതരായി നോക്കി. അപ്പോഴും കണ്ണുനീർ കൊണ്ടു നനഞ്ഞിരുന്ന അവളുടെ കവിൾത്തടങ്ങൾ സന്തോഷത്താൽ പ്രഭ വിതറി. "ഓ, കൃപാമഹത്വമേ," അവൾ വിളിച്ചുപറഞ്ഞു. "നിന്നെയും ഇവിടെ കണ്ടതിൽ എനിക്ക് എന്തു സന്തോഷമുണ്ടെന്നോ? അത് അങ്ങനെത

www.malankaralibrary.com

ന്നെ വേണം! നിൻെറ അമ്മായി ദുശ്ശകുനം എൻെറ കുടിലിൽ വന്നിട്ടുണ്ട്. നിങ്ങൾ രണ്ടുപേരുംകൂടെ വന്ന് ഞങ്ങളോടൊപ്പം ചായ കുടിക്കണം.''

''അമ്മായി ദുശ്ശകുനമോ!'' അവർ ഇരുവരും ഒരുമിച്ചു വിളിച്ചു പറഞ്ഞു. ''ഓ, എന്തു സംഭവിച്ചുവെന്നു ഞങ്ങളോടു പറയൂ! മാസങ്ങളായി അവൾ തൻെറ കുടിലിൽ നിന്നു പുറത്തിറങ്ങിയിട്ടേയില്ല.''

''വന്നു കാണുവിൻ!'' ശ്രീമതി ധീര സന്തോഷത്തോടെ വിളിച്ചു പറഞ്ഞു. ''ഇടയൻ അവൾക്കുവേണ്ടി എന്തുചെയ്തുവെന്നു കാണുവിൻ! നിങ്ങൾ രണ്ടുപേരുംകൂടി കുടിലിലേയ്ക്കു പോകൂ. കരുണേ, നീ ചായ ഉണ്ടാക്കൂ. നമ്മുടെ സന്തോഷം പങ്കുവയ്ക്കുവാൻ മറ്റാരെയെങ്കിലും കിട്ടുമോയെന്ന് ഞാൻ വഴിയിലേയ്ക്ക് ഒന്ന് ഇറങ്ങിനോക്കട്ടെ!''

അവൾ ഉടൻ പുറത്തേയ്ക്കിറങ്ങി. അപ്പോൾ ഇതാ ശ്രീമതി ദുശ്ശകുനത്തിൻെറ മകൾ വിഷാദിനി ഇരുമ്പുപടിയ്ക്കൽ സംശയിച്ചു നിൽക്കുന്നു. ''ശ്രീമതി ധീരേ,'' വിഷാദിനി സങ്കോചത്തോടെ പറഞ്ഞു (ഭീരുപ്രഭുവിൻെറ മകനുമായുള്ള വിവാഹം കഴിഞ്ഞതോടെ തൻെറ അമ്മയുടെ പഴയ സുഹൃത്തായ ഇടയസ്ത്രീ ശ്രീമതി ധീരയുമായി സംസാരിക്കാൻപോലും അവൾ കൂട്ടാക്കിയിരുന്നില്ല.) – ''ശ്രീമതി ധീരേ, താങ്കൾ എൻെറ അമ്മയെ എവിടെയെങ്കിലും കണ്ടോ? താങ്കളെ വന്നുകാണാൻ അവൾക്ക് ഉദ്ദേശമുണ്ടായിരുന്നുവെന്ന് എനിക്ക് തോന്നുന്നു.''

ഒരു ഉറ്റ സുഹൃത്തിനെയെന്നപോലെ ശ്രീമതി ധീര അവളെ കയ്ക്കു പിടിച്ചു സ്നേഹോഷ്മളതയോടെ സ്വീകരിച്ചു. തൻെറ മുമ്പിൽ ലജ്ജിച്ചു നിൽക്കുന്ന ആ യുവതി തന്നെ ഒരിക്കലും നിസ്സാരയാക്കുകയോ അവഗണിക്കുകയോ ചെയ്തിട്ടില്ലാത്തതുപോലെയായിരുന്നു അവളുടെ പെരുമാറ്റം. ഹൃദ്യമായ സ്വരത്തിൽ, അവൾ പറഞ്ഞു: ''ശരിയാണ്, അവൾ ഇപ്പോൾ എൻെറ കുടിലിൻെറ പൂമുഖത്ത് ഇരിപ്പുണ്ട്. ഞങ്ങൾ ഒരു കപ്പു ചായ കുടിക്കാൻ പോവുകയാണ്. വിഷാദിനീ, നീയും ഞങ്ങളുടെ കൂടെ ചേരണം.''

തെല്ലൊരു ലജ്ജയോടെ അവൾ അല്പം പിൻവലിഞ്ഞു. ജീവിതകാലം മുഴുവൻ മറ്റുള്ളവരെ അവഗണിക്കുകയും വലിപ്പം ഭാവിച്ചു നടക്കുകയും ചെയ്യുകയായിരുന്നു അവൾ. കാര്യങ്ങളെല്ലാം മാറിമറിഞ്ഞ ഈ സാഹചര്യത്തിൽ താൻ നിസ്സാരരാക്കിയ വ്യക്തികളെ നേരി

www.malankaralibrary.com

ടാൻ സ്വഭാവികമായും അവൾക്കു വൈമുഖ്യവും ലജ്ജയും തോന്നി.

അതു ശ്രദ്ധിക്കാതിരുന്നാലെന്നപോലെ ശ്രീമതി ധീര പ്രസരിപ്പോടെ തുടർന്നു. "കരുണയും നിന്റെ ബന്ധുവായ കൃപാമഹത്വവും അവിടെ എത്തിക്കഴിഞ്ഞു. പ്രിയ വിഷാദിനീ, തീർച്ചയായും നീയും വരണം; അതു ഞങ്ങൾക്കെല്ലാവർക്കും വലിയ സന്തോഷമായിരിക്കും."

"കൃപാമഹത്വവും അവിടെ ഉണ്ടോ?" തികച്ചും വ്യത്യസ്തമായ ശബ്ദത്തിൽ വിഷാദിനി ചോദിച്ചു. "ശ്രീമതി ധീരേ, നന്ദി, എനിക്കു വരാൻ സന്തോഷമാണ്."

അവർ ശ്രീമതി ധീരയുടെ കുടിലിലേയ്ക്കു തിരിച്ചു. അവിടെ അരങ്ങേറിയ രംഗം അതിമനോഹരമായിരുന്നു. വള്ളിച്ചെടികൾക്കൊണ്ടു ചുറ്റപ്പെട്ട പൂമുഖത്ത് വെള്ള വിരിയിട്ട മേശമേൽ ഒരു പഴയ ചായക്കെറ്റിലും വെള്ള-നീലനിറമുള്ള കപ്പുകളും സോസറുകളും ശ്രീമതി ധീര ഉണ്ടാക്കിയ സ്വാദിഷ്ടമായ കേക്കും ക്രമീകരിച്ചു വച്ചിരുന്നു. ശ്രീമതി ദുശ്ശകുനവും അവളുടെ മകൾ വിഷാദിനിയും മനോഹരമായ ഷോളുകളും ധരിച്ച് ധീരയുടെ അടുത്തു സ്ഥലം പിടിച്ചു. അവളുടെ മുഖം പ്രഭാതം പോലെ പ്രശോഭിച്ചു. കരുണ ശ്രീമതി ദുശ്ശകുനത്തിന്റെ ഒരു വശത്തിരുന്നു. കൃപാമഹത്വം അവളുടെ ബന്ധുവിന്റെ അരികിലും. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സാന്നിദ്ധ്യവും അവിടെ ഉണ്ടായിരുന്നു. രണ്ടു വീട്ടിലേയും അംഗങ്ങളോടൊപ്പം വീട്ടുമൃഗങ്ങളും പാർട്ടിക്ക് എത്തിയിരുന്നു. അടുത്ത കുടിലിലെ വെള്ളയും കറുപ്പും നിറമുള്ള പൂച്ച സാവകാശം നടന്നുവന്ന് പാണ്ടൻപൂച്ചയുടെ അടുത്തിരുന്നു. മേശമേൽ ദൃഷ്ടികൾ ഉറപ്പിച്ച് പ്രതീക്ഷയോടെ അവ മുഖം കഴുകി. താഴെ വീഴുന്ന പൊട്ടും പൊടിയും അകത്താക്കാൻവേണ്ടി തള്ളക്കോഴി ഉച്ചത്തിൽ കൊക്കിക്കൊണ്ട് കുഞ്ഞുങ്ങളുമായി അടുത്തെത്തി. താറാവുകുഞ്ഞുങ്ങൾ അരുവിവിട്ട് ഇടവഴിയിലൂടെ നടന്നടുത്തു. അടുത്ത വീട്ടിലെ രണ്ടു പട്ടികളും ആകസ്മികമായെന്നോണം തോട്ടത്തിലൂടെ അശ്രദ്ധമായി കടന്നുവന്നു. പാർട്ടിയിൽ പങ്കെടുക്കാൻ എത്തിയവരെല്ലാം വളരെ ഉന്മേഷഭരിതരായിരുന്നു. ശ്രീമതി ദുശ്ശകുനത്തിനും വിഷാദിനിക്കും പെട്ടെന്ന് അപരിചിതമായ പുതിയൊരു ലോകത്തേക്കു സംവഹിക്കപ്പെട്ടതുപോലെ അനുഭവപ്പെട്ടു.

www.malankaralibrary.com

എത്ര ഉത്സാഹത്തോടെയാണ് അവർ സംസാരിച്ചതെന്നോ! അവർ പരസ്പരം വാർത്തകൾ കൈമാറുകയും ഇടയൻ അവരുടെ കുടിലുകളി ലേയ്ക്കു കടന്നുചെന്നപ്പോൾ സംഭവിച്ചതെന്തെന്ന് വീണ്ടും വീണ്ടും ആവർത്തിച്ചുപറയാൻ അതിഥികൾ രണ്ടുപേരെയും പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. സർവ്വോപരി അവരെല്ലാം പ്രസന്നവദനരായി, സന്തോഷത്തോടെ ഇടയനെപ്പറ്റിത്തന്നെ സംസാരിച്ചു.

ദീർഘമായ സംഭാഷണത്തിനിടയ്ക്ക് മൂന്നു പ്രാവശ്യം ആ വലിയ ചായപാത്രം നിറച്ച് അവർ കുടിച്ചുതീർത്തു. അപ്പോഴേയ്ക്ക് അയൽക്കാരിയായ ശ്രീമതി 'കിംവദന്തി' (Mrs. Gossip) പുത്തൻ വാർത്തയുമായി അവരുടെ അടുത്തെത്തി. ഞാൻ ഇപ്പോൾ ഇവിടേയ്ക്കു വന്നത് ഒരു കാര്യം പറയാനാണ്: 'ആത്മാനുകമ്പ' (Self - Pity) ("ഭീതേ, നിൻെറ ബന്ധുവിൻെറ കാര്യമാണു ഞാൻ പറയുന്നത് !") അപകടകരമാംവിധം രോഗബാധിതനായിരിക്കുന്നു. അവൻെറ ഭാര്യ 'നിസ്സഹായ'(Helpless) എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുകയാണ്. ഇരട്ട ന്യൂമോണിയായാണത്രേ അയാളെ ബാധിച്ചിരിക്കുന്ന രോഗം ! കുറെ ദിവസത്തേയ്ക്കു പൂർണ്ണ വിശ്രമം ആവശ്യമാണെന്നും രാവും പകലും ഒരു നേഴ്സിൻെറ ശുശ്രൂഷ വേണമെന്നും ഡോക്ടർ വന്നപ്പോൾ പറഞ്ഞു. "ആപൽ സന്ധിയിൽ ഒന്നും ചെയ്യാനറിയാത്തവളാണ് പാവം നിസ്സഹായ എന്നു നിങ്ങൾക്കെല്ലാം അറിയാമല്ലോ," - വേദന കലർന്ന സംതൃപ്തിയോടെ ശ്രീമതി കിംവദന്തി കൂട്ടിച്ചേർത്തു; "താൻ മരിക്കാൻ പോവുകയാണെന്ന ചിന്തയാൽ ആത്മാനുകമ്പ ആകെ ഭയന്നു വിറച്ചിരിക്കയാണെന്നാണു ഞാൻ കേട്ടത്. അയാളെ അടക്കികിടത്താൻ അവർക്കു കഴിയുന്നില്ലത്രേ. അവർ വലിയ വിഷമസന്ധിയിലാണെന്നാണ് എനിക്ക് തോന്നുന്നത്. അവരുടെ ഏറ്റവും ഇളയ കുട്ടി 'നിരുന്മേഷൻ' (Doldrums) നോക്കാൻ ആളില്ലാതെ, സകലരേയും ശല്യപ്പെടുത്തിക്കൊണ്ട് നാലുപാടും ഓടി നടക്കുകയാണ്. അവൻ വല്ല തീയിലും പോയി വീണു മരിച്ചേക്കുമോയെന്നുപോലും ഞാൻ ഭയപ്പെടുന്നു. - അങ്ങനെയെങ്ങാനും സംഭവിച്ചാൽ എത്ര ഭയാനകമായിരിക്കും അത്! - അവനെ നിയന്ത്രിക്കാൻ ആർക്കും കഴിയുന്നില്ല. വേണ്ട, ശ്രീമതി ധീരേ, ഒരു കപ്പു ചായ ധാരാളം മതി. ഇപ്പോൾ നല്ല ഉന്മേഷം തോന്നുന്നു. എനിക്ക് ഉടനെ പോകണം; വളരെ, വളരെ നന്ദി."

ശ്രീമതി ദുശ്ശകുനത്തേയും അവളുടെ മകളേയും ജിജ്ഞാസയോടെ

www.malankaralibrary.com

ഒന്നുകൂടി സൂക്ഷിച്ചു നോക്കിയിട്ട് (അവൾ തന്റെ കഥ പറഞ്ഞുകൊണ്ടിരുന്ന സമയം മുഴുവൻ അവരെ ഒളിവിൽ നിരീക്ഷിക്കുകയായിരുന്നു) ശ്രീമതി കിംവദന്തി വലിയ ആവേശത്തോടെ വാർത്താവിതരണത്തിനായി അടുത്ത കുടിലിലേയ്ക്കു കുതിച്ചു. അവിടെ പറയാനായി പുതിയൊരു വാർത്താശകലവും അവൾ കണ്ടെത്തി. ശ്രീമതി ദുശ്ശകുനവും അവളുടെ മകൾ വിഷാദിനിയും എവിടെയോ വലിയൊരു ധനശേഖരം കണ്ടെത്തിയിരിക്കുന്നുവെന്നും അവർ വലിയ ആർഭാടത്തോടെ വസ്ത്രധാരണം ചെയ്തു നടക്കുകയാണെന്നുമുള്ള വാർത്തയായിരുന്നു അത്. ഒരു പക്ഷേ ശ്രീമാൻ ഭീരു താൻ ഉപേക്ഷിച്ച തന്റെ ഭാര്യയ്ക്ക് നഷ്ടപരിഹാരം ചെയ്യാൻ നിർബന്ധിതനായിക്കാണും. അതുകൊണ്ടായിരിക്കണം അവളും അവളുടെ അമ്മയും ഫാഷൻ മോഡലുകളെപ്പോലെ ഇങ്ങനെ ഗമയ്ക്കു നടക്കുന്നത്. അവൾ ചിന്തിച്ചു.

പൂമുഖത്തിരുന്ന സുഹൃത്തുക്കൾ പരസ്പരം നോക്കി. അപ്പോൾ ശ്രീമതി ദുശ്ശകുനം ദീർഘനിശ്വാസത്തോടെ ഇപ്രകാരം പറഞ്ഞു. "എന്റെ പാവം മരുമകൻ, ആത്മാനുകമ്പ ! അവന്റെ ഭാര്യ നിസ്സഹായയെക്കൊണ്ട് ഒന്നിനും കൊള്ളുകയില്ല. വീട് വൃത്തിയായി സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് അവൾക്കൊരു വിവരവുമില്ല. രോഗീ ശുശ്രൂഷയുടെ കാര്യം പറയുകയും വേണ്ട."

"ഇരട്ട ന്യുമോണിയ!" ആർദ്രതയോടെ കരുണ പറഞ്ഞു. "ശുശ്രൂഷിക്കാൻ അവന്റെ നിസ്സഹായയായ ഭാര്യയല്ലാതെ മറ്റാരുമൊട്ടില്ലതാനും!"

"അലങ്കോലപ്പെട്ടുകിടക്കുന്ന വീടും, നോക്കാൻ ആളില്ലാതെ വിഷമിക്കുന്ന കുഞ്ഞും ! എത്ര സങ്കടകരം!" ശ്രീമതി ധീര പറഞ്ഞു.

"ആത്മാനുകമ്പയാണെങ്കിൽ ഭയംകൊണ്ടു വിറയ്ക്കുകയാണ്," കൃപാമഹത്വം കൂട്ടിച്ചേർത്തു. "അതെത്ര ഭീകരമാണെന്ന് എനിക്കറിയാം. ഒരു ആശ്വാസവാക്ക് പറയാൻപോലും അവിടെ ആരുമില്ല."

"താഴ്വരയുടെ അങ്ങേയറ്റത്തു താമസിക്കുന്ന ഡിസ്ട്രിക്റ്റു നേഴ്സ് സ്ഥലത്തില്ലതാനും." സങ്കടത്തോടെ വിഷാദിനി പറഞ്ഞു. "ഇന്നു രാവിലെ അവൾ സൈക്കിളിൽ യാത്ര പുറപ്പെടുന്നതു ഞാൻ കണ്ടു. ഇനി വൈകിട്ടേ തിരിച്ചുവരൂ എന്നാണ് അവൾ പറഞ്ഞത്."

www.malankaralibrary.com

ഒരു വിമോചന സംഘത്തെ രൂപപ്പെടുത്താൻ തയ്യാറായിക്കൊണ്ടെന്നവണ്ണം ശ്രീമതി ധീര ചാടി എഴുന്നേറ്റു. ഏതൊരു വിപത്സന്ധിയിലും അവളുടെ കാര്യക്ഷമത പ്രകടമായിരുന്നു.

"അവർക്കുവേണ്ടി ഉടൻതന്നെ നാം എന്തെങ്കിലും ചെയ്തേ പറ്റൂ," തികഞ്ഞ ഉന്മേഷത്തോടെ അവൾ പറഞ്ഞു. "അവർക്കു നമ്മെക്കൊണ്ട് ആവശ്യമുണ്ട് - അതു വ്യക്തം ! അവരുടെ കുടിലിൽ പ്രവേശിക്കുവാനുള്ള നമ്മുടെ ചിരകാലാഭിലാഷം നിവർത്തിക്കാനുള്ള അവസരമാണിത്."

"എനിക്കു നേഴ്സിംഗിൽ പരിശീലനം ഉള്ളതുകൊണ്ട് ഞാൻ ഉടനെ പോയി അവർക്ക് ആവശ്യമുള്ളിടത്തോളം കാലം അയാളെ ശുശ്രൂഷിക്കാം." കരുണ സന്തോഷത്തോടെ പറഞ്ഞു. "വിനാശനഗരത്തിലെ ആസ്പത്രിയിലേക്ക് ഡോക്ടർ അയാളെ പറഞ്ഞയച്ചെന്നു വരുമോ? പക്ഷേ, അതു വളരെ അകലെയാകയാൽ അയാളുടെ ഇപ്പോഴത്തെ അവസ്ഥയിൽ അങ്ങനെ ചെയ്യാൻ സാദ്ധ്യത കുറവാണ്."

"ഞാനും നിന്റെ കൂടെ വരാം." ശ്രീമതി ധീര പറഞ്ഞു. "കുടിൽ ക്രമീകരിക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് ഞാൻ ഒന്നു നോക്കട്ടെ. പാവം നിസ്സഹായയ്ക്കും കുഞ്ഞുങ്ങൾക്കും ഭക്ഷണം തയ്യാറാക്കണം. അവൾ അനുവദിക്കുമെങ്കിൽ നിരുന്മേഷനെ എന്റെകൂടെ വീട്ടിലേയ്ക്കു കൊണ്ടുവന്ന് ഇവിടെ നിറുത്തുകയും ചെയ്യാം."

"വേണ്ടാത്ത ശല്യം ഏറ്റുവാങ്ങരുത്," ശ്രീമതി ദുശ്ശകുനം നിരുന്മേഷയായി മുന്നറിയിപ്പു നല്കി. "അവനെപ്പോലെ അടക്കമില്ലാത്തവനും ദുഃശാഠ്യക്കാരനും ബഹളം വയ്ക്കുന്നവനും വിനാശബുദ്ധിയുമായ ഒരു വികൃതിയെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. കയ്യിൽ കിട്ടുന്നതെല്ലാം അവൻ പിച്ചിച്ചീന്തി നശിപ്പിക്കും. ധീരേ, അവനെ കൊണ്ടുവന്നാൽ, നിനക്കൊരുനിമിഷം സമാധാനമായിട്ടിരിക്കാൻ കഴിയുകയില്ല."

ശ്രീമതി ദുശ്ശകുനം 'സ്തുതിയുടെ മേലങ്കി' ധരിക്കാൻ തുടങ്ങിയിരുന്നുവെങ്കിലും ഇടയന്റെ സേവനത്തിൽ പ്രവേശിച്ചിട്ട് അധികനാൾ ആയിരുന്നില്ലെന്ന വസ്തുത നിങ്ങൾ ശ്രദ്ധിച്ചിരിക്കും. സ്വഭാവികമായും ഉന്നതങ്ങളിലെ ഭാഷ അവൾ ഇനിയും പഠിച്ചിരുന്നില്ല.

www.malankaralibrary.com

വിഷാദിനി അവളുടെ പേരിനു ചേർന്ന സ്വരത്തിൽ പറഞ്ഞു. ''നിസ്സഹായയെ സഹായിക്കാൻ പോയാൽ സകല ഉത്തരവാദിത്വവും ജോലിയും അവൾ താങ്കളുടെ തലയിൽ കെട്ടിവയ്ക്കും. അവളൊരു ചെറുവിരൽപോലും അനക്കുകയില്ല. ഭാരം മുഴുവൻ സ്വയം താങ്ങേണ്ടിവരും.''

''ഓ, അതു സാരമില്ല.'' യാതൊരു സംഭ്രമവും കൂടാതെ പരസ്പരം പുഞ്ചിരിച്ച് ശ്രീമതി ധീരയും അവളുടെ മകൾ കരുണയും ഒന്നിച്ചു പറഞ്ഞു. ''ഒരു പ്രശ്നവുമില്ല. ആ വീട്ടിനുള്ളിൽ ഒന്നു കടന്നുചെല്ലാൻ വളരെക്കാലമായി ഞങ്ങൾ ആഗ്രഹിച്ചിരിക്കുകയായിരുന്നു. അവസാനമിതാ അതിനുള്ള അവസരം ലഭിച്ചിരിക്കുന്നു!'' പിന്നീടവൾ കൃപാമഹത്വത്തിൻെറ നേരെ തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു. കൃപാമഹത്വമേ, തീർച്ചയായും നീയും ഞങ്ങളുടെകൂടെ വരണം. വീട് ക്രമീകരിക്കാനും ഭക്ഷണം പാകം ചെയ്യാനും എനിക്കു കഴിയും. പക്ഷേ, സംസാരിക്കാനുള്ള പാടവം എനിക്കില്ല. തീരെ നയമില്ലാത്ത രീതിയാണ് എൻേറത്.'' (സംസാരിച്ചുകൊണ്ടിരിക്കെ അവൾ ശ്രീമതി ദുശ്ശകുനത്തിൻെറ നേരെ നോക്കി ഖേദപൂർവ്വം പുഞ്ചിരിച്ചു. പ്രോത്സാഹജനകമെങ്കിലും നയരഹിതമായ അവളുടെ ഉപദേശങ്ങൾ പലപ്പോഴും വിപരീതഫലങ്ങൾ ഉളവാക്കിയ കാര്യം അവൾ ഓർമ്മിക്കുകയായിരുന്നു.) ''പക്ഷേ, കൃപാമഹത്വമേ, പാവം ആത്മാനുകമ്പയെ എങ്ങനെ സഹായിക്കാമെന്നും അവനോട് എന്തു പറയണമെന്നും നിനക്കറിയാം. നീയും ഒരിക്കൽ ഭീരുത്തറവാട്ടിലെ അംഗമായിരുന്നതിനാൽ അവന് എന്താണ് ആവശ്യമെന്നു കൃത്യമായി മനസ്സിലാക്കാൻ നിനക്കു കഴിയും.''

''തീർച്ചയായും ഞാനും വരുന്നു.'' കൃപാമഹത്വം പറഞ്ഞു. ''ഞാൻ ഒരു നേഴ്സോ പാചകക്കാരിയോ അല്ല. കൊച്ചുകുട്ടികളെ വളർത്തേണ്ടവിധവും എനിക്കറിഞ്ഞുകൂടാ. എന്നാൽ പാവം ആത്മാനുകമ്പയുടെ അടുത്തിരുന്ന് അയാളുടെ ഭയം നീക്കിക്കളയാൻ എനിക്കു കഴിയും. കാരണം മരണത്തെ ഭയപ്പെടുന്നതിൻെറ ഭീകരത സ്വന്തം അനുഭവത്തിൽനിന്ന് എനിക്കറിയാം. ഒരുപക്ഷേ ഈ അവസ്ഥയിൽ അയാൾ എന്നെ ശ്രദ്ധിക്കുകയും ആശ്വാസം കണ്ടെത്തുകയും ചെയ്തേക്കാം.''

അവർ മൂവരും ഉടൻതന്നെ യാത്രപുറപ്പെട്ടു. കൃപാമഹത്വത്തിൻെറ തോഴിമാരായ സന്തോഷവും സമാധാനവും അവരോടൊപ്പം ഉണ്ടായിരുന്നു. രാജകൊട്ടാരം സന്ദർശിക്കാൻ പോകുന്നതുപോലെ

www.malankaralibrary.com

പ്രസന്നവദനരായിരുന്നു അവരെല്ലാം. ആത്മാനുകമ്പയുടെ ദുരിതപൂർണ്ണമായ കുടുംബത്തെ സഹായിക്കാൻ അവസരം കിട്ടിയതിൽ അവർ വളരെയധികം സന്തോഷിച്ചു.

അവർ ഉത്സാഹപൂർവ്വം പോകുന്നതു നോക്കിനിന്ന ശ്രീമതി ദുശ്ശകുനത്തിൻെറയും വിഷാദിനിയുടെയും മുഖത്ത് ആഗ്രഹപൂർണ്ണമായ അസൂയ നിഴലിച്ചു. വിഷാദിനി പെട്ടെന്നു വിളിച്ചുപറഞ്ഞു: ''എൻെറ അമ്മേ നമുക്കും ഉന്നതങ്ങളിലേയ്ക്കു പോവുകയും പുതിയ പേരുകൾ സ്വീകരിച്ച്, ഇത്രയും മനോഹരമായി മറ്റുള്ളവരെ സഹായിക്കാൻ കഴിയുകയും ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു!''

''എനിക്കും അതിന് ആഗ്രഹമുണ്ട്.'' ശ്രീമതി ദുശ്ശകുനം സങ്കടത്തോടെ പറഞ്ഞു. ''പക്ഷേ, പ്രിയ കുഞ്ഞേ, എനിക്കതിനു പ്രായം കവിഞ്ഞു പോയില്ലേയെന്ന് ഞാൻ സംശയിക്കുന്നു. നിർഭാഗ്യവശാൽ ഇടയനെ കാണുന്ന കാര്യം ഞാൻ ദീർഘകാലം മാറ്റിവച്ചു. എന്നാൽ വിഷാദിനീ, നമ്മൾ ചോദിക്കുകയാണെങ്കിൽ നിന്നെ അദ്ദേഹം അവിടെ കൊണ്ടുപോകുമെന്നാണ് എൻെറ വിചാരം. മകളേ, നീ ഇപ്പോഴും ചെറുപ്പമാണ്. നിനക്ക് മലകയറാൻ കഴിയും.''

''അമ്മേ, അമ്മയെ കൂടാതെ ഞാൻ ഒരിക്കലും പോവുകയില്ല,'' വിഷാദിനി തറപ്പിച്ചു പറഞ്ഞു. ''ഇത്ര വലിയൊരു ആനുകൂല്യത്തിനു നമ്മൾ രണ്ടുപേരും അയോഗ്യരായിരിക്കാം. ഞാൻ ഏതായാലും അതിനു യോഗ്യയല്ല.''

''നമുക്ക് ഇടയനെ പോയി കാണാം.'' അല്പസമയത്തെ നിശ്ശബ്ദതയ്ക്കുശേഷം ശ്രീമതി ദുശ്ശകുനം പറഞ്ഞു. ''വിഷാദിനീ, നിന്നെ അദ്ദേഹം അവിടേയ്ക്കു കൊണ്ടുപോകുമെന്നുതന്നെയാണ് എൻെറ വിശ്വസം. ഏതായാലും ഇടയനോട് നമുക്കൊന്നുചോദിച്ചുനോക്കാം. അദ്ദേഹം എന്താണുപറയുന്നതെന്ന് അറിയാമല്ലോ. സമയം ഉച്ചയായി. അദ്ദേഹവും ആട്ടിൻപറ്റവും അടുത്തുള്ള പുൽത്തകിടിയിൽ എവിടെയോ വിശ്രമിക്കുന്നുണ്ടാവും. നമുക്കു പോയി അദ്ദേഹത്തെ അന്വേഷിക്കാം.''

ഭീത പണ്ടു പൊയ്ക്കൊണ്ടിരുന്ന അതേ പാതയിലൂടെ തുറന്ന പുൽത്തകിടിയിലേയ്ക്ക് അവർ ഇരുവരും ഒരുമിച്ചു യാത്രയായി. മേച്ചിൽപ്പുറങ്ങളിൽ എത്തിയപ്പോൾ ഇടയൻ ഒരു മരത്തണലിൽ ഇരുന്ന്

www.malankaralibrary.com

വിശ്രമിക്കുന്നതായിക്കണ്ട് അവർക്കു വലിയ സന്തോഷം തോന്നി. അമ്മയേയും മകളേയും ആശ്ചര്യപ്പെടുത്തുമാറ് അത്ര കൃപാപുരസ്സരം അദ്ദേഹം അവരെ സ്വാഗതം ചെയ്തു. തങ്ങൾ എവിടെനിന്നാണു വരുന്നതെന്ന് അവർ ആദ്യമായി അദ്ദേഹത്തോടു പറഞ്ഞു. അപകടകരമാംവിധം രോഗാവസ്ഥയിൽ കഴിയുന്ന ആത്മാനുകമ്പയെ സഹായിക്കാനായി ശ്രീമതി ധീരയും കരുണയും കൃപാമഹത്വവും പോയിരിക്കുന്ന വിവരവും അവർ വെളിപ്പെടുത്തി.

''അതുശരി അപ്പോൾ അവർ ആത്മാനുകമ്പയെ സഹായിക്കുവാൻ പോയിരിക്കുകയാണല്ലേ?'' ഇടയൻ ചിന്താമഗ്നനായി പറഞ്ഞു.

''അതെ, അവർക്ക് എന്തു സന്തോഷമായിരുന്നുവെന്നോ!'' വിഷാദിനി സങ്കോചത്തോടെ പറഞ്ഞു: ''അങ്ങയോടൊപ്പം ഉന്നതങ്ങളിലേയ്ക്കു പോവുമ്പോൾ കാണാറുള്ള അതേ സന്തോഷത്തോടെയായിരുന്നു അവരുടെ പുറപ്പാട്.''

''അങ്ങിനെയായിരുന്നു, അല്ലേ?'' അദ്ദേഹം മന്ദസ്മിതത്തോടെ പറഞ്ഞു. ''വിഷാദിനീ, ഉന്നതങ്ങളെപ്പറ്റി നിനക്ക് എന്തറിയാം?''

''കാര്യമായി ഒന്നുമറിയില്ല.'' സങ്കടത്തോടെ അവൾ ഉത്തരം പറഞ്ഞു. എന്റെ ബന്ധു ഭീതയെ കൊണ്ടുപോയി അവൾക്കു പേടമാന്റെ പാദങ്ങൾ നല്കുകയും അവളുടെ പേരു മാറ്റുകയും ചെയ്തത് അവിടെവച്ചാണെന്നുമാത്രം എനിക്കറിയാം.'' വികാരഭരിതയായി അവൾ കൂട്ടിച്ചേർത്തു. ''ഓ,എന്റെ അമ്മയ്ക്കും എനിക്കുംകൂടി അവിടെ പോകാൻ കഴിഞ്ഞിരുന്നെങ്കിൽ!''

''തീർച്ചയായും നിങ്ങൾക്കും അവിടെ പോകാം.'' ഇടയൻ ഉടനെ മറുപടികൊടുത്തു. ''നിങ്ങൾ അത് എന്നോടു ചോദിച്ചാൽ മാത്രം മതി !''

അവിശ്വസനീയമായ സന്തോഷത്തോടെ അവർ ഇടയനെ ഉറ്റുനോക്കി. അതിനുശേഷം ശ്രീമതി ദുശ്ശകുനം ചോദിച്ചു. ''അങ്ങ് ഇതു പറയുന്നതു കാര്യമായിട്ടാണോ? ഇടയാ, ഞങ്ങൾ അങ്ങയുടെ സേവനത്തിലേയ്ക്കു പ്രവേശിച്ചിട്ടേയുള്ളൂ. ഭീതയെ അങ്ങ് കൊണ്ടുപോകുന്നതിനു മുമ്പായി വർഷങ്ങളോളം അവൾ അങ്ങേയ്ക്കു സേവനം

www.malankaralibrary.com

ചെയ്തു.''

''ഭീതയേക്കാൾ വളരെ വർഷങ്ങൾ കാത്തിരുന്നതിനു ശേഷമാണ് നിങ്ങൾ എൻെറ സേവനത്തിൽ പ്രവേശിച്ചത്.'' വശ്യമായ പുഞ്ചിരിയോടെ ഇടയൻ പറഞ്ഞു. പക്ഷേ, അവൾ കാത്തിരുന്നിടത്തോളംതന്നെ കാത്തിരിക്കാതെ ഉന്നതങ്ങളിലേയ്ക്കു കൊണ്ടുപോകുവാൻ നിങ്ങൾക്ക് എന്നോടാവശ്യപ്പെടാം. നിങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ ഉടൻതന്നെ ഞാൻ നിങ്ങളെ കൊണ്ടുപോകാം.''

അവർ അദ്ദേഹത്തെ സമീപിച്ച് ഇരുകയ്യിലും പിടിച്ച് ഒരുമിച്ചു പറഞ്ഞു. ''ഓ, ഞങ്ങൾക്കു തീർച്ചയായും പോകണം! ലോകത്തിൽ മറ്റെന്തിനേയുംകാൾ അതു ഞങ്ങൾ ആഗ്രഹിക്കുന്നു. പുതിയ പേരു സ്വീകരിക്കാനും പൂർണ്ണമായി രൂപാന്തരപ്പെടാനും ഞങ്ങളെ ദയവായി അങ്ങോട്ടു കൊണ്ടുപോകണം.''

''ഒരു വ്യവസ്ഥയുണ്ട്.'' ഭീതയോടു പറഞ്ഞതുപോലെ അദ്ദേഹം പറഞ്ഞു. ''സ്നേഹത്തിൻെറ വിത്ത് നിങ്ങളുടെ ഹൃദയങ്ങളിൽ ഞാൻ പാകണം; അല്ലാത്തപക്ഷം സ്നേഹസാമ്രാജ്യത്തിൻെറ ഭാഗമായ ഉന്നതങ്ങളിൽ പ്രവേശിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല.'' അതിനു ശേഷം മുള്ളുപോലുള്ള വിത്തുകൾ അദ്ദേഹം അവരെ കാണിച്ചു. ഉന്നതങ്ങളിലേയ്ക്കു പോകുവാൻ വിറയലോടെ തീരുമാനിച്ചപ്പോൾ അദ്ദേഹം ഭീതയുടെ ഹൃദയത്തിൽ പാകിയത് ഇവയിലൊന്നായിരുന്നു.

ഉടൻതന്നെ ശ്രീമതി ദുശ്ശകുനവും വിഷാദിനിയും വിത്തുകൾ പാകാനായി അവരുടെ ഹൃദയങ്ങൾ തുറന്നുകാണിച്ചു. ഇടയൻ തൻെറ മുറിവേറ്റ കരങ്ങൾക്കൊണ്ട് അവ അവരുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തു. അതിനുശേഷം വീട്ടിലേയ്ക്കുപോയി താൻ വിളിച്ചാലുടൻ വരത്തക്കവിധം യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

അദ്ദേഹവും അവരുടെകൂടെ ഗ്രാമത്തിലേയ്ക്കു തിരിച്ചുനടന്നു. അവിടെ എത്തിയപ്പോൾ അവർ കണ്ട കാഴ്ച എന്തെന്നോ ? ശ്രീമതി ധീര, ആത്മാനുകമ്പയുടെ ഇളയ മകൻ നിരുന്മേഷനെ കയ്ക്കുപിടിച്ചു വലിച്ച് വിയർത്തൊലിച്ച് കിതച്ചുകൊണ്ട് അതാ തെരുവിലൂടെ വരുന്നു! അവൻ ചെറിയൊരു കുട്ടി ആയിരുന്നെങ്കിലും ദൃഢഗാത്രനായിരുന്നു. ആ

www.malankaralibrary.com

കെ വൃത്തികെട്ട അവസ്ഥയിലായിരുന്നു അവൻ അപ്പോൾ. ധീരയുടെ കയ്യിൽനിന്ന് വിടുവിച്ചുപോകുവാൻ രണ്ടുകാലും നിലത്തുറപ്പിച്ച്, അവൻ സർവ്വശക്തിയും ഉപയോഗിച്ചു പുറകോട്ടു വലിച്ചുകൊണ്ടിരുന്നു. കുട്ടിയാണെങ്കിലും അവന്റെ മുഖത്തെ ഞരമ്പുകൾ തെറിച്ചുനിന്നു. അവൻ വാവിട്ടു കരഞ്ഞു പറഞ്ഞുകൊണ്ടിരുന്നു. "ഞാൻ വരികയില്ല! നശിച്ച കിളവീ, എന്നെ വിടൂ! ഞാൻ നിന്റെകൂടെ വരികയില്ല! ഇല്ല ! ഒരിക്കലുമില്ല ! അമ്മേ ! അമ്മേ !"

"ഓ, പാവം ശ്രീമതി ധീര ! " പഴയ വിഷാദ ഭാവത്തിലേയ്ക്കു വഴുതി വീണുകൊണ്ട് ശ്രീമതി ദുശ്ശകുനം ഞരങ്ങിപറഞ്ഞു. "ഇതു സംഭവിക്കുമെന്നു ഞാൻ നേരത്തെതന്നെ അവളോടു പറഞ്ഞതാണ്. ആ കുട്ടിക്ക് വല്ല ചിത്തഭ്രമമുണ്ടാവുകയോ, അവന്റെ രക്തധമനി പൊട്ടുകയോ മറ്റോ ചെയ്യുമെന്നു ഞാൻ ഭയപ്പെടുന്നു! ഇത്രയും ചെറിയൊരു ജീവിക്ക് ഇതുപോലെ വാശിപിടിക്കാൻ കഴിയുമെന്ന് ആർക്കു ചിന്തിക്കാൻ സാധിക്കും! എന്റെ ദൈവമേ, ഈ പോക്കിന് അവൻ ശ്വാസംമുട്ടി മരിക്കുമെന്നാണ് എനിക്കു തോന്നുന്നത്!"

ഇടയൻ മുമ്പോട്ട് കടന്നുവന്നു. "ഹലോ, കൊച്ചു മനുഷ്യാ ! എന്താണ് നിന്നെ അസന്തുഷ്ടനാക്കുന്നത് ? എന്നോടു പറയൂ." പ്രസരിപ്പോടെ അദ്ദേഹം ആവശ്യപ്പെട്ടു.

കൊച്ചു നിരുന്മേഷൻ അല്പസമയത്തേക്കു കരച്ചിൽ നിറുത്തി കണ്ണുതുറന്നു മുകളിലേയ്ക്കു നോക്കി. വീണ്ടും നിലവിളിക്കണമോയെന്ന് അവൻ സംശയിച്ചുനിന്നു. അതിനുശേഷം വായിൽ വിരൽ ഇട്ടുകൊണ്ടു തന്റെ അരികിൽ ഉയർന്നുനിന്ന് പുഞ്ചിരിപൊഴിക്കുന്ന ആ പൊക്കക്കാരനെ അവൻ നിശ്ശബ്ദനായി തുറിച്ചുനോക്കി.

"നിന്റെ പേരെന്താണ് ?" ഉന്മേഷത്തോടെ അദ്ദേഹം ചോദിച്ചു.

"നിരുന്മേഷൻ," ആത്മാനുകമ്പയുടെ കുടുംബത്തിലെ ഏറ്റവും ഇളയ അംഗം മന്ത്രിച്ചു. "താങ്കളുടെ പേരെന്താണ്?"

"ഞാൻ ഇടയനാണ്." അദ്ദേഹം പ്രത്യുത്തരിച്ചു.

"ഇനി ഒരു കാര്യം! സിംഹത്തിന്റെ വായിൽ നിന്നു രക്ഷിക്കപ്പെടുന്ന എന്റെ ആട്ടിൻ കുഞ്ഞുങ്ങളിൽ ഒരാളാണ് നീയെന്ന് സങ്കല്പ്പിക്കുക.

www.malankaralibrary.com

വരൂ, എൻെറ തോളിലേയ്ക്കു കയറൂ.'' അദ്ദേഹം അവനെ പിടിച്ചുയർത്തി. അവൻ കയറി ഇരുന്ന് അദ്ദേഹത്തിൻെറ രണ്ടുതോളിലും കാലുകൾ ഇട്ടു. ''മുറുകെ പിടിച്ചുകൊള്ളൂ. ഏറ്റവും ഭീകരനായ സിംഹത്തിനുപോലും ചാടാൻ കഴിയാത്തത്ര ദൂരത്തിൽ ഞാൻ ചാടിക്കാണിക്കാം. എൻെറ തോളിൽ ആയിരിക്കുന്നിടത്തോളംകാലം ഒരു സിംഹത്തിനും നിന്നെ പിടിച്ചുകൊണ്ടുപോകാൻ കഴിയുകയില്ല.'' ഇത്രയും പറഞ്ഞ് അദ്ദേഹം കുതിച്ചൊരു ചാട്ടം ചാടി ശ്രീമതി ധീരയുടെ കുടിലിനെ ലക്ഷ്യമാക്കി നീങ്ങി. കൊച്ചു നിരുന്മേഷൻ നിറഞ്ഞ സന്തോഷത്തോടെ തോളിൽ ഇരുന്ന് ഇടയൻെറ മാറിടത്തിൽ രണ്ടു കാലുമിട്ട് അടിച്ച് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ''വേഗത്തിൽ! ഇനിയും വേഗത്തിൽ! ആ വൃത്തികെട്ട മുതുക്കൻ സിംഹം അതാ വരുന്നു. ഓ, എൻെറ അമ്മേ, എന്തൊരു ചാട്ടം! ഒന്നുകൂടി അങ്ങനെ ചാടൂ! ഇടയാ ദയവുചെയ്ത് ഒന്നുകൂടി അങ്ങനെ ചാടൂ!''

ആ രംഗം കണ്ടപ്പോൾ ശ്രീമതി ധീര ഹൃദ്യമായി ചിരിച്ചു. ശ്രീമതി ദുശ്ശകുനവും വിഷാദിനിയുമാകട്ടെ തങ്ങളുടെ കണ്ണുകളെ വിശ്വസിക്കാനാവാതെ സ്തംഭിച്ചുനിന്നു.

അവർ എല്ലാവരും ഒരേ സമയത്ത് കുടിലിൻെറ പ്രവേശന കവാടത്തിൽ എത്തിച്ചേർന്നു. കാരണം ഇടയൻ ഒരു വളഞ്ഞ വഴിയെയാണ് വന്നത്. നിരുന്മേഷനെ തോളിൽ നിന്നിറക്കിയപ്പോൾ അവൻ തികച്ചും ഉന്മേഷഭരിതനായിരുന്നു. അവർ അകത്തു പ്രവേശിച്ചതേ തൻെറ വിശിഷ്ടാതിഥിയെ സ്വീകരിക്കാനായി പാണ്ടൻപൂച്ച ഓടിയെത്തി. മുതുകുവളച്ച് ഇടയൻെറ കാലുകളിൽ ഉരുമ്മുകയും ഉച്ചത്തിൽ മുരളുകയും ചെയ്തുകൊണ്ട്, എന്തേ ഇത്രനാൾ വരാതിരുന്നതെന്ന് കഴിയുന്നത്ര വ്യക്തമായ ഭാഷയിൽ അവൾ ചോദിക്കുന്നതുപോലെ തോന്നി. തൻെറ കയ്യിൽപ്പെടാനിടവരുന്ന വളർത്തുമൃഗങ്ങളോട് സാധാരണ ചെയ്യാറുണ്ടായിരുന്നതുപോലെ, കൊച്ചുനിരുന്മേഷൻ രണ്ടു കയ്യുംകൊണ്ട് പൂച്ചയുടെ വാലിൽ പിടിച്ചു വലിക്കുവാൻ ഒരുമ്പെട്ടു.

''നിരുന്മേഷാ,'' ഇടയൻ പ്രസരിപ്പോടെ പറഞ്ഞു: ''അങ്ങനെയല്ല പിടിക്കേണ്ടത്, ഒരിക്കലും വാൽഭാഗത്തു പിടിക്കരുത്. അത് മാന്തും. ഇനി തലഭാഗത്തു പിടിച്ചുനോക്കൂ. വളരെ മയത്തിൽ താടിയ്ക്കു താഴെയും ചെവികൾക്കു പിന്നിലും തലയ്ക്കു മുകളിലും തലോടി നോക്കൂ. അവളെക്കൊണ്ട് എത്ര ഉച്ചത്തിൽ മുരളിക്കാമെന്നു നോക്കൂ. മയത്തിൽ

www.malankaralibrary.com

ചെയ്യണം ! - എപ്പോഴും. കേട്ടോ! ശ്രദ്ധിക്കു ! അവളതാ ഒരു സിംഹക്കുട്ടി യെപ്പോലെ മുരളുന്നു!''

ശൈശവം വീണ്ടും കിട്ടിയാലെന്നപോലെ നിരുന്മേഷൻ സന്തോഷവാനായി തോട്ടത്തിൽ ഇരുന്നു. പൂക്കൾക്കു ചുറ്റും തേനീച്ചകൾ മൂളിക്കൊണ്ടു പറന്നുനടന്നു. താറാവുകുഞ്ഞുങ്ങൾ വഴിയിലൂടെ അവൻെറ അടുത്തേയ്ക്കു നടന്നടുത്തു. പൂച്ചയെ മുരളിക്കുന്ന കളിയിൽ ആമഗ്നനായിരിക്കുകയായിരുന്നു അവൻ. എപ്പോഴാണു കൂടുതൽ ശബ്ദത്തിൽ പൂച്ച മുരളുന്നതെന്നു കാണാൻ താടിക്കടിയിലും ചെവികൾക്കു പിമ്പിലും തലയ്ക്കു മുകളിലും അവൻ മാറിമാറി തലോടിക്കൊണ്ടിരുന്നു. അവൻെറ ആ ഇരിപ്പു കണ്ടാൽ, ശ്രീമതി ദുശ്ശകുനം പറഞ്ഞതുപോലെ, അവൻ എന്നെങ്കിലും ആത്മാനുകമ്പയുടെ കുടുംബത്തിലെ ഒരംഗമായിരുന്നുവെന്ന് ആരും പറയുമായിരുന്നില്ല.

താമസിയാതെതന്നെ ഇടയൻ തോട്ടംവിട്ട് നിരുന്മേഷൻെറ പിതാവായ ആത്മാനുകമ്പയുടെ വീട്ടിലേയ്ക്കു കുതിച്ചു. അദ്ദേഹം കാഴ്ചയിൽനിന്നു മറയുന്നതുവരെ ശ്രീമതി ദുശ്ശകുനവും വിഷാദിനിയും നോക്കിനിന്നു. അതിനുശേഷം പരസ്പരം നോക്കി അവർ പറഞ്ഞു: ''ഉന്നതങ്ങളിലേയ്ക്കു പുറപ്പെടുന്നതിനുവേണ്ടി നമ്മെ വിളിക്കാൻ അദ്ദേഹം ഉടൻതന്നെ വരും. നമുക്കു വീട്ടിൽ പോയി ഒരുങ്ങണം.'' അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ഹൃദയങ്ങളിൽ പാകിയിരുന്ന മുള്ളിൻെറ രൂപത്തിലുള്ള വിത്തുകൾ പെട്ടെന്നു സ്പന്ദിച്ചു. ഹൃദ്യമായ ഒരു മധുരിമ അവരുടെ ശരീരത്തിൽ അടിമുടി പ്രസരിച്ചു. മുമ്പൊരിക്കലും കാണിക്കാത്ത സ്നേഹവാത്സല്യങ്ങളോടെ അമ്മയും മകളും പരസ്പരം ചുംബിച്ചു. സ്വാർത്ഥമതിയും വിരസയുമായ ദുശ്ശകുനത്തിനും, അഹങ്കാരിയും പിടിവാശിക്കാരിയുമായ വിഷാദിനിയ്ക്കും വലിയ മാറ്റങ്ങൾ വന്നതുപോലെ തോന്നി. അവർ രൂപാന്തരപ്പെട്ട് പുതിയ സൃഷ്ടികളാകാൻ തുടങ്ങുകയായിരുന്നു.

ഗ്രാമത്തിൻെറ ഏകാന്തമായ ഒരു മുക്കിൽ സ്ഥിതിചെയ്തിരുന്ന ആത്മാനുകമ്പയുടെ വീട്ടിലേയ്ക്ക് ഗ്രാമവീഥിയിലൂടെ ഇടയൻ നടന്നടുത്തു. മരണ ഭീതിയിൽ മുഴുകി കട്ടിലിൽകിടന്ന് അങ്ങുമിങ്ങും തിരിയുകയും സഹായത്തിനായി ഇടയനെ വിളിക്കാൻ ആളെ അന്വേഷിച്ചുകൊണ്ടിരിക്കുകയുമായിരുന്നു അയാൾ.

www.malankaralibrary.com

## അദ്ധ്യായം -8

# കുങ്കുമഗിരി (ദീർഘക്ഷമ)

### സ്നേഹത്തിന്റെ സഹനം

അടുത്തതായി രാജാവു കൃപാമഹത്വത്തെ ഉന്നതങ്ങളിലെ കുങ്കുമഗിരിയിലേയ്ക്കു നയിച്ചു. സുഗന്ധഗിരിനിരയിലെ നാലാമത്തെ കൊടുമുടിയായിരുന്നു അത്.

ദീർഘക്ഷമയുടെ സുഗന്ധപുഷ്പങ്ങൾ വളർന്നിരുന്ന ഈ പർവ്വതം മറ്റുപർവ്വതങ്ങളെ അപേക്ഷിച്ച് മുമ്പോട്ടു തള്ളിനിന്നിരുന്നതിനാൽ ശക്തിയായ കൊടുങ്കാറ്റിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും വേദിയായിരുന്നു. താരതമ്യേന ശൂന്യമായിരുന്നു അതിന്റെ സാനുക്കൾ. അങ്ങിങ്ങായി ചിതറിനിന്നിരുന്ന ഏതാനും പൈൻ വൃക്ഷളൊഴികെ ഫലവൃക്ഷങ്ങളോ, ഉയർന്നു നിൽക്കുന്ന പൂച്ചെടികളോ അവിടെ വളർന്നിരുന്നില്ല. വളരെ ഉയർന്നതും അതിമനോഹരവുമായ അതിന്റെ കൊടുമുടിയുടെ സിംഹഭാഗവും മഞ്ഞുകൊണ്ടു മൂടപ്പെട്ടിരുന്നു. എങ്കിലും പർവ്വതപാർശ്വങ്ങൾ നിറയെ നിറപ്പകിട്ടാർന്ന പരവതാനി വിരിച്ചതുപോലെ, കുങ്കുമച്ചെടികൾ തിങ്ങിവളർന്നിരുന്നു. മഞ്ഞ് പൂർണ്ണമായും ഉരുകി മാറാത്ത സ്ഥലങ്ങളിൽപോലും, അവ തങ്ങളെ മൂടിയിരുന്ന വെളുത്ത ആവരണം ഭേദിച്ച് സൂര്യനെ സ്വാഗതം ചെയ്യുവാൻ ഉയർന്നുവന്നു. നീലലോഹിതം, ഇളംചുവപ്പ്, നീല, മഞ്ഞ, ഓറഞ്ച്, റോസ് എന്നിങ്ങനെ വിവിധ നിറങ്ങളിലുള്ള പൂക്കൾ കൂട്ടംകൂട്ടമായി പ്രതലം മുഴുവൻ നിറഞ്ഞുനിന്നിരുന്നു.

www.malankaralibrary.com

വെണ്മയുള്ള മഞ്ഞുകൊണ്ടോ മാരിവിൽ നിറമുള്ള പുഷ്പമേലങ്കികൊണ്ടോ ആവരണം ചെയ്യപ്പെടാത്തതായി പർവ്വതത്തിൻെറ ഒരു ഭാഗവും അവശേഷിച്ചിരുന്നില്ല. ഓരോ കുങ്കുമ പൂവിൻെറയും മദ്ധ്യത്തിൽ സ്വർണ്ണ നിറമുള്ള കേസരങ്ങളുടെ ഒരു ഗണമുണ്ടായിരുന്നു. പൂക്കളുടെ കുരിശാകൃതിയിലുള്ള ഈ കേസരാഗ്രം ഉണക്കി ആട്ടിയാൽ മധുരതരമായ ഒരു സുഗന്ധതൈലവും ഭക്ഷണത്തിനു രുചിയേറ്റുന്ന ഒരുതരം സുഗന്ധമസാലയും ലഭിച്ചിരുന്നു. പരവതാനി വിരിച്ചതുപോലെ എങ്ങും തിങ്ങി വളരുന്ന മനോഹരമായ ഈ കുങ്കുമച്ചെടികളിൽനിന്നാണ് കുങ്കുമഗിരിക്ക് അതിൻെറ പേരു ലഭിച്ചത്.

ഉന്നതങ്ങളിലെ നിവാസികൾ ദീർഘക്ഷമയുടെ ഈ കുങ്കുമം ധാരാളമായി ശേഖരിച്ച് താഴ്‌വരയിൽ വസിക്കുന്ന തങ്ങളുടെ ബന്ധുക്കളും സുഹൃത്തുക്കളും മറ്റു ജനങ്ങളുമായി പങ്കുവയ്ക്കാൻ അങ്ങോട്ടു കൊണ്ടുപോവുക പതിവായിരുന്നു. അത്യന്തം സ്വാതിഷ്ടമായ ഈ വസ്തു ഉന്നതങ്ങളിൽ മാത്രം ലഭ്യമായിരുന്നതിനാൽ (വളരെ ഗുണം കുറഞ്ഞ ഒരിനം മാത്രമേ താഴ്ന്ന പ്രദേശങ്ങളിൽ കൃഷിചെയ്യാൻ കഴിഞ്ഞിരുന്നുള്ളു.) ഒരു അതിവിശിഷ്ട ഭോജ്യമായി അതു കരുതപ്പെട്ടു. ഇടയൻെറ സേവകരിൽനിന്നു മാത്രമേ അതു ലഭിച്ചിരുന്നുള്ളൂവെങ്കിലും അദ്ദേഹത്തിൻെറ ശത്രുക്കൾപോലും തങ്ങളുടെ ഭക്ഷണം സ്വാദിഷ്ടമാക്കാൻ അത് താത്പര്യപൂർവ്വം വാങ്ങി ഉപയോഗിച്ചിരുന്നു!

ഉന്നതങ്ങളുടെ മറ്റുഭാഗങ്ങളിലും കുങ്കുമച്ചെടികൾ നിൽക്കുന്നതു കൃപാമഹത്വം കണ്ടിരുന്നുവെങ്കിലും ഇത്ര സമൃദ്ധമായി, ഇടതൂർന്ന്, മറ്റൊരിടത്തും അവ വളർന്നിരുന്നില്ല. സൂക്ഷ്മമായ നിറഭേദങ്ങൾ പ്രതിഫലിപ്പിക്കുന്ന പൂക്കളെ ചവിട്ടുമെത്തയാക്കാതെ ഒരിടത്തും നടക്കുവാൻ സാധിക്കാത്തവിധം അത്ര സർവ്വവ്യാപിയായിരുന്നു അത്! എങ്കിലും ഒരു കാര്യം ശ്രദ്ധേയമായിരുന്നു: കാലടികൾ ഉയരുന്നതോടെ ഈ സസ്യങ്ങൾ ഒന്നും സംഭവിക്കാത്തമട്ടിൽ ഉന്മേഷത്തോടെ വീണ്ടും നിവർന്നുവന്നു പൂർവ്വസ്ഥിതിയെ പ്രാപിച്ചിരുന്നു. ചവിട്ടി മെതിക്കപ്പെട്ടതിൻെറ യാതൊരു ലക്ഷണവും അവ കാണിച്ചില്ല. ഇക്കാര്യം സൂചിപ്പിച്ചപ്പോൾ, യഥാർത്ഥ ദീർഘക്ഷമയുടെ സ്വഭാവമതാണെന്ന് വശ്യമായ ഒരു പുഞ്ചിരിയോടെ രാജാവ് അവൾക്കു വിശദീകരിച്ചുകൊടുത്തു: തനിക്ക് എതിരായി ചെയ്യപ്പെടുന്നതെല്ലാം അതു സന്തോഷത്തോടെ സഹിക്കുന്നു; ചവിട്ടിമെതിക്കപ്പെടുന്നതിൽ ഒട്ടും നീരസംകൊള്ളുന്നില്ല; തനിക്കെതിരെ തെറ്റു

www.malankaralibrary.com

ചെയ്യുന്നവരോടു യാതൊരു തെറ്റും സംഭവിക്കാത്തതുപോലെയോ, അക്കാര്യം പാടെ മറന്നതുപോലെയോ പ്രതികരിക്കുന്നു! ദീർഘക്ഷമ യഥാർത്ഥത്തിൽ മാപ്പേകൽ എന്ന വിശിഷ്ട ഗുണമാണ്. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളുടെ ഫലങ്ങൾ അവ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി വഹിക്കുന്നു. ഇത്രയും വിശദീകരിച്ചശേഷം അദ്ദേഹം മറ്റൊരു പർവ്വതഗാനം അവളെ പഠിപ്പിച്ചു:

*സ്നേഹം എല്ലാം വഹിക്കുന്നു.*
*സ്നേഹം എല്ലാം ക്ഷമിക്കുന്നു.*
*ദീർഘമായി സഹിക്കുന്നു.*
*സ്വാർത്ഥത്തിൻെറ മരണം*
*സ്നേഹത്തെ ജീവിപ്പിക്കും,*
*തിന്മയുടെമേൽ വിജയം നൽകും*
*സ്നേഹം യാതൊന്നും നശിപ്പിക്കില്ല.*
*എല്ലാം സന്തോഷത്തോടെ സഹിക്കും.*

*സ്നേഹം നീരസത്തെ പുറന്തള്ളും*
*മനുഷ്യർ വെറുക്കുമ്പോൾ അവൾ അനുഗ്രഹിക്കും.*
*കുഞ്ഞാടിൻെറ കൃപ അവൾ സ്വന്തമാക്കും*
*കുറവില്ലാത്ത സ്നേഹപൂർണ്ണത അവൾ വരിക്കും.*
*സഹനമാണ് ശക്തി പകരുക*
*മറക്കാനും പൊറുക്കാനും.*

*കൊടുക്കുക-കൊടുക്കുക-കൊടുക്കുക.*
*അതത്രേ സ്നേഹത്തിൻെറ ഭാവം*
*മരിക്കുക, പങ്കുവയ്ക്കുക*
*അതത്രേ സ്നേഹത്തിൻെറ ശൈലി*
*എങ്ങും ഫലദായകമാംവിധം.*
*സ്നേഹം ദുഃഖത്തിൻെറ കുരിശുപേറും*
*അതുവഴി ഉയിർപ്പും ജീവനും ആധിപത്യവും*
*സ്നേഹം സ്വന്തമാക്കും.*

ഇതിനോടകം രാജാവും സഹചാരിയും പർവ്വതത്തിൻെറ മുകൾത്തട്ടോളം എത്തിക്കഴിഞ്ഞിരുന്നു. അവർ ഒരു പൈൻവൃക്ഷത്തിൻെറ കീ

www.malankaralibrary.com

ഴിൽ പായൽപുൽത്തകിടിമേൽ ഇരുന്നു. പൈൻ മരത്തിൻെറ സൂചിത്തളിരുകൾ സൂര്യതാപമേറ്റു പരത്തിയ രൂക്ഷമായ സുഗന്ധം അന്തരീക്ഷത്തിൽ നിറഞ്ഞിരുന്നു. അടുത്തുള്ള പർവ്വതത്തിൻെറ കാടുനിറഞ്ഞ ചരിവുകളിലെവിടെയോ ഇരുന്ന് ഇടവിട്ട് കൂവിക്കൊണ്ടിരുന്ന കുയിലിൻെറ ശബ്ദം അവർക്കു വ്യക്തമായി കേൾക്കാൻ കഴിഞ്ഞു. ഇന്ദ്രനീലം പോലെ ശുദ്ധമായ നീലാകാശം അവരുടെ തലയ്ക്കുമുകളിൽ മേലാപ്പു വിരിച്ചു. മനോഹരമായ ഈ പശ്ചാത്തലത്തിൽ രാജാവും കൃപാമഹത്വവും ജടാമാഞ്ചിമലയിൽവച്ച് അവർ ആരംഭിച്ച സംഭാഷണം തുടർന്നു.

അതിമനോഹരമായ ഈ ദൃശ്യം കൃപാമഹത്വത്തിൻെറ മനസ്സിലുണർത്തിയ ആദ്യചിന്ത ഇതായിരുന്നു: ഇത്രയേറെ സൗന്ദര്യത്താൽ വലയം ചെയ്യപ്പെടുകയും ചുറ്റുമുള്ള ഓരോ വസ്തുവും സന്തോഷം നിറഞ്ഞു തുളുമ്പുന്ന ഒരു കപ്പുപോലെ കാണപ്പെടുകയും ചെയ്തെങ്കിലും അവർ യഥാർത്ഥത്തിൽ ഇരുന്നിരുന്നത് സഹിക്കുന്ന സ്നേഹത്തിൻെറ മലമുകളിലായിരുന്നു. വിചിത്രമായ ഈ വൈരുദ്ധ്യമാണ് അവർ മുഴുകിയിരുന്ന ധ്യാനനിരതമായ നിശ്ശബ്ദതയെ ഭേദിക്കുവാൻ കൃപാമഹത്വത്തെ പ്രേരിപ്പിച്ചത്.

“നാഥാ,” അവൾ പറഞ്ഞു, “ഇതു ദീർഘക്ഷമയുടെ അഥവാ സഹനത്തിൻെറ പർവ്വതമെന്നാണല്ലോ വിളിക്കപ്പെടുന്നത്. സഹനം കൂടാതെ മറ്റുള്ളവരെ സഹായിക്കുവാനും രക്ഷിക്കുവാനും സ്നേഹത്തിനു സാദ്ധ്യമല്ലേ? സ്നേഹം എന്തിനു പീഡയനുഭവിക്കണം ? സർവ്വോപരി എന്തുകൊണ്ട് ദീർഘകാലം പീഡയനുഭവിക്കണം ?”

“സ്നേഹത്തിൻെറ സാരാംശംതന്നെ ഏകത്വമായതുകൊണ്ട്,” രാജാവു മറുപടി പറഞ്ഞു. “സ്നേഹത്തിനു സഹിക്കേണ്ടി വരുന്നതിൻെറ കാരണമതാണ്. സ്നേഹത്തിനുവേണ്ടി സ്രഷ്ടാവ് രൂപപ്പെടുത്തിയ സൃഷ്ടികൾ പീഡയനുഭവിക്കണമെങ്കിൽ, താൻ അവരോടൊത്ത് സഹിക്കുവാൻ തയ്യാറാകാത്ത പീഡകളൊന്നും അനുവദിക്കുവാൻ സ്നേഹത്തിൻെറ ഏകത്വം കാരണം അവിടുത്തേയ്ക്കു കഴിയുകയില്ല. പാപവും അതിൻെറ ദുരന്തഫലങ്ങളും മൂലം മാനവവംശംമുഴുവൻ ഭീകരമായി പീഡിപ്പിക്കപ്പെടുന്നതുകൊണ്ടാണ്, അവരോടു തികച്ചും ഒന്നുചേർന്നിരിക്കുന്ന എനിക്കും എല്ലാം അവരോടൊത്തു സഹിക്കേണ്ടിവരുന്നത്.

www.malankaralibrary.com

ആദിപാപം മുതൽ ദൈവത്തിൻെറ സ്നേഹം ഒരർത്ഥത്തിൽ പീഡാനുഭവത്തിൻെറ കുരിശിന്മേലായിരുന്നു. ഞാൻ മനുഷ്യനായിത്തീർന്നപ്പോൾ പീഡയനുഭവിക്കുന്ന മനുഷ്യവംശത്തിൻെറ മുഴുവൻ തലവനായിത്തീരുകയായിരുന്നുവെന്നു നീ കാണുന്നില്ലേ? ശരീരത്തിലെ അവയവങ്ങളുടെയെല്ലാം സഹനങ്ങളുടെ ആകെത്തുക അനുഭവപ്പെടുന്നത് ശിരസ്സിലാണെന്നും നിനക്കറിയാം. സ്നേഹത്തിൻെറ ഈ മഹാരഹസ്യം അല്പാല്പമായേ മനുഷ്യന് ഉൾക്കൊള്ളാൻ കഴിയൂ. കാലാന്തരത്തിൽ അതു മനസ്സിലാക്കാനുള്ള കഴിവ് മനുഷ്യനു കൈവന്നപ്പോൾ മനുഷ്യപുത്രനായിത്തീർന്ന ദൈവപുത്രനെപ്പറ്റിയുള്ള മഹത്തായ വെളിപ്പെടുത്തൽ ഉണ്ടായി. മനുഷ്യപാപങ്ങളാൽ അവൻ ക്രൂശിക്കപ്പെട്ടു, എല്ലാം സഹിച്ചു, എല്ലാം അനുഭവിച്ചു, എല്ലാത്തിനേയും അതിജീവിച്ചു. വേദന അനുഭവിക്കുന്ന മാനവഗാത്രം അഥവാ വംശം മുഴുവനിലും കുടികൊള്ളുന്ന പാപമാകുന്ന രോഗത്തെ കീഴടക്കുന്നതിനുവേണ്ടിയായിരുന്നു അത്. രക്ഷിക്കുവാനും സൗഖ്യമാക്കുവാനുമുള്ള കഴിവിൻെറ അർത്ഥമെന്തെന്നു ചിന്തിച്ചുനോക്കൂ. പാടേ വികലവും രോഗബാധിതവുമായ ഒന്നിൽനിന്ന് പൂർവ്വോപരി മഹത്വപൂർണ്ണമായ ഒന്നിനെ രൂപപ്പെടുത്താൻ കഴിയുക എത്ര മനോഹരമാണ്!''

കുറച്ചുസമയത്തേയ്ക്ക് അദ്ദേഹം ഒന്നും പറഞ്ഞില്ല. വേദനയുടെയും സ്നേഹത്തിൻെറയും രഹസ്യങ്ങളുടെ മുമ്പിൽ വികാരാധീനയായ കൃപാമഹത്വത്തിനാകട്ടെ ഒരു വാക്കുപോലും ഉച്ചരിക്കാൻ കഴിഞ്ഞില്ല. താമസിയാതെ സഹിക്കുന്ന സ്നേഹത്തിൻെറ മൃദുലസ്വരം അവളുടെ കാതുകളിൽ പതിച്ചു. വാക്കുകൾ തിരിച്ചെടുക്കുക ദുഷ്കരമായിരുന്നുവെങ്കിലും അദ്ദേഹം ഇപ്രകാരം പറയുന്നതായി അവൾക്കു തോന്നി:

*സ്നേഹം ഉടലെടുത്ത മർത്ത്യരൂപം*
*ഓ ! ദൈവത്തിൻെറ തിരുസുതൻ.*
*നമ്മുടെ മാംസത്തിൻെറ മാംസം,*
*രക്തത്തിൻെറ രക്തം.*
*നാം അവൻെറ ശരീരം*
*നമുക്ക്നമ്രശിരസ്ക്കരാകാം*
*നമ്മുടെ വികാരങ്ങൾ അവൻെറ സ്വന്തം.*
*അവൻ നമ്മുടെ ശിരസ്സാകുന്നു.*

www.malankaralibrary.com

പുത്രനായ ദൈവത്തിൻെറ സ്നേഹം
പതിതനായ മനുഷ്യനെ പുൽകി
ഓ ! ആദാമിൻെറ വംശത്തിൻെറ ദിവ്യരഹസ്യം !
ക്രിസ്തുവിൻെറ മുഖമേന്തുന്ന പങ്കിലമായ മർത്ത്യശരീരം !
അതാണു നമ്മുടെ ദൈവം - നമ്മുടെ രക്ഷകൻ.
നമ്മൾ അവനെ സ്നേഹിക്കുന്നു
എന്തെന്നാൽ ആദ്യമേ അവൻ നമ്മെ സ്നേഹിച്ചു.

"അവൻ ക്രൂശിക്കപ്പെട്ടു" ഹാ കഷ്ടം !
ദൈവസുതൻ നമ്മിൽ കുരിശേറ്റപ്പെടുന്നു
മർത്ത്യവർഗ്ഗത്തിൻെറ ശരീരത്തിൽ
പാപത്തിൻെറ മുറിവുകളേറ്റുവാങ്ങി
പങ്കിലനായി തകർക്കപ്പെട്ട്
അവൻ ശയിക്കുന്നു,
നമ്മുടെ പ്രാണശ്വാസവും
ജീവനും അവനത്രേ
എങ്കിലും നമ്മുടെ മരണ ശരീരത്തിലെ
പാപത്തിൻെറ കൊടും യാതനകൾ
മുൾമുടിയണിഞ്ഞ
ആ ശിരസ്സ് ഏറ്റുവാങ്ങി.
അതാണു നമ്മുടെ ദൈവം
നമ്മുടെ രക്ഷകൻ
അവനെ നമുക്കു സ്നേഹിക്കാം.
എന്തെന്നാൽ അവൻ അത്രയേറെ നമ്മെ സ്നേഹിക്കുന്നു.

അവൻ പാതാളങ്ങളിലിറങ്ങി
സ്നേഹം അറിയുന്ന അഗാധതകളിൽ
ഒരിക്കലും പിരിയാതെ നമ്മോടൊന്നാകുവാൻ
ഏറ്റവും കഠിന ഹൃദയത്തിൽ നിന്നുപോലും അകലാതിരിക്കാൻ
"നിന്നിൽനിന്നു ഞങ്ങൾ എവിടെയൊളിക്കും?"
സ്നേഹത്തിൽനിന്ന് ഒറ്റ മറുപടി മാത്രം
നീ നിൻെറ വാസം പാതാളത്തിലാക്കിയാലും
അവിടേയും ഞാനുണ്ട് നിന്നോടൊപ്പം.
അതാണു നമ്മുടെ ദൈവം, നമ്മുടെ രക്ഷകൻ.

www.malankaralibrary.com

മൂന്നാംദിനം അവൻ ഉയിർത്തെഴുന്നേറ്റു.
ദുഃഖത്തിന്റെ ദീർഘരാത്രി,ഭൂമിയുടെ വേദന
സ്വപ്നംപോലെ പൊയ്പോയി, മരണം കീഴടങ്ങി.
സ്നേഹത്തിന്റെ ശിരസ്സിൽ വിജയിയുടെ കിരീടം
പാപത്തിനു നശിപ്പിക്കാൻ പറ്റാത്ത ശരീരം
ജീവനും സന്തോഷവും പുല്കി സൗഖ്യമാക്കപ്പെട്ടു.
പാപവും വേദനയും ആദാമിലൂടെ വന്നു,
ക്രിസ്തുവിലൂടെ എല്ലാവർക്കും പുതുജീവനും.
അതാണു നമ്മുടെ ദൈവം, നമ്മുടെ രക്ഷകൻ.
അവന്റെ സ്നേഹം നമുക്കുവേണ്ടി ചെയ്യുന്നതു കാണുക.

www.malankaralibrary.com

## അദ്ധ്യായം -൧൫

# വൃദ്ധനായ ഭീരുപ്രഭുവിൻെറ മരണം

ഭീരുത്തറവാട്ടിലെ കാരണവരും വൃദ്ധനുമായ ഭീരുപ്രഭു സുഖപ്പെടുമെന്ന പ്രതീക്ഷയില്ലാതെ രോഗശയ്യയിലായിരുന്നു. ഈ വാർത്തയും അതോടനുബന്ധിച്ചുള്ള ഊഹാപോഹങ്ങളും അവമതീതാഴ്‌വരയിൽ എങ്ങും പരക്കുകയും സംസാരവിഷയമാവുകയും ചെയ്തു.

അതേസമയം ഈ സംഭവം ആർക്കും വലിയ ദുഃഖമൊന്നും വരുത്തിയില്ലെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. സ്വന്തം ഭവനത്തിൽ, വീട്ടുകാർക്കെന്നപോലെ വേലകാർക്കും, അയാൾ ഒരു സ്വേച്ഛാധിപതിയായിരുന്നു; കുടിയാന്മാരെ സംബന്ധിച്ചിടത്തോളം (അവർ അനേകരുണ്ടായിരുന്നു) ലുബ്ധനും പിടിച്ചു പറിക്കാരനും, കഠിന ഹൃദയനും വേദനിക്കുന്നവരോടും പാട്ടം കൊടുക്കാൻ നിവൃത്തിയില്ലാത്തവരോടും കരുണ കാണിക്കാത്ത ക്രൂരനുമായ ഒരു യജമാനനും. അയാൾ ഒരു വലിയ ധനികനാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. പക്ഷേ ആ സമ്പത്തുകൊണ്ട് എന്തെങ്കിലും സന്തോഷമോ നന്മയോ ആർക്കും ലഭിച്ചിട്ടില്ലെന്ന കാര്യവും അതുപോലെ വ്യക്തമായിരുന്നു. വാസ്തവത്തിൽ അയാൾക്കുതന്നെ അത് അനുഭവിക്കാൻ കഴിഞ്ഞതായി ഒരു സൂചനയുമില്ല.

വർഷങ്ങളായി അയാൾ ഒരു വിഭാര്യനായിരുന്നു. അയാളുടെ ആൺമക്കളെല്ലാം കഴിയുന്നത്ര വേഗത്തിൽ പിതൃഭവനത്തിലെ കഠിന നിയന്ത്രണംവിട്ടു സ്വതന്ത്രരായി. പെൺമക്കളും അതീവ ജാഗ്രതയോടെ വിവാഹിതരായി വീടുവിട്ടുപോയി. അങ്ങനെ അയാൾ കോട്ടപോലുള്ള

www.malankaralibrary.com

തൻെറ പ്രഭുമന്ദിരത്തിൽ ഒരു വീട്ടുകാര്യസ്ഥനെയും ദുർമ്മുഖം കാട്ടുന്ന ഒരുപറ്റം വേലക്കാരെയും ആശ്രയിച്ചു കഴിഞ്ഞുകൂടി.

ഒരു ജീവിതകാലം മുഴുവൻ നീണ്ടുനിന്ന മുടങ്ങാത്ത സുഖലോലുപതയ്ക്കും സ്വേച്ഛാധിപത്യത്തിനും ശേഷം തൻെറ മന്ദിരവും വിപുലമായ സമ്പത്തും ഉപേക്ഷിച്ച് ഈ ലോകത്തോടു വിട പറയേണ്ട സമയം വന്നപ്പോൾ അതിനെ ശാന്തതയോടും ധൈര്യത്തോടും സമാധാനത്തോടുംകൂടി നേരിടാൻ വൃദ്ധനായ അയാൾക്കു കഴിയുമെന്നു വിചാരിക്കുവാൻ വഴിയില്ലല്ലോ. ഇക്കാലമത്രയും താൻ ഭയപ്പെട്ടിരുന്ന ആ ഭീകരനിമിഷം വന്നെത്തിയെന്നും താൻ യഥാർത്ഥത്തിൽ മരണ ശയ്യയിലാണെന്നും, ശവമഞ്ചത്തിൽ പുറത്തേക്കു സംവഹിക്കപ്പെടുന്നതുവരെ വിഷാദം തളംകെട്ടി നില്ക്കുന്ന ഈ വലിയ കിടപ്പറയിൽനിന്നു തനിക്കു മോചനമില്ലെന്നും മനസ്സിലാക്കിയ നിമിഷം മുതൽ അതിഭീകരവും വേദനാജനകവുമായ ഭീതി അയാളെ വേട്ടയാടാൻ തുടങ്ങി. പക്ഷേ അയാളുടെ നിരവധി വേലക്കാരിൽ ഒരുവൻപോലും സ്നേഹത്തോടും അനുകമ്പയോടുംകൂടി അയാളെ ശുശ്രൂഷിക്കുകയോ സാന്ത്വനവാക്കുകളാൽ സമാധാനിപ്പിക്കുകയോ ചെയ്തില്ല.

അയാളുടെ മൂത്ത രണ്ട് ആൺമക്കളും വിവാഹിതരായ പെൺമക്കളും, രോഗം സുഖപ്പെടാൻ സാധ്യതയില്ലെന്ന വിവരം അറിഞ്ഞ് പ്രഭുമന്ദിരത്തിലെത്തിയിരുന്നു എന്നതു ശരിയാണ്. പക്ഷേ അത് സ്നേഹപരിചരണങ്ങൾക്കായിരുന്നില്ല; മറിച്ച് ശവസംസ്ക്കാരച്ചടങ്ങുകളിൽ സംബന്ധിച്ച് മൃതദേഹത്തെ കല്ലറയിലേയ്ക്കു അനുയാത്ര ചെയ്യുന്ന ചുമതല നിർവ്വഹിക്കാനായിരുന്നു. മൂത്തമകൻെറ കാര്യത്തിൽ അഭിമാനത്തോടെ പിതാവിൻെറ സ്ഥാനം ഏറ്റെടുക്കുക എന്ന ഉദ്ദേശ്യവുമുണ്ടായിരുന്നു. വൃദ്ധപ്രഭുവിന് ഈ വസ്തുത നന്നായി അറിയാമായിരുന്നതിനാൽ അത് അയാളുടെ മനോവ്യഥയെ വർദ്ധിപ്പിച്ചു. ഒരു മകൻ എത്തിയിരുന്നില്ല. അവൻ കൊല്ലങ്ങൾക്കുമുമ്പ് വീടുവിട്ട് വിദൂരദേശത്ത് എവിടെയോ പോയി ധൂർത്തനായി കഴിയുകയായിരുന്നു. തന്നെ തള്ളിപ്പറയുകയും തൻെറ പേരുപോലും ഉച്ചരിച്ചു കേൾക്കരുതെന്ന് ശഠിക്കുകയും ചെയ്തിരുന്ന പിതാവിൻെറ വീട്ടിലേയ്ക്കു മടങ്ങിവരാൻ അവൻ ഭയപ്പെട്ടു. അവൻ അയച്ചിരുന്ന ചുരുക്കം കത്തുകൾ തുറന്നു നോക്കുകപോലും ചെയ്യാതെ അയാൾ കീറിക്കളയുകയാണു ചെയ്തത്. ഈ ഇളയ മകൻ പശ്ചാത്തപിക്കുകയും താൻ ആർക്കെതിരെ തെറ്റുചെയ്തുവോ

www.malankaralibrary.com

അവരെയെല്ലാംകണ്ട് തന്നാൽ കഴിയുന്നത്ര പരിഹാരം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തതായി കേട്ടുകേൾവിയുണ്ടായിരുന്നു. പക്ഷേ കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാൻ ആരും താത്പര്യം കാണിച്ചില്ല. അവൻ എഴുതിയിരുന്ന കത്തുകളെല്ലാം നശിപ്പിക്കപ്പെടുകയും പിതാവ് അവനോടു ക്ഷമിക്കുവാൻ തീർത്തും വിസമ്മതിക്കുകയും ചെയ്തതിനാൽ അവൻെറ മേൽവിലാസമോ ഏതു വിദൂരദേശത്താണ് അവൻ കഴിഞ്ഞുകൂടുന്നതെന്ന കാര്യമോ ആർക്കും അറിയില്ലായിരുന്നു. അതുകൊണ്ട് പിതാവിൻെറ രോഗാവസ്ഥയുടെ വിവരം അവനെ അറിയിച്ചിരുന്നില്ല.

അങ്ങനെ വൃദ്ധനായ പ്രഭു രാവും പകലും ഒരുപോലെ നേഴ്സുമാരാൽ ചുറ്റപ്പെട്ട് പണത്തിനു വരുത്താൻ കഴിയുന്നതിൽ ഏറ്റം സമർത്ഥരായ ഡോക്ടർമാരുടെ ചികിത്സ സ്വീകരിച്ച് പറഞ്ഞറിയിക്കാനാവാത്ത ഭയാശങ്കകളോടെ മരണത്തെ പ്രതീക്ഷിച്ചുകൊണ്ടു കിടക്കയിൽ കഴിച്ചുകൂട്ടി. ഭയം നിയന്ത്രണാതീതമായപ്പോൾ രോഗിക്ക് ആദ്ധ്യാത്മികാശ്വാസം നൽകുന്നതിന് ഒരു ശുശ്രൂഷിയെയോ, പാപങ്ങൾ ഏറ്റു പറഞ്ഞ് മനഃസാക്ഷിയെ സ്വസ്ഥമാക്കുന്നതിന് ഒരു പുരോഹിതനെയോ വിളിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഒരിക്കൽ ഡോക്ടർമാർ നിർദ്ദേശിച്ചു. പക്ഷേ ഭീരുപ്രഭു കൊല്ലങ്ങളായിട്ട് ഒരു അവിശ്വാസിയായിരുന്നതിനാൽ ഇത്തരമൊരു നിർദ്ദേശത്തിൻെറ സൂചന തന്നെ അയാളെ കോപാക്രാന്തനാക്കിയിരുന്നു. അതുകൊണ്ട് അത് ആവർത്തിക്കാൻ ആരും മുതിർന്നതുമില്ല.

വേദന നിറഞ്ഞ പകലുകളും അതിലേറെ ഭയാനകമായ രാത്രികളും ഇഴഞ്ഞു നീങ്ങി. രോഗിയുടെ ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. സന്ദർശകരെ സ്വീകരിക്കുവാൻ അയാൾ തീർത്തും വിസമ്മതിച്ചു. ഉറ്റമിത്രങ്ങൾ പോലും തൻെറ മനസ്സിനെ മഥിക്കുന്ന ഭയാശങ്കകളെ പുച്ഛരത്തോടെ വീക്ഷിക്കുമെന്നും തന്നോട് ഒരാശ്വാസവാക്കും പറയാൻ അവർക്കു കഴിയുകയില്ലെന്നും അയാൾക്കു നന്നായി അറിയാമായിരുന്നു. മാത്രമല്ല അവരുടെ ആരോഗ്യവും ശക്തിയും, താമസംവിനാ തനിക്കു വിട്ടുപിരിയേണ്ടിവരുന്ന ലൗകിക വസ്തുക്കളോടുള്ള അവരുടെ ആസക്തിയും കാണുമ്പോൾ, മനസ്സിൻെറ സമനില തെറ്റി കൂടുതൽ വഷളായ അവസ്ഥയിലേയ്ക്കു താൻ അധഃപതിച്ചേക്കാമെന്ന ഭയവും അയാൾക്ക് ഉണ്ടായിരുന്നു. ഹോ, എത്ര സംതൃപ്തിയോടെയായിരിക്കും അവർ പിന്നീട് തൻെറ ഭയാശങ്കകളെക്കുറിച്ചു പരസ്പരം തമാശകൾ പറഞ്ഞ് പരിഹാസച്ചിരി ഉതിർക്കുക!

www.malankaralibrary.com

ഇടയൻെറ സുഹൃത്തുക്കൾ ഭീരുപ്രഭുവിനെ കാണാൻ പല ശ്രമങ്ങളും നടത്തിയിരുന്നു. വിവാഹത്തിനുമുമ്പ് പ്രഭുമന്ദിരത്തിൽ നേഴ്സായിരുന്ന ശ്രീമതി ധീരയായിരുന്നു അവരിൽ ഒരാൾ. അതുപോലെതന്നെയായിരുന്നു കരുണയുടെ കാര്യവും. അവസരം കിട്ടിയാൽ അവളും പരിചരണത്തിൽ സന്തോഷപൂർവ്വം പങ്കുചേരുമായിരുന്നു. ഭീരുപ്രഭുവിൻെറ ഇളയ പുത്രൻെറ വളർത്തു സഹോദരനായ യുവ ഇടയൻ, 'നിർഭയാർപ്പണ'ത്തിൻെറ നിലപാടും ഭിന്നമായിരുന്നില്ല. എന്നാൽ അവരുടെയെല്ലാം ശ്രമങ്ങൾ വിഫലമായി. വൃദ്ധപ്രഭു തൻെറ ഭയംകൊണ്ടും ആ ഭയം മറ്റുള്ളവർ കാണുമെന്നുള്ള പേടികൊണ്ടും അവരിൽ ആരെയും സ്വീകരിച്ചില്ല.

ഒരു സായാഹ്നത്തിൽ നേഴ്സിനെ രോഗിയുടെ മുറിയിൽനിന്ന് ആരോ പുറത്തേക്കു വിളിച്ചു. ഒരു യുവതി തിരുമേനിയെ കാണാൻ അനുവാദം വേണമെന്നു പ്രത്യേകം അപേക്ഷിക്കുന്നതായി അവൾ മടങ്ങിവന്ന് പ്രഭുവിനെ അറിയിച്ചു. അവൾ പ്രഭുവിൻെറ ബന്ധുവാണത്രെ. പ്രഭു അവളെ അറിഞ്ഞിരുന്നത് ഭീത എന്ന പേരിലായിരുന്നു. പക്ഷേ ഇപ്പോൾ അവളുടെ പേര് മാറ്റപ്പെടുകയും ഒരു 'ഭീരു'വേ അല്ലാതായിത്തീരുകയും ചെയ്തിരിക്കുന്നുവത്രേ. കുറച്ചു കാലമായി അവൾ താഴ്വരയിൽ ഇല്ലായിരുന്നു. ഇപ്പോൾ തിരിച്ചു വന്നിരിക്കുകയാണ്. തിരുമേനിയെ ഒരിക്കൽ കൂടി കാണുവാൻ അവൾക്ക് അതിയായ ആഗ്രഹമുണ്ട്.

''ഭീത!,'' കിടക്കയിൽ കിടന്ന് അസ്വസ്ഥനായി ഉരുണ്ടുകൊണ്ട് വൃദ്ധൻ മന്ത്രിച്ചു. ആ പേര് അയാളുടെ സ്മരണയിൽ എന്തിൻെറയോ പ്രതിധ്വനി ഉളവാക്കുന്നതായി തോന്നി. ''ഭീത!'' ഒരു നിമിഷത്തിനുശേഷം അയാൾ മന്ത്രിച്ചു: ''എന്ത്, എൻെറ മരുമകളായ വിഷാദിനിയുടെ സഹോദരനും നാടോടിയുമായ ഹീനഭീതിയെ വിവാഹം ചെയ്യുവാൻ വിസമ്മതിച്ച ആ പെൺകുട്ടിയുടെ പേരാണല്ലോ അത്! നോക്കട്ടെ – അവൾ ഏതോവിചിത്രമായ ഒരു യാത്രയ്ക്കു പോയിരുന്നില്ലേ? അതെ, അതുതന്നെ. ഇടയൻ എന്നു വിളിക്കപ്പെടുന്ന ആ മതഭ്രാന്തൻെറ കൂടെ അവൾ പർവ്വതങ്ങളിലേയ്ക്കു പോയിരുന്നു. അവളെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി ആ യുവവങ്കൻ 'അഹങ്കാരം' പുറകെ പോയി. ഇടയൻ അവനെ കടലിലേയ്ക്കു ചുഴറ്റിയെറിഞ്ഞെന്നാണ് കേൾവി. മറ്റുചിലരും അവളെ തട്ടിക്കൊണ്ടുവരാൻ പോയിരുന്നു. പക്ഷേ അവർ വിജയിച്ചില്ല. അപ്പോൾ അവൾ ഏതായാലും പർവ്വതങ്ങളിലെത്തി, അല്ലേ ? അവൾക്ക്

www.malankaralibrary.com

എന്തു സംഭവിച്ചുവെന്നു ഞാൻ അത്ഭുതപ്പെടുകയാണ്.

അയാളുടെ ജിജ്ഞാസ ഉണർന്നു. ഒന്നോ രണ്ടോ നിമിഷനേരം പിറുപിറുത്തശേഷം അയാൾ നേഴ്സിനോടു പറഞ്ഞു: "അപ്പോൾ അവൾ തിരിച്ചെത്തി, അല്ലേ?"

"ഉവ്വ്, തിരുമേനി. ഇനിമേൽ അവളൊരു "ഭീരു"വേ അല്ലെന്നും പറയുന്നു! അവളുടെ ഇപ്പോഴത്തെ പേര് എന്താണെന്നാണു നീ പറഞ്ഞത്?"

"കൃപാമഹത്വം, തിരുമേനി."

"ഒരു 'ഭീരു'വേ അല്ലെന്ന്!" വൃദ്ധൻ മന്ത്രിച്ചു. "കൃപാമഹത്വം. അവൾക്ക് എന്തു സംഭവിച്ചുവെന്ന് ഞാൻ ആശ്ചര്യപ്പെടുന്നു. ഇടയൻ അവളോട് എന്തു ചെയ്തിരിക്കും?"

പെട്ടെന്ന് ജിജ്ഞാസ അയാളെ കീഴടക്കി. ഒരു കാലത്തു ഭീരുത്തറവാട്ടിലെ അംഗമായിരുന്ന ഭീതയിൽ സംഭവിച്ച മാറ്റം നേരിട്ടുകാണുവാൻ അയാൾ ആഗ്രഹിച്ചു. തൻെറ യാത്ര മുടക്കാൻ വന്ന ഒരു സംഘത്തെ മുഴുവൻ വെട്ടിച്ചു രക്ഷപ്പെട്ടവളാണവൾ! അവൾ ഒരു 'ഭീരു'വേ അല്ലാതായിത്തീർന്നിരിക്കുന്നുവത്രേ!

"ആ യുവതിയോട് അകത്തേയ്ക്കു വരാൻ പറയൂ" അയാൾ മുരളി. ഒന്നു രണ്ടു നിമിഷത്തിനുള്ളിൽ കൃപാമഹത്വം അവളുടെ രണ്ടു പരിചാരികമാരൊത്ത് മുറിയിൽ പ്രവേശിച്ചു.

"ഹേ, ഇവരാരാണ്?" വൃദ്ധൻ അക്ഷമനായി ചോദിച്ചു. "ഒരാളെ കാണാനേ ഞാൻ സമ്മതിച്ചിട്ടുള്ളൂ. നിങ്ങളിൽ ഏതാണ് എൻെറ ബന്ധുവായ ഭീത അല്ലെങ്കിൽ കൃപാമഹത്വം അല്ലെങ്കിൽ നിൻെറ ഇപ്പോഴത്തെ പേര് എന്തെന്നാൽ അത്?"

"ഞാനാണ്." കൃപാമഹത്വം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. "ഇവർ എൻെറ പരിചാരികമാരായ സന്തോഷവും സമാധാനവുമാണ്. ഞാൻ പോകുന്നിടത്തെല്ലാം അവരും വരും."

പിന്നീട് അവൾ സാവകാശം മുമ്പോട്ടുവന്ന് കിടക്കയുടെ അടുത്തുനിന്നു.

www.malankaralibrary.com

വൃദ്ധനും ഉന്നതങ്ങളിൽ പോയിട്ടുള്ള ആ സ്ത്രീയും നിശ്ശബ്ദരായി അന്യോന്യം നോക്കി.

"എന്താണിത്?" ദീർഘനേരത്തെ സൂക്ഷ്മ നിരീക്ഷണത്തിനുശേഷം അയാൾ അസ്വസ്ഥനായി ചോദിച്ചു.

"അവസാനം നിന്നെ ഞാൻ കണ്ടപ്പോൾ നീ വിരൂപയും വികൃതമായ ഒരു കോങ്കണ്ണോ മറ്റോ ഉള്ളവളുമായിരുന്നു. നിനക്ക് എന്തു സംഭവിച്ചു?"

"ഉന്നതങ്ങളിലെ ഔഷധഗുണമുള്ള അരുവികളിലൊന്നിൽ ഞാൻ കുളിച്ചു." കൃപാമഹത്വം ശാന്തമായി പറഞ്ഞു. "എന്റെ വൈരൂപ്യങ്ങളെല്ലാം കഴുകി നീക്കപ്പെട്ടു."

"അപ്പോൾ ആ പുള്ളി നിന്നെ ഉന്നതങ്ങളിലേക്ക് കൊണ്ടുപോവുക തന്നെ ചെയ്തു, അല്ലേ?" വൃദ്ധപ്രഭു അവളെ തുറിച്ചു നോക്കിക്കൊണ്ടു സംശയം കലർന്ന സ്വരത്തിൽ ചോദിച്ചു. "അത്ഭുതകരമോ മാന്ത്രികമോ ആയ ഒരു അരുവിയായിരിക്കണം അത്. നിന്നിലെ മാറ്റം കാണുമ്പോൾ അങ്ങനെ തോന്നും."

"അതെ, ഉന്നതങ്ങളിലുള്ള അരുവികൾക്കെല്ലാം അത്ഭുതകരമായി രോഗശാന്തി നൽകാനുള്ള കഴിവുണ്ട്." അവൾ പറഞ്ഞു. "അതിൽ കുളിക്കുന്നവരെല്ലാം പരിപൂർണ്ണ സൗഖ്യം പ്രാപിക്കും. അവർ ഒരിക്കലും മരിക്കുകയില്ല."

"ഒരിക്കലും മരിക്കുകയില്ല!" പരിഹാസവും വേദനയും കലർന്ന സ്വരത്തിൽ അയാൾ ആവർത്തിച്ചു. "എന്തുതരം വെള്ളമാണത്?"

"എന്റെ വിരൂപമായ പാദങ്ങളും വികൃതമായ മുഖവും സുഖപ്പെടുത്തിയ ആ വെള്ളം തന്നെ." അയാളുടെ മുഖത്തുനിന്നു കണ്ണെടുക്കാതെ സൗമ്യമായി അവൾ പറഞ്ഞു. "അതു ജീവജലമാണ്."

"ഉം!" അവജ്ഞതയോടെ അയാൾ അമർത്തി മൂളിയത് ഒരു തേങ്ങൽ പോലെ തോന്നി. "അങ്ങനെയുള്ള അരുവികളെപ്പറ്റി ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ, ഡോക്ടർമാർ എന്നറിയപ്പെടുന്ന വിഡ്ഢികൾ എന്റെ

www.malankaralibrary.com

മരണശയ്യയെന്നു വിചാരിക്കുന്ന ഈ കിടക്കയിൽ എനിക്കു കിടക്കേണ്ടി വരികയില്ലായിരുന്നു!''

''ഇല്ല,'' കൃപാമഹത്വം പറഞ്ഞു, ''അങ്ങ് മരണത്തിലൂടെ കടന്ന് നിത്യ ജീവനിലേക്കു പ്രവേശിച്ചു കഴിയുമായിരുന്നു.''

വൃദ്ധൻ പകുതി ആശയോടും പകുതി സംശയത്തോടും കൂടി അവളെ നോക്കി. ''ആ പഴഞ്ചൻ പ്രയോഗം നീ എവിടെ നിന്നു പഠിച്ചു?'' അദ്ദേഹം ചോദിച്ചു. ''നീ ഒരിക്കലും മരിക്കുകയില്ലെന്ന് നിനക്ക് എങ്ങനെ അറിയാം?''

''ഞാൻ സ്നേഹസാമ്രാജ്യത്തിലേയ്ക്കു പോയ കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ.'' അവൾ പറഞ്ഞു, ''മരണമാകുന്ന പഴയ സ്നേഹരഹിത ജീവിതത്തിനു ഞാൻ മരിച്ചവളായി. സ്നേഹം എൻെറ ഹൃദയത്തിൽ നടപ്പെട്ടു; അത് അവിടെ ജീവിക്കുന്നു. സ്നേഹം നിത്യമാണ്. സ്നേഹമാകുന്ന ജീവന് മരിക്കുവാൻ സാധ്യമല്ല. അതു നിത്യജീവനാണ്.''

വൃദ്ധൻ അവളെ തുറിച്ചുനോക്കി. അവസാനം പുച്ഛസ്വരത്തിൽ ചോദിച്ചു: ''നിത്യജീവൻ - അല്ലെങ്കിൽ എന്തെങ്കിലുമാവട്ടെ - നിന്നിൽ എങ്ങനെ നടപ്പെട്ടു എന്നാണ് നീ പറഞ്ഞത്?''

മനോഹരമായ ഒരു നിറം അവളുടെ മുഖത്തു മുഴുവൻ വ്യാപിച്ചു. ''ജീവൻെറയും സ്നേഹത്തിൻെറയും നാഥനായ ഇടയൻ അത് അവിടെ നട്ടു. എന്നിൽ നടപ്പെട്ട അദ്ദേഹത്തിൻെറ ജീവനാണ് അത്.'' ഇടയൻെറ നാമം ഉച്ചരിച്ചപ്പോൾ അവളുടെ മുഖം, വൃദ്ധൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തവിധം സുന്ദരമായി പ്രകാശിച്ചു.

''ഇടയൻ!'' വെറുപ്പോടെ അയാൾ പ്രതിവചിച്ചു. ''അയാൾക്കതിൽ എന്താണു കാര്യം?''

''എന്നെ ഉന്നതങ്ങളിലേയ്ക്ക് കൊണ്ടുപോയത് അദ്ദേഹമാണെന്ന് അങ്ങേക്ക് അറിയാമല്ലോ. അവിടെ വച്ചാണ് എനിക്ക് ഈ മാറ്റങ്ങളെല്ലാം സംഭവിച്ചത്.''

''ഇടയൻ!'' അയാൾ വീണ്ടും മുറുമുറുത്തു. ''വെറും ഒരു മനുഷ്യൻ,

www.malankaralibrary.com

മറ്റാരെയും പോലെ - അതും ഒരു കിറുക്കൻ! അയാൾക്ക് എങ്ങനെയാണു ജീവൻ നൽകാൻ കഴിയുക? അർത്ഥമില്ലാത്ത കെട്ടുകഥ!''

''അദ്ദേഹം സ്നേഹനാഥനാണ്,'' അവൾ മൃദുലസ്വരത്തിൽ പറഞ്ഞു, ''നാഥനും ജീവദാതാവുമാണ്. അതുകൊണ്ടാണ്, ഭീരുപ്രഭു, അങ്ങ് ഇപ്പോൾ ഇവിടെ കിടന്നു മരിച്ചുകൊണ്ടിരിക്കുന്നത്.'' ഇതുവരെ അയാൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും അസാധാരണവും അനുകമ്പാർദ്രവുമായ ഒരു നോട്ടത്തോടെ അവൾ പറഞ്ഞു: ''ജീവിത നിയമമാകുന്ന സ്നേഹത്തെപ്പറ്റി ഒന്നും അറിയാത്തതുകൊണ്ടാണ് അങ്ങ് ഇപ്പോൾ മരിച്ചുകൊണ്ടിരിക്കുന്നതെന്ന് അങ്ങേയ്ക്കു മനസ്സിലാകുന്നില്ലേ?''

''ജീവിത നിയമമാകുന്ന സ്നേഹം,'' അയാൾ മന്ത്രിച്ചു. ''എന്തു തുമ്പില്ലാത്ത പ്രയോഗമാണിത്? എന്റെ ശരീരം വാർദ്ധക്യം ബാധിച്ച് ക്ഷയിച്ച് പ്രവർത്തനക്ഷമമല്ലാതായിത്തീർന്നതുകൊണ്ടാണ് ഞാൻ മരിച്ചുകൊണ്ടിരിക്കുന്നത്.''

സംസാരിച്ചുകൊണ്ടിരിക്കെ, ആഗ്രഹത്തിനു വിപരീതമായി, അയാൾ വേദനകൊണ്ടു ഞരങ്ങുകയും മൂളുകയും ചെയ്യുന്നുണ്ടായിരുന്നു. പെട്ടെന്ന് അയാൾ ഞെട്ടി എണീറ്റ് വിറച്ചുകൊണ്ടു കട്ടിലിൽ ഇരുന്നു.

''ഓ, അല്ല'' രോഗിയുടെ കയ്ക്കുമേൽ കയ്വച്ചുകൊണ്ട് കൃപാമഹത്വം പറഞ്ഞു. അയാളുടെ ഭയാശങ്കകൾക്കു തൽക്കാലത്തേക്ക് അല്പം ശമനം വന്നതുപോലെ തോന്നി. ''ഓ, അല്ല, അങ്ങയുടെ ശരീരമല്ല യഥാർത്ഥത്തിൽ മരണത്തെ ഭയപ്പെടുന്നത്. ശരീരത്തിന്റെ ഉടമയായ അങ്ങുതന്നെയാണ് ഭയപ്പെടുകയും പരിഭ്രാന്തനാവുകയും ചെയ്യുന്നത് - ശരീരം അങ്ങയുടെ താൽക്കാലിക ഭവനമോ, ആത്മപ്രകാശനത്തിനുള്ള ഉപാധിയോ, പരിചിതമായ ഈ ഭൗമിക ലോകത്തോടു ബന്ധപ്പെടാനുള്ള മാർഗ്ഗമോ അല്ലാതായിതീരുമ്പോഴും നിലനിൽക്കേണ്ടവനായ അങ്ങുതന്നെ.''

അദ്ദേഹം അടിമുടി വിറച്ചുകൊണ്ടു മന്ത്രിച്ചു: ''ഇടയനെക്കുറിച്ചുള്ള വിചിത്രമായ ഇത്തരം കെട്ടുകഥകളൊന്നും ഇനിമേൽ എനിക്കു കേൾക്കേണ്ട.''

''എന്നെങ്കിലും അങ്ങേയ്ക്ക് അദ്ദേഹത്തെ കണ്ടുമുട്ടേണ്ടിവരും, തീർ

www.malankaralibrary.com

ച്ച.'' കൃപാമഹത്വം സൗമ്യമായി പറഞ്ഞു.

''ഒരിക്കലുമില്ല!'' വൃദ്ധൻ തറപ്പിച്ചു പറഞ്ഞു. ''ഇടയനെന്ന ആ മനുഷ്യനെ ഞാൻ ഒരിക്കലും കാണുകയില്ല. എൻെറ ജീവിതകാലം മുഴുവൻ ഞാൻ അയാളെ വെറുത്തിരുന്നു.''

''മരണാനന്തരം എന്നാണ് ഞാൻ വിവക്ഷിച്ചത്,'' കൃപാമഹത്വം പറഞ്ഞു. ഈ താഴ്വരയിലായിരിക്കുമ്പോൾ ജീവിതകാലം മുഴുവൻ അങ്ങേയ്ക്ക് അദ്ദേഹത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയും; എന്നാൽ മരണാനന്തരം സാധ്യമല്ല. അദ്ദേഹം ന്യായാധിപനാണ്.''

''ന്യായാധിപൻ!'' ക്രോധവും വേദനയും കലർന്ന സ്വരത്തിൽ വൃദ്ധൻ ആക്രോശിച്ചു. ''എന്തു ന്യായാധിപൻ?''

''അങ്ങയുടെ ജീവിതത്തിൻെറ മുഴുവൻ ന്യായാധിപൻ-അങ്ങ് എങ്ങനെ ജീവിച്ചുവെന്നും അങ്ങേയ്ക്ക് നൽകപ്പെട്ട ഈ ശരീരവും ഈലോകത്തിൽ സമ്പാദിച്ച വസ്തുവകകളും എങ്ങനെ ഉപയോഗിച്ചുവെന്നും പരിശോധിക്കുന്ന ന്യായാധിപൻ. അങ്ങ് സ്നേഹത്തിൻെറ നിയമം പാലിച്ചുവോ ഇല്ലയോ എന്ന് അദ്ദേഹം വിധിയെഴുതും.''

''അതിനെപ്പറ്റി ഇടയൻ എങ്ങനെ അറിയും?'' വൃദ്ധൻ പരിഹാസഭാവത്തിൽ ചോദിച്ചു. ''ഞങ്ങൾ ഒരിക്കലും തമ്മിൽ കണ്ടിട്ടില്ല. അയാൾക്ക് എന്നെപ്പറ്റി ഒന്നും അറിയില്ല. കേട്ടുകേൾവിയിൽ നിന്നാണോ അയാൾ വിധി പറയുന്നത്?'' ഇതു പറഞ്ഞപ്പോൾ അയാളുടെ മുഖത്തു വീണ്ടും സംഭ്രമം നിഴലിച്ചു. അനേകർ തന്നെപ്പറ്റി പറഞ്ഞിരിക്കാവുന്ന കാര്യങ്ങളെപ്പറ്റി അയാൾ ഓർത്തു.

''അല്ല,'' അവൾ ശാന്തമായി പറഞ്ഞു: ''ഭീരുപ്രഭു, ഈ വിവരങ്ങളെല്ലാം അങ്ങയുടെ ഉള്ളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്- അങ്ങയാൽ തന്നെ, അദ്ദേഹത്തിനു വ്യക്തമായി കാണത്തക്കവിധത്തിൽ. പഴയ ഒരു വൃക്ഷം മുറിച്ചു വീഴ്ത്തപ്പെടുമ്പോൾ അതിൻെറ ചരിത്രം മുഴുവൻ, ഓരോ വർഷവും ഉണ്ടാകുന്ന വലയങ്ങൾ മുഖേന, അതിൻെറ കാതലിൽ എഴുതപ്പെട്ടിരിക്കുന്നത് കാണുന്നില്ലേ? കൊടുങ്കാറ്റിൻെറ ശക്തികൊണ്ട് വളർച്ച മുരടിച്ച വർഷങ്ങളേവയെന്നും രോഗബാധിതമായ വർഷങ്ങളേവയെന്നും നന്നായി വളർന്നു കരുത്തവച്ച വർഷങ്ങളേവയെന്നും തിരിച്ചറി

www.malankaralibrary.com

യാൻ, പരിജ്ഞാനമുള്ള ഒരാൾക്ക് പെട്ടെന്നു കഴിയും. അഥവാ അതിൻെറ ഉള്ള് കൃമികീടങ്ങൾ തിന്നു നശിപ്പിച്ചിട്ടുണ്ടെങ്കിൽ മരം വീഴുമ്പോൾ അതു വ്യക്തമാകും. അതു പൊള്ളയും നിർജ്ജീവവുമായിരിക്കുമല്ലോ. അങ്ങ് അങ്ങയുടെ ആന്തരിക ജീവിതത്തിൻെറ കഥ തികച്ചും വ്യക്തമായി എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അങ്ങയിൽ എഴുതപ്പെട്ടിരിക്കുന്നതെല്ലാം വായിച്ച് അവയുടെ നന്മതിന്മകളെ വിലയിരുത്തി വിധി കൽപ്പിക്കുന്ന ന്യായാധിപൻ, അങ്ങ് ആരെ നിന്ദിക്കുകയും തിരസ്ക്കരിക്കുകയും ചെയ്യുന്നുവോ അദ്ദേഹമാണ്, ജീവൻെറയും സ്നേഹത്തിൻെറയും നാഥനായ ഇടയനാണ്.''

''ഭയാനകമായ ഇത്തരം കാര്യങ്ങൾ പറഞ്ഞ് ഇവിടെ നിൽക്ക്രുത്.'' വൃദ്ധൻ നെടുവീർപ്പിട്ടു. ''ജീവിതാന്ത്യം സമീപിച്ചിരിക്കുന്ന ഇപ്പോൾ ഇതെല്ലാം പറഞ്ഞിട്ട് എന്തു പ്രയോജനം?''

''എന്തുകൊണ്ട്,'' ഒരടി മുമ്പോട്ടു വച്ച് അവൾ താത്പര്യപൂർവ്വം ചോദിച്ചു. ''എന്തുകൊണ്ടാണ്, അങ്ങ് ഇപ്രകാരം പറയുന്നത്? ഭീരു പ്രഭൂ, അങ്ങ് ആവശ്യപ്പെടുകയാണെങ്കിൽ ഇപ്പോൾപോലും പുതുജീവൻെറയും സ്നേഹത്തിൻെറയും വിത്ത് അദ്ദേഹം അങ്ങയുടെ ഹൃദയത്തിൽ നടുകയും അതു വളർന്ന് വരാനിരിക്കുന്ന ലോകത്തിൽ ഫലം പുറപ്പെടുവിക്കുകയും ചെയ്യും. അപ്പോൾ അങ്ങയുടെ ശരീരത്തിന് ഒരു പ്രാധാന്യവും ഉണ്ടായിരിക്കുകയില്ല. മരണമില്ലാത്ത പുതിയ ശരീരങ്ങൾ നാം സ്വീകരിക്കും. ശ്രദ്ധിക്കൂ!'' അവൾ പാടാൻ തുടങ്ങി:

*ഓരോ ആത്മാവും ശൂന്യമായ ബലിവേദി.*
*ഒരിക്കലും കെടാത്ത, ജ്വലിക്കുന്ന തീക്കനൽ.*
*സ്വന്തം ഹൃദയത്തിൽ നിന്നെടുത്ത്*
*നിത്യമായ സ്നേഹം അവിടെ അർപ്പിക്കുന്നു.*
*ഉറവിടത്തിലെ മാതൃ ജ്വാലയെ പുല്കാൻ*
*എരിയുന്ന ദാഹത്തോടെ അതു കാത്തിരിക്കുന്നു.*

*ഓരോ ആത്മാവും ദേവാലയം;*
*സ്നേഹം വസിക്കാൻ കൊതിക്കുന്ന ആലയം.*
*ഓരോ വ്യക്തിയും അതിനു തീരുമാനമെടുക്കണം,*

www.malankaralibrary.com

*സ്വർഗ്ഗമോ നരകമോ ആയിത്തീരാൻ.*
*സ്നേഹശൂന്യതയിൽ നരകം അതിൻെറ അവകാശം*
*മനുഷ്യനും ദൈവവും കണ്ടുമുട്ടിയാൽ അതുതന്നെ സ്വർഗ്ഗം.*

*ക്രിസ്തുവത്രേ ജീവിക്കുന്ന ജ്വാല, ശുദ്ധീകരിക്കുന്ന നാളം*
*നീയോ ബലിപീഠവും.*
*ദൈവത്തിൻെറ സ്നേഹത്തിൽനിന്നവൻ വന്നു,*
*നിൻെറ ശൂന്യഹൃദയം തേടുന്നു.*
*ഉന്നതത്തിൽ നിന്നുള്ള നാഥനെ സ്വീകരിക്കൂ*
*അവൻ നിന്നിൽ ജീവിച്ചു സ്നേഹം നിറയ്ക്കും.*

''സ്നേഹജീവിതം!'' വൃദ്ധൻ പരിഹാസത്തോടെ ആവർത്തിച്ചു; അതിനുശേഷം വീണ്ടും നെടുവീർപ്പിട്ടു. ''എന്തുകൊണ്ടാണ് നീ വീണ്ടും വീണ്ടും സ്നേഹത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുന്നത്?''

''അതു പ്രപഞ്ചത്തിൻെറ നിയമമാണ്,'' അവൾ പറഞ്ഞു, ''അസ്തിത്വത്തിൻെറ നിയമമാണ്. സ്നേഹിക്കുന്നതെന്തും എന്നേക്കും ജീവിക്കുന്നു. മറ്റുള്ളതെല്ലാം നശിക്കുന്നു.''

''എന്താണു സ്നേഹം?'' അയാൾ നെടുവീർപ്പോടെ ചോദിച്ചു. ''എനിക്കതിനെപ്പറ്റി വലിയ പിടിയൊന്നുമില്ല.''

''അങ്ങേയ്ക്ക് അതിനെപ്പറ്റി യാതൊന്നും അറിയില്ല,'' അവൾ അനുകമ്പയോടെ പറഞ്ഞു. ''സ്നേഹിക്കുകയെന്നതിൻെറ അർത്ഥം സ്വയം ദാനം ചെയ്യുകയെന്നാണ്, സ്വന്തം അഹത്തെ ബലി കഴിക്കുകയെന്നാണ്, തന്നെതന്നെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയെന്നാണ് -പുല്ല് കന്നുകാലികൾക്കു തീറ്റയായിത്തീരുന്നു, വെള്ളം വരണ്ടഭൂമിയെ നനയ്ക്കുന്നു, സൂര്യൻ തൻെറ പ്രകാശവും ചൂടും ദുഷ്ടർക്കും ശിഷ്ടർക്കും ഒരുപോലെ ദാനം ചെയ്യുന്നു -അതുപോലെ.''

''അതുകേട്ടിട്ട് എനിക്ക് അങ്ങേയറ്റം വെറുപ്പു തോന്നുന്നു,'' പാവം വൃദ്ധപ്രഭു പറഞ്ഞു. ''അവസാനമില്ലാത്ത സ്വയം ദാനത്തിൻെറ ഒരു ജീവിതം - എനിക്കതു സഹിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.'' കൗശലപൂർവ്വം, കണക്കുകൂട്ടി മറ്റുള്ളവരിൽനിന്നു കിട്ടാവുന്നതെല്ലാം തട്ടിയെടുക്കുന്ന, എപ്പോഴും സ്വീകരിക്കുകയും കഴിയുന്നത്ര കുറച്ചു മാത്രം

www.malankaralibrary.com

കൊടുക്കുകയും ചെയ്യുന്ന, തന്റെ സ്വാർത്ഥ ജീവിതം മുഴുവൻ, സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അയാളുടെ കൺമുമ്പിൽ തെളിഞ്ഞുവന്നു.

"നീ പറയുന്ന നിത്യജീവിതത്തിന്റെ അർത്ഥം ഇതാണെങ്കിൽ എനിയ്ക്കത് ആവശ്യമില്ല! മറിച്ച് ഇല്ലാതായിത്തീരുന്നതാണ് അതിലും ഭേദം."

"പിന്നെ മരിയ്ക്കുന്നതിൽ അങ്ങേയ്ക്ക് എന്താണ് ഇത്ര ഭയം?" അവൾ ദൃഢസ്വരത്തിൽ ചോദിച്ചു.

"എനിയ്ക്കറിയില്ല!" അയാൾ കിതച്ചു. "ഇല്ലാതായിത്തീരുമെന്ന ചിന്തയുടെ ഭീകരതയാണത്; ഒന്നുമല്ലാതായിത്തീരുമെന്ന, എന്നേക്കുമായി എല്ലാം നഷ്ടപ്പെടുമെന്ന, ചിന്തയുടെ ഭീകരത." അയാളുടെ മുഖത്ത് വിയർപ്പു പൊടിച്ചു. "എന്നെ സഹായിക്കൂ!" വിരളിയോടെ അയാൾ വിളിച്ചു പറഞ്ഞു: "എന്നെ മരണത്തിനു വിട്ടുകൊടുക്കരുത് ! എന്നെ പിടിക്കൂ -എന്നെ പിടിക്കൂ! എന്നെ ഇങ്ങനെ കഷ്ടപ്പെടുത്താതിരിക്കൂ!"

തപ്പിത്തടയുന്ന, വിറയ്ക്കുന്ന അയാളുടെ കയ് സ്വന്തം കയ്കളിലെടുത്തശേഷം അവൾ ശാന്തമായി പറഞ്ഞു: "അങ്ങ് മരിക്കുവാൻ ഭയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ പറയാം. ഒരിയ്ക്കൽ ഞാൻ തന്നെ ഭീതയായിരുന്നു. സ്നേഹമാകുന്ന ജീവിത നിയമത്തെ ലംഘിച്ചുവെന്നും, ജീവിതകാലം മുഴുവൻ മറ്റുള്ളവർക്ക്, സ്വന്തം മകനു പോലും, മാപ്പു നിഷേധിച്ച അങ്ങേയ്ക്ക് വിധിയാളനിൽനിന്നു മാപ്പു കിട്ടുകയില്ലെന്നും ഉള്ളിന്റെയുള്ളിൽ അങ്ങേയ്ക്കറിയാം. അതുകൊണ്ടാണ് അങ്ങു ഭയപ്പെടുന്നത്. ഇല്ലാതായിത്തീരുന്നതിനെയല്ല അങ്ങു യഥാർത്ഥത്തിൽ ഭയപ്പെടുന്നത്- അതും ചിന്തിച്ചാൽ ഭയാനകമായഒരു സംഗതിയാണെങ്കിൽ പോലും- അതിനേക്കാൾ എത്രയോ ഭീകരമായ മറ്റൊന്നാണ്: മരണത്തോടെ എല്ലാം അവസാനിക്കുകയില്ലെന്നും ഈ ലോകത്തിൽ സംരക്ഷണം നല്കുകയും അങ്ങു വിലമതിക്കുകയും ചെയ്തവയൊന്നും ഇല്ലാത്ത തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിൽ തുടർന്നും ജീവിക്കുമെന്നും അങ്ങു ഭയപ്പെടുന്നു. ജീവിതകാലമത്രയും അങ്ങു നിന്ദിക്കുകയും തിരസ്ക്കരിക്കുകയും ചെയ്ത ഒരു വ്യക്തിയെയാണല്ലോ ന്യായാധിപനായി അവസാനം നേരിടേണ്ടിവരിക എന്ന ചിന്തയും അങ്ങയെ ഭയപ്പെടുത്തുന്നു. "ഞാൻ ഇടയനെ ഇങ്ങോട്ടു വരുത്തട്ടെയോ?" അവൾ അപേക്ഷിച്ചു. "അദ്ദേഹം വന്നാൽ വൈകിപ്പോകുംമുമ്പ്, എല്ലാറ്റിനും, അതെ, എല്ലാറ്റിനും മാറ്റം വരുത്താൻ കഴിയും."

www.malankaralibrary.com

"വേണ്ട,വേണ്ട,വേണ്ട,!" വൃദ്ധൻ ഉച്ചത്തിൽ നിലവിളിച്ചു. "ഞാൻ അയാളെ കാണുകയില്ല. ഒരിക്കലുമില്ല!" വെറുപ്പും ഭയവും നിറഞ്ഞ സ്വരത്തിൽ നിലവിളിച്ചുകൊണ്ട് കയ് വിടുവിച്ച് വൃദ്ധൻ കിടക്കയി ലേയ്ക്കു മറിഞ്ഞു. വാതിലുകൾ തുറന്ന് നേഴ്സുമാർ ഓടിയെത്തി. അപ്പോൾ അയാൾ ബോധരഹിതനായി കട്ടിലിൽ കിടക്കുകയായിരുന്നു.

കൊട്ടാരത്തിലെ വലിയ കിടക്കയിൽ കിടന്നിരുന്ന ഭീരുപ്രഭുവിൻെറ മേൽ ആ രാത്രിയിൽ മരണം വന്ന് തണുത്ത ശ്വാസത്താൽ സ്പർശിച്ചു കൊണ്ടു പറഞ്ഞു: "ഭോഷാ! നിൻെറ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടുന്ന രാത്രി ഇതാണ്."

www.malankaralibrary.com

## അദ്ധ്യായം - 10

# വയമ്പുമല (സൗമ്യത)

### സ്നേഹത്തിൻെറ ഭീകരത

സൗമ്യതയുടെ സുഗന്ധദ്രവ്യങ്ങൾ നട്ടുവളർത്തിയിരുന്ന വയമ്പുമലയിലേയ്ക്ക് സൂര്യോദയത്തിനുമുമ്പ് രാജാവു കൃപാമഹത്വത്തെ കൂട്ടിക്കൊണ്ടുപോയി. പർവ്വതങ്ങളുടെ മുകളിൽ ഒരു ഇളം തെന്നൽ വീശിക്കൊണ്ടിരുന്നു. പർവ്വതസാനുക്കളോട് അടുത്തപ്പോൾ അങ്ങകലെയുള്ള കടലലകളുടെ മർമ്മരശബ്ദംപോലെ മൃദുലമായ ഒരു സംഗീതസ്വരം അവർ കേട്ടു. അടുത്തെത്തുംതോറും ഈ സംഗീതത്തിൻെറ ആരോഹണാവരോഹണക്രമം ഉപര്യുപരി വ്യക്തമായിക്കൊണ്ടിരുന്നു. മധുരസ്വരം പൊഴിക്കുന്ന അസംഖ്യം സംഗീതോപകരണങ്ങൾ ഒന്നുചേർന്ന് ഈണത്തോടെ ഒരു സംഘഗാനം ആലപിക്കുകയാണോ എന്ന തോന്നൽ അതുളവാക്കി.

അവർ പർവ്വതസാനുക്കളിൽ എത്തിയപ്പോൾ കൃപാമഹത്വം അത്ഭുതാഹ്ലാദങ്ങളാൽ നിശ്ചലയായിനിന്നുപോയി. കാരണം കടലിൽ അലകൾ ഇളകുന്നതുപോലെ കാറ്റിൽ താളാത്മകമായി ആടിയുലയുന്ന ഓടകൾ നിറഞ്ഞ വിശാലമായ ഒരു ഭൂപ്രദേശം തൻെറ മുമ്പിൽ തുറന്നു കിടക്കുന്നത് അവൾ കണ്ടു. ഓടക്കാടാകുന്ന ഈ കടലിലെ അലകളുടെ ഉച്ചികൾ രജതരേഖകൾപോലെ പതഞ്ഞു നിന്നു. കാരണം ഓടകൾ പുഷ്പിച്ചിരുന്ന കാലമായിരുന്നു അത്. ഈ പുഷ്പങ്ങളുടെ തവിട്ടു നിറത്തിലുള്ള കേസരങ്ങൾക്കുചുറ്റും വെളുത്ത, ചിലന്തിവലപോലെ

www.malankaralibrary.com

നേരിയ പോളകൾ വിരിഞ്ഞു നിന്നിരുന്നു. ഓടക്കാടുകളിൽ വീശിയ കാറ്റായിരുന്നു അവളുടെ കർണ്ണപുടങ്ങൾക്ക് ഇമ്പമേകിയ സംഗീതസ്വരത്തിന്റെ ഉറവിടം. അവർ ആ മലഞ്ചെരിവിന്റെ വക്കിൽനിന്നപ്പോൾ പുല്ലാങ്കുഴൽനാദംപോലുള്ള അനേകം സ്വരങ്ങൾ അവരുടെ കാതുകളിൽ വന്നുതട്ടി. രാജാവിന്റെ ഇടയന്മാരുടെ ഒരു സംഘം അവിടെ സമ്മേളിച്ചിരിക്കുന്നത് അവരുടെ ദൃഷ്ടിയിൽപ്പെട്ടു. താഴ്വരയിലേയ്ക്ക് ഇറങ്ങുന്നതിനുമുമ്പ് അവർ ഓടകൾമുറിച്ച് ഓടക്കുഴലുകൾ ഉണ്ടാക്കുകയായിരുന്നു.

അവമതീതാഴ്വരയിലെ പുൽത്തകിടികളിൽ ഇടയന്മാർ ആട്ടിൻ പറ്റങ്ങളെ മേയ്ച്ചിരുന്നപ്പോൾ ഇത്തരം പുല്ലാങ്കുഴലുകൾ ഉപയോഗിച്ചു പാടിയ പാട്ടുകൾ അവൾ കേട്ടിരുന്നു. എന്നാൽ വയമ്പുമലയിൽ വളർന്നിരുന്ന സൗമ്യതയുടെ ഓടകൾ ഉപയോഗിച്ചാണ് ഇടയന്മാർ ഈ പുല്ലാങ്കുഴൽഗാനം പുറപ്പെടുവിച്ചിരുന്നതെന്ന് അവൾ മനസ്സിലാക്കിയിരുന്നില്ല.

അവർ തങ്ങളുടെ മുമ്പിൽ പരന്നുകിടക്കുന്ന പ്രശാന്തമായ ആ ദൃശ്യം നോക്കിനിൽക്കവേ ചില ഇടയന്മാർ പാടാൻ തുടങ്ങി; മറ്റുള്ളവർ അവരുടെ പുല്ലാങ്കുഴലിൽ അതിന് ഈണം പകർന്നു. ഇതായിരുന്നു ആ പാട്ട്:

*നിന്റെ പ്രശാന്തത എന്നെ മഹത്വമുള്ളവനാക്കി*
*ഞാനും പ്രശാന്തത പുല്കും*
*എന്റെ ഭാഗധേയം നിർണ്ണയിക്കുന്നത് സ്നേഹമാണ്, വിധിയല്ല.*
*നാഥാ, ഇതെന്നെ പഠിപ്പിച്ചാലും.*
*നിന്റെ സ്നേഹം ചുഴലിക്കാറ്റുകളും*
*കൊടുങ്കാറ്റുകളും അയച്ചുതരുമ്പോൾ*
*സന്തോഷത്തോടെ പ്രശാന്തമായി ഞാൻ തലകുനിക്കട്ടെ.*

*നിന്റെ സേവകർ എതിർക്കുകയോ പോരാടുകയോ അരുത്*
*അവർ തങ്ങളുടെ യജമാനനെപ്പോലെയാവണം*
*പ്രശാന്തതയാണ് വിജയം നേടുക, ബലമോ ശക്തിയോ അല്ല.*
*നാഥാ, ഇതെന്നെ പഠിപ്പിച്ചാലും*
*മറ്റുള്ളവർ എന്റെ സ്നേഹം നിരസിച്ചാലും*
*ഒരു മാടപ്രാവിനെപ്പോലെ ഞാൻ*
*പ്രശാന്തത പുലർത്തട്ടെ.*

www.malankaralibrary.com

അവർ യാത്രതുടർന്നപ്പോൾ, സൗമ്യതയുടെ ഓടകളെപ്പറ്റി രാജാവു തൻെറ സഹചാരിയോടു സംസാരിക്കുവാൻ തുടങ്ങി. ഓടകളിൽനിന്നു ലഭിക്കുന്ന പ്രധാന ഉൽപ്പന്നം അതിൻെറ അടിഭാഗത്തുനിന്നു വലിച്ചെടുക്കുന്ന ഹൃദ്യമായ ഒരു സുഗന്ധദ്രവ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഉന്മേഷവും ആശ്വാസവും നല്കുന്ന അതിൻെറ സുഗന്ധം അത് ഉപയോഗിക്കുന്നവരിൽ ദിവസം മുഴുവനും തങ്ങിനിന്നിരുന്നു. ഓടകളുടെ വഴങ്ങുന്ന സ്വഭാവവും സ്ഥിരമായ ചലനവുമാണ് അവയിൽ സുഗന്ധദ്രവ്യം രൂപപ്പെടുത്തുന്നത് എന്ന വസ്തുത അദ്ദേഹം വിശദീകരിച്ചു. അവയുടെ അതിവിശിഷ്ടമായ ഭംഗിയും എതിർപ്പില്ലാതെ, സൗമ്യമായി കാറ്റിനു മുമ്പിൽ കുമ്പിടുകയും ചിലപ്പോൾ ഭൂമിയോളം താഴുകയും കാറ്റു നിൽക്കുമ്പോൾ പ്രത്യക്ഷത്തിൽ യാതൊരു പ്രയത്നവും കൂടാതെ വീണ്ടും നിവർന്നുനിൽക്കുകയും ചെയ്യുന്ന അവയുടെ ചലനശൈലി അദ്ദേഹം ചൂണ്ടിക്കാണിച്ചു. അവയുടെ ഓരോ ചലനത്തിലും മനോജ്ഞവും ഉദാരവുമായ ഒരു വിധേയഭാവമുണ്ടായിരുന്നു. അതേസമയം അവയുടെ ചലനങ്ങളുടെമേലുള്ള നിയന്ത്രണത്തിലും സമനിലയിലും ഒരു രാജകീയ പ്രൗഢിയും ആജ്ഞാശക്തിയും പ്രതിഫലിച്ചിരുന്നു. താഴേക്കുള്ള അവയുടെ ചലനം ഒരു ദൗർബല്യമായിതോന്നുമായിരുന്നതേയില്ല. "എങ്ങനെ താഴണമെന്നും എങ്ങനെ ഉയരണമെന്നും അവയ്ക്കറിയാം." പെട്ടെന്നുണ്ടായ ഒരു ഉൾക്കാഴ്ചയാൽ കൃപാമഹത്വം ആത്മഗതം ചെയ്തു. വെറുപ്പോ, നീരസത്തോടുകൂടിയ എതിർപ്പോ, ആത്മാനുകമ്പയോ കൂടാതെ ജീവിതത്തിലെ ശ്രമകരവും തിക്തവുമായ അനുഭവങ്ങളോട് നിത്യവും വിധേയപ്പെടുന്നതുവഴിയാണ് സൗമ്യത, സഹാനുഭൂതി, സ്നേഹനിർഭരമായ ജ്ഞാനം എന്നൊക്കെ മനുഷ്യൻ വിളിക്കുന്ന മനോജ്ഞമായ ഈ സുഗന്ധം രൂപംകൊള്ളുന്നതെന്ന് അവൾ മനസ്സിലാക്കി. കാറ്റിനോ കൊടുങ്കാറ്റിനോ ഈ ഓടകളെ ഉപദ്രവിക്കുവാനോ ഒടിക്കുവാനോ കഴിയുമായിരുന്നില്ല. കാരണം കാറ്റിൻെറ ഏറ്റവും മൃദുലമായ ചലനത്തിനുമുമ്പിലും യാതൊരു എതിർപ്പും കൂടാതെ തലകുനിയ്ക്കുവാൻ അവ പഠിച്ചിരുന്നു. സുഭഗമായ കീഴ്വഴക്കത്തിൻെറ ഈ ചലനവും അതിൻെറ തികഞ്ഞ സന്തുലിതാവസ്ഥയുമാണ് പർവ്വതപാർശ്വത്തിലെങ്ങും സംഗീത സ്വരലയം പരത്തിയത്. സ്വർഗ്ഗീയ സംഗീതമാലപിക്കുവാൻ കാറ്റ് ഓരോ ഓടയേയും ഒരു സംഗീതോപകരണമാക്കി മാറ്റുകയായിരുന്നു.

ഈറ്റകളുടെ ഇടയിലുള്ള ഇടുങ്ങിയ പാതയിലൂടെ രാജാവു സഞ്ചരി

www.malankaralibrary.com

ച്ചപ്പോൾ കൃപാമഹത്വം നിശ്ശബ്ദതയിൽ അദ്ദേഹത്തെ പിൻതുടർന്നു. അദ്ദേഹത്തിൻെറ ചലനത്തിലുള്ള സമനിലയും പ്രസന്നതയും മെയ്വഴക്കവും ആ ഈറ്റകളിലുള്ള അതേ ഗുണങ്ങളാണെന്ന് അവൾ മനസ്സിലാക്കി. താഴാനും കുനിയാനുമുള്ള സന്നദ്ധതയും താണാലും പരുക്കേൽക്കാതെ വീണ്ടും രാജകീയ പ്രൗഢിയോടെ ഉല്ലാസകരമായി ഉയർന്നു നിൽക്കാനുള്ള കഴിവും അവയ്ക്കുണ്ടായിരുന്നു. അവൾ അദ്ദേഹത്തെ നിരീക്ഷിച്ചപ്പോൾ, ഉന്നതങ്ങളിലേയ്ക്കുള്ള തൻെറ നീണ്ട യാത്രയെപ്പറ്റി അവൾ ഓർമ്മിച്ചു. ആദ്യാവസാനം അദ്ദേഹം അവളോടു കാണിച്ച ആർദ്രമായ സൗമ്യതയും, അവളുടെ കഷ്ടപ്പാടുകളും ഭയദൗർബല്യങ്ങളുമെല്ലാം മനസ്സിലാക്കുന്നതിൽ കാണിച്ച സഹാനുഭൂതിയും ആയിരുന്നു അദ്ദേഹത്തെ അനുഗമിക്കുവാൻ അവളെ പ്രേരിപ്പിച്ചത്- പർവ്വതമുകളിലെ മഞ്ഞുമൂടിയ മലയിടുക്കിലുള്ള ശവകുടീരത്തിങ്കലേയ്ക്കു പോലും. പിന്നീട് അവൾ നന്ദിയോടെ സ്വയം ഇങ്ങനെ മന്ത്രിച്ചു: "അദ്ദേഹത്തിൻെറ സൗമ്യതയാണ് എന്നെ മഹത്വപ്പെടുത്തിയത്," "ഓ, മറ്റുള്ളവരോടുള്ള അതേ സൗമ്യതയാൽ ഞാനും അഭിഷേകം ചെയ്യപ്പെട്ടിരുന്നെങ്കിൽ!"

അദ്ദേഹത്തിൻെറ കൂടെ കുറച്ചുദൂരം ചെന്നപ്പോൾ, ഒരറ്റത്ത് വലിയ പാറക്കെട്ടുള്ള വിശാലമായ ഒരു തടാകത്തിൻെറ അരികിലെ തുറസ്സായ സ്ഥലത്തേയ്ക്കാണ് അദ്ദേഹം തന്നെ നയിക്കുന്നതെന്ന് അവൾ മനസ്സിലാക്കി. കിഴുക്കാംതൂക്കായ പാറക്കെട്ടിൻെറ മുകളിലേയ്ക്കു രാജാവു കുതിച്ചു ചാടിയപ്പോൾ കൃപാമഹത്വവും തൻെറ "മാൻപേടയുടെ പാദങ്ങളു"പയോഗിച്ച് പർവ്വതത്തിലെ മാൻപേടയെപ്പോലെ അനായാസം അദ്ദേഹത്തിൻെറ പിന്നാലെ കുതിച്ചു. ഉയർന്ന ഒരു സിംഹാസനത്തിലെന്നപോലെ പാറക്കെട്ടിൻെറ ഏറ്റവും ഉയർന്ന സ്ഥലത്ത് ഇരുന്നുകൊണ്ട് അവർ തടാകത്തേയും ചാഞ്ചാടിക്കൊണ്ടിരിക്കുന്ന ഈറ്റകളേയും നോക്കി.

അവരുടെ മുമ്പിൽ കണ്ടതെല്ലാം കാറ്റത്തിളകുന്നതായിതോന്നി. തടാകത്തിലെ വെള്ളത്തിലും ഈറ്റക്കാടുകളിലും വലിയ ഓളങ്ങളുണ്ടായിരുന്നു. എന്നാൽ അവർ ഇരുന്നത് ഉറച്ച ഒരു പാറക്കെട്ടിന്മേലായിരുന്നു -താഴെയുള്ള ഈറ്റകൾക്ക് എത്ര കീഴ്വഴക്കമുണ്ടോ അത്രതന്നെ കീഴടങ്ങാൻ കൂട്ടാക്കാതെ ഉറച്ചുനിൽക്കുന്ന പാറമേൽ.

www.malankaralibrary.com

സ്നേഹരാജാവിൻെറ അടുത്ത് പാറയാകുന്ന സിംഹാസനത്തിന്മേൽ ഇരുന്നപ്പോൾ ഈ വൈരുദ്ധ്യം കൃപാമഹത്വത്തിൻെറ മനസ്സിൽ തെളിഞ്ഞുവന്നു. ഒരുവശത്ത് കിഴുക്കാംതൂക്കായ പാറക്കെട്ടിൻെറ ഭീകരതയും ഗാംഭീര്യവും അവൾ ദർശിച്ചു; മറുവശത്ത് പർവ്വതസാനുക്കളെ മുഴുവൻ പൊതിഞ്ഞിരിക്കുന്ന ഓടകളുടെ പ്രസന്നതയും സൗമ്യതയും.

"സ്നേഹത്തിൻെറ ഭീകരതയും മനോഹാരിതയും."

ഈ വാക്കുകൾ പെട്ടെന്നു ശക്തവും വ്യക്തവുമായി അവളുടെ മനസ്സിലേക്കു കടന്നുവന്നപ്പോൾ രാജാവാണോ ഇവ പറഞ്ഞതെന്നറിയുവാൻ അവൾ അദ്ദേഹത്തിൻെറ നേരെ തിരിഞ്ഞുനോക്കി.

"എന്താ കാര്യം?" അവളുടെ പകച്ചുള്ള നോട്ടത്തിന് ഉത്തരമായി അദ്ദേഹം ചോദിച്ചു.

"എൻെറ നാഥാ," അവൾ പറഞ്ഞു: "ഞാൻ അങ്ങയോടു മറ്റൊരു ചോദ്യം ചോദിക്കട്ടെ. സൗമ്യതയുടെ ഓടകൾ വളരുന്ന ഈ വയമ്പു മലയിലേയ്ക്ക് അങ്ങ് എന്നെ കൊണ്ടുവന്നു. എൻെറ സ്വന്തജീവിതാനുഭവത്തിൽനിന്ന് അങ്ങയുടെ സ്നേഹത്തിൻെറ സൗമ്യതയെപ്പറ്റി എനിക്കു നന്നായി അറിയാം. എന്നാൽ സ്നേഹത്തിന് ഒരു മറുവശവുമുണ്ടോ? സ്നേഹത്തിനു സൗമ്യമായിരിക്കുന്നതുപോലെ ഭീകരവുമായിരിക്കാൻ കഴിയുമോ? ഭയത്തോടും വിറയലോടും കൂടിയല്ലാതെ സമീപിക്കാനാവാത്ത ദഹിപ്പിക്കുന്ന അഗ്നിപോലെയാണോ സ്നേഹം? സ്നേഹത്തിനു ഭീകരവും ഭയാനകവുമായിപ്പോലും പ്രത്യക്ഷപ്പെടാൻ സാധിക്കുമോ?

ഈ പ്രശ്നത്തെപ്പറ്റി അവളോടൊപ്പം ചിന്തിക്കുകയാണോയെന്നു തോന്നുമാറ്, ഉത്തരം പറയുന്നതിനുമുമ്പ് അദ്ദേഹം കുറച്ചു സമയം മിണ്ടാതിരുന്നു. ഗൗരവപൂർണ്ണവും അതേസമയം വശ്യവുമായ ഒരു നോട്ടത്തോടെ അദ്ദേഹം അവളുടെ നേരെ തിരിഞ്ഞു.

"ഉവ്വ്," അദ്ദേഹം പറഞ്ഞു, "സ്നേഹം ദഹിപ്പിക്കുന്ന അഗ്നിതന്നെയാണ്. അത് സൗഭാഗ്യത്തിനും സന്തോഷത്തിനും സർവ്വോപരി സ്നേഹവിഷയമായ വസ്തുവിൻെറയോ വ്യക്തിയുടെയോ പൂർണ്ണതയ്ക്കും വേണ്ടിയുള്ള തീവ്രമായ, അടങ്ങാത്ത ദാഹമാണ്.

www.malankaralibrary.com

സ്നേഹം എത്ര കൂടുന്നുവോ അത്ര കുറച്ചുമാത്രമേ സ്നേഹവിഷയമായ വ്യക്തിയിൽ അയോഗ്യമോ വികലമോ, തികഞ്ഞ ആനന്ദത്തിനു വിഘാതമോ ആയിനിൽക്കുന്ന എന്തിനോടും സഹിഷ്ണത പുലർത്തൂ. അതുകൊണ്ട്, പ്രപഞ്ചത്തിലെ ഏറ്റവും മൃദുലവും സുന്ദരവുമായ വികാരമായി പ്രത്യക്ഷപ്പെടുന്ന സ്നേഹം അതേസമയം തികച്ചും ഭയാനകമായിരുന്നേ പറ്റൂ എന്ന വസ്തുത സത്യംതന്നെ –സ്നേഹവിഷയമായ വ്യക്തിയുടെ ആശിസ്സും ആനന്ദവും പരിപൂർണ്ണതയും നേടുന്നതിനുവേണ്ടി അത് ഏറ്റെടുക്കുന്ന സഹനം ഭീകരമാണ്; അതുപോലെതന്നെ സഹനത്തിലൂടെയല്ലാതെ പൂർണ്ണതയും സൗഖ്യവും വീണ്ടെടുക്കുവാൻ മറ്റുമാർഗ്ഗങ്ങളൊന്നും ഇല്ലാത്തപ്പോൾ തന്റെ പ്രിയപ്പെട്ടവനെ അഥവാ പ്രിയപ്പെട്ടവളെ സഹിക്കാൻ വിട്ടുകൊടുക്കുന്ന കാര്യത്തിലും സ്നേഹം ഭീകരമായി തോന്നാം.''

ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ അദ്ദേഹം മറ്റൊരു പർവ്വതഗാനം ആലപിക്കാൻ തുടങ്ങി.

*സ്നേഹം ഭയാനകമോ നാഥാ ?*
*സൗമ്യത കഠിനവും.*
*അതെ! സ്നേഹത്തിന്റെ ആഗ്രഹം അതിതീഷ്ണമാണ്,*
*സ്നേഹഭാജനത്തെ ശുദ്ധീകരിക്കാൻ;*
*അത് അഗ്നിയാണ്-*
*കത്തിയെരിയുന്ന ദിവ്യാഗ്നി.*
*നാഥന്റെ സൗന്ദര്യം*
*നിന്റെ പ്രതിബിംബത്തിൽ*
*എല്ലാവരും ദർശിക്കുന്നതുവരെ*
*നിന്നെ പൂർണ്ണനാക്കാൻ*
*അവൻ ആഗ്രഹിക്കുന്നു.*

*സ്നേഹം അസൂയാലുവോ, നാഥാ?*
*അതെ മൃത്യുകുടീരംപോലെ അസൂയാലു.*
*എല്ലാ കപട വിഗ്രഹങ്ങളും*
*നിന്നിൽനിന്ന് തകർത്തെറിഞ്ഞുരക്ഷനൽകാൻ*
*സ്നേഹം നിഷ്ഠൂരമായ് നിലകൊള്ളും.*

www.malankaralibrary.com

*നീ സ്വതന്ത്രനായി; ശുദ്ധീകൃതനായി*
*നാഥൻെറ പൂർണ്ണത പുൽകുംവരെ*
*ഒരു വേദനയിൽനിന്നും നിനക്കു മുക്തിയില്ല.*

*സ്നേഹം ക്രൂരമോ നാഥാ*
*അതെ ഖഡ്ഗംപോലെ ക്രൂരം*
*നിൻെറ ഹൃദയം പരിപൂതമാകുംവരെ,*
*പൂർണ്ണസൗഖ്യം പുൽകുംവരെ,*
*പാപകലുഷിതമായ ആത്മാവിനു മോചനമില്ല.*
*എന്തെന്നാൽ – നിൻെറ സ്വയംകൃത നരകത്തിൽ*
*വിട്ടുകളയാൻ പറ്റാത്തവിധം*
*നിന്നെ അത്ര ഗാഢമായി അവൻ സ്നേഹിക്കുന്നു.*
*നിൻെറ നാഥൻ രക്ഷകനത്രേ.*

കൃപാമഹത്വം, വലിയ സിംഹാസനമാകുന്ന പാറക്കെട്ടിന്മേൽ അദ്ദേഹത്തിൻെറ അടുത്തിരുന്നുകൊണ്ട് താഴേയ്ക്കും അങ്ങകലെയുള്ള താഴ്വരയിലേയ്ക്കും നോക്കി. സ്നേഹസാമ്രാജ്യത്തിൽനിന്ന് വളരെ അകലെയുള്ള താഴ്വരയിൽ ജീവിക്കുന്ന ജനങ്ങളെപ്പറ്റി അവൾ ചിന്തിച്ചു. ദുഃഖിതനും പരിഭ്രാന്തനും വൃദ്ധനുമായ ഭീരുപ്രഭുവിൻെറ മരണക്കിടക്കയുടെ അരികിൽ അടുത്തകാലത്ത് അവൾ നിന്നതിനേയും സ്നേഹനാഥൻെറ അസ്തിത്വം നിഷേധിച്ചുകൊണ്ട് ജീവിക്കുന്നവരായി അവൾ അറിയുന്ന മറ്റനേകരേയുംപറ്റി അവൾ പ്രത്യേകിച്ച് ഓർത്തു. അവളുടെ ഹൃദയം വികാരാധീനമായി; സ്നേഹത്തിൻെറ ഭീകരത അവളെ അസ്വസ്ഥയാക്കിയെങ്കിലും അവളുടെ മനസ്സ് അതിൻെറ സാന്ത്വനവും അനുഭവിച്ചു.

പിന്നീട് അവൾ രാജാവിൻെറ മുഖത്തേയ്ക്കുനോക്കി, അവിടെ കണ്ട ഭാവം അവളെ തികച്ചും നിശ്ശബ്ദയാക്കി. എന്നാൽ ഈ ഒരു ചിന്തമാത്രം ഒരു വിളക്കുപോലെ അവളുടെ മനസ്സിൽ പ്രകാശിച്ചുകൊണ്ടിരുന്നു.

"അദ്ദേഹം നമ്മെ സൃഷ്ടിച്ചു; അദ്ദേഹം എന്താണു ചെയ്തതെന്ന് അദ്ദേഹത്തിനറിയാം. മനുഷ്യർ തങ്ങളുടെയും മറ്റുള്ളവരുടെയുംമേൽ വരുത്തിവയ്ക്കുന്ന ദുഃഖത്തിനും പീഡനത്തിനും വിശദീകരണം നൽകു

www.malankaralibrary.com

വാൻ സ്നേഹത്തിനു മാത്രമേ സാധിക്കൂ. കാരണം നമ്മെ രക്ഷിക്കാനും സ്നേഹത്തിൽ പരിപൂർണ്ണരാക്കാനുമുള്ള അവിടുത്തെ അപ്രതിരോധ്യമായ നിശ്ചയം സാക്ഷാത്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണവയെന്ന് ഞാൻകാണുന്നു. കണ്ടാലും, ദൈവസ്നേഹത്തിന്റെ ഭീകരതയും സൗന്ദര്യവും!''

www.malankaralibrary.com

## അദ്ധ്യായം - 11

# അസംതൃപ്തിയും നീരസവും.

ശ്രീമതി ധീരയുടെ മകൾ കരുണ ഇടയനുമായി സംസാരിച്ചു. തൽഫലമായി അവൾ വളരെ നാളായി കാണാതിരുന്ന 'അസംതൃപ്തി' എന്ന കൂട്ടുകാരിയെ സന്ദർശിക്കാൻപോയി. എപ്പോഴൊക്കെ ആ സുഹൃത്തിൻെറ വീട്ടിലെ മണിയടിച്ചാലും അവൾ സ്ഥലത്തില്ലെന്ന് വേലക്കാർ പറയുമായിരുന്നു.

വളരെ അടുത്തറിഞ്ഞിട്ടില്ലാത്തവരെല്ലാം ഇഷ്ടപ്പെടുകയും പ്രശംസിക്കുകയും ചെയ്യത്തക്കവിധം സമർത്ഥയും സുന്ദരിയുമായിരുന്നു അവൾ. അവളുടെ കുടുംബാംഗങ്ങളെല്ലാം ഇടയൻെറ സേവനത്തിലായിരുന്നു. സ്ക്കൂൾജീവിതം കഴിഞ്ഞയുടനെ അവളും ഇടയൻെറ സേവനത്തിൽ പ്രവേശിച്ചു. ഭീതയുടെ ഉന്നതങ്ങളിലേയ്ക്കുള്ള യാത്രയെപ്പറ്റി വിഭ്രാന്തീഗ്രാമവാസികളെല്ലാംആവേശവും ആശ്ചര്യവും പ്രകടിപ്പിക്കുകയും അവളുടെ ബന്ധുക്കൾ അവളെ തിരിച്ചുകൊണ്ടുവരുന്നതിന് ശ്രമിക്കുകയും ചെയ്ത സാഹചര്യത്തിൽ, തന്നെയും ഉന്നതങ്ങളിലേയ്ക്കു കൊണ്ടുപോകുവാൻ ഇടയനോട് ആവശ്യപ്പെട്ടാലോ എന്ന് അസംതൃപ്തി ഗൗരവപൂർവ്വം ചിന്തിച്ചിരുന്നു. അവളുടെ സഹപാഠിയായ കരുണയും നല്ലവളായ ശ്രീമതി 'ധീരയും' അവിടേയ്ക്കു പോയതായി അവൾ അറിഞ്ഞിരുന്നു. അവരുടെ പുതിയ പേരുകളും ജോലിയിലുള്ള പ്രസന്നതയും സന്തോഷവും അസൂയാർഹമായി അവൾക്കു തോന്നി. ഇപ്പോളിതാ വികൃതയായ പാവം 'ഭീത'യും ഉന്നതങ്ങളിലേയ്ക്കു യാത്ര പുറപ്പെട്ടിരിക്കുന്നു! വാസ്തവത്തിൽ അസംതൃപ്തിയ്ക്കു ഭീതയോട്

www.malankaralibrary.com

അസൂയ തോന്നിയെന്നു മാത്രമല്ല, ഉന്നതങ്ങളിലേയ്ക്കു പോകുവാനു ള്ള ആഗ്രഹം അവളിൽ ശക്തമാവുകയും ചെയ്തു. എങ്കിലും ഒരുകാ ര്യം അവളെ പിടിച്ചു നിർത്തി.

അസംതൃപ്തി ഏറ്റെടുക്കുന്നതെന്തും കാര്യക്ഷമതയോടും പ്രാപ്തി യോടുംകൂടെ ചെയ്തിരുന്നുവെന്നു മാത്രമല്ല, അവൾ സുന്ദരിയുമായി രുന്നു. വിഭ്രാന്തീഗ്രാമത്തിലെ ചെറുപ്പക്കാരായ ഇടയന്മാരിൽനിന്നും, ഇടയപ്രമുഖൻെറ സംഘത്തിൽപെടാതിരുന്നവരിൽനിന്നുപോലും വള രെയധികം പ്രശംസയും ആദരവും സ്വീകരിച്ചു ശീലിച്ചവളായിരുന്നു അവൾ. ഇടയൻെറ പ്രത്യേക സ്നേഹവും വിശ്വാസവുമാർജ്ജിച്ചവനും ഇടയസംഘത്തിലെ ഏറ്റവും പൊക്കവും കരുത്തുമുള്ളവനും സുമുഖനു മായ 'ദൃഢചിത്തൻ' എന്ന ഇടയനെ അവൾ പ്രത്യേകം സ്നേഹിച്ചു. അവൻ അവളുടെ കുടുംബസുഹൃത്തും അയൽക്കാരനുമായതിനാൽ രണ്ടുപേരും ഒരുമിച്ചായിരുന്നു സ്ക്കൂളിൽ പോയിരുന്നത്. തൻെറ സൗന്ദര്യത്തെയും ആകർഷണീയതയെയുംപറ്റി മനസ്സിലാക്കാൻ തുടങ്ങി യതുമുതൽ അവളുടെ ഹൃദയാഭിലാഷം സാധിക്കുമെന്നും അവൻ ത ന്നെ വിവാഹം ചെയ്യുമെന്നും അവൾ ഉറച്ചു വിശ്വസിച്ചു. കുറച്ചുനാള ത്തേയ്ക്ക് അവർ തമ്മിലുള്ള അടുപ്പം വളരെ ശക്തമായിരുന്നു. എന്നാൽ ഏതോ കാരണത്താൽ ദൃഢചിത്തൻ ക്രമേണ അല്പം പിന്മാറി. അവൻ ഒരു സ്നേഹിതനും ആ വീട്ടിലെ സ്ഥിരം സന്ദർശകനുമായി തുടർന്നു വെങ്കിലും അവളുടെ കാമുകനായിത്തീരുന്നതിൽ യാതൊരു താത്പര്യ വും കാണിച്ചില്ല.

തന്നോടുള്ള അവൻെറ പെരുമാറ്റത്തിൽ കണ്ട അപ്രതീക്ഷിതമായ മാറ്റത്തെപ്പറ്റി അവൾ ആദ്യം ആകാംക്ഷയോടും പിന്നീട്, ഭയത്തോടുംകൂ ടി ചിന്തിക്കുവാൻ തുടങ്ങി. എന്നാൽ അതിൻെറ യഥാർത്ഥകാരണം സമ്മതിച്ചുകൊടുക്കുവാൻ അവൾ തയ്യാറായില്ല. പ്രായപൂർത്തി വന്ന പ്പോൾ അവളുടെ പേര് സൂചിപ്പിക്കുന്ന അതേ സ്വഭാവം തന്നെ അവളിൽ പ്രത്യക്ഷപ്പെട്ടു. ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുമ്പോൾ അവൾ സംതൃ പ്തയും സന്തുഷ്ടയുമായിരുന്നു. പ്രശംസയുടെ സൂര്യപ്രകാശത്തിൽ അവളുടെ മുഖം ഒരു പുഷ്പത്തെപ്പോലെ വികസിക്കുകയും ചെയ്യും. പക്ഷേ, തൻെറ ആഗ്രഹാഭിലാഷങ്ങൾ സാധിക്കാതെയോ, പ്രശംസ ലഭി ക്കാതെയോ വരുമ്പോൾ, അവൾ മ്ലാനവദനയായി ശുണ്ഠിപിടിച്ച് ഒരു സന്തോഷവുമില്ലാതെ എതിർപ്പു പ്രകടിപ്പിച്ചിരുന്നു. ഈ സ്വഭാവം അവളു

www.malankaralibrary.com

ടെ ചുറ്റുപാടുമുള്ളവരിൽ ഈർഷ്യയും അസ്വസ്ഥതയും ഉളവാക്കി.

ദൃഢചിത്തൻ സഹോദരതുല്യമായ സ്നേഹത്തോടും ധാരണയോടുംകൂടെ ഈ അപാകതയെപ്പറ്റി അവളെ ബോധ്യപ്പെടുത്താനും കളിയാക്കിചിരിച്ച് അതിൽനിന്നു മോചനമേകാനും പലപ്പോഴും ശ്രമിച്ചിരുന്നു. എന്നാൽ അവനിൽനിന്നുപോലും ഈ സത്യം സ്വീകരിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. എപ്പോഴൊക്കെ ഈ വിധത്തിൽ അവളെ സഹായിക്കാൻ അവൻ ശ്രമിച്ചുവോ അപ്പോഴൊക്കെ അവൾ അസന്തുഷ്ടയും മൂകയുമായി കാണപ്പെട്ടു. അവസാനം അവളെ സഹായിക്കാനുള്ള ശ്രമം അവൻ ഉപേക്ഷിച്ചു; അവളെ ഭാര്യയാക്കാമെന്ന ചിന്തയും.

തന്റെ ഹൃദയാഭിലാഷം സാധിക്കുന്നതിനുള്ള തടസ്സം സ്വന്തം സ്വഭാവദൂഷ്യമാണെന്ന വസ്തുത അംഗീകരിക്കുവാൻ വിസമ്മതിച്ചതിനാൽ, കാര്യം തീരുമാനമാകുന്നതുവരെ, ഉന്നതങ്ങളിലേയ്ക്കു പോകാൻ കൂട്ടാക്കാതെ അസംതൃപ്തി പ്രതീക്ഷയോടെ കാത്തിരുന്നു. പെട്ടെന്നൊരു ദിവസം ദൃഢചിത്തൻ പൂർണ്ണമായും അവളെ ഉപേക്ഷിച്ച് അവളുടെ ഇളയ സഹോദരിയായ 'സൗമ്യത'യെ സ്വീകരിച്ചെന്നുള്ള അപ്രതീക്ഷിത വാർത്ത ഒരു മിന്നൽപ്പിണർപോലെ അവളെ ഞെട്ടിപ്പിച്ചു. സൗമ്യത അവളേക്കാൾ സൗന്ദര്യവും കഴിവും കുറഞ്ഞവളായിരുന്നുവെങ്കിലും അസംതൃപ്തിയ്ക്കു തീർത്തും ഇല്ലാതിരുന്ന മാധുര്യവും നിസ്വാർത്ഥതയും അവൾക്കുണ്ടായിരുന്നു.

സ്വന്തം ഹൃദയത്തിനേറ്റ മുറിവു മറയ്ക്കുവാൻ അവളിലെ അഹങ്കാരം മുഴുവൻ തലയുയർത്തിയെങ്കിലും ആ ആഘാതം ഭയാനകമായിരുന്നു. താൻ തന്നെയാണു ഹൃദയഭേദകമായ ഈ വിധിവൈപരീത്യത്തിനു കാരണമെന്ന സത്യം അഭിമുഖീകരിക്കുന്നതിനുപകരം അവൾ ദൃഢചിത്തനെ കുറ്റപ്പെടുത്തുകയും സഹോദരിയോടു കഠിനമായ അസൂയ പുലർത്തുകയും ചെയ്തു.

അവരെ കുറ്റപ്പെടുത്തിയും അവർ ചെയ്ത കഠിന ദ്രോഹത്തെപ്പറ്റി ചിന്തിച്ചും തന്റെ അഭിമാനത്തിനേറ്റ ക്ഷതത്തിന് ഔഷധമായി എന്തെങ്കിലും കണ്ടെത്താൻ ആഗ്രഹിച്ചുമിരുന്ന പാവം അസംതൃപ്തി വ്യാമോഹങ്ങൾക്കടിമപ്പെട്ടു. അങ്ങനെ തന്റെ പഴയ സ്തുതിപാഠകനും വിഭ്രാന്തിഗ്രാമത്തിലെ ബാങ്കുമാനേജരും ധനികനും ചെറുപ്പക്കാരനുമായ

www.malankaralibrary.com

'നീരസ'ത്തിൻെറ ശ്രദ്ധയെ അവൾ ആകർഷിച്ചു. ഈ ബന്ധം അവളുടെ അഭിമാനത്തിനേറ്റ ക്ഷതത്തിന് ഒരു ഔഷധമായി ഭവിച്ചു. തൻെറ സഹോദരിയുടെ കാമുകൻ താഴ്വരയിലെ ഇടയന്മാരിൽ ഏറ്റവും ശ്രേഷ്ഠനായിരുന്നെങ്കിലും നീരസം ലോകദൃഷ്ടിയിൽ അവനെക്കാൾ ഉന്നതനായിരുന്നു - സൗന്ദര്യത്തിലും സമ്പത്തിലും സാമൂഹ്യപദവിയിലും. കുട്ടിക്കാലം മുതൽ അവനെ പരിചയമുള്ള അസംതൃപ്തിക്ക് അവൻ ക്ഷിപ്രകോപിയും വികാരഭരിതനും ദുശ്ശാഠ്യക്കാരനും ആണെന്നുള്ള കാര്യത്തിൽ സംശയം ഇല്ലായിരുന്നു. പക്ഷേ അവൾ സ്വയം ഇങ്ങനെ ആശ്വസിച്ചു: വളർച്ചയെത്തിയ പുരുഷനെന്ന നിലയിൽ തൻെറ മുൻകോപത്തെ നിയന്ത്രിക്കാൻ അയാൾ പഠിച്ചിരിക്കണം; മാത്രമല്ല തന്നോടുള്ള സ്നേഹാധിക്യത്താൽ അയാൾ തനിക്കു വിഷമമൊന്നും വരുത്താനും ഇടയില്ല.

അവളുടെ കുടുംബാംഗങ്ങൾക്കു ദുഃഖവും, സ്നേഹിതർക്കും സഹപ്രവർത്തകർക്കും ഉത്ക്കണ്ഠയും ഉളവാക്കിക്കൊണ്ട് അസംതൃപ്തി നീരസവുമായുള്ള തൻെറ വിവാഹവാഗ്ദാനം പ്രഖ്യാപിച്ചു. ഇടയപ്രമുഖൻെറ ശത്രുക്കളിൽ ഒരാളായിരുന്നു നീരസം. എങ്കിലും ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ വിവാഹം നടന്നു.

അതിനുശേഷം തൻെറ പഴയ സുഹൃത്തുക്കളെയും കൂട്ടുകാരെയും അവൾ വളരെ വിരളമായേ കണ്ടിരുന്നുള്ളൂ. ഈ വിവാഹം മൂലം അവരുമായുള്ള ബന്ധത്തിനു യാതൊരുമാറ്റവും വരികയില്ലെന്നും ഇടയനുവേണ്ടിയുള്ള ജോലികൾ പഴയതുപോലെ തുടരുമെന്നും അവൾ അവർക്ക് ഉറപ്പുകൊടുത്തിരുന്നതാണ്. തൻെറ ഭർത്താവിൻെറ മനോഭാവം മാറ്റിയെടുക്കാമെന്നും അയാളെ ഇടയനുമായി സൗഹാർദ്ദത്തിലാക്കാമെന്നുമായിരുന്നു അവളുടെ ചിന്ത.

പക്ഷേ എല്ലാവരും പ്രതീക്ഷിച്ചതുപോലെ, അസംതൃപ്തിയുടെ പദ്ധതി നടന്നില്ല. ഉന്നതങ്ങളിലേയ്ക്കുള്ള ഭീതയുടെ യാത്ര മുടക്കാനുള്ള ശ്രമം പരാജയപ്പെട്ടതോടെ നീരസത്തിന് ഇടയനോടുള്ള വെറുപ്പ് മാറ്റാനാവാത്തവിധം വേരുറച്ചു കഴിഞ്ഞിരുന്നു. പാവം അസംതൃപ്തിയാകട്ടെ ഇടയനോടുള്ള ആത്മാർത്ഥമായ ഭക്തിയും ഉന്നതങ്ങളിലേയ്ക്കുപോകാനുള്ള അടക്കിയ ആഗ്രഹവും ഉപേക്ഷിച്ച് വിളംബംവിനാ തൻെറ പഴയ സുഹൃത്തുക്കളെയും പ്രവർത്തകരെയും വിട്ടകലാൻ

www.malankaralibrary.com

നിർബ്ബന്ധിതയായി. വാസ്തവത്തിൽ ആദ്യകാലങ്ങളിൽ ഈ അവസ്ഥ അവളെ ഒട്ടും വിഷമിപ്പിച്ചിരുന്നില്ല. മാത്രമല്ല എന്തോ ഒരു സംതൃപ്തി അവൾക്ക് അനുഭവപ്പെടുകയും ചെയ്തിരുന്നു. കാരണം ഇടയപ്രമുഖന്റെ ഒരു ശത്രുവിനെ വിവാഹം ചെയ്യാനുള്ള തീരുമാനത്തിൽ മറ്റുള്ളവർ തന്നെ രഹസ്യമായി കുറ്റപ്പെടുത്തുന്നു എന്ന ചിന്തയിൽനിന്നും, തന്റെ സഹോദരി ദൃഢചിത്തയുടെ അസൂയാർഹമായ ജീവിതവിജയത്തിന്റെ മുമ്പിൽനിന്നും രക്ഷപ്പെടാനുള്ള ഒരു വഴിയായിരുന്നു ഈ അകൽച്ച. പഴയ ജീവിതത്തിന്റെ അനാകർഷകമായ ഈ കറുത്ത വശങ്ങളുടെ പശ്ചാത്തലത്തിൽ വിഭ്രാന്തീഗ്രാമത്തിലെ ഏറ്റവും വലിയ വീടുകളിലൊന്നിന്റെ ഗൃഹനായികയാകാൻ ലഭിച്ച അവസരം അവളിൽ സന്തോഷവും സംതൃപ്തിയും ഉളവാക്കി. അതിനാൽ പഴയബന്ധങ്ങളെല്ലാം ഉപേക്ഷിച്ചു പുതിയൊരു സുഹൃദ്വലയത്തിൽ ജീവിതം ആരംഭിക്കണമെന്ന ഭർത്താവിന്റെ ആഗ്രഹത്തിനു വഴങ്ങാൻ അവൾക്കു പ്രയാസമുണ്ടായിരുന്നില്ല.

ഇതത്ര എളുപ്പമല്ലെന്ന് അസംതൃപ്തി വേഗത്തിൽതന്നെ മനസ്സിലാക്കി. ഇടയന്റെ സാന്നിദ്ധ്യവും സ്നേഹവും സ്വാധീനം ചെലുത്തിയിരുന്ന ഒരു കുടുംബത്തിലായിരുന്നു അവളെപ്പോഴും ജീവിച്ചിരുന്നത്. സ്വാർത്ഥമതിയും സൗമ്യതയില്ലാത്തവളും ആയിരുന്നുവെങ്കിലും മറ്റുള്ളവർ അവളോടു പെരുമാറിയിരുന്നത് സ്നേഹത്തോടും ക്ഷമയോടുംകൂടി ആയിരുന്നു. എന്നാലിപ്പോൾ ദയയും യഥാർത്ഥ സ്നേഹവും ക്ഷമയും അജ്ഞാതമായ ഒരു സാഹചര്യത്തിലാണു താനെന്ന് അവൾ മനസ്സിലാക്കി. മാത്രമല്ല, ഭർത്തൃഗൃഹത്തിലെ ഗൃഹനായിക താനല്ലെന്ന് അവൾക്ക് താമസിയാതെ വ്യക്തമായി. ഭർത്താവിന്റെ വിധവയായ അമ്മ, ശ്രീമതി 'ദുർമുഖി' അവരോടൊപ്പം വസിച്ചിരുന്നു. മകന്റെമേലുള്ള അവരുടെ സ്വാധീനശക്തിക്ക് ഒരു കുറവും വന്നിരുന്നില്ല. വീട് അടക്കി ഭരിച്ചിരുന്നത് അവരായിരുന്നു. സ്വാർത്ഥമതിയും തന്നിഷ്ടക്കാരിയുമായ ശ്രീമതി ദുർമുഖിയും മനക്കരുത്തുള്ളവളും തന്നിഷ്ടം സാധിച്ചു ശീലിച്ചവളുമായ അസംതൃപ്തിയും തമ്മിലുള്ള ബന്ധം തീർത്തും വഷളായിത്തീർന്നു. ദിവസങ്ങളോളം ആ വൃദ്ധ മരുമകളോടു സംസാരിക്കാൻ കൂട്ടാക്കിയതേയില്ല. അവൾ തന്റെ മുറിയിൽത്തന്നെ അടച്ചുപൂട്ടിയിരുന്നു. എന്നാൽ മകൻ ഇടയ്ക്കിടെ അവരെ സന്ദർശിക്കുകയും അസംതൃപ്തിക്കെതിരായ പരാതികൾ കേൾക്കുവാൻ മണിക്കൂറുകളോളം അവിടെ ചെലവഴിക്കുകയും ചെയ്തിരുന്നു. നീരസം ഭാര്യയുടെ കൂടെ ആയി

www.malankaralibrary.com

രിക്കുമ്പോൾ, തൻെറ അമ്മയെപ്പറ്റി ഇതുപോലുള്ള പരാതികൾ കേൾക്കേണ്ടി വന്നിരുന്നുവെന്നതു ശരിതന്നെ. രണ്ടുപേരുടേയും പരാതികൾ കേട്ടുകഴിയുമ്പോൾ അവിവാഹിതനായി ജീവിക്കുന്നതാണുമെച്ചമെന്നും വിവാഹജീവിതത്തെപ്പറ്റിയുള്ള സുന്ദരസ്വപ്നങ്ങൾ യാഥാർത്ഥ്യത്തിൽ നിന്നു വളരെ അകലെയാണെന്നും ചിലപ്പോൾ അയാൾക്കു തോന്നിയിരുന്നു. അസംതൃപ്തിയും താമസിയാതെതന്നെ ഇതേ അഭിപ്രായത്തിൽ എത്തിച്ചേർന്നു.

താൻ തെറ്റാണു ചെയ്യുന്നതെന്ന് അവളുടെ ഹൃദയത്തിൻെറ അന്തരാളങ്ങളിൽ അവൾക്കു നന്നായി അറിയാമായിരുന്നു. ഇടയൻതന്നെ ഇക്കാര്യം അവളോട് തുറന്നുപറഞ്ഞ ദിവസം അവൾക്ക് ഒരിക്കലും മറക്കുവാൻ കഴിയുമായിരുന്നില്ല. ഗൗരവവും വെല്ലുവിളിയും നിറഞ്ഞതെങ്കിലും അനുകമ്പയുള്ള കണ്ണുകളാൽ അവളെ കടാക്ഷിച്ചുകൊണ്ട്, എന്തുകൊണ്ടാണ് അവൾ ഇപ്രകാരം ചെയ്യുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി- വസ്തുതകളെ അവ ആയിരിക്കുന്നതുപോലെ കാണുകയും സ്വീകരിക്കുകയും ചെയ്യുന്നതിനു പകരം തന്നെപ്പറ്റിയുള്ള യാഥാർത്ഥ്യങ്ങളിൽനിന്ന് ഒഴിഞ്ഞു മാറുവാൻ അവൾ ശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹം രണ്ടു നിർദ്ദേശങ്ങൾ അവളുടെ മുമ്പിൽ വച്ചിരുന്നു: ഒന്നുകിൽ നീരസവുമായുള്ള വിവാഹാലോചന അവസാനിപ്പിച്ചു തൻെറകൂടെ ഉന്നതങ്ങളിലേയ്ക്കുപോവുക, അല്ലെങ്കിൽ വിവാഹത്തിലൂടെ ഇടയനോടുള്ള സൗഹൃദം വിച്ഛേദിച്ച് ഇപ്പോഴത്തെ അവസ്ഥയിൽതന്നെ മാറ്റമില്ലാതെ ജീവിക്കുക.

ആ അവസരത്തിൽ അവൾ ഇടയൻെറ പാദങ്ങളിൽ വീണ്, നീരസത്തെ വിവാഹം ചെയ്യാതെ തനിക്കു ജീവിക്കുകതന്നെ സാദ്ധ്യമല്ലെന്ന് ആവർത്തിച്ചു പറഞ്ഞു. സ്നേഹം കിട്ടാതെ ജീവിക്കുവാൻ തനിക്കാവില്ല. മറ്റൊന്നിനും തൃപ്തിപ്പെടുത്താൻ കഴിയാത്തവിധം താൻ ദ്രോഹിക്കപ്പെടുകയും മുറിവേൽപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഉന്നതങ്ങളെപ്പറ്റി ചിന്തിക്കാൻപോലും കഴിയാത്തവണ്ണം താൻ ക്ഷീണിതയും വ്രണിതയുമായിത്തീർന്നിരിക്കുന്നു. സ്നേഹവും,സഹതാപവും, ദയയും, സംരക്ഷണവും ഇതുവരെ സഹിച്ച ക്രൂരതകളെ മറക്കുവാൻ പറ്റിയ സ്വന്തമായ ഒരു ഭവനവുമാണ് തനിക്കിപ്പോൾ ആവശ്യം. എന്നാൽ എപ്പോഴും താൻ ഇടയൻെറ അനുയായിയായിരിക്കും!

www.malankaralibrary.com

ആ ദിവസംമുതൽ അവൾ ഇടയനെ നേരിട്ടുകാണുകയോ അദ്ദേഹത്തിന്റെ സ്വരം കേൾക്കുകയോ ചെയ്തിരുന്നില്ല. അങ്ങകലെ തെരുവിലൂടെ കടന്നുപോകുന്നതും ആടുകളെ നയിച്ചും ഇടയന്മാരിൽ ആരോടെങ്കിലും സംസാരിച്ചുംകൊണ്ട് അദ്ദേഹം നടന്നുനീങ്ങുന്നതും അവൾ ചിലപ്പോഴൊക്കെ കണ്ടിരുന്നു. ഇടയപ്രമുഖനെ തന്റെ ഭവനത്തിലേയ്ക്കു ക്ഷണിക്കുവാൻ സാദ്ധ്യമല്ലെന്ന് അറിഞ്ഞുകൊണ്ട് അവൾ നീരസത്തെ വിവാഹം ചെയ്ത ദിവസംമുതൽ അദ്ദേഹവുമായി യാതൊരു വ്യക്തിബന്ധവും അവൾക്കില്ലായിരുന്നു. ഇടയനെ ഒരിക്കൽ അറിയുകയും പിന്നീട് അറിയാതിരിക്കുകയും ചെയ്യുന്നവരുടെ വേദന അവൾ അനുഭവിച്ചു.

"നാഥനെ ഒരിക്കൽ ദർശിച്ചിട്ടുള്ള ആത്മാക്കൾ ഒന്നുകിൽ മരിക്കണം അല്ലെങ്കിൽ വീണ്ടും ദർശിക്കണം."

ഒരുദിവസം അവളുടെ ഭർത്താവു പതിവുപോലെ ബാങ്കിലായിരുന്നപ്പോൾ, വൃദ്ധയായ ശ്രീമതി ദുർമുഖി, കോപാകുലയായി സ്വന്തം മുറിയിൽ അടച്ചുപൂട്ടിയിരുന്നു. അസംതൃപ്തി ക്ഷീണത്തോടും ദുഃഖത്തോടും നിരാശയോടുംകൂടി തന്റെ മൂന്നുവയസ്സുപ്രായമുള്ള മകളേയും എടുത്തുകൊണ്ട് വേലക്കാരുടെ ജിജ്ഞാസാപൂർണ്ണമായ നോട്ടത്തിൽനിന്നു രക്ഷപ്പെടുവാൻവേണ്ടി പൂന്തോട്ടത്തിന്റെ ഒരു ഒഴിഞ്ഞ കോണിലേയ്ക്കു പോയി. വേലക്കാരുടെ ചാരദൃഷ്ടികൾ തന്റെമേൽ എപ്പോഴും ഉണ്ടായിരുന്നുവെന്നും വൃദ്ധയുടെ നിർദ്ദേശമനുസരിച്ചു തന്റെ പ്രവൃത്തികളെല്ലാം അവർ അവളോടു പറഞ്ഞിരുന്നുവെന്നും അസംതൃപ്തിയ്ക്കു നന്നായി അറിയാമായിരുന്നു. അവളുടെ ഏകാശ്വാസം ഓമനത്തം തുളുമ്പുന്ന അവളുടെ കൊച്ചുമകളായിരുന്നു. വൃദ്ധയായ വല്യമ്മ എപ്പോഴും ആ കൊച്ചു കുഞ്ഞിനെ തന്റെ മുറിയിൽ കൊണ്ടുപോയി സ്വന്തം അമ്മയുടെ കുറ്റം പറഞ്ഞുകേൾപ്പിക്കുമായിരുന്നു. കൊച്ചുപ്രതികാരം, (നീരസം തന്റെ മക്കൾക്ക് അമ്മയുടെ ആദ്യത്തെപേരു നൽകാൻ നിർബ്ബന്ധം പിടിച്ചു.) അവളുടെ ഓമനപ്പേര് 'തിരിച്ചടി' എന്നായിരുന്നുവെങ്കിലും, തന്റെ അമ്മ എന്തെങ്കിലും വിലക്കിയിട്ടുണ്ടെങ്കിൽ വല്യമ്മയുടെ അടുക്കലേയ്ക്കു പിച്ചവച്ചുചെന്നാൽ അതും ഒരു ചുംബനവും, കൂടെ ഒരു മിഠായിയും കിട്ടുമെന്ന് ഇതിനോടകം മനസ്സിലാക്കിയിരുന്നു. ("കാരണം കൊച്ചുപെൺകുട്ടികൾക്ക് ഇഷ്ടമുള്ളത് എന്താണെന്ന് അമ്മയ്ക്ക് അറിയില്ലെങ്കിലും വല്യമ്മയ്ക്ക് അറിയാമായിരുന്നു!")

www.malankaralibrary.com

തൻെറ ഭർത്താവിൻെറ സ്നേഹത്തിനു പ്രതിബന്ധം സൃഷ്ടിക്കുന്നവൾ മാത്രമല്ല തൻെറ കുഞ്ഞിനെ തന്നിൽനിന്നകറ്റാൻ എല്ലാ തന്ത്രങ്ങളും പ്രയോഗിക്കുന്ന ശത്രുവുംകൂടിയാണ് അമ്മായിയമ്മ എന്ന വസ്തുത ഹൃദയവേദനയോടെ അവൾ മനസ്സിലാക്കി. ഈ ദുഃഖകരമായ അറിവ് അവളെ തീവ്രനിരാശയിലാഴ്ത്തി.

അവൾ പൂന്തോട്ടത്തിൽ ഏകാകിയായി കരഞ്ഞുകൊണ്ടിരുന്നപ്പോൾ ഇരുമ്പുപടി തുറക്കുന്ന ശബ്ദം കേട്ടു. ഏതെങ്കിലും സന്ദർശകൻ വരുന്നതാകുമോ എന്നറിയാൻ വാകമരത്തിനിടയിലൂടെ അവൾ ജിജ്ഞാസയോടെ നോക്കി. ഈ സമയത്ത് ഒരു സന്ദർശകൻ വരുന്നത് അത്യന്തം വേദനാജനകമാണെന്നു വിചാരിച്ചു നിന്നപ്പോൾ അവളുടെ പഴയ സുഹൃത്തായ കരുണ എന്ന ഇടയസ്ത്രീ കടന്നുവരുന്നതുകണ്ടു. ഇടയപ്രമുഖനുവേണ്ടി ജോലിചെയ്തിരുന്ന തൻെറ പഴയ പരിചയക്കാരിൽ ആരെങ്കിലും വന്നാൽ ഭർത്താവിൻെറയും അമ്മായിയമ്മയുടെയും ആജ്ഞയനുസരിച്ച് വേലക്കാർ അവരെ ആട്ടിയോടിക്കുമെന്ന് അവൾക്കു നന്നായി അറിയാമായിരുന്നു. ഇപ്പോൾ കരുണയുടെ സുന്ദരവും ശാന്തവും സമാധാനപൂർണ്ണവുമായ മുഖം, അവൾ വലിച്ചെറിഞ്ഞു നഷ്ടപ്പെടുത്തിയതിൻെറയെല്ലാം - അവളുടെ സന്തോഷം, നല്ല ജോലി, സുഹൃത്തുക്കൾ, വീട് എന്നിവയുടെയെല്ലാം- ഓർമ്മ ഉണർത്തി അവളുടെ മനസ്സിൽ ദുഃഖത്തിൻെറ വേലിയേറ്റമുണ്ടാക്കി. യഥാർത്ഥ സൗഹൃദത്തിനുവേണ്ടി, സ്നേഹമസൃണമായ ഒരു കരസ്പർശനത്തിനുവേണ്ടി, സ്നേഹോഷ്മളമായ ഒരു സ്വരത്തിനുവേണ്ടി, സർവ്വോപരി ഇടയനെ അറിയുന്ന ഒരാളെ കാണുവാനും സംസാരിക്കുവാനുംവേണ്ടി അവൾ വീണ്ടും തീവ്രമായി ആഗ്രഹിച്ചു. ഈ ആഗ്രഹം അടക്കാനാവാത്തതായിരുന്നു. കരുണ വാതിൽക്കൽ ചെന്നാൽ ഗൃഹനായിക വീട്ടിലില്ലെന്നുള്ള വാക്കു കേട്ട് അവൾക്ക് മടങ്ങേണ്ടിവരും. അതുകൊണ്ട് അവൾ വാതിൽക്കലെത്താൻ സമ്മതിക്കരുത്.

അതിനാൽ അസംതൃപ്തി വേലിച്ചെടിയുടെ ഇടയിലൂടെ അപേക്ഷാസ്വരത്തിൽ വിളിച്ചു: "ഓ, കരുണേ, കരുണേ! ഇത് നീയാണോ, ഇവിടെ എൻെറ പക്കലേയ്ക്കു വരൂ."

വിറയ്ക്കുന്ന ഈ ശബ്ദം കേട്ടു കരുണ ഉടനെ പറഞ്ഞു: "പ്രിയ അസംതൃപ്തീ, നീയാണോ അത്? ഓ, അവസാനം നിന്നെ കാണാൻ

www.malankaralibrary.com

കഴിഞ്ഞതിൽ ഞാൻ വളരെ സന്തുഷ്ടയാണ് !'' വാകവേലി ചുറ്റിനടന്ന് അടുത്തുവന്ന് അവളുടെനേരെ ദയവും സ്നേഹവും നിറഞ്ഞ ഭാവത്തിൽ നോക്കിയപ്പോൾ അസംതൃപ്തി എഴുന്നേറ്റു കരുണയെ കെട്ടിപ്പിടിച്ചു തോളിൽ തലചായ്ച്ചു പൊട്ടിക്കരഞ്ഞു.

അവർ ഇങ്ങനെ കെട്ടിപ്പിടിച്ച് നിശ്ശബ്ദരായി നിന്നപ്പോൾ തിരിച്ചടി നവാഗതയുടെ മുഖത്തേയ്ക്ക് അത്ഭുതത്തോടെ തുറിച്ചു നോക്കിക്കൊണ്ടുനിന്നു.

അവസാനം ദുഃഖത്തിൻെറയും ഹൃദയവേദനയുടെയും സമ്മർദ്ദത്താൽ, പാവം അസംതൃപ്തി തൻെറ വിവാഹജീവിതത്തിൻെറ ദുരന്തകഥ അനുകമ്പയുള്ള ആ സുഹൃത്തിൻെറ കാതുകളിൽ ചൊരിഞ്ഞു ഹൃദയഭാരം ഒഴിവാക്കി.

''ഇനി എനിക്കിതു സഹിക്കാനാവില്ല,'' അവൾ വികാരാവേശത്തോടെ തേങ്ങി. ''എനിക്കീ വീടുവിട്ടു പോകണം. നീരസത്തിൻെറയും ദുർമുഖിയുടെയുംകൂടെ എനിക്കിനി ഒരുനിമിഷം ജീവിക്കാൻ സാദ്ധ്യമല്ല, സാദ്ധ്യമല്ല, എനിക്ക് സാദ്ധ്യമല്ല! എന്നാൽ, എൻെറ കരുണേ ഞാൻ ഭർത്താവിനെ ഉപേക്ഷിച്ചാൽ അവർ കുട്ടിയെ അവകാശപ്പെടും ! ഞാൻ ഈ വീടുവിട്ടുപോകാൻ തീരുമാനിച്ചാൽ കൊച്ചുതിരിച്ചടിയെ സംരക്ഷിക്കാനുള്ള അവകാശം അവരുടേതാകും. അവളെകൂടാതെ എനിക്കു ജീവിക്കുവാൻ സാദ്ധ്യമല്ല. ദൈവമെ, എന്നോടു ദയ തോന്നണമേ! ഞാൻ എന്താണു ചെയ്യേണ്ടത് ? ഇതിനെല്ലാമുള്ള ഏകപരിഹാരം ജീവൻ അവസാനിപ്പിക്കുകയാണ് എന്നുപോലും എനിക്കു തോന്നാറുണ്ട്.''

കരുണ, ഹൃദയം തകർന്ന തൻെറ സ്നേഹിതയുടെ തോളിൽ കയ്വച്ചുകൊണ്ട്, സൗമ്യമായി ഇങ്ങനെ മന്ത്രിച്ചു: ''അസംതൃപ്തീ, നീ എല്ലാം മറക്കുന്നു. നിൻെറ പ്രശ്നത്തിന് ഇതിൽനിന്നും വളരെ വ്യത്യസ്തമായ ഒരു പരിഹാരമാർഗ്ഗമുണ്ട്. പരിഹാരം എന്താണെന്നു നിനക്കറിയാം. നീ എംന്നാടു പറഞ്ഞ കാര്യങ്ങൾ ഇടയനോടു പറയുകയും നീ എന്താണു ചെയ്യേണ്ടതെന്ന് അദ്ദേഹത്തോടു ചോദിക്കുകയും വേണം. എന്നിട്ട്, 'അദ്ദേഹം കല്പ്പിക്കുന്നതെന്തായാലും അതു നീ ചെയ്യുക.' ''

''ഇടയൻ!'' ആശയറ്റസ്വരത്തിൽ അസംതൃപ്തി നിലവിളിച്ചു. ''ഇടയൻ ഇനി ഒരിക്കലും എന്നോടു സംസാരിക്കുകയില്ല. ഞാൻ അ

www.malankaralibrary.com

ദ്ദേഹത്തിൽനിന്നു പിന്തിരിയുകയും അദ്ദേഹത്തിൻെറ ആജ്ഞയെ ധിക്കരിക്കുകയും ചെയ്തു. കരുണേ, അദ്ദേഹം ഇപ്പോൾ എന്നെ സഹായിക്കുകയില്ല, കാരണം എനിക്ക് എന്തു സംഭവിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പു നല്കിയിരുന്നു. ഞാൻ എൻെറ ഹൃദയം കഠിനമാക്കി. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രവിച്ചില്ല. 'ദൈവകൃപയെ ഞാൻ അവമാനിക്കുകയും' 'അതിൽനിന്നു പിൻവാങ്ങുകയും ചെയ്തു'. എനിക്കുവേണ്ടി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം പറയും. കാരണം ഞാൻതന്നെ അനുസരണക്കേടുകൊണ്ട് എല്ലാം വരുത്തിവച്ചതാണ്. ഞാൻ അദ്ദേഹത്തെ ശ്രവിച്ചിരുന്നെങ്കിൽ! പാപം ചെയ്യുന്നതിനു മുമ്പുള്ള കാലത്തേയ്ക്കു മടങ്ങിപ്പോകുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ!''

''അദ്ദേഹം അങ്ങനെയൊന്നും പറയുകയില്ല.'' കരുണ ഗൗരവത്തോടെ ഉച്ചത്തിൽ പറഞ്ഞു. അദ്ദേഹത്തെപ്പറ്റി നീ പറയുന്നതു സത്യമല്ലെന്നു നിനക്കറിയാം, അല്ലെങ്കിൽ നീ അറിയണം. അദ്ദേഹത്തെ ശ്രവിക്കാനും അദ്ദേഹത്തിൻെറ സഹായം തേടാനും നീ ഒരുങ്ങുന്ന സമയവും പ്രതീക്ഷിച്ചു സ്നേഹത്തോടും ക്ഷമയോടുംകൂടി അദ്ദേഹം കാത്തിരിക്കുകയാണ്.''

''എങ്കിൽ ബൈബിളിലെ ഭയാനകമായ വാക്യങ്ങളുടെ അർത്ഥമെന്താണ്?'' അസംതൃപ്തി നിരാശയോടെ ചോദിച്ചു. അതിങ്ങനെ പറയുന്നു: ''ദൈവപുത്രനെ പുച്ഛിച്ചു തള്ളുകയും തന്നെ ശുദ്ധീകരിച്ച പുതിയ ഉടമ്പടിയുടെ രക്തത്തെ അശുദ്ധമാക്കുകയും കൃപയുടെ ആത്മാവിനെ അവമാനിക്കുകയും ചെയ്തവനു ലഭിക്കുന്ന ശിക്ഷ എത്ര കഠോരമായിരിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത് ? സത്യത്തെ സംബന്ധിച്ചു പൂർണ്ണമായ അറിവു ലഭിച്ചതിനുശേഷം മനഃപൂർവ്വം നാം പാപം ചെയ്യുന്നുവെങ്കിൽ പാപങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടാൻ പിന്നൊരുബലി അവശേഷിക്കുന്നില്ല. മറിച്ച്, ഭയങ്കരമായ ന്യായവിധിയുടെ സംഭീതമായ കാത്തിരിപ്പും ശത്രുക്കളെ വിഴുങ്ങിക്കളയുന്ന അഗ്നിയുടെ ക്രോധവും മാത്രമേ ഉണ്ടായിരിക്കൂ. ഒരിക്കൽ പ്രകാശം ലഭിക്കുകയും സ്വർഗ്ഗീയസമ്മാനം ആസ്വദിച്ചറിയുകയും പരിശുദ്ധാത്മാവിൽ പങ്കുകാരാവുകയും ദൈവവചനത്തിൻെറ നന്മയും വരാനിരിക്കുന്ന യുഗത്തിൻെറ ശക്തിയും രുചിച്ചറിയുകയും ചെയ്തവർ വീണുപോവുകയാണെങ്കിൽ അവരെ അനുതാപത്തിലേയ്ക്കു പുനരാനയിക്കുക അസാദ്ധ്യമാണ്. കാരണം അവർ ദൈവപുത്രനെ സ്വമനസ്സാ അധിക്ഷേപിക്കുകയും വീണ്ടും

www.malankaralibrary.com

കുരിശിൽ തറയ്ക്കുകയും ചെയ്തു. (ഹെബ്രായർ 10:29,26,27; 6:4-6)

"പ്രിയ അസംതൃപ്തീ," കരുണ ഉറപ്പിച്ചു പറഞ്ഞു: "ഈ വാക്യങ്ങൾ നിനക്കു ബാധകമല്ലെന്നു മനസ്സിലായിട്ടില്ലേ? കാരണം നിനക്കു പശ്ചാത്താപമുണ്ട്. പശ്ചാത്താപത്തിനു നിന്നെ പ്രേരിപ്പിക്കുവാൻ എൻെറയോ മറ്റുള്ളവരുടെയോ സഹായം നിനക്കാവശ്യമില്ല. കൃപയുടെ ആത്മാവിനെ അവമാനിച്ചുവെന്നതിൻെറ വ്യക്തമായ തെളിവ് ഒരുവന് മാനസാന്തരത്തിനോ വീണ്ടെടുപ്പിനോ ഉള്ള ആഗ്രഹത്തിൻെറ ശക്തി നഷ്ടപ്പെട്ടുവെന്നതാണ്. തീർച്ചയായും അങ്ങനെയുള്ളവർ ദൈവപുത്രനെ വീണ്ടും കുരിശിൽ തറയ്ക്കുവാനും പരിശുദ്ധാത്മാവിനെ നിരസിക്കുവാനും ആഗ്രഹിക്കുന്നു. എന്നാൽ നിൻെറ കാര്യം അങ്ങനെയല്ല. രക്ഷിക്കപ്പെടുവാനും രക്ഷകനോടുചേരുവാനുമുള്ള നിൻെറ ആഗ്രഹം അവർണ്ണനീയമാണ്. നിൻെറ ആ ആഗ്രഹം സാധിക്കുന്നതുവരെ നിനക്കു വിശ്രമമോ സമാധാനമോ ഇല്ലല്ലോ. അവൻെറ ആത്മാവ് ഇപ്പോഴും നിന്നിൽ പ്രവർത്തിക്കുന്നുവെന്നും നിന്നെ രക്ഷിക്കാൻ ആരംഭിച്ചിരിക്കുന്നു എന്നുമുള്ളതിൻെറ പ്രത്യക്ഷലക്ഷണമാണത്."

"എന്നാൽ," അസംതൃപ്തി നിരാശയോടെ പറഞ്ഞു: "ഏസാവിന് പശ്ചാത്തപിക്കാൻ ആഗ്രഹം വന്നപ്പോഴും അതിനു സാധിച്ചില്ലെന്നല്ലേ വി.ഗ്രന്ഥം പറയുന്നത്? 'പിന്നീട് അവകാശം പ്രാപിക്കാൻ ആഗ്രഹിച്ചപ്പോൾ അവൻ തിരസ്ക്കരിക്കപ്പെട്ടുവെന്നു നിനക്കിറിയാമല്ലോ. കണ്ണീരോടെ അവൻ അത് ആഗ്രഹിച്ചെങ്കിലും അനുതപിക്കാൻ അവന് അവസരം ലഭിച്ചില്ല.' (ഹെബ്രായർ 12:17) പശ്ചാത്തപിക്കാൻ ആഗ്രഹിച്ചുവെങ്കിലും ക്ഷമിക്കപ്പെടുവാൻ സമയം വൈകിപ്പോയിരുന്നുവെന്നല്ലേ ഇതിനർത്ഥം?"

"ആ വാക്യം അങ്ങനെയൊന്നും പറയുന്നില്ല." കരുണ സന്തോഷത്തോടും ഉറപ്പോടുംകൂടി പറഞ്ഞു. "നീ അതു തെറ്റായി മനസ്സിലാക്കിയിരിക്കുന്നു, അസംതൃപ്തീ! അതിൽപറയുന്നത്, ഏസാവ് ഒരു ഇറച്ചിക്കഷ്ണത്തിനുവേണ്ടി തൻെറ ജന്മാവകാശം വിറ്റുവെന്നും പിന്നീട് അതേപ്പറ്റി വ്യസനം തോന്നിയെന്നും ആദ്യജാതൻെറ അനുഗ്രഹം അവകാശപ്പെടാൻ ആഗ്രഹിച്ചപ്പോൾ അതു യാക്കോബിൻെറ വകയായിത്തീർന്നുവെന്നുമാണ്. മൂത്തമകൻെറ ജന്മാവകാശാനുഗ്രഹത്തെ നിന്ദിച്ചതിൽ പശ്ചാത്താപം തോന്നിയപ്പോൾ അതു തിരിച്ചുകിട്ടാത്തവിധത്തിൽ വള

www.malankaralibrary.com

രെ വൈകിപ്പോയിരുന്നു. ഇടയനെ ധിക്കരിച്ചതിൽ നിനക്കു പശ്ചാത്താപമുണ്ടെങ്കിലും അദ്ദേഹം നിന്നോടു ക്ഷമിക്കുകയില്ലെന്ന് പറയുന്നത് അതിൽനിന്നും വളരെ വ്യത്യസ്തമാണ്. പ്രിയ അസംതൃപ്തീ, നീ തിരുവചനത്തിൻെറ യഥാർത്ഥ ആശയം മനസ്സിലാക്കുന്നില്ലേ? നീരസത്തെ വിവാഹം ചെയ്യാൻ തീരുമാനിച്ചതുകൊണ്ട് ഉന്നതങ്ങളിലേയ്ക്കു കൊണ്ടുപോകാമെന്നുള്ള ഇടയൻെറ വാഗ്ദാനം ഏസാവിനെപ്പോലെ നീയും നിരസിച്ചു. അതിനു മാറ്റം വരുത്താൻ നിനക്കു സാധ്യമല്ല. വെറുപ്പും നിരാശയുംകൊണ്ട് ചെയ്തുപോയ തെറ്റിനെക്കുറിച്ച് ഈ തോട്ടത്തിലിരുന്നു നീ കരഞ്ഞു പശ്ചാത്തപിക്കുന്നതു ഞാൻ കാണുന്നുണ്ടെങ്കിലും ചെയ്തുപോയ കാര്യത്തെ ഇല്ലാതാക്കാൻ സാധ്യമല്ല. നീ നീരസത്തിൻെറ ഭാര്യയാണ്, പാവം വൃദ്ധയായ ദുർമുഖിയുടെ മരുമകളുമാണ്. ഇപ്പോൾ എത്രഖേദിച്ചാലും ഈ വസ്തുതയിൽനിന്ന് ഒഴിഞ്ഞുമാറാൻ നിനക്കാവില്ല. ഈ അർത്ഥത്തിൽ, പശ്ചാത്തപിച്ചാലും ചെയ്തുപോയ തെറ്റ് ഇല്ലാതാക്കുവാൻ കഴിയുകയില്ല. എന്നാൽ അതിൻെറ അർത്ഥം ഇടയൻ നിന്നെ സ്നേഹിക്കുന്നില്ലെന്നോ നിന്നെ സഹായിക്കുവാൻ സമ്മതിക്കുകയില്ലെന്നോ അല്ല. പ്രയാസമേറിയതും ദുരന്തപൂർണ്ണവുമായ ഈ സാഹചര്യത്തിൽ അകപ്പെട്ട നിനക്കു മുമ്പത്തേക്കാളേറെ ഇപ്പോൾ അദ്ദേഹത്തെ ആവശ്യമുണ്ട്. ഓ, എൻെറ പ്രിയ അസംതൃപ്തീ, നീ ഇതു മനസ്സിലാക്കുകയും ഒരുനിമിഷംപോലും പാഴാക്കാതെ അദ്ദേഹത്തിൻെറ സഹായം തേടുകയും ചെയ്യില്ലേ? എല്ലാത്തിനും പരിവർത്തനം വരുത്താനും പരാജയത്തിൽനിന്നു വിജയം തരുവാനും -അതാണല്ലോ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടം- അദ്ദേഹത്തിനു കഴിയുമെന്നു നിനക്കു നന്നായി അറിയാമല്ലോ.''

''ഓ, അങ്ങനെയായിരുന്നെങ്കിൽ!'' കരുണയുടെ കയ്കളിൽ പിടിച്ചുകൊണ്ട് അസംതൃപ്തി തേങ്ങി. ''അദ്ദേഹത്തിൻെറ അടുത്തുപോയി താൻ വളരെ ദുഃഖിതയാണെന്നു പറഞ്ഞു മാപ്പും സഹായവും അപേക്ഷിക്കാൻ സാധിച്ചിരുന്നെങ്കിൽ! വീണ്ടും എനിക്ക് ഇടയനോടു സൗഹൃദം സ്ഥാപിക്കുവാൻ കഴിഞ്ഞാൽ എന്തു സഹിക്കേണ്ടിവന്നാലും അതു പ്രയാസകരമായിരിക്കുകയില്ല!''

''ഞാൻ ഇവിടെത്തന്നെ ഉണ്ട്,'' ശക്തമെങ്കിലും ശാന്തമായ ഒരു സ്വരം അവളുടെ തൊട്ടുപിന്നിൽനിന്നു കേട്ടു. രണ്ടു സ്ത്രീകളും സന്തോഷത്തോടെ തിരിഞ്ഞുനോക്കിയപ്പോൾ അതാ ഇടയൻ അവരുടെ

www.malankaralibrary.com

മുമ്പിൽ! അസംതൃപ്തി അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു. കരുണ തൻെറ ദയയും സ്നേഹവുമുള്ള കണ്ണുകളുയർത്തി അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചശേഷം സ്ഥലം വിട്ടു.

പാവം അസംതൃപ്തിയുടെ നമ്രശിരസ്സിൽ രണ്ടു കയ്യും വച്ചു ക്ഷമിച്ചുവെന്നു പറഞ്ഞ് ഇടയൻ അവളെ അനുഗ്രഹിച്ചു. പിന്നീട് അദ്ദേഹം അവളെ പിടിച്ചെഴുന്നേൽപ്പിച്ച് അവളോടൊപ്പം ഇരുന്നുകൊണ്ടു വളരെ നേരം സംസാരിച്ചു. അസംതൃപ്തി അവളുടെ ആശ്വാസത്തിനുവേണ്ടി തൻെറ ദുഃഖം നിറഞ്ഞ കഥ മുഴുവൻ ഇടയൻെറ മുമ്പിൽ ചൊരിഞ്ഞുകൊണ്ട് അവസാനം ഇങ്ങനെ പറഞ്ഞു: ''എൻെറ നാഥാ, ഇത് അങ്ങ് പറഞ്ഞതുപോലെതന്നെയായിരുന്നു. സത്യം കാണുവാൻ വിസമ്മതിച്ച ഞാൻ ഈ അസഹനീയമായ സ്ഥിതിയിൽ അകപ്പെടുകയും ചെയ്തു. എൻെറ അമ്മായിയമ്മ എന്നെ വെറുക്കുന്നു; ഭർത്താവിന് എന്നോടിഷ്ടമില്ല. അവർ രണ്ടുപേരും എൻെറ കുട്ടിയെ എന്നിൽനിന്നകറ്റുവാൻ തീരുമാനിച്ചിരിക്കുന്നു.'' അവൾ ഹൃദയവേദനയോടെ നെടുവീർപ്പിട്ടുകൊണ്ട് തുടർന്നു: ''ഇനി എനിക്ക് അദ്ദേഹത്തിൻെറകൂടെ വസിക്കുവാൻ കഴിയുകയില്ല. ഞാൻ അയാളെ സ്നേഹിക്കുന്നില്ല. ഞാൻ അയാളെ ഒരിക്കലും സ്നേഹിച്ചിട്ടില്ല. അങ്ങയോടും അങ്ങയുടെ സുഹൃത്തുക്കളോടും ഇടപെടുന്നതിൽനിന്ന് അയാൾ എന്നെ തടയുന്നു. ഞാൻ ഇവിടെ ദുരിതമനുഭവിക്കുന്ന ഒരു തടവുകാരിയാണ്. എങ്കിലും ഇവിടം വിട്ടുപോയാൽ എൻെറ കുട്ടി എനിക്കു നഷ്ടപ്പെടും.''

''നിൻെറയും അവൻെറയും കുട്ടി,'' ഇടയൻ ശാന്തനായി തിരുത്തി. അവൾ വീണ്ടും നെടുവീർപ്പിട്ടു നിശ്ശബ്ദയായി.

''കരുണ പറഞ്ഞതു തികച്ചും ശരിയായിരുന്നു.'' ഇടയൻ സാവകാശം വ്യക്തമായി തുടർന്നു: ''നീ സ്വന്ത ഇഷ്ടപ്രകാരം ചെയ്ത കാര്യം ഇല്ലാതാക്കാൻ ഒരു വഴിയും ഇല്ലെന്നാണല്ലോ അവൾ പറഞ്ഞത്. നീ വിവാഹിതയാണ്. നീ കണ്ണീരോടെ അതിനെപ്പറ്റി പശ്ചാത്തപിച്ചാലും ആ അവസ്ഥ ഇല്ലാതാക്കാൻ യാതൊരു വഴിയുമില്ല.''

അവൾ അതിവേദനയോടെ ഉറക്കെപ്പറഞ്ഞു: ''അങ്ങനെയാണെങ്കിൽ ഞാൻ എന്താണു ചെയ്യേണ്ടത്? രക്ഷപ്പെടാനുള്ള പ്രതീക്ഷയൊന്നുമില്ലേ? ഞാൻ മരിക്കുന്നതുവരെ നീരസത്തിൻെറയും ദുർമുഖി

www.malankaralibrary.com

യുടെയും അടിമയായി ഇവിടെത്തന്നെ കഴിഞ്ഞുകൂടണമോ?''

ഇടയൻ സന്തോഷത്തോടെ ശക്തമായി പറഞ്ഞു: ''ഒരു പ്രകാരത്തിലും വിവാഹത്തെ മാറ്റിമറിക്കുകയോ അതിൽനിന്നു രക്ഷപ്പെടുകയോ സാദ്ധ്യമല്ല. എന്നാൽ വിവാഹജീവിതത്തിൽ ജേതാവാകുവാനും പരാജയത്തെ വിജയമാക്കി മാറ്റുവാനും നിനക്കുകഴിയും.''

''നീരസത്തെ വിവാഹം ചെയ്തിരിക്കുമ്പോൾ ജേതാവാകാമെന്നോ?'' അസംതൃപ്തി അവിശ്വാസത്തോടെ നെടുവീർപ്പിട്ടു. നാഥാ, അങ്ങ് ഉദ്ദേശിക്കുന്നതെന്താണ്?

''അതെ, തീർച്ചയായും,'' അദ്ദേഹം പറഞ്ഞു. ഞാൻ ഒടുവിൽ നിന്നോടു സംസാരിച്ചപ്പോൾ, എന്റെറകൂടെ ഉന്നതങ്ങളിലേയ്ക്കു പോകാൻ നിന്നെ ക്ഷണിച്ച കാര്യം നിനക്ക് ഓർമ്മയുണ്ടോ?''

''ഉവ്വ്,'' അവൾ അദ്ദേഹത്തെ പകച്ചുനോക്കിക്കൊണ്ടു പറഞ്ഞു.

''ശരി, ഞാൻ വീണ്ടും നിന്നോട് ആവശ്യപ്പെടുന്നു.'' വശ്യമായ പുഞ്ചിരിയോടെ അദ്ദേഹം അവളോടു പറഞ്ഞു: ''നീ എന്റെറകൂടെ ഉന്നതങ്ങളിലേയ്ക്കു ഇപ്പോൾ പുറപ്പെടുമോ?''

''പക്ഷേ,'' അവൾ കിതച്ചുകൊണ്ടു പറഞ്ഞു, ''ഞാൻ എന്റെറ ഭർത്താവിനെ ഇഷ്ടപ്പെടുന്നില്ലെങ്കിലും അയാളെ ഉപേക്ഷിക്കാൻ പാടില്ലെന്നല്ലേ അങ്ങ് ഇപ്പോൾ പറഞ്ഞത്?''

സൗമ്യമെങ്കിലും ഗൗരവഭാവത്തിൽ ഇടയൻ മറുപടി പറഞ്ഞു: ''നീ നിന്റെറ ഭർത്താവിനെയും അമ്മായിയമ്മയെയും സ്നേഹിക്കുവാൻ പഠിക്കുന്നതുവരെ ഈ സാഹചര്യത്തിൽ നിന്നെ സഹായിക്കുവാൻ യാതൊന്നിനും കഴിയുകയില്ല. സ്നേഹത്തിന്റെറ ഉന്നതതലങ്ങളിലേയ്ക്കു പോയാൽ മാത്രമേ നിനക്കതു സാധ്യമാകൂ. അവരെ യഥാർത്ഥത്തിൽ സ്നേഹിക്കാനും പ്രതിഫലേച്ഛ കൂടാതെ പൂർണ്ണമായി നിന്നെത്തന്നെ അവർക്കു നല്കുവാനും നീ പഠിക്കണം.''

അസംതൃപ്തി വീണ്ടും പൊട്ടിക്കരഞ്ഞു. ''പക്ഷേ എനിക്കതു സാധിക്കില്ല.'' അവൾ ദയനീയമായി തേങ്ങി. ''സ്വയം ബലം പ്രയോഗിച്ചു

www.malankaralibrary.com

സ്നേഹിക്കുവാൻ ഒരുവന് എങ്ങനെ കഴിയും? എന്റെ നാഥാ, എനിക്കവരോട് ഒരു സ്നേഹവും തോന്നുന്നില്ല; വെറുപ്പാണു തോന്നുന്നത്. അതേ, യഥാർത്ഥ വെറുപ്പ്! എല്ലായ്പ്പോഴും എനിക്കവരോടു കടുത്ത പകയും വെറുപ്പുമാണ് തോന്നുന്നത്. ആ വികാരങ്ങൾ മാറ്റാൻ എനിക്കു സാധിക്കുകയില്ല, അവ അത്രമാത്രം ശക്തമാണ്.''

''ഭർത്താവിനെ സ്നേഹിക്കാൻ സ്വയം സമ്മർദ്ദം ചെലുത്തുന്നതിനെപ്പറ്റിയല്ല നമ്മൾ ഇപ്പോൾ സംസാരിക്കുന്നത്.'' ഇടയൻ ശാന്തമായി പറഞ്ഞു. ''നീ അവനേയോ നിന്റെ അമ്മയിയമ്മയേയോ സ്നേഹിക്കുന്നില്ലെന്ന് എനിക്കറിയാം; നിനക്കവരോട് വെറുപ്പാണെന്നും. എന്നാൽ നമ്മൾ ഇപ്പോൾ സംസാരിക്കുന്നതു നിനക്ക് എന്നോടുള്ള സ്നേഹത്തെക്കുറിച്ചാണ്. വീണ്ടും എന്റെ ശിഷ്യയാകാൻ നിനക്കു സമ്മതമാണോ?''

''തീർച്ചയായും!'' അവൾ ഉറക്കെപ്പറഞ്ഞു. ''ഞാൻ പൂർണ്ണഹൃദയത്തോടെ അതിന് ആഗ്രഹിക്കുന്നു.''

''അങ്ങനെയെങ്കിൽ, എന്റെ ശിഷ്യയെന്ന നിലയിൽ, നീ ആരേയും വെറുക്കുന്ന പ്രശ്നമില്ല. ഞാൻ അവരെ സ്നേഹിക്കുന്നതുപോലെ നീയും അവരെ സ്നേഹിക്കണം. നീ അവരെ ഇപ്പോൾ വെറുക്കുന്നുവെന്നുള്ളത് ശരിതന്നെ. നിന്നെ ഉന്നതങ്ങളിലേയ്ക്കു കൊണ്ടുപോകുവാൻ നീ എന്നെ അനുവദിക്കുകയാണെങ്കിൽ നിന്റെ ഭർത്താവിനെയും അമ്മായിയമ്മയേയും നിനക്കു സന്തോഷത്തോടെ സ്നേഹിക്കാൻ കഴിയുമെന്നു മാത്രമല്ല, അവരെ സ്നേഹത്തിലൂടെ അത്ഭുതകരമായി സഹായിക്കാനും നിനക്കു സാധിക്കും.''

''അതെങ്ങനെ സാധിക്കും?'' അവൾ മന്ത്രിച്ചു. ''എനിക്ക് ഉന്നതങ്ങളിലേയ്ക്ക് പോകാനും അതേസമയം ഈ വീട്ടിൽ ഒരു തടവുകാരിയായി കഴിയാനും എങ്ങനെ കഴിയും?''

അദ്ദേഹം മന്ദഹസിച്ചു. ''ദുഃഖത്തോടും വേദനയോടും കൂടി നീ വസിക്കുന്ന ഈ വീട്ടിൽനിന്നും സ്നേഹത്തിന്റെ ഉന്നതങ്ങളിലേയ്ക്ക് ഒരു കുറുക്കുവഴിയുണ്ട്. ആദ്യം ഉന്നതങ്ങളിലേയ്ക്ക് പോകുവാൻ ഞാൻ ആവശ്യപ്പെട്ടപ്പോൾ കൊണ്ടുപോകുമായിരുന്ന വഴിയേക്കാൾ ദുർഘടം പിടിച്ച വഴിയാണിതെന്നു ഞാൻ ആത്മാർത്ഥമായി സമ്മതിക്കുന്നു.

www.malankaralibrary.com

എന്നിരുന്നാലും അതിലൂടെയും ലക്ഷ്യത്തിൽ എത്തിച്ചേരാനാവും. ഞാൻ ആ രഹസ്യം നിന്നോടു പറയട്ടെ. പ്രിയ അസംതൃപ്തീ, ദൃഢചിത്തൻ നിന്നെ സ്നേഹിക്കാൻ കഴിയാതെ നിൻെറ സഹോദരിയെ ഇഷ്ടപ്പെട്ടതു നിൻെറ കുറ്റംകൊണ്ടാണെന്ന സത്യം നീ ആത്മാർത്ഥമായി സമ്മതിക്കുക. അവനും നിൻെറ സഹോദരിയും ഇക്കാര്യത്തിൽ കുറ്റമറ്റവരാണെന്നു നീ മനസ്സിലാക്കുക. നീ വളരെ വ്യത്യസ്തമായ സാഹചര്യത്തിലാണു പെട്ടിരിക്കുന്നതെങ്കിലും അന്യോന്യം സ്നേഹിക്കാനും സന്തോഷത്തോടെ കഴിയാനുമുള്ള അവരുടെ അവകാശത്തെ ആനന്ദത്തോടും വിനയത്തോടുംകൂടെ സ്വീകരിക്കുവാൻ തുടങ്ങുക; ഇതു സാധിച്ചാൽ, അസംതൃപ്തീ, നീ ഉന്നതങ്ങളിലേയ്ക്കുള്ള പകുതിവഴി പിന്നിട്ടുകഴിഞ്ഞിരിക്കും. കാരണം നിനക്കു സംഭവിക്കാൻ അനുവദിക്കപ്പെടുന്നവയെല്ലാം സന്തോഷത്തോടെ സ്വീകരിക്കുന്ന 'സാനന്ദസ്വീകാരം' എന്ന സ്വർഗ്ഗീയപുഷ്പം ഈ വീട്ടിലും നിൻെറ ഹൃദയത്തിലും വളരുന്നതായി നീ കാണും.''

''ഇതു വളരെ കഠിനമായ വാക്കുകളാണ്,'' അസംതൃപ്തി സ്വരം താഴ്ത്തിപ്പറഞ്ഞു.

''രണ്ടാമത്തേത് ഇതിലും വിഷമകരമാണ്,'' അദ്ദേഹം സൗമ്യമായി പറഞ്ഞു. ''വിഷമകരമാണ്, എങ്കിലും അസാദ്ധ്യമല്ല.'' നിൻെറ ഭർത്താവിൻെറയും അമ്മായിയമ്മയുടെയും ശത്രുതയെ ക്ഷമയോടെ സഹിക്കുകയും നിൻെറമേൽതന്ന വിജയം വരിക്കാനുള്ള മാർഗ്ഗങ്ങളായി അതിനെ ഉപയോഗിക്കുകയും നീരസമോ ആത്മാനുകമ്പയോ കൂടാതെ എല്ലാം സഹിക്കുകയും ചെയ്താൽ എന്തു സംഭവിക്കുമെന്നു നിനക്കറിയാമോ?''

''എന്തു സംഭവിക്കും?'' അവൾ ചോദിച്ചു.

''നിൻെറ ഹൃദയത്തിൽ വിടരുന്ന സ്നേഹപുഷ്പത്തോടുകൂടി ഉന്നതങ്ങളിൽ എത്തിയതായി നിനക്കു മനസ്സിലാകും. അപ്പോൾ വെറുക്കുന്നവരെ സ്നേഹിക്കുവാനും അതിൽ സന്തോഷിക്കാനും എല്ലാറ്റിലുമുപരിയായി അവരെ സഹായിക്കാനും നിനക്കു കഴിയും. കാരണം കാലാന്തരത്തിൽ സ്നേഹം എല്ലാറ്റിനും മാറ്റംവരുത്തും. അതെ, നിൻെറ വീട് ഉപേക്ഷിക്കാതെതന്നെ ഉന്നതങ്ങളിലെത്തിയതായി നീ മനസ്സിലാക്കും. കാരണം മറ്റുള്ളവരെ അവർ ആയിരിക്കുന്ന വിധത്തിൽ സ്വീകരി

www.malankaralibrary.com

ക്കുകയും അവർ നിനക്കെതിരായി ചെയ്യുന്നതെല്ലാം സഹിക്കുകയും - അതായതു ക്ഷമിക്കുകയും -ചെയ്യുമ്പോൾ ബലപ്രയോഗം കൂടാതെതന്നെ സ്നേഹം ഹൃദയത്തിലേയ്ക്കു പ്രവേശിക്കും. ഇതിന് നിനക്കു സമ്മതമാണോ?''

അസംതൃപ്തി, കണ്ണീരോടെ നോക്കി വീണ്ടും മന്ത്രിച്ചു: ''അതെ, നാഥാ, ദയവായി എനിക്ക് അതിനുള്ള കഴിവുതരൂ.''

ആ സമയത്തു പുൽത്തകിടിയിൽ പന്തു കളിച്ചുകൊണ്ടിരുന്ന കൊച്ചുമകൾ തൻെറ അമ്മയും ഇടയനും ഇരുന്ന സ്ഥലത്തേയ്ക്ക് ഓടിവന്നു. മടിയിൽ കയറ്റി ഇരുത്താനായി അവൾ കൊച്ചുകയ്കൾ അമ്മയുടെ നേരെ നീട്ടി. അസംതൃപ്തി മകളെ വികാരാവേശത്തോടെ എടുത്ത് ആ നിഷ്കളങ്കമായ മുഖം തൻെറ മുഖത്തു ചേർത്തുപിടിച്ചുകൊണ്ട് വിതുമ്പി: ''കുഞ്ഞുതിരിച്ചടീ, നിൻെറ അമ്മ ഒരു പുതുജീവിതം ആരംഭിക്കുകയാണ്.''

''അസംതൃപ്തീ,'' ഇടയൻ ശാന്തമായി, ചെറുപുഞ്ചിരിയോടെ പറഞ്ഞു: ''ചെറിയകുട്ടിക്ക് അങ്ങനെ പേരിടുന്നത് എനിക്കിഷ്ടമല്ല. മറ്റൊരു പേര് (നിങ്ങൾ രണ്ടുപേരുടെയും ഉപയോഗത്തിനുവേണ്ടി മാത്രം) വിളിക്കാൻ നിനക്കിഷ്ടമല്ലേ?''

''അതെ,'' വിളറിയ മുഖത്തോടെ അവൾ പറഞ്ഞു. ''എന്താണ് ആ പേര്, നാഥാ?''

''എന്തുകൊണ്ടവളെ 'സാനന്ദസ്വീകാരം' എന്നു വിളിച്ചുകൂടാ? ആനന്ദമെന്ന ഓമനപ്പേര് വിളിക്കുന്നതിന് അവളുടെ പിതാവുപോലും സമ്മതിക്കാതിരിക്കില്ല. നിന്നെ സംബന്ധിച്ചിടത്തോളം നിൻെറ വീട്ടിൽ വളരുന്ന സാനന്ദസ്വീകാരം എന്ന ചെറുപുഷ്പമായിരിക്കും അവൾ.''

''ശരിയാണ്.'' അസംതൃപ്തി മൃദുലമായി പറഞ്ഞു. ''അതൊരു ഭംഗിയുള്ള പേരാണ്. ആ പേരു വിളിക്കുമ്പോൾ അങ്ങ് എന്നോടു പറഞ്ഞ കാര്യങ്ങൾ ഞാൻ എപ്പോഴും ഓർമ്മിക്കും.''

ഇടയൻ സുസ്മേരവദനനായി പറഞ്ഞു: ''നിൻെറപേരും എനിക്കിഷ്ടമല്ല, എൻെറ ഒരു ശിഷ്യയ്ക്കു ചേരുന്ന പേരല്ല അത്. അതും മാറ്റു

www.malankaralibrary.com

വാൻ നിനക്കിഷ്ടമല്ലേ?''

പേരു സൂചിപ്പിക്കുന്ന സ്വഭാവത്തിൻെറ ഉടമയായിരുന്നതുകൊണ്ട് താൻ സ്നേഹിച്ച പുരുഷനെ നഷ്ടപ്പെട്ട ആ സ്ത്രീ കണ്ണീരോടെ ഇടയനെ നോക്കി ഒന്നും പറയാതെ തലകുലുക്കി.

''എങ്കിൽ,'' അദ്ദേഹം വളരെമെല്ലെ പറഞ്ഞു, 'സ്നേഹസഹനം' അല്ലെങ്കിൽ 'ക്ഷമ' എന്നു വിളിക്കാം. പിന്നെ അദ്ദേഹം മുള്ളാകൃതിയിലുള്ള സ്നേഹത്തിൻെറ വിത്തെടുത്തു മൃദുലമെങ്കിലും കരുത്തുറ്റ തൻെറ കയ്കൊണ്ട് അവളുടെ ഹൃദയത്തിൽ നട്ടിട്ട് അവിടെനിന്നുപോയി.

ഇടയൻ തന്നെ വിട്ടുപോയപ്പോൾ സ്വന്തം വീട് ഉപേക്ഷിക്കാതെ ഉന്നതങ്ങളിലേയ്ക്കു പോകേണ്ടതായ ആ സ്ത്രീ അവളുടെ മുകളിലുള്ള മുറിയിൽ പോയി കുളിച്ചു തൻെറ ഏറ്റവും നല്ല വസ്ത്രം ധരിച്ചു. പിന്നീട് അവൾ വൃദ്ധയായ ദുർമുഖിയുടെ മുറിയിലേയ്ക്കുപോയി വാതിലിൽ മുട്ടിയിട്ട് അകത്തു പ്രവേശിച്ചു. ആ വൃദ്ധസ്ത്രീ ഒരുവാക്കുപോലും ഉരിയാടാതെ മുഖം കറുപ്പിച്ച് അവളെ തുറിച്ചു നോക്കി.

''അമ്മേ,'' 'ക്ഷമ' ശാന്തമായി പറഞ്ഞു: ''പൊരുത്തവും സ്നേഹവുമില്ലാത്തവളായ മകളായിരുന്നതിൽ എത്രമാത്രം ഖേദിക്കുന്നുവെന്നു പറയുവാനും മാപ്പു ചോദിക്കാനുമാണ് ഞാൻ വന്നിരിക്കുന്നത്. ഭാവിയിൽ വളരെ വ്യത്യസ്തസ്വഭാവക്കാരിയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

''പഞ്ചാരവാക്കുകൾ! പഞ്ചാരവാക്കുകൾ!'' വൃദ്ധ പൊട്ടിത്തെറിച്ചു. ''അവസാനം നിനക്കു സുബോധം ഉണ്ടാവുകയും, നിൻെറ വെറുപ്പുളവാക്കുന്ന സ്വഭാവത്തെപ്പറ്റി ബോധ്യപ്പെടുകയും ചെയ്തുവല്ലോ. നിൻെറ ആത്മാർത്ഥതയെപ്പറ്റി എനിക്കു ബോധ്യം വരണമെങ്കിൽ വെറും വാക്കുകൾ മാത്രം പോരാ എന്നു ഞാൻ തറപ്പിച്ചു പറയുന്നു. ഇനിയുള്ള ദിവസങ്ങളിൽ നീ എങ്ങനെ പെരുമാറുന്നുവെന്നും കർത്തവ്യബോധവും അനുസരണയും കീഴ്വഴക്കവുമുള്ള ഒരു ഭാര്യയായിരിക്കുമോയെന്നും ഞാൻ കാണട്ടെ. നല്ല വാക്കുകളല്ല, പ്രവൃത്തികളാണ് യഥാർത്ഥ അനുതാപത്തിൻെറ ലക്ഷണം.''

''അതെ, അമ്മേ,'' ക്ഷമ സൗമ്യമായി പറഞ്ഞു: വളരെക്കാലംകൂടി

www.malankaralibrary.com

ആദ്യമായി അവൾ ആ വൃദ്ധസ്ത്രീയെ ചുംബിച്ചു. അദ്ദേഹം അവളുടെ ഹൃദയത്തിൽ നട്ട സ്നേഹം പെട്ടെന്നോ സാവധാനത്തിലോ ശ്രീമതി ദുർമുഖിയിലും തൻെറ ഭർത്താവിലും മാറ്റംവരുത്തുമെന്ന് ഇടയൻ പറഞ്ഞിരുന്നു. ആത്മവിശ്വാസത്തോടും പ്രത്യാശയോടും സമാധനത്തോടുംകൂടി വരാനിരിക്കുന്ന ആ മാറ്റത്തിനുവേണ്ടി അവൾ കാത്തിരുന്നു.

ഏതാനും മണിക്കൂറുകൾക്കുശേഷം നീരസം വീട്ടിലേയ്ക്കു മടങ്ങിവന്ന് പതിവുപോലെ ഭാര്യയെ ഗൗനിക്കാതെ നേരെ തൻെറ മുറിയിലേയ്ക്കു പോയപ്പോൾ വാതിലിൽ ഒരു നേരിയ ശബ്ദം കേട്ടു തിരിഞ്ഞു നോക്കി. അപ്പോൾ ക്ഷമ തൻെറ മുമ്പിൽ നിൽക്കുന്നതുകണ്ട് ആശ്ചര്യപ്പെട്ടു. അവൾ സാവകാശം അവൻെറ അടുത്തുവന്ന് ഇടറിയ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു: "അങ്ങയുടെ ക്ഷമ എനിക്ക് എത്രയേറെ ആവശ്യമാണെന്നു പറയാനാണ് ഞാൻ വന്നത്. കാരണം ഭാര്യയെന്ന നിലയിൽ ഒരു പരാജയമായിരുന്നെന്നു മാത്രമല്ല, സ്വാർത്ഥമതിയും നിർബ്ബന്ധബുദ്ധിയും സ്നേഹമില്ലാത്തവളുമായിരുന്നു ഞാൻ.

അവൻ നിശ്ശബ്ദനായി ഒരു നിമിഷം അവളെ നോക്കി. അവളുടെ മുഖത്തെ ശാന്തതയും വിനയവും നിരീക്ഷിച്ച അയാൾ ഒരു പ്രത്യേക സ്വരത്തിൽ ഇങ്ങനെ പറഞ്ഞു: " നീ ഇടയനോട് സംസാരിക്കുകയായിരുന്നോ, അസംതൃപ്തി?"

അവൾ അടിമുടി വിറച്ചെങ്കിലും താഴ്ന്നസ്വരത്തിൽ പറഞ്ഞു: "അതെ."

അവളുടെ ഭർത്താവ് ഒരുനിമിഷംകൂടി നിശ്ശബ്ദനായി നിന്നു. അവൻെറ വിചാരങ്ങൾ മനസ്സിലാക്കാൻ അവൾക്കു കഴിഞ്ഞില്ല. ഭീതയെ തിരിച്ചുകൊണ്ടു വരുവാൻവേണ്ടി അവനും സുഹൃത്തുക്കളും പർവ്വതമുകളിൽ പോയതിൻെറ ഓർമ്മ അവൻെറ മനസ്സിൽ ഒരിക്കൽകൂടി ഉദിച്ച കാര്യം അവൾക്ക് അറിയാൻ കഴിഞ്ഞില്ല. കിഴുക്കാംതൂക്കായ പർവ്വതമുകളിൽ വലിയ വനത്തിനും മൂടൽമഞ്ഞിനുമിടയിൽ അവനും അവൻെറ സുഹൃത്തുക്കളും കുത്തുവാക്കുകളും ഭീഷണിയുമായി സമീപത്തെത്തിയപ്പോൾ, ഭയത്തോടും വിറയലോടുംകൂടി സഹായത്തിനു വിളിച്ചപേക്ഷിച്ച മറ്റൊരു സ്ത്രീയുടെ ശബ്ദം അയാൾ ഭാവനയിൽ കേട്ടു: "ഇടയാ! ഇടയാ! അങ്ങ് എവിടെയാണ്? വന്ന് എന്നെ സഹായിക്കുക!" അപ്പോൾ, അവളുടെ നിലവിളിക്ക് ഉത്തരമരുളുകയും നിമിഷനേരം

www.malankaralibrary.com

കൊണ്ട് അവിടെ കുതിച്ചെത്തി അവരിൽനിന്നെല്ലാം അവളെ മോചിപ്പിക്കുകയും ചെയ്ത രക്ഷകനായ ഇടയൻെറ ചിത്രം അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നു.

നീരസം ഭാര്യയെ നോക്കി ഇങ്ങനെ പെട്ടെന്നു പറഞ്ഞു: ''അസംതൃപ്തീ, നമ്മുടെ വിവാഹജീവിതം വളരെ ശോചനീയ സ്ഥിതിയിൽ എത്തിയിരിക്കുന്നു. അതുകൊണ്ട് നമ്മൾ എന്തെങ്കിലും ചെയ്യേണ്ട സമയം ഇതാണ്. ഇടയൻ, നമുക്കൊരു പുതിയജീവിതം ആരംഭിക്കാൻ സഹായിക്കുമെങ്കിൽ അതുചെയ്യാൻ അദ്ദേഹത്തെ അനുവദിക്കുന്നതിനു ഞാൻ തയ്യാറാണ്.''

www.malankaralibrary.com

## അദ്ധ്യായം –12

# ഇലവംഗഗിരി (നമ്മ)

### സ്നേഹത്തിൻെറ വിധി

രാജാവ് കൃപാമഹത്വത്തെ കൂട്ടിക്കൊണ്ടുപോയ ആറാമത്തെ സുഗന്ധഗിരി ഇലവംഗമലയായിരുന്നു. അവിടെ നമ്മയുടെ ധാരാളം വൃക്ഷങ്ങൾ വളർന്നിരുന്നു. ഈ വൃക്ഷങ്ങൾ വളരെ മനോഹാരിതയും പ്രൗഢിയും ഉള്ളതായിരുന്നു. വെള്ളപ്പൂക്കൾക്കു പശ്ചാത്തലം ഒരുക്കിക്കൊണ്ട് തിളക്കമുള്ള ഇരുണ്ട ഇലകൾ ആ മരങ്ങളിൽ നിറഞ്ഞുനിന്നു. കാരണം അതു പൂക്കാലമായിരുന്നു. വൃക്ഷങ്ങളുടെ അകംപട്ടയാകട്ടെ, വളരെ സുഗന്ധപൂരിതവും സ്വർണ്ണവർണ്ണാഭവുമായിരുന്നു. ചില കാലങ്ങളിൽ ഈ അകംപട്ട പൊളിച്ചെടുത്തിരുന്നു. ഉന്നതങ്ങളിലെ പൗരന്മാർ കൊണ്ടുനടക്കാൻ ഇഷ്ടപ്പെടുകയും തങ്ങളുടെ അങ്കികൾക്കുള്ളിൽ സൂക്ഷിച്ചുവയ്ക്കുകയും ചെയ്തിരുന്ന നമ്മയുടെ സുഗന്ധം ലഭിച്ചിരുന്നത് ഇതിൽനിന്നാണ്. ഈ സുഗന്ധദ്രവ്യം വളരെ ഹൃദ്യവും ഉന്മേഷദായകവുമായ പരിമളം പരത്തിയിരുന്നുവെന്നു മാത്രമല്ല, (ഇതായിരുന്നു ഉന്നതങ്ങളിൽ വസിച്ചിരുന്ന ഇടയൻെറ വേലക്കാരെ താഴ്വരയിലെ ആളുകളിൽനിന്ന് വേർതിരിച്ചിരുന്ന അടയാളം) വിലപിടിപ്പുള്ള ഇതിന് സൗഖ്യദായക ഗുണവുമുണ്ടായിരുന്നു.

ആ പർവ്വതസാനുക്കൾ മുഴുവനും ഇലവംഗക്കാടുകൾ നിറഞ്ഞിരുന്നു. ആ കാട്ടിലേക്കു പ്രവേശിച്ചതോടെ രാജാവിനും കൃപാമഹത്വത്തിനും വേനൽക്കാലത്തിൻെറ ചൂട് അനുഭവപ്പെട്ടില്ല. മറ്റു സുഗന്ധപർ

www.malankaralibrary.com

വ്വതങ്ങളെപ്പോലെ ഇതും പല വർഗ്ഗത്തിൽപ്പെട്ട പക്ഷികളുടെ കളകുജനങ്ങൾകൊണ്ടു മുഖരിതമായിരുന്നു. ഉന്നതങ്ങളിലേക്കുള്ള യാത്രക്കിടയിൽ പർവ്വതത്തിന്റെ താഴ്ന്ന ചരിവുകളിലുള്ള മഞ്ഞണിഞ്ഞ മരങ്ങളിൽ കൃപാമഹത്വംകേട്ട ഒരു ചെറുപക്ഷിയുടെ ഗാനം ഇവിടെയും കേട്ടതിൽ അവൾക്കു കൗതുകം തോന്നി. ഈ ഉയർന്ന സ്ഥലത്ത് അവയുടെ ഒരു ഗായകസംഘം തന്നെ ഒരുമിച്ചുപാടുകയും ഓരോ പാട്ടും ഇങ്ങനെ അവസാനിപ്പിക്കുകയും ചെയ്തിരുന്നു.

*"അവൻ വിജയം വരിച്ചിരിക്കുന്നു,*
*ആഹ്ലാദിക്കുവിൻ!*
*അവൻ വിജയം വരിച്ചിരിക്കുന്നു,*
*ആഹ്ലാദിക്കുവിൻ!"*

ഒരു വെളിമ്പ്രദേശത്തിന്റെ അരികിലുള്ള മരത്തണലിൽ രാജാവിന്റെ സമീപം അവൾ ഇരുന്നു. അവിടെനിന്ന് ഒരു ഫ്രെയ്മിൽകൂടിയെന്നവണ്ണം താഴ്വരയുടെ മറുവശം അവർക്കു കാണാമായിരുന്നു. നവവധു അണിഞ്ഞിരിക്കുന്ന വസ്ത്രങ്ങൾകൊണ്ടെന്നപോലെ ഉന്നതങ്ങളെ പൊതിഞ്ഞിരുന്ന വെണ്മയുള്ള മഞ്ഞിന്റെമേൽ സൂര്യപ്രകാശംതട്ടി വെട്ടിത്തിളങ്ങി. അവർ ഇരുന്നിരുന്ന സ്ഥലത്തിന് അല്പം താഴെനിന്ന് അനേകം സ്വരങ്ങൾ ചേർന്ന് ഇങ്ങനെപാടി:

*നന്മ എത്ര മനോഹരം,*
*സ്നേഹത്തിന്റെ വിവാഹവസ്ത്രം,*
*നമ്മുടെ രാജാവിൽനിന്നുള്ള കല്ല്യാണവസ്ത്രം*
*കറപുരളാത്ത നന്മതന്നെ.*
*രാജനിയമം അനുവർത്തിക്കുന്നവർ*
*ലില്ലിപ്പൂക്കളുടെ വെണ്മ പുൽകും.*

*വിശുദ്ധന്മാർ എത്ര ഭാഗ്യവാന്മാർ*
*അവരുടെ ചഷകങ്ങൾ തുളുമ്പുന്നു*
*സ്നേഹവിരുന്ന് അവർക്കായി ഒരുക്കുന്നു.*
ദൈവത്തോടൊപ്പം അവർ വിരുന്നിനിരിക്കുന്നു.

www.malankaralibrary.com

*സ്വർഗ്ഗപ്രഭയാൽ അവരുടെ വദനങ്ങൾ തിളങ്ങുന്നു*
*അവൻെറ സന്തോഷത്തിൽ അവർ ഒന്നുചേരുന്നു.*

*നന്മപൂർണ്ണമായ സ്വരൈക്യമാണ്,*
*കൃപയുടെ അവികലരൂപം,*
*സ്നേഹമുഖം പ്രതിബിംബിക്കും*
*സുവർണ്ണ ദർപ്പണം.*
*നന്മ തെറ്റിനെ മാറ്റി ശരിയെ പുൽകലാണ്*
*അന്ധകാരത്തെ പ്രകാശം ഗ്രസിക്കുന്ന അവസ്ഥ.*

ഈ പാട്ട് അവസാനിച്ചപ്പോൾ എല്ലാ കൊച്ചുപക്ഷികളും കൂടി ചേർന്ന് ഒരുമിച്ച് ഒരു പൊട്ടിച്ചിരിപോലെ സന്തോഷത്തോടെ ചിലച്ചു. അവയുടെ ഗാനം ശ്രവിച്ചപ്പോൾ കൃപാമഹത്വം പർവ്വതങ്ങളിലെ ശവകുടീരത്തിലേക്കും സമർപ്പണത്തിൻെറ അൾത്താരയിലേക്കും പോകുന്നതിനുമുമ്പ്, അഭിഷേക കൂടാരത്തിൽ രാജാവിനോടൊത്തുചെലവഴിച്ച സമയത്തെക്കുറിച്ച് ഓർക്കാൻ നിർബ്ബന്ധിതയായി. തത്ഫലമായി അമ്പരപ്പിക്കുന്നതും പ്രയാസകരവുമായ പാതയിലൂടെ തന്നെ നയിച്ചത് അനുസ്മരിച്ച് അവൾ നന്ദിയോടും അത്ഭുതത്തോടുംകൂടെ രാജാവിൻെറ മുഖത്തേയ്ക്കു നോക്കി.

രാജാവ് അവളുടെ നേരെ തിരിഞ്ഞ് വിസ്മയം നിറഞ്ഞ നോട്ടത്തിനുള്ള ഉത്തരമെന്നപോലെ ഇങ്ങനെ പറഞ്ഞു:

''കൃപാമഹത്വമേ, ഞാൻ നിന്നെ നയിച്ചുകൊണ്ടുപോയ മാർഗ്ഗം അത്യന്തം ക്ലേശപൂർണ്ണമായ ഒന്നായിരുന്നല്ലോ എന്നാണോ നീ ചിന്തിക്കുന്നത്? പർവ്വത മുകളിലെ സമർപ്പണത്തിൻെറ അൾത്താരവരെ വളരെ സൗമ്യതയോടും സ്നേഹത്തോടുംകൂടെ പെരുമാറിയതിനുശേഷം ഇത്ര ദുർഘടവും തിക്തവുമായ ഒരു മാർഗ്ഗത്തിലൂടെ നിന്നെ നയിച്ചത് എന്തുകൊണ്ടാണെന്ന് നീ അത്ഭുതപ്പെടുകയാണോ?''

ഒന്നും പറയാതെ തൻെറ കയ്യ് അദ്ദേഹത്തിൻെറ കയ്യിൽ വച്ച് അവൾ തലകുലുക്കി.

''ആ മാർഗ്ഗം നിന്നെ 'മാറാ'യിലെ അരുവിയിലേയ്ക്ക് എത്തിച്ചപ്പോൾ നീ സ്വയം എന്തു പറഞ്ഞു?''

www.malankaralibrary.com

''ഞാൻ ഇങ്ങനെ ആത്മഗതം ചെയ്തു: 'അദ്ദേഹത്തിൻെറ സ്നേഹമാണ് എനിക്കീ വഴി ഒരുക്കിത്തന്നത്, ഞാൻ അദ്ദേഹത്തെ വിശ്വസിക്കും; അദ്ദേഹം നയിക്കുന്നിടത്തേയ്ക്കുപോകും.''

''അതെ,'' രാജാവ് ദൃഢസ്വരത്തിൽ പറഞ്ഞു: ''സ്നേഹത്തിൻെറ പദ്ധതികളെ വിശ്വസിക്കുന്നത് എപ്പോഴും സുരക്ഷിതമാണ്. എന്നെ സ്നേഹിക്കുന്ന ഓരോരുത്തർക്കും പൂർണ്ണമായ ഉറപ്പോടെ ഇങ്ങനെ പാടാം: 'തീർച്ചയായും നന്മയും കരുണയും എൻെറ ജീവിതത്തിലെ എല്ലാ ദിവസവും എന്നെ പിൻതുടരും, നാഥൻെറ ഭവനത്തിൽ ഞാൻ എക്കാലവും വസിക്കും'.''

ജീവിതയാത്രയിലെ അനുഭവങ്ങൾ ചിലപ്പോൾ വിപരീത ചിന്തകൾ മനസ്സിൽ ഉണർത്തിയേക്കാമെങ്കിലും അത് എപ്പോഴും സത്യമാണ്. കാരണം തൻെറ നന്മയും സ്നേഹവും അതിൻെറ പൂർണ്ണതയിൽ അനുഭവിക്കുവാൻ ഓരോ സൃഷ്ടിക്കും അടുത്തതായി എന്താണു വേണ്ടതെന്നു നന്നായി അറിയുന്നവനാണ് സ്നേഹംതന്നെയായ ന്യായാധിപൻ. അദ്ദേഹത്തെ അനുഗമിക്കുന്നവരെ സംബന്ധിച്ചും അദ്ദേഹത്തിൽനിന്ന് അകന്നുപോകുന്നവരെ സംബന്ധിച്ചും ഇതു വാസ്തവമാണ്. കാരണം പാപാവസ്ഥയിൽ കഴിയുന്നതോ അതിൽനിന്നു മോചിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ ആയ ഓരോ ആത്മാവിൻെറയും ആവശ്യവും അവസ്ഥയും അനുസരിച്ചു ചികിത്സിക്കുന്ന മഹാവൈദ്യനാണ് അവിടുന്ന്. സ്നേഹത്തിൻെറ എല്ലാ ''ന്യായവിധികളും'' യഥാർത്ഥത്തിൽ തൻെറ സൃഷ്ടികളുടെ രോഗശമനത്തിനുള്ള സമർത്ഥമായ ചികിത്സയാണ്. അതു സ്നേഹത്തിൻെറ നന്മയാണ്. കാരണം ''അദ്ദേഹം മുറിവ് ഏല്പിക്കുകയും അദ്ദേഹത്തിൻെറ കരങ്ങൾ എല്ലാവർക്കും സൗഖ്യം പ്രദാനം ചെയ്യുകയും ചെയ്യുന്നു.''

രാജാവു സംസാരിച്ചുകൊണ്ടിരിക്കെ, ഇലവംഗക്കാട് നിശ്ചലമായിരുന്നു. ശിഖരങ്ങളെ കാറ്റ് ഇളക്കിയില്ല. ഒരു ഇലപോലും അനങ്ങിയില്ല. അവർക്കു തണലേകിയിരുന്ന മരവും മറ്റു മരങ്ങളെപ്പോലെ നിശ്ചലമായിരുന്നു. അതിൻെറ പട്ട ആരോ വളരെ നീളത്തിൽ പൊളിച്ചെടുത്തിരുന്നു. ആ വിടവിൽകൂടെ രക്തവർണ്ണത്തിലുള്ള അകംപട്ട കാണാമായിരുന്നു. ആ മരത്തിൻെറ വശത്തുള്ള വിടവിൽനിന്ന് വളരെ ഹൃദ്യമായ പരിമളം വേനൽക്കാല അന്തരീക്ഷത്തിൽ പരന്നു. ജീവദായകമായ ഒരു

www.malankaralibrary.com

റ്റോണിക് കഴിക്കുന്നതുപോലെ കൃപാമഹത്വത്തിന് അത് അനുഭവപ്പെട്ടു. തന്റെ അടുത്തിരിക്കുന്ന സ്നേഹരാജാവ് "സഹനത്തിലൂടെ അനുസരണം പഠിച്ചതുപോലെ" സഹനത്തിലൂടെ ആവശ്യമെങ്കിൽ താനും "പൂർണ്ണത" കൈവരിക്കണമെന്നും തന്റെ ചുറ്റും നിൽക്കുന്ന മരങ്ങളെപ്പോലെ തന്റെ ജീവിതവും നന്മയുടെ സുഗന്ധം ഉൽപാദിപ്പിക്കണമെന്നുള്ള അത്യുൽക്കടമായ ആഗ്രഹം അവളിൽ ഉദിച്ചു. ഇതിനുള്ള ഉത്തരം എന്തായിരിക്കുമെന്നു ചിന്തിച്ചപ്പോൾ തന്റെ പ്രാർത്ഥനയുടെയും മനസ്സിലെ സങ്കോചത്തിന്റെയും ഉത്തരമെന്നതുപോലെ രാജാവ് ഈ ഗാനമാലപിച്ചു.

*സ്നേഹമാണ് വിധിയാളൻ-*
*സങ്കുചിത ഹൃദയത്തിന് ഇത്*
*എത്ര ആശ്വാസപ്രദം.*
*നീ അവന്റെ പ്രിയപ്പെട്ട കരവേല*
*പൂർണ്ണതയെ നീ പുല്കണം*
*നീ പഠിക്കേണ്ട പാഠങ്ങൾ അവനറിയുന്നു,*
*എത്രനാൾ അഗ്നി എരിയാൻ അനുവദിക്കണമെന്നും.*

*ബാഹ്യമായ അടയാളങ്ങളും*
*പരാജയങ്ങളും പാപങ്ങളും*
*മാനദണ്ഡമാക്കി അവൻ വിധിക്കുന്നില്ല.*
*ഹൃദയത്തിന്റെ രഹസ്യപ്രതികരണങ്ങളും*
*വിജയം തേടിയുള്ള*
*ദുർബ്ബല യത്നങ്ങളും*
*അവൻ അളന്നു നോക്കുന്നു.*
*നീ നേരിടേണ്ടി വന്ന*
*ചെറിയ പ്രലോഭനങ്ങൾ പോലും*
*അവൻ മറന്നു കളയുന്നില്ല.*

*നിന്റെ കളങ്കങ്ങൾ അവൻ അറിയുന്നു.*
*എങ്ങനെ അവ ശുദ്ധീകരിക്കാമെന്നും.*
*നിന്റെ കുരിശിന്റെ യാതന*
*നീണ്ടുനിൽക്കാൻ അവൻ അനുവദിക്കില്ല.*
*സ്നേഹമാണ് വിധിയാളൻ -നിന്നെ*

www.malankaralibrary.com

*പൂർണ്ണനാക്കാനുള്ള കൃത്യമായ വഴി*
*അവനറിയാം.*

*നീ മനഃപൂർവ്വം നിശ്ചയിക്കാതെ*
*നാശം കടന്നുവരികയില്ല.*
*പ്രകാശത്തിലേക്ക് തിരിഞ്ഞുവരൂ*
*നിൻെറ കുറ്റങ്ങളിൽ സ്നേഹം*
*നിന്നോടൊപ്പം രക്തം ചിന്തുന്നു*
*നിന്നെ നേർമാർഗ്ഗത്തിലെത്തിക്കാൻ*
*കാത്തിരിക്കുന്നു.*
*നഷ്ടപ്പെട്ടതിനെ രക്ഷിക്കുകയത്രേ സ്നേഹം*
*എത്ര വില കൊടുക്കണമെന്ന്*
*ചിന്തിക്കുന്നുപോലുമില്ല.*

അവർ എഴുന്നേറ്റ്, പർവ്വതം വിട്ടുപോകാൻ ഒരുങ്ങിയപ്പോൾ, അവരുടെ മുമ്പിലുള്ള വെളിമ്പ്രദേശത്തിനു കുറുകെ ഒരുപറ്റം ചെറുപക്ഷികൾ ആഹ്ലാദത്തിമർപ്പോടെ അവരുടെ ഗോത്രത്തിൻെറ ആദർശം അടങ്ങുന്ന പാട്ട് ഇങ്ങനെ പാടി:

*"അവൻ വിജയം വരിച്ചിരിക്കുന്നു;*
*ആഹ്ലാദിക്കുവിൻ!*
*അവൻ വിജയം വരിച്ചിരിക്കുന്നു,*
*ആഹ്ലാദിക്കുവിൻ!."*

www.malankaralibrary.com

## അദ്ധ്യായം -13

# ഹീനഭീതിയും ശുണ്ഠിയും

ഒരു സുപ്രഭാതത്തിൽ, കൃപാമഹത്വം ഇടയനെ ആദ്യമായി കണ്ടുമുട്ടിയ കുളക്കരയുടേയും വെള്ളച്ചാട്ടത്തിന്റേയും അടുത്തുകൂടെ നടന്നുകൊണ്ടിരുന്നപ്പോൾ, അവളുടെ അമ്മായി ശ്രീമതി ദുശ്ശകുനത്തെയും അവളുടെ ബന്ധുവായ വിഷാദിനിയെയും കണ്ടുമുട്ടി. അവർ ഇരുവരും സ്തുതിയുടെ മനോഹര മേലങ്കികൾ ധരിച്ചിരുന്നു. അവരുടെ പെരുമാറ്റത്തിലുള്ള അസാധാരണത്വവും ജിജ്ഞാസയും കൃപാമഹത്വത്തെ ആശ്ചര്യഭരിതയാക്കി. അവർ തന്റെ പഴയ സംഗമസ്ഥലത്ത് ഇടയനെ കാണുവാൻ പോവുകയാണ് എന്നതിൽ അവൾക്കു യാതൊരു സംശയവുമില്ലായിരുന്നു. എന്നാൽ അവരുടെ മുഖത്തെ ഭാവം പെട്ടെന്ന് അവളിൽ സംശയമുണർത്തി. തന്റെ ജിജ്ഞാസയെ നിയന്ത്രിക്കാൻ അവൾക്കു കഴിഞ്ഞില്ല. സ്നേഹത്തോടെ അവരെ അഭിവാദനം ചെയ്തതിനുശേഷം അവൾ ഇങ്ങനെ പറഞ്ഞു: ‘‘ഇത്ര രാവിലെ നിങ്ങൾ എവിടെ പോവുകയാണ്? നിങ്ങൾ ഒരു യാത്ര പുറപ്പെട്ടതുപോലെ തോന്നുന്നല്ലോ?’’

ശ്രീമതി ദുശ്ശകുനവും വിഷാദിനിയും പരസ്പരം നോക്കി, ഒരു നിമിഷനേരത്തേക്ക് അവർ ഒന്നും പറഞ്ഞില്ല; കാരണം ഉന്നതങ്ങളിലേയ്ക്കുള്ള യാത്ര ഒരു രഹസ്യകാര്യമാണ്, അത് മറ്റുള്ളവരോടു പറയാൻ പാടില്ല.

അവർ പരസ്പരം നോക്കുന്നതുകണ്ട് കൃപാമഹത്വം ഹൃദ്യമായി പു

www.malankaralibrary.com

ഞ്ചിരിച്ചു.

അവൾ പറഞ്ഞു: "എനിക്കറിയാം, നിങ്ങൾ ഇടയൻെറകൂടെ പോവുകയാണെന്ന് എനിക്കറിയാം. എന്നാൽ അതേപ്പറ്റി നിങ്ങളോടു ഞാൻ ചോദിക്കുകയില്ല. അക്കാര്യം രഹസ്യമായിരിക്കണമെന്ന് ഇടയൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ. നല്ലൊരു യാത്രയ്ക്കുശേഷം സുരക്ഷിതരായി ഉന്നതങ്ങളിൽ എത്തിച്ചേരട്ടെ എന്നു ഞാൻ ആശംസിക്കുന്നു. ഞാൻ എത്തിയതിനേക്കാൾ വേഗത്തിൽ നിങ്ങൾ അവിടെ എത്തിച്ചേരുകയും ഭയമോ സങ്കോചമോ കൂടാതെ മാർഗ്ഗമധ്യേ എല്ലാ പാഠങ്ങളും പഠിക്കുകയും ചെയ്യട്ടെ!"

അവളുടെ അമ്മായി സ്നേഹത്തോടും നന്ദിയോടുംകൂടെ അവളെ നോക്കി. യാത്രയുടെ ആരംഭത്തിൽ അവൾ പഴയ ദുശ്ശകുനം തന്നെയായിരുന്നു. ഇപ്പോഴും പുതിയൊരു പേരിന് അവൾക്ക് അവകാശമില്ല. അതുകൊണ്ടവൾ മറുപടി പറഞ്ഞു: "എൻെറ പ്രിയപ്പെട്ടവളേ, നിനക്കു നന്ദി! ഞാൻ വൃദ്ധയും ക്ഷീണിതയും ഇടയനു പ്രയോജനമില്ലാത്തവളുമാണെങ്കിൽപോലും ഞങ്ങൾ അദ്ദേഹത്തിൻെറകൂടെ പോവുകയാണ്! മാൻപേടയുടെ പാദങ്ങൾ സ്വീകരിക്കാനോ നിന്നെപ്പോലെ തുള്ളിച്ചാടി നടക്കാനോ സ്വാധിക്കാത്തവണ്ണം ഞാൻ വൃദ്ധയാണല്ലോ. എങ്കിലും ഉന്നതങ്ങളിലേക്കു കൊണ്ടുപോകുകയും ഒരു പുതിയ പേര് നൽകുകയും ചെയ്യാമെന്ന് ഇടയൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അദ്ദേഹം വാഗ്ദാനം പാലിക്കുമെന്ന് എനിക്കറിയാം."

അവസാനത്തെ വാക്കുകൾ ഉച്ചരിച്ചപ്പോൾ അവളുടെ കണ്ണുകളിൽ തിളങ്ങിയ സ്നേഹവും വിശ്വാസവും അവളെ അതിസുന്ദരിയാക്കി. ഇത് കണ്ടപ്പോൾ കൃപാമഹത്വത്തിന് ആശ്ചര്യം തോന്നി.

അവളുടെ ബന്ധുവായ വിഷാദിനി അവളെ കെട്ടിപ്പിടിച്ച് രണ്ടു പ്രാവശ്യം ഒന്നും ഉരിയാടാതെ ചുംബിച്ചു. അതിനുശേഷം അമ്മയുടെ കയ്പിടിച്ച് ഇടയനെ കാണുവാൻ സംഗമസ്ഥലത്തേക്കുപോയി.

ക്ലേശപ്പൂർണ്ണമായ ഇരുട്ടറയിൽ ഒറ്റക്കിരിക്കുന്ന ദ്രോഹിണിയെപ്പറ്റി ഓർത്ത് കൃപാമഹത്വം തിരക്കിട്ട് ഗ്രാമത്തിലേക്കു പുറപ്പെട്ടു. അവളുടെ അമ്മയുടെയും സഹോദരിയുടെയും പ്രതിദിന സന്ദർശനമില്ലാതെ അവൾ എങ്ങനെ അവിടെ കഴിഞ്ഞുകൂടും? അവളെ ഒറ്റയ്ക്കാക്കിയതിൽ

www.malankaralibrary.com

അവൾക്ക് എന്തുതോന്നും? ക്ഷീണിതയും പൂർണ്ണസുഖം പ്രാപിച്ചിട്ടില്ലാത്തവളുമായ ദ്രോഹിണി ആശ്ചര്യകരമായ സമാധാനവും സംതൃപ്തിയും പ്രസരിപ്പിച്ച് ദുഃഖപൂരിതമായ ഇരുട്ടറയിലൂടെ മൂളിപ്പാട്ടും പാടി ഉലാത്തുന്നതു കൃപാമഹത്വം കണ്ടു. എന്തു പറയണമെന്ന് ആദ്യം അവൾക്ക് അറിയില്ലായിരുന്നു.

''ഇവിടേക്ക്വരുംവഴി എന്റെ അമ്മയേയും വിഷാദിനിയേയും നീ കണ്ടോ കൃപാമഹത്വം?'' അവളെ സ്നേഹത്തോടെ ചുംബിച്ച് ദ്രോഹിണി ചോദിച്ചു.

''ഉവ്വ്,'' അവൾ പറഞ്ഞു, ''ഞാൻ അവരെ സംഗമസ്ഥലത്തിനടുത്തു വച്ചു കണ്ടു.'' ദ്രോഹിണി തലകുലുക്കി. ''അതെ, അവർ ഇടയന്റെ കൂടെ പോയിരിക്കുകയാണ്. അദ്ദേഹം അവരെ ഉന്നതങ്ങളിലേയ്ക്കു കൊണ്ടു പോകും. എത്ര മനോഹരം!''.

ഒരു വാക്കുപോലും പറയാൻ കഴിയാതെ കൃപാമഹത്വം അവളെ നോക്കി.

''നീ എന്താണു ചിന്തിക്കുന്നതെന്ന് എനിക്കറിയാം,'' ദ്രോഹിണി ശാന്തതയോടും പുഞ്ചിരിയോടുംകൂടെ പറഞ്ഞു.''ഈ ഇരുട്ടുമുറിയിൽ ഒറ്റയ്ക്കിരിക്കുന്നത് എനിക്ക് എങ്ങനെ സഹിക്കാനാവുമെന്ന് നീ ആശ്ചര്യപ്പെടുന്നുണ്ടാവാം.''

ഒന്നും പറയാതെ കൃപാമഹത്വം തലകുലുക്കി. അപ്പോൾ ദ്രോഹിണി മൃദുലമായി പറഞ്ഞു: ''എനിക്ക് അവരുടെ കൂടെ പോകാൻ കഴിഞ്ഞില്ല; കാരണം ഏതാനും ദിവസങ്ങൾക്കകം എന്റെ ഭർത്താവു ജയിലിൽനിന്നു പറത്തുവരുമ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്യുവാനോ ശ്രദ്ധിക്കുവാനോ ഇവിടെ ആരും കാണുകയില്ല. എന്നാൽ, കൃപാമഹത്വം, ഈ ഇരുട്ടറയിൽനിന്നുപോലും ഉന്നതങ്ങളിലേക്ക് ഒരു വഴിയുണ്ടെന്ന് ഇടയൻ എന്നോടു പറഞ്ഞിട്ടുണ്ട്. എന്റെ അമ്മയുടേയും സഹോദരിയുടേയുംകൂടെ പോകാൻ എനിക്കു സാധിക്കുകയില്ലെങ്കിലും ഈ വഴിയിലൂടെ എനിക്കു തീർച്ചയായും അവിടെ പോകാമെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ ഞാൻ ഇവിടെ ഉപേക്ഷിക്കപ്പെട്ട നിലയിലല്ലെന്ന് നീ മനസ്സിലാക്കുക!''

www.malankaralibrary.com

തൻെറ ഭർത്താവായ ശുൺഠിയുടെ ജയിലിൽ നിന്നുള്ള വരവും പ്രതീക്ഷച്ചിരുന്ന ദ്രോഹിണിയുടെ ദു:ഖപൂർണ്ണമയ ഇരുട്ടറയിലേയ്ക്കു നോക്കിയപ്പോൾ കൃപാമഹത്വത്തിനു പെട്ടെന്ന് കാര്യം മനസ്സിലായി. വിജനതയിൽ വിരിഞ്ഞു നിന്ന''സാനന്ദസ്വീകാരം'' എന്ന സ്വർണ്ണപുഷ്പവും കിഴുക്കാംതൂക്കായ പാറക്കെട്ടുകളുടെ തടവിൽ വളർന്നിരുന്ന ''സ്നേഹസഹനം'' അഥവാ ''ക്ഷമ'' എന്ന രക്തവർണ്ണ പുഷ്പവും വീർപ്പുമുട്ടിക്കുന്ന ആ ഇരുട്ടറയിലും വളരുന്നുണ്ടെന്ന് അവൾ ഗ്രഹിച്ചു. തനിക്കുകടന്നുപോകേണ്ടി വന്നതിനേക്കാൾ കൂടുതൽ കുത്തനെയുള്ളതും വേദനിപ്പിക്കുന്നതുമായ ഒരു കുറുക്കുവഴിയുണ്ടെന്നും ഉന്നതങ്ങളുടെ അതിർത്തിയിലുള്ള പർവ്വതത്തിലെ അൾത്താരയിലേക്കും ശവകുടീരത്തിലേക്കും എത്തുന്ന യഥാർത്ഥ കുറുക്കുവഴിയാണതെന്നും അവൾക്കു ബോധ്യമായി. അവളുടെ ബന്ധുവായ ദ്രോഹിണി (ആ പേരിൽ അവളെ ഇനിയും എങ്ങനെ വിളിക്കും?)തൻെറ അമ്മയും സഹോദരിയും ഉന്നതങ്ങളിൽ എത്തുന്നതിനുമുമ്പുതന്നെ അവിടെ എത്തിച്ചേരാൻ സാധ്യതയുണ്ടെന്നവൾ മനസ്സിലാക്കി.

കൃപാമഹത്വം ഭയബഹുമാനങ്ങളോടെ എഴുന്നേറ്റു തൻെറ ബന്ധുവിനെ കെട്ടിപ്പിടിച്ചുകൊണ്ടിങ്ങനെ പറഞ്ഞു:

''സഹോദരീ, ഇടയൻ ഉന്നതങ്ങളിലേക്കുള്ള ഈ കുറുക്കുവഴിയെപ്പറ്റി നിന്നോടു പറഞ്ഞപ്പോൾ നിൻെറ പുതിയ പേരിനെപ്പറ്റി എന്തെങ്കിലും സൂചിപ്പിച്ചോ?''

അവൾ സങ്കോചത്തോടെ മടിച്ചുമടിച്ച് ഇങ്ങനെ പറഞ്ഞു: ''എൻെറ ഭർത്താവിനുംകൂടെ ഉന്നതങ്ങളിലേയ്ക്കു പോകാൻ സാധിക്കുന്നതുവരെ ഞാൻ ഇവിടെ കാത്തിരിക്കണം. ഈ കാലയളവിലേക്കായി എനിക്കൊരു പുതിയ പേരു നല്കുമെന്ന് ആദ്ദേഹം പറഞ്ഞു. എന്നാൽ ആ പേര് എനിക്കും അദ്ദേഹത്തിനും മാത്രം വിളിക്കാനുള്ളതാണ്. സ്നേഹത്തിൻെറ വിത്ത് എൻെറ ഹൃദയത്തിൽ നട്ടപ്പോൾ പേരെഴുതിയ ഒരു വെള്ളക്കല്ല് അദ്ദേഹം എനിക്കു നല്കി- ആ കല്ല് ലഭിക്കുന്നവർക്കല്ലാതെ മറ്റാർക്കും ആ പുതിയ പേരറിയില്ല.''

''ആർക്കും അറിയില്ല!'' കൃപാമഹത്വം തെല്ലൊരു വിറയലോടെ ഉച്ചത്തിൽ പറഞ്ഞു: ''എന്ത്, അതു വളരെ വിചിത്രമായിരിക്കുന്നു. കാരണം എല്ലാവർക്കും കാണത്തക്കവിധം നിൻെറ നെറ്റിയിൽ അദ്ദേഹം

www.malankaralibrary.com

അത് എഴുതിയിട്ടുണ്ട്! നീ അതറിഞ്ഞില്ലേ?''

''ഇല്ല,'' അത്ഭുതത്തോടെ അവൾ പറഞ്ഞു: ''വെള്ളക്കല്ല് എൻെറ ഹൃദയത്തിൽ സൂക്ഷിക്കാനാണ് അദ്ദേഹം നൽകിയത്. എന്നാൽ, എൻെറ നെറ്റിയിൽ ഒരു പുതിയ പേരെഴുതിയതിനെപ്പറ്റി അദ്ദേഹം ഒന്നും പറഞ്ഞില്ല. എന്താണ് ആ പേര്, കൃപാമഹത്വം?''

''അദ്ദേഹത്തിൻെറ പേരുകളിൽ ഒന്നാണത്,'' അവൾ മൃദുല ശബ്ദത്തിൽ തുടർന്നു: 'ദയ' എന്ന പേരിനാൽ അദ്ദേഹം നിന്നെ മുദ്ര കുത്തിക്കഴിഞ്ഞു.

''എത്ര മനോഹരമായ പേര്!'' ദ്രോഹിണിയെന്ന് വിളിക്കപ്പെട്ടിരുന്ന ആ പെൺകുട്ടി പറഞ്ഞു: ''അത് അദ്ദേഹത്തിന് എന്നോടുള്ള മനോഭാവത്തെയാണ് വ്യക്തമാക്കുന്നത്. പക്ഷേ, അതെൻെറ പേരാണെന്ന് എനിക്കു തോന്നുന്നില്ല, കൃപാമഹത്വം. അദ്ദേഹത്തിൻെറ ദയയുടെയും സൗമ്യതയുടെയും അടയാളമാണതെന്ന് എനിക്ക് തോന്നുന്നു –ഞാൻ ഇപ്പോൾ അദ്ദേഹത്തിൻേറതാണെന്ന് കാണിക്കുവാനുള്ള അടയാളം.''

''ശരി,'' അവളുടെ ബന്ധു അല്പം നിർത്തിയശേഷം പറഞ്ഞു: ''തീർച്ചയായും എനിക്കിനി നിന്നെ പഴയ പേരിൽ വിളിക്കാൻ സാധ്യമല്ല. വെള്ളക്കല്ലിലുള്ള പേര് അദ്ദേഹത്തിനും നിനക്കും മാത്രം അറിയാവുന്ന ഒരു രഹസ്യമാണ്. എല്ലാവർക്കും കാണാൻവേണ്ടി നിൻെറ നെറ്റിത്തടത്തിൽ എഴുതിയ ആ മനോഹരമായ പേരിലായിരിക്കും ഞങ്ങൾ ഇനി നിന്നെ വിളിക്കുക.'' കൃപാമഹത്വം പുഞ്ചിരിയോടെ കൂട്ടിച്ചേർത്തു: ''ദയേ, ഇരുട്ടറ നിവാസികൾക്ക് പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ള ഒരുപാട്ട് ഞാൻ പാടാം.'' അവൾ ഈ ഗാനമാലപിച്ചു:

*പീഡനയനുഭവിക്കുന്നവനേ,*
*കൊടുങ്കാറ്റിൽ ആടിയുലഞ്ഞവനേ,*
*ദുഃഖപഥങ്ങളിൽ നയിക്കപ്പെട്ടവനേ,*
*നിൻെറ സഹനങ്ങൾ വ്യർത്ഥമായില്ല.*
*നീ ആശ്വാസം കണ്ടെത്തും*
*വർണ്ണപ്രഭയിൽ നീ പ്രകാശിക്കും*
*അമൂല്യ രത്നങ്ങൾ നീ സ്വന്തമാക്കും.*

www.malankaralibrary.com

*ഇന്ദ്രനീലക്കല്ലുകൾ നിന്റെ*
*കൂടാരത്തറകൾ അലങ്കരിക്കും.*
*മാണിക്യ ജാലകങ്ങൾ*
*അഗ്നിപോലെ തിളങ്ങും*
*മരതക വാതിലുകൾ സൗന്ദര്യമുതിർക്കും*
*നിന്റെ ഭിത്തികൾ അമൂല്യരത്നങ്ങൾ കൊണ്ട് നിർമ്മിക്കും.*

*ഭയപ്പെടേണ്ട, നിന്റെ ആശ്രയം*
*നഷ്ടത്തിൽ കലാശിക്കുകയില്ല,*
*നിന്നെ ഞാൻ ലജ്ജിപ്പിക്കുകയില്ല.*
*നിന്റെ കുരിശുകൾക്ക് ഒരു ഉദ്ദേശ്യമുണ്ട്*
*കുറ്റവും കുറവും ഞാൻ നിന്നിൽ ആരോപിക്കുകയില്ല.*
*ഒരു ദിവസം ആഹ്ലാദാരവത്തോടെ*
*അല്ലയോ, ദുഃഖത്തിന്റെ പുത്രാ, നീ ആനന്ദിക്കും.*

*നിന്റെ കൂടാരത്തിന്റെ വിരികൾ നിവർത്തിയിടൂ.*
*ചരടുകൾ വലിച്ചുകെട്ടൂ.*
*നിന്റെ തൂണുകൾ ഉറപ്പിക്കുക,*
*എല്ലാ വശങ്ങളും തുറന്നിടുക.*
*നിന്റെ ഉത്ക്കണ്ഠ വ്യർത്ഥമാവില്ല*
*ഭൂമി മുഴുവൻ നിന്റെ ജീവചൈതന്യം വ്യാപിക്കും.*

''എത്ര മനോജ്ഞമായ ഗാനം,'' ദയ ആശ്ചര്യത്തോടെ പറഞ്ഞു. അപ്പോൾ അവളുടെ കണ്ണുകൾ ഈ ഗാനത്തിൽ പറയുന്ന രത്നങ്ങളെപ്പോലെ തിളങ്ങിക്കൊണ്ടിരുന്നു. ''നീ ഇത് എവിടെനിന്ന് പഠിച്ചു, കൃപാമഹത്വം?.''

''ഉന്നതങ്ങളിലേയ്ക്കുള്ള മാർഗമദ്ധ്യേ ഇടയൻ എന്നെ ഇതു പഠിപ്പിച്ചു, അവിടെ എത്തിയപ്പോൾ ഞാൻ അത് എഴുതിയെടുത്തു.''

''ഇത് ഇരുട്ടറ നിവാസികൾക്കുള്ള ഗാനമാണെന്നു പറയുന്നതെന്തുകൊണ്ട്?'' ദയ ചോദിച്ചു.

www.malankaralibrary.com

“ഇതിലേറെ അർത്ഥത്തോടും യാഥാർത്ഥ്യത്തോടുംകൂടി മറ്റെവിടെയാണ് ഇത് ആലപിക്കാൻ കഴിയുക?” അവളുടെ ബന്ധു ചിരിച്ച് ചോദിച്ചു. ഇതിന് നല്ല ഗാംഭീര്യവും അർത്ഥപുഷ്ടിയുമുണ്ട്. വാഗ്ദാനങ്ങളുടെയും സാഫല്ല്യത്തിൻെറയും എല്ലാ മഹത്വവും അത് ഉൾക്കൊള്ളുന്നു.”

“വീണ്ടും പാടൂ,” ദയ യാചിച്ചു: “ഞാൻ അത് മനഃപാഠമാക്കുന്നതുവരെ ആവർത്തിച്ചുപാടൂ.”

മഞ്ഞണിഞ്ഞ പർവ്വതങ്ങളിലൂടെ മുടന്തി നടന്നപ്പോൾ പേടമാൻെറ പാദങ്ങളെക്കുറിച്ചുള്ള പാട്ട് സന്താപം തന്നെ പഠിപ്പിച്ചതുപോലെ കൃപാമഹത്വം തൻെറ സഹോദരിയെ ആ ഇരുട്ടറഗാനം പഠിപ്പിച്ചു. അവർ പാട്ടുപാടിയപ്പോൾ ഭയാനകമായ ആ ഇരുട്ടറ അവരുടെ കൺമുമ്പിൽ വച്ച് രൂപാന്തരപ്പെടുന്നതായി കാണപ്പെട്ടു. ഒരു കൊട്ടാരത്തിലെ മുറിയാണോയെന്നു തോന്നുമാറ് ആ മുറി മിന്നുന്ന രത്നങ്ങൾകൊണ്ട് വെട്ടിത്തിളങ്ങി. ശൂന്യവും വികൃതവുമായ ഭിത്തികൾ ഉരുകിപ്പോയതായും തൽസ്ഥാനത്ത് രാജകീയ ഉദ്യാനങ്ങളും പഴത്തോട്ടങ്ങളും അവശേഷിച്ചതായും തോന്നി.

ദയ കാണാപ്പാഠം പഠിക്കുന്നതുവരെ ആ പാട്ട് അവർ ആവർത്തിച്ചു പാടിയശേഷം കൃപാമഹത്വം അവർ ഇരുവർക്കുംവേണ്ടി ഉച്ചഭക്ഷണം തയ്യാറാക്കാൻ തുടങ്ങി. അതിനിടക്ക് അവർ പല കാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. കൃപാമഹത്വം തൻെറ ബന്ധുവിനെ എല്ലാ ദിവസവും സന്ദർശിക്കാമെന്നു വാക്കുകൊടുത്തു. അത്യധികം സന്തോഷത്തോടും നന്ദിയോടുംകൂടി ദയ ആ വാഗ്ദാനം സ്വീകരിച്ചു. സംഗതിവശാൽ ഇതിനൊരു പ്രത്യേക കാരണമുണ്ടായിരുന്നു.

“കൃപാമഹത്വം,” സന്ദേഹത്തോടെയെങ്കിലും ഗൗരവഭാവത്തിൽ അവൾ സാവധാനം പറഞ്ഞു: “കഴിയുമെങ്കിൽ ഒരു സഹായം നീ എനിക്കു ചെയ്തുതരണം.”

“എന്താ സംശയം?” കൃപാമഹത്വം സന്തോഷത്തോടെ മറുപടി കൊടുത്തു, “കഴിയുന്ന ഏതു വിധത്തിലും ഞാൻ നിന്നെ സഹായിക്കാം. എനിക്ക് അതിലേറെ ഇഷ്ടമുള്ള മറ്റൊന്നുമില്ല.”

www.malankaralibrary.com

''എങ്കിൽ,'' ദയ അല്പം ലജ്ജയോടെ തുടർന്നു, ''ഞാൻ ആലോചിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതെന്താണെന്ന് നിന്നോടു പറയാം. എന്റെ ഭർത്താവ് ഏതാനും ദിവസങ്ങൾക്കകം ജയിലിൽനിന്നു പുറത്തുവരുമെന്നും ഞാൻ അദ്ദേഹത്തെ സ്വീകരിക്കാൻ കാത്തിരിക്കുകയാണെന്നും നിനക്കറിയാമല്ലോ. കാരണം ഈ ഇരുട്ടറ മോശവും ദുരിതപൂർണ്ണവും പ്രലോഭനങ്ങൾക്കു വഴികൊടുക്കുന്നതും ആണെങ്കിലും ഈ ലോകത്തിൽ അദ്ദേഹത്തിനുള്ള ഏക അഭയകേന്ദ്രം ഇതാണ്. അദ്ദേഹത്തിനുവേണ്ടി എന്നാൽ കഴിയുന്നതൊക്കെ ചെയ്യാൻ ഞാൻ ഇവിടെ ഉണ്ടായിരിക്കണം.'' ഇതു പറഞ്ഞപ്പോൾ മൃദുല സ്നേഹത്താൽ അവളുടെ മുഖം തുടുത്തു. താൻ ക്ഷീണിതയും ഒന്നും ചെയ്യാൻ കഴിയാത്തവളുമാണെന്നകാര്യംതന്നെ അവൾ പൂർണ്ണമായി മറന്നതുപോലെ തോന്നി. തന്റെ ബന്ധുവിനെ അപേക്ഷാഭാവത്തിൽ നോക്കി അവൾ തുടർന്നു: ''പ്രിയ കൃപാമഹത്വം, എന്റെ ഭർത്താവ് ജയിലിൽനിന്നു പുറത്തുവരുന്ന അതേദിവസംതന്നെ എന്റെ സഹോദരൻ ഹീനഭീതിയും മോചിതനാകും. അവനു പോകാൻ ഒരിടവുമില്ല. ഈ ചെറിയ ഇരുട്ടുമുറിയിൽ അവനു നല്കാൻ ഒട്ടും സ്ഥലമില്ല. അവൻ ഇവിടെ വരാൻ ശ്രീമതി ആവലാതി അനുവദിക്കുകയുമില്ല. അവർ എന്റെ പാവം ഭർത്താവിനെ വീട്ടുജോലിക്കു തിരിച്ചെടുക്കുമെങ്കിലും ഹീനഭീതിയെ സ്വീകരിക്കുകയില്ല. പ്രിയ കൃപാമഹത്വം, എന്റെ സഹോദരൻമൂലം നീ എത്ര സഹിച്ചുവെന്നും അവൻ നിന്നെ എത്ര അസഹനീയമാംവിധം ശല്യപ്പെടുത്തിയിരുന്നുവെന്നും എനിക്കറിയാം. എങ്കിലും ജയിലിൽനിന്നു പുറത്തു വരുമ്പോൾ അവനെ സ്വീകരിക്കുവാനോ സ്നേഹത്തോടുകൂടി ഒരു നല്ല വാക്ക് പറയാനോ ആരുമില്ല. അവനു പോകാൻ ഒരിടവുമില്ല. ഈ വിശാലമായ ലോകത്തിൽ അവനോട് സംസാരിക്കാൻപോലും ആരും ഇഷ്ടപ്പെടുന്നില്ല. ഇത് ഓർക്കുമ്പോൾ എനിക്ക് വേദന തോന്നുന്നു. എന്റെ അമ്മയും വിഷാദിനിയും അവനെ സ്വീകരിക്കാൻ അവിടെ ഇല്ല; വീട് അടച്ചിട്ടിരിക്കുന്നു. അവരെ ഈയവസരത്തിൽ കൊണ്ടുപോയത് ഇടയൻ തന്നെയാണല്ലോ. അതുകൊണ്ട് അതു ശരിയായിരിക്കണം. അവനെ പോയി കാണാൻ അതിയായ ആഗ്രഹമുണ്ടെങ്കിലും ഇരുട്ടറ വിട്ടുപോകാൻ എനിക്കു കഴിയുന്നില്ല. പ്രിയ കൃപാമഹത്വം, നീ ഞങ്ങളുടെ ഏറ്റവും അടുത്ത ബന്ധുവാണ്. അവരെ രണ്ടുപേരെയും ജയിലിൽപോയി സ്വീകരിച്ചുകൊണ്ടുവരുവാൻ നിനക്ക് സമ്മതമാണോ? ഒരു തൊഴിൽ കണ്ടുപിടിച്ച് വീണ്ടും ലോകത്തെ അഭിമുഖീകരിക്കാൻ തയ്യാറാകുന്നതു

www.malankaralibrary.com

വരെ അവനു താമസിക്കാൻ ഒരു മുറി ശ്രീമതി ധീരയുടേയോ ഇടയ ൻെറ മറ്റു സുഹൃത്തുക്കളുടേയോ വീട്ടിൽ ഏർപ്പാടു ചെയ്യാമോ?''

അവൾ മനസ്സുതകർന്ന് വിറയലോടെ ഏങ്ങലടിച്ചു. ഉടനെ കൃപാ മഹത്വം പ്രഭാപൂർണ്ണമായ മുഖത്തോടെ അരികിൽ മുട്ടുകുത്തിക്കൊണ്ടു പറഞ്ഞു: ''ഓ, ദയേ, അതെത്ര സുന്ദരമായ ചിന്ത! പാവം ഹീനഭീതിക്കു വേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഞാൻ എത്ര ആഗ്രഹിച്ചിരുന്നുവെന്ന് നിനക്കറിയില്ല -മറ്റാർക്കും വേണ്ടിയുള്ളതിലേറെ! എനിക്കു വള രെയധികം അനുഗ്രഹം ലഭിച്ചിട്ടുണ്ട്. അവൻ ഇപ്പോഴും തീർത്തും അനാഥനും ദുരിതം നിറഞ്ഞവനുമാണ്. തീർച്ചയായും ഞാൻ പോകാം; അവരെ രണ്ടുപേരെയും സ്വീകരിക്കാൻ പൂർണ്ണ മനസ്സോടെ പോകാം! ഹീനൻ നിൻെറ സഹോദരനും എൻെറ ഏറ്റവും അടുത്ത ബന്ധുവു മാണ്. എന്നാൽ, ദയേ! നീ എന്നോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ മനസ്സിലുണ്ടായ ചിന്ത എന്താണെന്നറിയാമോ? അതു വർണ്ണനാ തീതമാണ്. അത് ഇടയനിൽനിന്നുതന്നെയാണ് വന്നതെന്ന് എനി ക്കുറപ്പുണ്ട്.'' ഇത് പറഞ്ഞപ്പോൾ അവൾ മന്ദഹസിച്ചു.

''അത് എന്തായിരുന്നു?'' പ്രതീക്ഷാനിർഭരമായ കണ്ണുകളോടെ ജിജ്ഞാസാപൂർവ്വം അവൾ ചോദിച്ചു.

''നിൻെറ അമ്മയുടെ വീട് ഒഴിഞ്ഞുകിടക്കുന്നതും അതേസമയം ഉപയോഗയോഗ്യവുമാണെന്നുള്ള ചിന്ത എൻെറ മനസ്സിലുദിച്ചു. എപ്പോഴും പ്രലോഭനങ്ങൾക്കു വശംവദനാകാൻ സാദ്ധ്യതയുള്ളതും പരമശത്രുവായ മദ്യം ലഭിക്കാൻ എളുപ്പമുള്ളതുമായ ഈ സത്രത്തിലെ മുറിയിലേക്ക് നിൻെറ ഭർത്താവ് വരുന്നത് നിനക്ക് ഇഷ്ടമില്ലല്ലോ. എന്നാൽ നോക്കൂ! ഞാൻ സന്തോഷത്തേയും സമാധാനത്തേയും കൊ ണ്ടുപോയി നിൻെറ അമ്മയുടെ വീടാകമാനം വൃത്തിയാക്കിയൊരുക്കാം. ഓ, ദയേ, ഈ ഇരുട്ടുമുറി നിനക്ക് ഉടനെതന്നെ ഉപേക്ഷിക്കാം -ആ ഗാനം ഉടനെതന്നെ യാഥാർത്ഥ്യമാകാൻ പോകയാണ് -നിനക്കും ശുണ്ഠിക്കും ഹീനനും ഒരുമിച്ച് അവിടെ താമസിക്കാം. ഞാൻ എല്ലാ ദിവസവും അവിടെ വരാം. ഇടയൻെറ മറ്റു സുഹൃത്തുക്കൾ വന്നു സഹായിക്കും. ഭക്ഷണ കാര്യത്തിലും ജോലിക്കാര്യത്തിലും ഞാൻ വന്നു സഹായിക്കാം. നിങ്ങൾക്കു മൂന്നുപേർക്കും നിങ്ങളുടെ വീട്ടിൽ ഒരുമിച്ചു താമസിക്കാം. ഓ! ദയേ, ചൂള പോലെയുള്ള ഈ ഇരുട്ടറയിൽനിന്ന് എ ത്രവേഗം നീ പോകുന്നുവോ അത്രയും വേഗത്തിൽ നീ സുഖം പ്രാപി

www.malankaralibrary.com

ക്കുകയും നിൻെറ ഭർത്താവ് പ്രലോഭനങ്ങളിൽനിന്ന് മോചിതനാവുകയും ചെയ്യും!''

ഈ പദ്ധതിയെക്കുറിച്ച് കേട്ടയുടനെ അവളുടെ മുഖം തുടുക്കുകയും കണ്ണുകൾ നക്ഷത്രങ്ങൾപ്പോലെ തിളങ്ങുകയും ചെയ്തു. എന്നാൽ അവൾ സന്ദേഹത്തോടെ പറഞ്ഞു:

''ഓ, കൃപാമഹത്വം, ആ നിർദ്ദേശം അത്യന്തം മനോഹരമായി തോന്നുന്നു -മിക്കവാറും ഉന്നതങ്ങളിലെപ്പോലെ മനോഹരം. പ്രലോഭനങ്ങൾ നിറഞ്ഞ ഈ സ്ഥലംവിട്ട് വീണ്ടും വീട്ടിലെത്തുക! പക്ഷേ, ഞങ്ങൾ എങ്ങനെ കഴിഞ്ഞുകൂടും? ഞങ്ങൾക്കു ചെയ്യാൻ കഴിയുന്ന ജോലി ഇതു മാത്രമാണ്, പാവം ശുണ്ഠിക്കും എനിക്കും. ഞാൻ ആവലാതിക്കുവേണ്ടി തുണി തയ്ക്കുന്നു; ശുണ്ഠി പറമ്പിലെ എല്ലാ പരുക്കൻ പണികളും ചെയ്യുന്നു.'' ഇതു പറഞ്ഞപ്പോൾ അവൾ നെടുവീർപ്പിടുകയും അവളുടെ മുഖകാന്തി മങ്ങുകയും ചെയ്തു. ''കാര്യമായ പ്രതിഫലം നല്കാതെ ഞങ്ങളെക്കൊണ്ടു ജോലി ചെയ്യിക്കാൻ കഴിയുന്നിടത്തോളം കാലം ഇവിടംവിട്ടുപോകാൻ ആവലാതി ഞങ്ങളെ സമ്മതിക്കില്ല!''

''അല്ല, അല്ല!'' കൃപാമഹത്വം ഉറക്കെപറഞ്ഞു. ''ശുണ്ഠിയുടെ സുരക്ഷിതത്വം നഷ്ടപ്പെടുത്തി ഇവിടെ പരമ ദാരിദ്ര്യത്തിൽ കഴിയാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരല്ല നിങ്ങൾ. ഒരിക്കലുമല്ല! നമുക്ക് ഇടയനോടും സുഹൃത്തുക്കളോടും ചോദിക്കാം. ഇടയൻെറ ശത്രുക്കളെ ആശ്രയിക്കാതെ നിങ്ങൾക്കു ജീവിക്കുവാൻ ഏതെങ്കിലും മാർഗ്ഗം കാണും. നിങ്ങൾക്കു മാത്രമല്ല, ഹീനനും. ഇവിടെനിന്നു മാറാൻ നിങ്ങളെ തിക്തതയും സഹായിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. നിങ്ങൾക്ക് എന്തെങ്കിലും ആശ്വാസമേകാൻ അയാൾക്കു കഴിയുന്ന എന്തു സഹായവും ചെയ്യും. കാരണം നിങ്ങൾ ഇവിടെ താമസിച്ചു ജോലി ചെയ്യാൻ വന്നപ്പോൾ മുതലുള്ള ദുരിതവും സഹനവും ഓർത്ത് അയാൾ വളരെ വിഷമിക്കുന്നുണ്ട്. അക്കാര്യം എനിക്കു വിട്ടുതരുക. നമ്മൾ ആവലാതിയോട് ഒരു വാക്കുപോലും പറയേണ്ടതില്ല. എന്നാൽ ഞാൻ തിക്തതയോട് സംസാരിച്ച് സഹായം ഉറപ്പുവരുത്താം. അതേസമയം നിങ്ങൾക്കുവേണ്ടി കുടിലൊരുക്കാൻ ശ്രീമതി ധീരയുടെയും കരുണയുടെയും സഹാ യവും ഞാൻ തേടാം. തീർച്ചയായും നമ്മൾ ഒരു നിമിഷംപോലും നഷ്ടപ്പെടുത്തരുത്! നിൻെറ അമ്മ താക്കോൽ നിന്നെ ഏൽപിച്ചിട്ടുണ്ടോ?........ ശരി,

www.malankaralibrary.com

അതു നന്നായി. അതെനിക്കു തരൂ; ഞങ്ങൾ ഉടനെ ജോലി തുടങ്ങാം. അതേസമയം നീ നിൻെറ സാധനങ്ങളെല്ലാം ശേഖരിച്ച് കൊണ്ടുപോകേണ്ടതെല്ലാം കെട്ടിവച്ചുകൊള്ളുക. ഞാൻ വളരെ സന്തുഷ്ടയാണ്. സന്തോഷം ഉള്ളിലൊതുക്കാൻ കഴിയാതെ ഞാൻ വീർപ്പുമുട്ടുന്നു. ചിന്തിച്ചുനോക്കൂ! നിനക്കും നിൻെറ ഭർത്താവിനുംവേണ്ടി ഒരു വീട്! എൻെറ ബന്ധുവായ ഹീനനുവേണ്ടിയും! എനിക്കത് സജ്ജീകരിക്കാനും പോയി അവരെ സ്വീകരിച്ചുകൊണ്ടുവരാനും സാധിക്കുക എന്നതിലേറെ ഹൃദ്യമായ മറ്റെന്തെങ്കിലുമുണ്ടോ?''

രണ്ട് സ്ത്രീകളും അവാച്യമായ ആനന്ദത്തോടെ അന്യോന്യം ചുംബിക്കുകയും നന്ദി പറയുകയും ചെയ്തതിനുശേഷം കൃപാമഹത്വം യാത്ര പുറപ്പെട്ടു. ആദ്യം ശ്രീമതി ധീരയുടെ വീട്ടിലേക്ക്, പിന്നെ കരുണയുടെ അടുക്കലേക്ക്, അതിനുശേഷം വിധവയായ ദുശ്ശകുനത്തിൻെറ ആൾ ഒഴിഞ്ഞ കുടിലിലേക്കും.

സങ്കല്പിക്കാൻ കഴിയാത്ത രൂപമാറ്റമാണ് ആ കുടിലിനും കളകൾ നിറഞ്ഞ പൂന്തോട്ടത്തിനും ആ മൂന്നു സ്ത്രീകളും അവരുടെ സുഹൃത്തുക്കളുംകൂടി വരുത്തിയത്! കരുണയെ വിവാഹംചെയ്യാൻ ഒരുങ്ങിയിരിക്കുന്ന നിർഭയാർപ്പണം എന്ന ഇടയനും അയാളുടെ സുഹൃത്തുക്കളുംകൂടി ഉദ്യാനം കിളച്ചൊരുക്കി, കളകൾ ചുട്ടുകളഞ്ഞ്, തടങ്ങളിൽ പച്ചക്കറികളും പൂച്ചെടികളും നട്ടു; കുടിൽ ചായം പൂശുകയും ചെയ്തു. സ്ത്രീകൾ മുറികൾ തുടച്ചു വൃത്തിയാക്കി, കീറിയ കർട്ടൻ തയ്ച്ച്, വസ്ത്രങ്ങൾ അലക്കി, മേശ, കസേരകൾ നന്നാക്കി ക്രമീകരിച്ചു. വിരികളും പിഞ്ഞാണങ്ങളും സൂക്ഷിച്ചിരുന്ന അലമാരകളിൽ പോരാത്തതൊക്കെ തികയ്ക്കാനും മുറികൾ അലങ്കരിക്കാനും ആവശ്യമുള്ള സാധനങ്ങൾ സ്വന്തം ശേഖരത്തിൽനിന്ന് അവർ സസന്തോഷം സംഭാവന ചെയ്തു.

ഒരാഴ്ചക്കുള്ളിൽ അത് ആ ഗ്രാമത്തിലെ ഏറ്റവും വെടിപ്പും ഭംഗിയും സുഖസൗകര്യങ്ങളും തികഞ്ഞ കുടിലായിത്തീർന്നു. അലമാരകളിൽ ഭക്ഷ്യവസ്തുക്കൾ -റൊട്ടി, ഇറച്ചി, പഴച്ചാറുകൾ, പഴങ്ങൾ, പച്ചക്കറികൾ, മറ്റനേകം നല്ല സാധനങ്ങൾ -ശേഖരിച്ചുവച്ചു. ശ്രീമതി ധീര ഏതാനും കോഴികളെ കൊണ്ടുവന്നിരുന്നു. അവളുടെ ഭാവി മരുമകൻ ഒരു കോഴിക്കൂടും ഉണ്ടാക്കി. അതിനുശേഷം ദയയെ അവിടെ കൊണ്ടുവന്ന് ആഘോഷപൂർവ്വം താമസിപ്പിച്ചു. പിറ്റേ ദിവസം അവളുടെ ഭർത്താവി

www.malankaralibrary.com

നെയും സഹോദരനെയും സ്വീകരിക്കാൻ വേണ്ട ഒരുക്കങ്ങളെല്ലാം അങ്ങനെ പൂർത്തിയായി.

ദയയുടെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ ആ സായാഹ്നത്തിൽ അവളുടെ ചുറ്റിലും ഒത്തുകൂടി. ആ ദുരിതപൂർണ്ണമായ ഇരുട്ടറയിൽനിന്ന് രക്ഷപ്പെടുകയും സ്വന്തമായി ഒരു വീട് ലഭിക്കുകയും ചെയ്തപ്പോൾ സന്തോഷത്താൽ അവൾ മറ്റൊരാളായി മാറിക്കഴിഞ്ഞിരുന്നു. അവളുടെ ബന്ധുവായ കൃപാമഹത്വം, സുഹൃത്തുക്കളായ ധീര, കരുണ, നിർഭയാർപ്പണം എന്നിവരോടൊപ്പം പൂമുഖത്തിരുന്ന് പരിപാടികളേയും പ്രതീക്ഷകളേയുംപ്പറ്റി അവർ ചർച്ച ചെയ്തു; മാത്രമല്ല, പിറ്റേദിവസത്തെ കാര്യങ്ങളിലുള്ള അവരുടെ ഭയാശങ്കകളെപ്പറ്റിയും. കാരണം വാസ്തവത്തിൽ അവർക്ക് ആശങ്കകൾ ഉണ്ടായിരുന്നു.

ഓരോ വിശദാംശത്തെപ്പറ്റിയും വീണ്ടും വീണ്ടും പരിചിന്തനം ചെയ്ത് അന്യോന്യം ആശ്വസിപ്പിച്ച് അവർ പരസ്പരം ചോദിച്ചു: തങ്ങളുടെ നാണക്കേടും അപമാനവും നന്നായി അറിയപ്പെടുന്ന ആ ഗ്രാമത്തിലേക്കു മടങ്ങിവരുവാൻ അവരെ രണ്ടുപേരെയും പ്രേരിപ്പിക്കാനാവുമോ? അവർക്കുചുറ്റും ഇടയന്റെ സുഹൃത്തുക്കളെ കാണുമ്പോൾ അവർ എന്തു പറയും? അവരുടെ പഴയ കൂട്ടാളികളിൽനിന്ന് എങ്ങനെ അവരെ നേടിയെടുക്കാൻ കഴിയും? എല്ലാറ്റിനുമുപരി, വിനാശകരമായ മദ്യപാനാസക്തിയിൽനിന്ന് എങ്ങനെ മോചിപ്പിക്കാം? സ്നേഹത്തിന്റെ എല്ലാ ആനന്ദത്തോടുംകൂടി അവരുടെ തിരിച്ചുവരവിനുള്ള ഒരുക്കങ്ങൾ ചെയ്യുക എന്നത് ഒരുവശം മാത്രമാണ്. എന്നാൽ സ്നേഹം അവർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന അവസ്ഥയിലേക്ക് പ്രവേശിച്ച് അതു സ്വീകരിക്കാൻ എങ്ങനെ അവരെ പ്രേരിപ്പിക്കും? ഇപ്പോൾ കാണുന്ന സാദ്ധ്യതയനുസരിച്ച് അവർ വരാൻ വിസമ്മതിച്ചാലോ? ജയിലിൽവച്ച് തയ്യാറാക്കിയ പരിപാടിയനുസരിച്ച് അവർ ഓടിപ്പോയി വിനാശനഗരത്തിലെ പുരുഷാരത്തിനിടയിൽ ഒളിക്കുകയും അവരെ കണ്ടുപിടിക്കാൻ കഴിയാതെവരുകയും ചെയ്താലോ? ദയയും കൃപാമഹത്വവും വ്യക്തമായ ഈ സാദ്ധ്യതകളോർത്ത് പേടിച്ചുവിറച്ചു. നിർഭയാർപ്പണം ചുണ്ടുകൾ കടിച്ചമർത്തി അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. ശ്രീമതി ധീരയ്ക്കുപോലും കൃത്യമായി ഒന്നും നിർദ്ദേശിക്കാനില്ലെന്നു തോന്നി.

www.malankaralibrary.com

അവരെ സ്വീകരിക്കാൻ ജയിലിലേക്കു പോകേണ്ടത് ആരാണെന്ന പ്രശ്നവും അവശേഷിച്ചു. കൃപാമഹത്വം ഒറ്റയ്ക്കുപോയാൽ അവളെ അവഗണിച്ച് അവർ നടന്നുനീങ്ങിയെന്നുവരാം. കണക്കിൽകവിഞ്ഞ് ആളുകൾ പോയാൽ –ഇടയന്റെ സുഹൃത്തുക്കളെന്ന നിലയിൽ അവരെയെല്ലാം അവർ വെറുത്തിരുന്നു എന്നോർക്കുക –ഒന്നുകിൽ അവർ പേടിച്ചോടും അല്ലെങ്കിൽ ലജ്ജതോന്നി തങ്ങളുടേതായ വഴിക്കു പോകാൻ ഉറച്ചതീരുമാനമെടുക്കും. ഓ, എന്തു ചെയ്യണമെന്ന് നിർദ്ദേശിക്കാൻ ഇടയൻ അടുത്തുണ്ടായിരുന്നെങ്കിൽ!

ചിന്താകുഴപ്പത്തിന്റെയും സംശയത്തിന്റെയും ആഗ്രഹത്തിന്റെയും നടുവിലായ അവർ തലയുയർത്തിനോക്കിയപ്പോൾ അതാ, അദ്ദേഹം അവരുടെ അടുത്തു നില്ക്കുന്നു! അവാച്യമായ ആനന്ദത്തോടും നന്ദിയോടുംകൂടി അവർ അദ്ദേഹത്തെ സ്വാഗതം ചെയ്തു; വിവരങ്ങളെല്ലാം അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു. ഈ പരിതഃസ്ഥിതിയിൽ അവർ എന്തായിരുന്നു ചെയ്യേണ്ടത്? അവരുടെ സ്നേഹത്തിന്റെയും അനുകമ്പയുടെയും പ്രതീക്ഷയുടെയും വിഷയമായിത്തീർന്ന ആ രണ്ടു ദുർഭഗരെ എങ്ങനെ നേടിയെടുക്കാൻ കഴിയും?

അവരുടെ എല്ലാ സംശയങ്ങളും ഭയാശങ്കകളും കേട്ടയുടനെതന്നെ ഇടയൻ ശാന്തമായി ഇങ്ങനെ പറഞ്ഞു: "കൃപാമഹത്വമാണ് ജയിലിലേക്കു പോകേണ്ടത്. കാരണം അവളാണ് അവരുടെ ഏറ്റവും അടുത്ത ബന്ധു. ശ്രീമതി ധീരയും കൂടെ പോകട്ടെ. അവൾ അമ്മയെപ്പോലെയാണ്. കാര്യഗ്രഹണശേഷിയുണ്ട്; സമനില തെറ്റുകയുമില്ല; അവരെ കണ്ട് വിതുമ്പുകയോ വിലപിക്കുകയോ ചെയ്യില്ല." അദ്ദേഹം കൂട്ടിച്ചേർത്തു: "എന്റെ സ്നേഹിതൻ തിക്തത നിങ്ങൾ രണ്ടുപേരെയും അവന്റെ കാറിൽ ജയിലിലേക്ക് കൊണ്ടുപോവുകയും എല്ലാവരെയും ഈ കുടിലിലേക്ക് തിരിച്ചുകൊണ്ടുവരുകയും ചെയ്യും."

ഇടയന്റെ അവസാന വാക്കുകൾക്കുശേഷം ഒരു നിമിഷത്തേക്ക് അവ്യക്തത കലർന്ന നിശ്ശബ്ദത അന്തരീക്ഷത്തിൽ തങ്ങിനിന്നു. അതിനുശേഷം അവർണ്ണനീയമായ സന്തോഷത്തോടെ ശ്രീമതി ധീര ഇങ്ങനെ പറഞ്ഞു: "അങ്ങയുടെ സുഹൃത്ത് തിക്തതയോ? ഹാ! അവസാനം അവനെയും വശത്താക്കിയല്ലോ!"

www.malankaralibrary.com

ഇടയൻ പറഞ്ഞു: "മദ്യശാല നടത്തിപ്പു നിർത്താനും എന്റെകൂടെ സേവനമനുഷ്ഠിക്കാനും തിക്തത തീരുമാനിച്ചു. അയാളുടെ ഭാര്യ ആവലാതിക്ക് വലിയ മാറ്റമൊന്നും വന്നിട്ടില്ല. അവൾ സ്വന്ത സ്ഥാപനമെന്ന നിലയിൽ തുടർന്ന് കച്ചവടം നടത്തുകയാണ്. അതേസമയം ശുണ്ഠിയും ഹീനനും ചെന്നുവീണിരിക്കുന്ന അപമാനത്തിന്റെയും നാണക്കേടിന്റെയും ഉത്തരവാദിത്വം വലിയ ഒരളവോളം തന്റേതാണെന്ന് തിക്തതക്കും തോന്നിത്തുടങ്ങിയിട്ടുണ്ട്. കഴിയുന്ന സകല പരിഹാരവും ചെയ്ത് അവരെ സഹായിക്കാൻ കാത്തിരിക്കുയാണ് അയാൾ. ഈ നിലക്ക് ഗ്രാമത്തിലെ കുടിലിലേക്കുവരാൻ അവരെ പ്രേരിപ്പിക്കുന്നതിന് ഏറ്റവുംപറ്റിയ ആൾ തിക്തത തന്നെയാണെന്ന് എനിക്ക് തോന്നുന്നു." അങ്ങനെ അക്കാര്യം തീരുമാനിക്കപ്പെട്ടു.

അടുത്ത ദിവസം രാവിലെ ശ്രീമതി ധീര, കൃപാമഹത്വം, കരുണ എന്നിവരോടൊപ്പം തിക്തത കുടിലിൽ എത്തി. (ആ ധൂർത്തന്മാരെ വീട്ടിൽ സ്വീകരിക്കുന്ന കാര്യത്തിൽ ദയയുടെ സ്നേഹപൂർണ്ണമായ ക്രമീകരണങ്ങളിലും ഉപായങ്ങളിലും അവളെ സഹായിക്കുകയായിരുന്നു കരുണയുടെ ചുമതല.) കരുണയെ ദയയുടെ അടുത്തുനിർത്തി മറ്റുള്ളവർ കാറിൽ ജയിലിലേക്കുപോയി.

അവസാനം ഹീനന്റെയും ശുണ്ഠിയുടെയും മോചനത്തിനായി ജയിലിന്റെ കവാടം തുറന്നു. അവർ ആരുടെയും ശ്രദ്ധയിൽപെടാതെ വളഞ്ഞുതിരിഞ്ഞുപോകുന്ന നഗരവീഥിയിലേക്കിറങ്ങി അപ്രത്യക്ഷരാകാൻ ഒരുങ്ങുന്നതിനിടയിൽ സ്വീകരിക്കാൻ പ്രത്യേകം നിയോഗിക്കപ്പെട്ട മൂന്നുപേരും –മാതൃത്വം സ്ഫുരിക്കുന്ന പ്രസന്നവദനയായ ശ്രീമതി ധീര, കൃപാമഹത്വം, വിഭ്രാന്തി ഗ്രാമത്തിലെ സത്രയുടമയും ദീർഘകായനും കരുത്തനുമായ തിക്തത എന്നിവർ –കാത്തുനിൽക്കുന്നത് അവർ കാണാനിടയായി.

ആദ്യമായി തിക്തത അല്പം മുമ്പോട്ട് ആഞ്ഞ് ശുണ്ഠിയുടെ കയ്ക്കു കടന്നുപിടിച്ച് ഭയവും സങ്കോചവും കലർന്ന സ്വരത്തിൽ പറഞ്ഞു: "പ്രിയപ്പെട്ട ശുണ്ഠീ, നിന്നെ വീണ്ടും കണ്ടതിൽ എനിക്ക് സന്തോഷമുണ്ട്. സംഭവിച്ചതിനെല്ലാം ഞാൻ എന്നെത്തന്നെ മിക്കവാറും പൂർണ്ണമായി കുറ്റപ്പെടുത്തുന്നു. അതിനെല്ലാം പരിഹാരം ചെയ്യാനും എന്നാൽ കഴിയുന്ന സഹായം നിനക്കു ചെയ്തുതരാനും അനുവദിക്കണ

www.malankaralibrary.com

മെന്ന് ഞാൻ അപേക്ഷിക്കുന്നു.''

അതേസമയം കൃപാമഹത്വം നിശ്ശബ്ദയായി ഹീനഭീതിയുടെ അടുത്തുചെന്ന് അവൻെറ തോളിൽ പിടിച്ച് ഇരുകവിളുകളിലും ചുംബിച്ചു. എന്നാൽ, ഒരു വാക്കുപോലും ഉരിയാടാനവൾക്കു കഴിഞ്ഞില്ല. ഏതായാലും നലംതികഞ്ഞ ശ്രീമതി ധീര ധൃതിയിൽ മുമ്പോട്ട് നീങ്ങി; അവളുടെ ഉൽസാഹവും കാര്യഗൗരവവും (യാത്ര കഴിഞ്ഞ് മടങ്ങുന്നവരെ അഭിവാദ്യം ചെയ്ത് വീട്ടിലേക്കു സ്വീകരിക്കുന്ന ഭാവമായിരുന്നു ധീരയ്ക്ക്), അവരെ ചെറുത്തുനില്പ്പിനോ എതിർപ്പിനോ ശേഷിയില്ലാത്തവരാക്കി. എന്താണ് സംഭവിക്കുന്നതെന്ന് പൂർണ്ണമായി അവർക്കു മനസ്സിലാകുന്നതിനു മുമ്പായി ശുണ്ഠിയെ കാറിൻെറ മുൻസീറ്റിൽ തിക്തതയുടെ അടുത്തും ഹീനഭീതിയെ കൃപാമഹത്വത്തിൻെറയും ധീരയുടെയും നടുവിൽ പിൻസീറ്റിലുമായി ഇരുത്തി. ആ അസാധാരണ സ്ത്രീ പെട്ടെന്ന് അവരോടു കുശലം പറഞ്ഞുതുടങ്ങി. യാതൊരു അഭിപ്രായത്തിനോ മറുപടിക്കോ കാത്തുനിൽക്കാതെ അവൾ ഗ്രാമത്തിലെ വാർത്തകൾ തുടർച്ചയായി പറഞ്ഞുകൊണ്ടിരുന്നു. അവർ ഒന്നും സംസാരിക്കുകയില്ലെന്ന് അവൾക്കു നന്നായി അറിയാമായിരുന്നു.

അങ്ങനെ അവർ വീട്ടിലെത്തി. അവർക്കുവേണ്ടി കരുണ ഒരുക്കിയിരുന്ന വിരുന്നിൽ പങ്കെടുത്തു. ദയ സൗമ്യമായും സ്നേഹപൂർണ്ണമായും അവരെ സ്വാഗതം ചെയ്തു. തൻെറ ഭർത്താവും സഹോദരനും തൻെറ ഹൃദയാനന്ദവും സംതൃപ്തിയുമാണെന്ന് തോന്നുന്നവിധത്തിലായിരുന്നു അവൾ അവരെ സ്വീകരിച്ചത്.

ഒരു കാലത്ത് തൻേറടിയായിരുന്നതിനുശേഷം ഇപ്പോൾ വിനയാന്വിതനായി മാറിയ തിക്തതയുടെ സാന്നിദ്ധ്യമാണ് മടക്കയാത്ര സാദ്ധ്യമാക്കിയതും വിരുന്നിനുശേഷം വീട്ടിൽനിന്നും ഗ്രാമത്തിൽനിന്നുതന്നെയും ഒളിച്ചോടിപ്പോകുന്നതിൽനിന്ന് അവരെ തടഞ്ഞതും. തിക്തതയുടെ പശ്ചാത്താപവും പ്രായശ്ചിത്തം ചെയ്യാനുള്ള ആഗ്രഹവും ആത്മാർത്ഥവും ഹൃദയസ്പർശിയും ആയിരുന്നു. അവരുടെ അടുത്തിരുന്ന് കുറ്റവും അപമാനവും പങ്കിടുന്നതിലും മൂന്നുപേർക്കുംകൂടി പുതിയ ഒരു തുടക്കം ആസൂത്രണം ചെയ്യുന്നതിലും അത് പ്രകടമായിരുന്നു. തത്ഫലമായി അവനെ എതിർക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവസാനം മനസ്സില്ലാമനസ്സോടെയും നിരുൽസാഹത്തോടെയുമാ

www.malankaralibrary.com

ണെങ്കിലും അവനോടൊപ്പം കുറച്ചുദിവസം താമസിക്കുവാൻ അവർ സമ്മതിച്ചു.

ഹീനഭീതി മറ്റു സ്വാധീനങ്ങൾക്കു വശംവദനായിരുന്നെങ്കിൽപോലും അതിൻെറ യാതൊരു ലക്ഷണവും പുറത്തുകാണിച്ചില്ല. വെറുപ്പു കൊണ്ടോ ലജ്ജകൊണ്ടോയെന്ന് പറയാനാവില്ലെങ്കിലും അവൻ മനഃപൂർവ്വം നിശ്ശബ്ദതപാലിച്ചു. എന്നിരുന്നാലും സജ്ജീകൃതമായ ആ മുറിയും ഭർത്താവിൻെറ അടുത്തിരുന്ന തൻെറ സഹോദരിയുടെ കണ്ണുകളിലെ തിളക്കവും പശ്ചാത്തപിച്ച തിക്തതയുടെ സുന്ദരവും അപേക്ഷാഭാവം സ്ഫുരിക്കുന്നതുമായ മുഖവും ഇടക്കിടയ്ക്ക് അയാൾ നോക്കും. വിതുമ്പിക്കൊണ്ടിരുന്ന കരുണയുടെ കനിവാർന്ന വദനവും തൻെറ എതിർവശത്ത് തന്നെപ്പോലെ നിശ്ശബ്ദയായിരിക്കുന്ന ബന്ധുവിൻെറ മുഖവും അയാൾ കണ്ടുകൊണ്ടിരുന്നു. ഈ ബന്ധുവാകട്ടെ, ഒരിക്കൽ വിരൂപയും വികലാംഗയും കുട്ടിക്കാലം മുതൽ താൻ കൂടെക്കൂടെ പീഡിപ്പിച്ചിരുന്നവളും താനുമായുള്ള വിവാഹത്തിൽനിന്നും രക്ഷപ്പെടാൻ ഒളിച്ചോടിപ്പോയവളുമാണെന്നകാര്യം അവൻ ഓർമ്മിച്ചു. ആ പഴയ കുടിലിൽ അവളിതാ തന്നോടൊപ്പം ഇരിക്കുന്നു. അവരെല്ലാം ഒരിക്കൽ ഒരുമിച്ച് ജീവിച്ചിരുന്ന ആ മനംമടുപ്പിക്കുന്ന കുടിലാകട്ടെ തിരിച്ചറിയാൻ കഴിയാത്തവിധം ആകെ മാറിയിരിക്കുന്നു. തൻെറ ബന്ധുവിനും അവിശ്വസനീയമാംവിധം രൂപമാറ്റം വന്നിരിക്കുന്നു.

ആ സായാഹ്നത്തിൽ അവൾ ഒരിക്കൽ മാത്രമേ സംസാരിച്ചുള്ളൂ. കച്ചവടത്തിൽ പുതിയൊരു തുടക്കംകുറിക്കുന്നതിനെപ്പറ്റി തിക്തത അവരോട് പറയുകയും അവിടെ താമസിച്ച് ഒരുമിച്ചു ജോലി ചെയ്യണമെന്ന് അവരോട് അപേക്ഷിക്കുകയും ചെയ്തതിനുശേഷമായിരുന്നു അത്. ഹീനഭീതി മേശയുടെ എതിർവശത്തേക്ക് രഹസ്യമായി കണ്ണോടിച്ചപ്പോൾ തൻെറ ബന്ധുവിൻെറ ഈറനണിഞ്ഞ കണ്ണുകൾ തൻെറമേൽ പതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അവൾ ഇങ്ങനെ മന്ത്രിക്കുന്നതും കേട്ടു, "ഓ, ഹീനൻ, നിങ്ങൾ ഇവിടെ താമസിക്കുകയില്ലേ?"

അവൻ മറുപടി ഒന്നും പറഞ്ഞില്ല. തൻെറ ഭീമാകാര ശരീരം വലിച്ചുകയറ്റി വച്ച് അവൻ കസേരയിൽ ഇരുന്നു. നിശ്ശബ്ദമായ ആ ഇരുപ്പു കണ്ടാൽ കാട്ടുകുതിരകൾക്കുപോലും ആ വായിൽനിന്ന് ഒരു വാക്ക് പുറത്തേക്കു വലിച്ചിറക്കാനാവില്ലെന്ന് തോന്നും. എന്നാലും അവൻ അവി

www.malankaralibrary.com

ടെത്തന്നെ ഇരുന്നു.

രാത്രി വളരെ കഴിഞ്ഞപ്പോൾ, കുട്ടിക്കാലം മുതൽ തനിക്കു പരിചയമുള്ളതെങ്കിലും ഇപ്പോൾ ഭംഗിയായി ക്രമീകരിച്ചിട്ടുള്ളതും തന്നെ ഏറെനാൾ താമസിപ്പിച്ചിരുന്ന ജയിലിൽനിന്ന് -കേൾക്കാനും കാണാനും ആരുമില്ലാത്ത ഇരുട്ടറയിൽനിന്ന് -വളരെ വ്യത്യസ്തവുമായ ആ മുറിയിലെ കുടിലിൽ കമിഴ്ന്നു കിടന്ന് ആ തടിമാടൻ ഒരു കൊച്ചുകുട്ടിയെപ്പോലെ വിതുമ്പിക്കരഞ്ഞു.

*  *  *  *

ഏതാനും ദിവസങ്ങൾക്കുശേഷം, ഒരു ഉച്ചസമയത്ത് ഇടയൻ തന്റെ ആട്ടിൻപറ്റത്തിന്റെ നടുവിൽ മരത്തണലിലിരിക്കുമ്പോൾ ഹീനഭീതിയുടെ ഭീമാകാരമായ ബീഭത്സരൂപം വയലുകൾ മുറിച്ചുകടന്ന് തന്റെ അടുത്തേക്കു വരുന്നതുകണ്ടു. മുമ്പൊരിക്കലും അവൻ സ്വന്ത ഇഷ്ട പ്രകാരം ഇടയനെ സമീപിച്ചിട്ടില്ല. എന്നാൽ ഇപ്പോഴിതാ അവൻ വന്നിരിക്കുന്നു, സന്ദേഹത്തോടെയാണെങ്കിലും. അനേകം പ്രാവശ്യം ഇടയനിൽ നിന്ന് അവൻ ഓടി രക്ഷപ്പെട്ടിട്ടുണ്ടല്ലോ. അദ്ദേഹം തന്നെയാണ് അവസാനം അവനെ ജയിലിലടപ്പിച്ചതും. എങ്കിലും ഇടയന്റെ അടുക്കലേക്കു വരുവാൻ അവനിതാ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു!

അവൻ ശാന്തനായി തപ്പിത്തടഞ്ഞുവരുന്നത് കണ്ണിമയ്ക്കാതെ ഇടയൻ നോക്കിക്കൊണ്ടിരുന്നു. തല താഴ്ത്തി മുന്നോട്ടു നീങ്ങിയ അവന്റെ മുഖവും കയ്കളും പരിഭ്രമത്താൽ വിറയ്ക്കുന്നുണ്ടായിരുന്നു. ഇടയന്റെ മുഖത്തുനോക്കാൻ ഒരിക്കലും ധൈര്യപ്പെട്ടിട്ടില്ലാത്ത അവൻ അവസാനം അദ്ദേഹത്തിന്റെ മുമ്പിൽനിന്നു. പിന്നെ തന്റെ സ്ഥൂല ശരീരം വഴക്കി നിശ്ശബ്ദനായി പൊടിയിൽ മുട്ടുകുത്തി. ഒരു വാക്കുപോലും സംസാരിച്ചില്ല.

അവസാനം ഹീനൻ ദൃഷ്ടിയുയർത്തി പെട്ടെന്നു പറഞ്ഞു: "സർ, അങ്ങേക്കിഷ്ടമാണെങ്കിൽ എന്നെ മറ്റൊരാളാക്കിമാറ്റാൻ സാധിക്കും."

"തീർച്ചയായും ഞാൻ അതു ചെയ്യും." ഇടയൻ വ്യക്തമായി ഉറപ്പിച്ചുപറഞ്ഞു. "ഇപ്പോൾ നിന്റെ പേര് ഹീനഭീതി എന്നാണല്ലോ. എന്നാൽ

www.malankaralibrary.com

ഇന്നുമുതൽ 'നിർഭയസാക്ഷി' എന്നു നീ വിളിക്കപ്പെടും. നീ എന്റെ ദൂതനായിരിക്കും. എനിക്കുവേണ്ടി നീ പലതും സഹിക്കും."

*  *  *  *

ഇടയന്റെ സേവനത്തിൽ പ്രവേശിച്ച ഹീനഭീതി മരത്തണൽവിട്ട് കുടിലിലേക്കു തിരിച്ചുചെന്ന് തന്റെ അളിയനെ അന്വേഷിച്ചു. കുടിലിന്റെ പിൻഭാഗത്തുള്ള ചെറിയ മുറ്റത്ത് വളരെ ക്ഷീണിതനായിനിന്ന് അയാൾ വിറക് കീറിക്കൊണ്ടിരിക്കുകയായിരുന്നു.

"ശുണ്ഠീ," ഹീനഭീതി അടുത്തുചെന്ന് പറഞ്ഞു,"എന്റെകൂടെ വരൂ."

"എവിടേയ്ക്ക്?" ഒരു ഭൂതത്തിനെയെന്നപോലെ അവനെ നോക്കി ശുണ്ഠി ചോദിച്ചു.

"ഇടയന്റെ അടുത്തേയ്ക്ക്," ഹീനഭീതി സാധാരണമട്ടിൽ പറഞ്ഞു. "നിനക്കു വേണ്ടതെല്ലാം ചെയ്തുതരാൻ അദ്ദേഹത്തിനു കഴിയും."

"ഇടയൻ!" ശുണ്ഠി പേടിച്ച് പിന്നോട്ടുമാറിനിന്ന് കിതപ്പോടെ പറഞ്ഞു. "നീ എന്താണ് ഉദ്ദേശിക്കുന്നത് ഹീനാ? ഞാൻ അദ്ദേഹത്തിന്റെ പക്കലേക്കു പോവുകയില്ല, കാരണം ഞാൻ കുടി നിറുത്തണമെന്നായിരിക്കും അദ്ദേഹം ആദ്യം പറയുക –അതെനിക്ക് സാധ്യമല്ല. ആ സാധനമില്ലാതെ എനിക്കു ജീവിക്കാനാവില്ല. മാത്രമല്ല, കുടിലിലെ ഈ ജീവിതത്തെ നേരിടാൻ അതില്ലാതെ പറ്റില്ല."

"അതുതന്നെയാണ് ഞാൻ ഉദ്ദേശിച്ചത്," ഹീനൻ പറഞ്ഞു. "അദ്ദേഹത്തെ കൂടാതെ നിനക്കിനി ജീവിക്കാൻ സാധിക്കുകയില്ല, എനിക്കും. വരൂ, ഞാൻ നിന്നെ നേരേ അദ്ദേഹത്തിന്റെ അടുത്തേക്കു കൊണ്ടുപോകാം. ഈ നിമിഷം അദ്ദേഹം എവിടെയാണെന്ന് എനിക്കറിയാം."

"എനിക്കുവേണ്ടി യാതൊന്നും ചെയ്യുവാൻ അദ്ദേഹത്തിനു കഴി

www.malankaralibrary.com

യില്ല.'' ശുണ്഻ി തന്റെ സഹോദരനിൽനിന്നു കുറെക്കൂടി പിന്മാറിനിന്ന് വേദനയോടെ പറഞ്ഞു. ''നീ പറയുന്നത് കേട്ടതുകൊണ്ട് യാതൊരു ഗുണവുമില്ല. ഹീനാ, നീ എന്നെക്കാൾ ശക്തനായതുകൊണ്ട് അദ്ദേഹത്തിനു നിന്നെ സഹായിക്കാൻ കഴിഞ്ഞേക്കും; എന്നാൽ, അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിയാത്തത്ര ദുർബ്ബലനാണു ഞാൻ.''

''ശരി, ഞാൻ പറയുന്നത് നീ ശ്രദ്ധിക്കേണ്ട''-ഹീനൻ ക്ഷമയോടെ യെങ്കിലും നിർബ്ബന്ധത്തോടെ പറഞ്ഞു. ''നീ തന്നെ വന്ന് നേരിൽകണ്ട് അദ്ദേഹം പറയുന്നത് കേൾക്കുക.'' ഇത്രയും പറഞ്ഞുകൊണ്ട് ഹീനൻ തന്റെ ശക്തമായ കരം നീട്ടി, വിറച്ചുനിൽക്കുന്ന അളിയന്റെ തോളിൽ മുറുകെ തട്ടി.

''ഞാൻ പറയുന്നത് നീ കേൾക്കേണ്ട'' എന്ന് ഹീനൻ പറഞ്ഞെങ്കിലും അവനെ അനുസരിക്കാതിരിക്കാൻ ശുണ്഻ിക്ക് കഴിയുമായിരുന്നില്ല. കാരണം ഹീനൻ താഴ്വരയിലെ മിക്ക ആളുകളെക്കാളും ഉയരം കൂടിയ ഒരു അതികായനും കരുത്തനുമായിരുന്നു. മറ്റുള്ളവരെ ആക്രമിക്കുമ്പോൾ ഈ ശക്തി പ്രയോഗിച്ച് ശീലിച്ച അവന് ജീവിതത്തിലാദ്യമായി ഒരു നല്ല ജോലിയിലേർപ്പെട്ടപ്പോൾ തന്റെ കരുത്തും ശേഷിയും നിയന്ത്രിക്കേണ്ടതെങ്ങനെയെന്ന് അറിഞ്ഞുകൂടായിരുന്നു. അതിനാൽ ഹീനന്റെ കയ്യുടെ ശക്തികൊണ്ട് കുനിഞ്ഞുപോയ ശുണ്഻ി യാതൊരു ചെറുത്തുനില്പുംകൂടാതെ മുന്നോട്ടു തെറിച്ചുനീങ്ങി. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ആ സഹോദര ഹസ്തത്തിൽനിന്ന് രക്ഷപ്പെടാൻ അവനു സാധിക്കുമായിരുന്നില്ല.

അല്പസമയത്തിനുശേഷം, താൻ പുതുതായി ജോലിയിൽ പ്രവേശിപ്പിച്ചതും പിന്നീട് എല്ലായിടത്തും നിർഭയസാക്ഷി എന്നറിയപ്പെടേണ്ടവനുമായ ഹീനഭീതി, നമ്രശിരസ്കനും ഭയചകിതനുമായ് ശുണ്഻ിയെ തന്റെ മുമ്പിലേക്കു കൊണ്ടുവരുന്ന കാഴ്ച ഇടയൻ കണ്ടു. ഇതു കണ്ടപ്പോൾ, ഇടയന്റെ ചുണ്ടുകളിൽ ഒരു പുഞ്ചിരിയുടെ ഭാവമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് അവാച്യമായ ആനന്ദവും സംതൃപ്തിയും കളിയാടി. ശുണ്഻ി അവസാനം തലയുയർത്തിനോക്കിയപ്പോൾ ഇടയന്റെ ഈ മുഖഭാവമാണ് കണ്ടത്. പെട്ടെന്ന് അയാളുടെ വിറയലും എതിർപ്പും നിലച്ചു. സ്വമനസ്സാലേ അദ്ദേഹത്തിന്റെ അടുത്തേക്ക് അയാൾ അടിവച്ചടുത്തു.

www.malankaralibrary.com

ആ ചെറിയ മനുഷ്യനെ ഇടയന്റെ മുമ്പിൽ നിർത്തി തന്റെ വലിയ കയ് അവന്റെ കുനിഞ്ഞ തോളിൽ വച്ച് ഹീനഭീതി പറഞ്ഞു, "സർ, എന്റെ സഹോദരനെ ഞാൻ അങ്ങയുടെ അടുത്തുകൊണ്ടുവന്നിരിക്കുന്നു. അവൻ എന്നെപ്പോലെ അത്ര മോശം മനുഷ്യനല്ല. എന്നാൽ, അവനും അങ്ങയുടെ സഹായവും ശക്തിയും ആവശ്യമാണ്."

ശുണ്ഠി കണ്ണുകളുയർത്തി തന്റെ നേരെ തിരിഞ്ഞിരിക്കുന്ന ആ മുഖത്തേക്കു നോക്കി. ഗ്രഹണ ശക്തിയും അനുകമ്പയുംനിറഞ്ഞ ഇടയന്റെ നോട്ടംകണ്ട്, നേരിയ വിറയ്ക്കുന്ന സ്വരത്തിൽ ശുണ്ഠി ഇങ്ങനെ പറഞ്ഞു: "സർ, ഞാൻ ഒരു അശുദ്ധാരൂപിയുടെ അടിമയാണ്. അതിനെ ബഹിഷ്കരിച്ച് എന്നെ മോചിപ്പിക്കാൻ കഴിയുമോ?"

"തീർച്ചയായും," ഇടയൻ പറഞ്ഞു. അദ്ദേഹം തന്റെ കയ്കൾ അവന്റെമേൽവച്ച് ഇങ്ങനെ കല്പിച്ചു, "ഞാൻ നിന്നെ മോചിപ്പിക്കുന്നു-പുത്രൻ നിന്നെ മോചിപ്പിക്കുമ്പോൾ, നീ തീർച്ചയായും മോചിതനാകുന്നു."

www.malankaralibrary.com

## അദ്ധ്യായം -14

# കുന്തിരിക്കമല (വിശ്വാസം)

### സ്നേഹത്തോടുള്ള വിശ്വാസത്തിൻെറ പ്രതികരണം

സുഗന്ധദ്രവ്യങ്ങളുടെ ഏഴാമത്തെ പർവ്വതം തീർച്ചയായും വളരെ മനോഹരമായ ഒരു സ്ഥലമായിരുന്നു. ഇലവംഗപർവ്വതംപോലെ ഇതിലും മരങ്ങൾ ഇടതൂർന്നു വളർന്നുനിന്നു. ഇവിടത്തെ വൃക്ഷങ്ങൾക്ക് ഉയരക്കൂടുതലുണ്ടെന്നുള്ള ഏക വ്യത്യാസം മാത്രം. അവ പ്രസാദസുന്ദരമായിരുന്നു. അവയുടെ മികച്ച പശയും തടിയും ഭംഗിയും വർണ്ണവൈവിധ്യവും നിറഞ്ഞതത്രേ. രജതനിറവും ദന്തനിറവും മുതൽ ഇളംമഞ്ഞ, മങ്ങിയനീല, കർപ്പൂരനിറം, സ്വർണ്ണം, ചുവപ്പ്, തവിട്ട് നിറങ്ങൾവരെ വ്യത്യസ്ത വർണ്ണങ്ങളിൽ അവ കാണപ്പെട്ടു. ചിലസ്ഥലങ്ങളിൽ കടും ചുവപ്പു രേഖകളും ഉണ്ടായിരുന്നു. എന്നാൽ ഈ മരത്തിൻെറ ഇലകൾ കുറേക്കൂടി മനോഹരമായിരുന്നു. നീണ്ട് വീതി കുറഞ്ഞ അവ, ഇളകിക്കൊണ്ടിരുന്ന ഇളം കമ്പുകളിൽനിന്ന് തോരണംപോലെ തൂങ്ങിക്കിടന്നു. ദൂരെനിന്നു നോക്കുമ്പോൾ അവ വെള്ളിമുടികൊണ്ടു നിർമ്മിച്ച അയവുള്ള ശിരോവസ്ത്രംപോലെ കാണപ്പെട്ടു. ഇളം കാറ്റ് മാത്രമല്ല വായുവിലെ നേരിയ ചലനംപോലും ഈ മനോഹര വൃക്ഷങ്ങളെ ഇളക്കുകയും തിരമാലകൾപോലെ ഓളംവെട്ടുന്ന അവയുടെ ഇലകൾ ഒന്നുചേർന്ന് മർമ്മരശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു. അവയെ നോക്കിയപ്പോൾ, ചലിച്ചുകൊണ്ടിരിക്കുന്ന എണ്ണമറ്റ ഈ ശാഖകളെയും ഇലകളെയും പോലെ ഇത്രമാത്രം മഹത്വപൂർണ്ണമായ പ്രതികരണശേഷിയുള്ള ഒന്നിനേയും

www.malankaralibrary.com

താൻ ഇതുവരെ കണ്ടിട്ടില്ലെന്ന് കൃപാമഹത്വം ഉള്ളിൽ വിചാരിച്ചു. ഇവയും ഇളം വേനൽക്കാറ്റും തമ്മിൽ അജ്ഞാതവും ആശ്ചര്യകരവുമായ ഏതോ ഐക്യം നിലവിലുള്ളതായും ആരുടെയോ അദൃശ്യവിരലുകൾ ഇലകളുടെ നിരയിൽ പ്രവർത്തിച്ച് താളാത്മകവും സങ്കീർണ്ണവുമായ സംഗീതം പുറപ്പെടുവിക്കുന്നതായും അവൾക്കുതോന്നി. ശ്രദ്ധിച്ചു നിന്നപ്പോൾ ആ സംഗീതം ഒരു ഗാനാലാപത്തിൻെറ രൂപം പ്രാപിക്കുന്നതായി അവൾക്ക് അനുഭവപ്പെട്ടു. ഇതാണ് ആ ഗാനം:

*സ്നേഹത്തിൻെറ വിളിക്കുള്ള പ്രത്യുത്തരം വിശ്വാസം,*
*സ്നേഹമുഖത്തിൻെറ പ്രകാശമാണത്.*
*സ്നേഹകല്പനകൾ പാലിക്കുക തന്നെ*
*ഹൃദയത്തിൻെറ ആനന്ദം.*
*അങ്ങയുടെ സ്വരത്തെ സ്നേഹിക്കാനും*
*അതിനു പ്രത്യുത്തരം നല്കാനും*
*"നാഥാ, ഇതാ ഞാൻ."*

*ഹരിതപത്രങ്ങൾ ചാഞ്ചാടുംവിധം*
*വേനൽക്കാല വൃക്ഷങ്ങളിലൂടെ*
*കാറ്റുവീശുന്നതു പോലെ*
*ഓ! സ്നേഹരൂപി, നിൻെറ ഹിതം പോലെ*
*നീ വീശിയാലും.*
*നിൻെറ വചനത്തിന്*
*എൻെറ ഹൃദയം സമർപ്പിക്കുന്നു*
*അകലങ്ങളിൽനിന്നുള്ള നിൻെറ വിളി*
*വിശ്വാസത്താൽ ശ്രവിച്ച് ഞാൻ പ്രത്യുത്തരിക്കുന്നു.*

*നീ ആഗ്രഹിക്കുന്നതെന്തോ*
*അതു ഞാനും അഭിലഷിക്കുന്നു.*
*എന്നിലൂടെ അതു നിർവ്വഹിക്കപ്പെടട്ടെ*
*എൻെറയും നിൻെറയും ഹൃദയാഭിലാഷങ്ങൾ*
*സ്നേഹാഗ്നിയിൽ ഉരുകി ഒന്നാകട്ടെ.*
*"നാഥാ ഞാൻ വിശ്വസിക്കുന്നു"*
*അല്ല; ഞാൻ പറയട്ടെ*
*"ഞാൻ അനുസരിക്കുന്നു."*

www.malankaralibrary.com

അതിനുശേഷം കുറെ സമയത്തേക്കു മറ്റൊന്നും ശ്രദ്ധിക്കാൻ കഴിയാത്തവിധം ചിന്തയിൽമുഴുകി അവൾ നിശ്ശബ്ദയായി ഇരുന്നു. അവസാനം രാജാവിന്റെ ശബ്ദം അവളുടെ ദിവാസ്വപ്നത്തെ ഭഞ്ജിച്ചു:

"എന്റെ കുന്തിരിക്കമരങ്ങളുടെ മനോഹരവും സ്വഭാവികവും അനർഗ്ഗളവുമായ പ്രതികരണശേഷിയെ നീ ആസ്വദിക്കുകയാണോ, കൃപാമഹത്വം?"

"അതെ," അത്യാഹ്ലാദസ്വരത്തിൽ അവൾ പറഞ്ഞു. "അവയെ നോക്കിയിരിക്കുന്നത് ആനന്ദകരമാണ്. ഇവയോടു താരതമ്യപ്പെടുത്താവുന്നതൊന്നും ഇതിനുമുമ്പ് ഒരിക്കലും ഞാൻ കണ്ടിട്ടില്ല. കേൾക്കാൻ കഴിയാത്ത സംഗീതത്തിന്റെ സ്വരലയത്തോട് ഇണങ്ങിയിട്ടെന്നപോലെ കാറ്റിന്റെ നേരിയതും മൃദുലവുമായ നിശ്വസനം അവയെ ചലിപ്പിക്കുന്നു."

"വിശ്വാസമെന്നത് സുന്ദരമായ ഒരു യാഥാർത്ഥ്യമാണ്." രാജാവ് സന്തോഷസൂചകമായ പുഞ്ചിരിയോടെ പറഞ്ഞു. "എനിക്ക് എന്തും ചെയ്യാൻ കഴിയും; അതെ എന്തും. എന്റെ മനസ്സിനോട് പൂർണ്ണവിശ്വാസം അഥവാ പൂർണ്ണഐക്യമുള്ളിടത്ത്. ഈ മരങ്ങളുടെ മനോഹരമായ പ്രതികരണമാണ് അവയിൽ സംഗീതമുണർത്തുന്നത്. എന്റെ സ്നേഹത്തിന് മനുഷ്യഹൃദയങ്ങൾ നൽകുന്ന പ്രത്യുത്തരത്തേക്കാൾ കൂടുതൽ ആനന്ദസംദായകവും ശ്രേഷ്ഠവുമായി ഈ വിശാല ലോകത്ത് ഒന്നുമില്ല. എന്നെ അനുസരിക്കുവാനുള്ള സന്നദ്ധതയാണ് നമ്മൾ തമ്മിലുള്ള ഐക്യത്തെ പൂർണ്ണമാക്കുന്നതും എന്നെ സ്നേഹിച്ച് തുടർച്ചയായി എനിക്ക് പ്രത്യുത്തരം നല്കുന്നവരിലേക്ക് എന്റെ ജീവനും ശക്തിയും പകരുവാൻ എന്നെ പ്രാപ്തനാക്കുന്നതും."

അദ്ദേഹം സംസാരം നിർത്തി. അവൾ പൂർണ്ണ നിശ്ശബ്ദതയിൽ തന്റെ ചുറ്റുമുള്ള കാഴ്ചകൾ നോക്കിക്കൊണ്ടിരുന്നു. കുന്തിരിക്കമലയുടെ വക്കത്ത് അവർ ഇരിപ്പുറപ്പിച്ചു. സ്വച്ഛമായ അന്തരീക്ഷത്തിൽ വളരെ ദൂരെവരെ അവർക്കു കാണാൻ കഴിഞ്ഞു. കൃപാമഹത്വം ഭീതയായിരുന്ന കാലത്ത് അവളുടെ വീടു നിന്നിരുന്നതും ബന്ധുക്കളൊക്കെ വസിച്ചിരുന്നതുമായ അവമതീതാഴ്വര അവർ ഇരുന്ന

www.malankaralibrary.com

സ്ഥലത്തുനിന്ന് വളരെ താഴെയായിരുന്നു. എന്നാൽ, ഈ പ്രത്യേക മലയിൽനിന്ന് അവർക്ക് വ്യത്യസ്തമായൊരു വീക്ഷണം ലഭിച്ചു. കാരണം താഴ്വരകളെ കുറുകെ നോക്കുന്നതിനുപകരം മറുവശത്തുള്ള മലകൾ വരെ നെടുകെയാണ് അവർ നോക്കിയത്. ആ നീണ്ട പച്ചത്താഴ്വര രണ്ടറ്റത്തും മറ്റു താഴ്വരകളിലേക്ക് തുടർന്നു പോകുന്നതായി കാണാൻ കൃപാമഹത്വത്തിനു കഴിഞ്ഞു. അവയും മറ്റു താഴ്വരകളെ ചുറ്റി ത്തിരിഞ്ഞ് പർവ്വതങ്ങളുടെ ഇടയിലേക്കു നീണ്ടുകിടന്നു. അവളുടെ കണ്ണുകൾക്ക് എത്തിപ്പെടാൻ കഴിയാത്തത്ര ദൂരംവരെ അനേകമനേകം താഴ്വരകൾ അപ്പുറത്തേക്ക് അവ വ്യാപിച്ചുകിടന്നിരുന്നു. മഞ്ഞുമൂടിയ കൊടുമുടികളോളം ഉയർന്നുനിൽക്കുന്ന മറ്റു പർവ്വതനിരകൾ അവയ്ക്ക് അതിരിട്ടിരുന്നു. എല്ലാ താഴ്വരകൾക്കും ഉന്നതങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ രണ്ടു ലോകങ്ങൾ കാണുന്നതുപോലെ അവൾക്കുതോന്നി. അധമസ്ഥലങ്ങളുടെ ഒരു ലോകവും അവയ്ക്കു മുകളിൽ ഉന്നതസ്ഥ ലങ്ങളുടെ ഒരു ലോകവും. ഒരർത്ഥത്തിൽ മൂന്നു ലോകങ്ങൾ ഉണ്ടെന്ന് അവൾ ഇതിനോടകം മനസ്സിലാക്കി. കാരണം ദൃശ്യമായ എല്ലാ പർ വ്വതനിരകൾക്കും സ്വർഗ്ഗങ്ങളിലേക്ക് ഉയർന്നുനിൽക്കുന്ന അദൃശ്യമായ ഉന്നത തലങ്ങൾ ഉണ്ടെന്ന് അവൾക്ക് ബോധ്യമായി. അവ പൂർണ്ണമായും ഈ ലോകത്തിനു പുറത്തായിരുന്നു. രാജാവിന്റെ സേവകർ അ ദ്ദേഹത്തിനുവേണ്ടിയുള്ള ഈ ലോകത്തിലെ അവരുടെ ജോലികൾ പൂർ ത്തിയാക്കിക്കഴിയുമ്പോൾ ഈ യഥാർത്ഥ ഉന്നതങ്ങളിലേക്കാണ് പോയിരുന്നത്.

രാജാവിന്റെ അടുത്ത് അവൾ വളരെനേരം നിശ്ശബ്ദയായി ഇരു ന്നു. അദ്ദേഹം അവളോടു പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങളിൽ അവളു ടെ മനസ്സ് മുഴുകിയിരുന്നു. തന്റെ "സ്വന്തംതാഴ്വര"യുടെ അപ്പുറത്ത് എല്ലാ ദിശകളിലേക്കും വ്യാപിച്ചുകിടക്കുന്ന വിദൂരതാഴ്വരകളിലേക്ക് ദീർഘമായും ഗൗരവത്തോടെയും എന്നാൽ അല്പം ഭയത്തോടുംകൂടെ അവൾ നോക്കി. ഇതുപോലെ എത്രയെണ്ണം ഉണ്ടായിരിക്കും! ഈ ഭൂ മുഖത്ത് വ്യാപിച്ചുകിടക്കുന്ന ആ 'അധമസ്ഥലങ്ങളിൽ' എത്രയധികം എണ്ണമറ്റ ജനസമൂഹങ്ങളാണ് വസിക്കുന്നത്. സ്നേഹരാജാവിനെപ്പറ്റി ഒന്നും അറിയാത്തതുകൊണ്ട് ഉന്നതങ്ങളെപ്പറ്റി യാതൊന്നും അറിയാ ത്തവരാണ് അവിടെയുള്ളത്. ആരെങ്കിലും ചെന്ന് അദ്ദേഹത്തെപ്പറ്റി അവ രോട് പറയാത്തപക്ഷം അദ്ദേഹത്തോട് ഒന്നുചേരുന്നതിലുള്ള ആനന്ദനിർവൃതി അനുഭവിക്കാനും അറിയാനും സാധിക്കാത്ത ആളുകൾ.

www.malankaralibrary.com

കുന്തിരിക്കമലയുടെ മുകളിൽ പായൽനിറഞ്ഞ തീരത്തുള്ള ഇരിപ്പിടത്തിൽ അവൾ അല്പം അസ്വസ്ഥതയോടെ ഇളകിയിരുന്നു. ഒരു നേരിയ മൂടൽമഞ്ഞ് അവളെ മറയ്ക്കുന്നതായി തോന്നി. അതവൾ തുടച്ചു നീക്കി. എന്നാൽ എന്തുകൊണ്ടോ രാജാവിനെ തിരിഞ്ഞുനോക്കാൻ അവൾക്ക് താത്പര്യം തോന്നിയില്ല. കുന്തിരിക്കമരങ്ങളുടെ ഇടയിൽ കാറ്റ് മൃദുലമായി വീശുകയും അവയെ പ്രതികരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തപ്പോൾ ആ മനോഹര വൃക്ഷങ്ങൾ അവൾക്കുചുറ്റും മന്ത്രിക്കുകയും മർമ്മരശബ്ദം പുറപ്പെടുവിപ്പിക്കുകയും ചെയ്തു.

അതിനുശേഷം താൻ ഇപ്പോൾ സന്തോഷത്തോടെ ജോലി ചെയ്യുന്ന പച്ചത്താഴ്‌വരയിലേക്ക് -''സ്വന്തം താഴ്‌വരയിലേക്ക്''- അവൾ നോക്കി. അവളെപ്പോലെതന്നെ അവിടെയുള്ള അവളുടെ ബന്ധുക്കളും സ്നേഹരാജാവിനു പ്രത്യുത്തരം നൽകാൻ പഠിച്ചുകൊണ്ടിരിക്കുകയാണല്ലോ. കുറേ സമയത്തിനുശേഷം വളരെ താഴ്ന്നസ്വരത്തിൽ അവൾ ചോദിച്ചു:

''എന്റെ നാഥാ, താഴ്‌വരയിലെ നിവാസികളിൽ വളരെപ്പേർ അങ്ങയുടെ അനുയായികളാകുവാൻ പ്രേരിതരായി എന്നതു വലിയൊരു നേട്ടമല്ലേ?''

''തീർച്ചയായും.'' സന്തോഷസ്വരത്തിൽ അദ്ദേഹം ഉടനെ മറുപടി പറഞ്ഞു. ഇത് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്തുദിച്ച പുഞ്ചിരി അവൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു; പക്ഷേ എന്തുകൊണ്ടോ അവൾ തിരിഞ്ഞുനോക്കാൻ കൂട്ടാക്കിയില്ല.

വീണ്ടും കുറച്ചുസമയത്തേക്ക് നിശ്ശബ്ദത. പിന്നെ, അദ്ദേഹത്തിന്റെ നേരെ നോക്കാതെ തന്റെ കയ്നീട്ടി അദ്ദേഹത്തിന്റെ കയ് പിടിച്ച് താഴ്ന്ന സ്വരത്തിലവൾ ചോദിച്ചു:

''എന്റെ നാഥാ, അങ്ങ് എന്നെ ഇവിടെ കൊണ്ടുവന്നത് എന്തിനാണ്?''

''നീ ഈ കാഴ്ച കാണാൻ ഞാൻ ആഗ്രഹിച്ചു,'' വളരെ സൗമ്യമായി അദ്ദേഹം മറുപടി പറഞ്ഞു.

''ഞാനതു കാണുകയാണ്.'' ശ്വാസമടക്കിപ്പിടിച്ചവൾ പറഞ്ഞു. ''എന്നോടു പറയൂ നാഥാ, അങ്ങ് എന്താണു കാണുന്നത്?''

സാവധാനത്തിൽ വ്യക്തമായി അദ്ദേഹം പറഞ്ഞു: ''ഭൂമിയിലെ ഇരുളടഞ്ഞ സ്ഥലങ്ങളെല്ലാം ക്രൂരതയുടെ സങ്കേതങ്ങളായി ഞാൻ

www.malankaralibrary.com

കാണുന്നു; ഇടയനില്ലാത്ത ആട്ടിൻപറ്റത്തെപോലെ ക്ഷീണിതരായി വിദൂരങ്ങളിൽ അലഞ്ഞുതിരിയുന്ന അനേകം മനുഷ്യാത്മാക്കളെ ഞാൻ കാണുന്നു; എനിക്കവരോട് അനുകമ്പതോന്നുന്നു, കൃപാമഹത്വം.''

ഏറെ നേരത്തിനുശേഷം വളരെ സ്വരമടക്കി അവൾ വീണ്ടും പറഞ്ഞു: ''എനിക്കു മനസ്സിലായെന്നു ഞാൻ വിചാരിക്കുന്നു, എൻെറ നാഥാ.'' ഉന്നതങ്ങളിലെ കൃപാമഹത്വമല്ല, പ്രത്യുത, താഴ്വരയിലെ പാവം ഭീതയാണെന്നവിധം അവൾ വിറകൊണ്ടു.

''നീ കാണണമെന്ന് ഞാൻ ആഗ്രഹിച്ച കാഴ്ച നീ കണ്ടിരിക്കുന്നു.'' രാജാവു ശാന്തമായി പറഞ്ഞു. ''അതിനാൽ ഇന്നത്തെ ജോലിക്കുവേണ്ടി നമുക്ക് അവമതീതാഴ്വരയിലേക്കു പോകാം.''

ഇതുപറഞ്ഞ് അദ്ദേഹം എഴുന്നേറ്റ് പർവ്വതസാനുവിലൂടെ താഴേക്കുകുതിച്ചു. കൃപാമഹത്വം പതിവുപോലെ അദ്ദേഹത്തെ പിന്തുടർന്നു. അദ്ദേഹം അവളെ 'ഉന്നതങ്ങളി'ലേക്ക് കൊണ്ടുവന്നതിനുശേഷം ആദ്യമായി അവളുടെ ''പേടമാൻപാദങ്ങൾ'' വിറച്ചു. കിഴുക്കാംതൂക്കായ ഒരു പരുക്കൻ പാറയിൽ ഒരുനിമിഷം നിന്ന് അവൾ വളരെ മെല്ലെ മന്ത്രിച്ചു: ''കണ്ടാലും! ഞാൻ അങ്ങയുടെ കൊച്ചുദാസി, 'സാനന്ദസ്വീകാരം.''

പെട്ടെന്ന് അവളുടെ കാലുകളുടെ വിറയൽ നിലയ്ക്കുകയും ഒരു കാട്ടുമാനെപ്പോലെ ഉറച്ച അടിവയ്പോടെ രാജാവിൻെറ പിന്നാലെ പർവ്വതസാനുവിലൂടെ താഴേക്കു കുതിക്കുകയും ചെയ്തു. അപ്പോൾ അവൾ ഇങ്ങനെ പാടിക്കൊണ്ടിരുന്നു:

*നാഥാ, നിന്നെ വിട്ടുപിരിയാൻ*
*എന്നോടു നീ പറയരുതേ*
*എന്തെന്നാൽ ഓ! ഞാൻ*
*അത്രമാത്രം നിന്നെ സ്നേഹിക്കുന്നു*
*സ്നേഹനാഥാ, നീ എവിടെപ്പോകുന്നുവോ*
*അവിടെ ഞാനും നിന്നോടൊപ്പംപോരും.*

*നീ എവിടെ വസിക്കുന്നുവോ*
*അവിടെ ഞാനും വസിക്കും*

www.malankaralibrary.com

*നിൻെറ ജനം എൻെറയും ജനമായിരിക്കും.*
*നീ സ്നേഹിക്കുന്നവർ എൻെറയും സ്നേഹഭാജനങ്ങൾ,*
*എൻെറ ഹൃദയവും നിൻെറ ഹൃദയവും ഒന്നുതന്നെ.*

*നീ മരണം പുല്കിയതുപോലെ ഞാനും*
*മരണം പുല്കും, അതുപോലെ ശവകുടീരവും.*
*മൃത്യുവിനുപോലും സ്നേഹബദ്ധമായ*
*എൻെറ ഹൃദയത്തെ*
*നിന്നിൽനിന്നു വേർപെടുത്താനാവില്ല.* (റൂത്ത് 1:16;17)

www.malankaralibrary.com

### അദ്ധ്യായം-15

# അഹങ്കാരവും ഗർവ്വിഷ്ഠയും

ഉന്നതങ്ങളിലേയ്ക്കുള്ള ഭീതയുടെ യാത്രയിൽ അവളെ കീഴടക്കാൻ ശ്രമിക്കുകയും,അവളുടെ രക്ഷയ്ക്കെത്തിയ ഇടയൻ പാറക്കെട്ടിൻെറ മുകളിലൂടെ കടലിലേക്ക് തന്നെ ചുഴറ്റിഎറിയുകയും ചെയ്ത ആ സംഭവബഹുലമായ ദിവസം മുതൽ അഹങ്കാരം മുടന്തിനടക്കാൻ തുടങ്ങി. അതെ, അവൻ ഇപ്പോഴും ഒരു മുടന്തൻ തന്നെ. അവൻെറ മുഖത്തുണ്ടായ കലകൾ അവനു വലിയ നാണക്കേടായി. കാരണം താഴ്‌വരയിലെ ഏറ്റവും സുമുഖരും ശക്തരുമായവരിൽ പ്രമുഖനായിരുന്നു അവൻ. അവനെ വിവാഹം ചെയ്തു ജീവിതമാരംഭിക്കാമെന്ന് ആഗ്രഹിച്ചുകഴിഞ്ഞ സുന്ദരികളായ പെൺക്കുട്ടികളോടു സല്ലപിച്ചു നടക്കാൻ ഈ വൈകല്യങ്ങൾ വലിയ പ്രതിബന്ധമായി.

അവൻെറ ബന്ധുവും സമ്പന്നയുമായ 'ഗർവ്വിഷ്ഠ'എന്ന യുവതിയെയാണ് അവൻ ഭാര്യയായി തിരഞ്ഞെടുത്തത്. ആ യുവതി അനേകവർഷങ്ങളായി ഇതിനുവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു. അവൾ ഒരു സുന്ദരിയായിരുന്നില്ല; എങ്കിലും സമ്പന്നയായിരുന്നു. അഹങ്കാരത്തിനാകട്ടെ തൻെറ അച്ഛനിൽ നിന്നു ലഭിച്ചിരുന്ന തുകയെക്കാൾ വളരെയധികം ചെലവുചെയ്യാനുള്ള പ്രവണതയുമുണ്ടായിരുന്നു. 'മരണനിഴൽതാഴ്‌വര'യിൽ എവിടെയോ ഖനന പ്രവൃത്തി നടത്തുന്ന ഒരു കമ്പനിയിലെ മുതൽ മുടക്കിൽ നിന്നു ലഭിച്ച വലിയൊരു തുക അവൻെറ ഭാര്യ സ്ത്രീധനമായി കൊണ്ടുവന്നു. ഖനികൾ വലിയ ഒരു ധനാഗമമാർഗ്ഗമായിരുന്നു. അഹങ്കാരത്തിൻെറ മാതാപിതാക്കളായ

www.malankaralibrary.com

ശ്രീമാൻ 'ഉദ്ധതനും' ശ്രീമതി 'ധിക്കാരിയും' വരുമാനം ഉണ്ടാക്കിയിരുന്നത് അവയിൽ നിന്നായിരുന്നു.

അസാധാരണമായി തോന്നിയേക്കാമെങ്കിലും, ശ്രീമതി ദുശ്ശകുനത്തിന്റെ ഭവനത്തിൽ വളർന്ന ദരിദ്രയും അനാഥയും വികലാംഗയുമായ ഭീതയായിരുന്നു ഗർവ്വിഷ്ഠയുടെ കുട്ടിക്കാലത്തെ പ്രധാനകൂട്ടുകാരി. ഭീതയും അവളുടെ ബന്ധുക്കളായ വിഷാദിനിയും ദ്രോഹിണിയും ഹീനഭീതിയും ഗർവ്വിഷ്ഠയുടെ സഹപാഠികളായിരുന്നു. ദുശ്ശകുനകുടുംബത്തിലെ വിഷാദിനിയുടെ സൗന്ദര്യത്തിലും ദ്രോഹിണിയുടെ സാമർത്ഥ്യത്തിലും അസൂയതോന്നുകയും ഹീനഭീതിയുടെ ഭീഷണിയെ വെറുക്കുകയും ചെയ്തിരുന്നതുകൊണ്ട് അവൾക്ക് അവരോട് ഒട്ടും താത്പര്യം തോന്നിയില്ല. ഇവർ മൂവരും അവളിൽ അപകർഷബോധം ഉളവാക്കിയപ്പോൾ ഭീത അവൾക്ക് ആവശ്യമായിരുന്ന സാന്ത്വനത്തിന്റെയും ആശ്വാസത്തിന്റെയും ഉൽക്കർഷബോധം നല്കി. ഇതായിരന്നു ആ അസാധാരണ സൗഹൃദത്തിന്റെ അടിസ്ഥാനം. ഭീത വികൃതയും വികലാംഗയും മാത്രമായിരുന്നില്ല, പഠനത്തിലും മോശമായിരുന്നു. അതുകൊണ്ട് അവൾതന്നെ മറികടക്കുമെന്നു ഭയപ്പെടേണ്ട ആവശ്യം ഗർവ്വിഷ്ഠയ്ക്കില്ലായിരുന്നു. വലിയ സമ്പത്തിന്റെ അവകാശിനിയും മോടിയുള്ള വസ്ത്രങ്ങളുടെ ഉടമയും ചെലവാക്കാൻ എത്രവേണമെങ്കിലും പണം കയ്‌വശമുള്ളവളുമായിരുന്നതിനാൽ മറ്റുള്ള ആൺകുട്ടികളും പെൺകുട്ടികളും ഗർവ്വിഷ്ഠയെ പൊതുവെ വെറുത്തിരുന്നു. അതുകൊണ്ട് ഭീതയുടെ നന്ദിയും ആരാധനയും നിറഞ്ഞ ആദരവ് അവളുടെ ആത്മാഭിമാനത്തിനു സുഗന്ധതൈലമായി ഭവിച്ചു. അങ്ങനെ സ്നേഹിതരില്ലാത്ത അവസ്ഥ അവൾക്ക് ഒരുഭാരമായി തോന്നിയില്ല.

സ്ക്കൂൾ ജീവിതം അവസാനിക്കുകയും ഭീത ഇടയന്റെ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തശേഷവും അവരുടെ സുഹൃദ്ബന്ധത്തിന് ഉലച്ചിൽ തട്ടിയില്ല. സ്ക്കൂൾ ജീവിതകാലം മുതൽ അഹങ്കാരത്തിന്റെ മാതാപിതാക്കൾ ഗർവ്വിഷ്ഠയുമായുള്ള അവന്റെ വിവാഹാലോചന പരിഗണിച്ചിരുന്നുവെങ്കിലും അവൻ അതിൽ വലിയ താത്പര്യം കാണിക്കാതെ അവളെ അവഗണിച്ചു. അത് അവൾക്കു വളരെ മനഃക്ലേശത്തിനു കാരണമായി. അവൻ മറ്റു പെൺകുട്ടികളുമായി സല്ലപിക്കുന്നതു കണ്ട് അവളുടെ വികാരങ്ങൾ മുറിപ്പെട്ടു. ഈ അവസ്ഥയിൽ ഭീതയ്ക്കുവേണ്ടി നിലകൊള്ളുവാൻ അവൾ പ്രത്യേകതാത്പര്യം

www.malankaralibrary.com

കാണിച്ചു. ഭീതയുടെ ഭയങ്കരന്മാരായ ബന്ധുക്കളാണ് അവളെ ഇടയൻെറ സേവനത്തിലേയ്ക്കു തള്ളിവിട്ടതെന്നും അങ്ങനെയുള്ളവരുടെ ഇടയിൽ നിന്ന് കഴിയുന്നത്ര വേഗം രക്ഷപ്പെട്ടതിൽ ആർക്കും അവളെ കുറ്റപ്പെടുത്താൻ കഴിയുകയില്ലെന്നും വാദിക്കുക തൻെറ ആത്മാഭിമാനം നിലനിർത്താൻ ഒരു മാർഗ്ഗമായി അവൾ കണ്ടു.

ഇടയൻെറകൂടെ ഉന്നതങ്ങളിലേക്കുപോയ ഭീതയെ തിരിച്ചുകൊണ്ടുവരുവാൻ പോയപ്പോഴും അഹങ്കാരം ഗർവ്വിഷ്ഠയുമായി വിവാഹവാഗ്ദാനമൊന്നും നടത്തിയിരുന്നില്ല. ലക്ഷ്യം സാധിക്കാതെ അംഗവൈകല്യവും മുഖത്തു പാടുകളുമുള്ളവനായി തിരിച്ചുവന്നപ്പോൾ ഗർവ്വിഷ്ഠ വളരെക്കാലമായി കാത്തിരുന്ന വിവാഹത്തിന് അവൻ തയ്യാറായി. ഭീതയോടുള്ള സൗഹൃദത്തിനും പക്ഷം പിടിക്കലിനും വേണ്ടതുപോലെ പ്രതിഫലം ലഭിച്ചുവെന്ന് ഗർവ്വിഷ്ഠ സ്വാഗതമായി പറഞ്ഞു. എങ്കിലും അഹങ്കാരത്തിൻെറ പതനത്തിനു കാരണക്കാരിയായ ഭീതയോടുള്ള സൗഹൃദത്തെപ്പറ്റി അയാളോടു പറയത്തക്ക അവിവേകം ഭാര്യയെന്ന നിലയിൽ സ്വാഭാവികമായും അവൾ കാണിച്ചില്ല. ഭീത താഴ്വരയിൽ ഇല്ലാത്ത സ്ഥിതിക്ക് അങ്ങനെ ചെയ്യേണ്ട ആവശ്യവുമില്ലായിരുന്നു. എന്നിരുന്നാലും, അവൾ പുതിയൊരു പേരോടുകൂടി മുടന്തോ വൈരൂപ്യമോ ഇല്ലാതെ രാജകീയ പ്രൗഢിയുള്ള സേവികമാരുടെ അകമ്പടിയോടെ തിരിച്ചുവന്നപ്പോൾ ഗർവ്വിഷ്ഠ വിഷമത്തിലായി. കൃപാമഹത്വം അവരുടെ സൗഹാർദ്ദം നിലനിർത്താൻ വളരെ പണിപ്പെട്ടിരുന്നില്ലെങ്കിൽ ആ സ്നേഹബന്ധം അറ്റുപോകുമായിരുന്നു. എന്നാൽ യാതൊരു ഭാവഭേദവുംകാണിക്കാതെ അവൾ ഉടൻതന്നെ തൻെറ സ്നേഹിതയെ അന്വേഷിക്കുകയും അവളുടെ എല്ലാക്കാര്യങ്ങളിലും സ്നേഹത്തോടെ താത്പര്യം കാണിക്കുകയും ചെയ്തതിനാൽ ഗർവ്വിഷ്ഠയ്ക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.

''അവൾ മുമ്പത്തേക്കാൾ കാര്യമായി മെച്ചപ്പെട്ടിരിക്കാമെന്നതു ശരി''- ഗർവ്വിഷ്ഠ ആത്മഗതം ചെയ്തു. ''എന്നാൽ എൻെറ സ്ഥിതി തികച്ചും ഭദ്രമാണ്: എൻെറ ഭർത്താവ്, ഓമനകളായ കുഞ്ഞുങ്ങൾ, മനോഹരമായ വീട്, ധാരാളം സമ്പത്ത്എല്ലാമുണ്ട്. എൻെറ ഭർത്താവാണെങ്കിൽ വളരെയേറെ സ്വത്തിന് അവകാശി! എൻെറ സ്നേഹിതയുടെ ഭാഗ്യത്തിൽ ഞാൻ എന്തിന് അസൂയപ്പെടണം? ഈ സ്നേഹബന്ധം തീർച്ചയായും എൻെറ ഭർത്താവിൻെറ മുമ്പിൽ ഞാൻ പ്രകടിപ്പിക്കരുത്.

www.malankaralibrary.com

കൃപാമഹത്വവും അങ്ങനെ ചെയ്യാതിരിക്കാനുള്ള വിവേകം കാണിക്കും. അഹങ്കാരത്തിൻെറ അനുഭവം വച്ചുനോക്കുമ്പോൾ അനാവശ്യമായി ഇടയൻെറ സുഹൃത്തുക്കളുടെ ശത്രുതസമ്പാദിക്കാതെ അവരോട് ഇണങ്ങിപോകുന്നതാണു നല്ലത്.''

കൃപാമഹത്വവുമായുള്ള സ്നേഹബന്ധം തുടരുന്നത് ആദ്യം വിചാരിച്ചപോലെ അത്ര എളുപ്പവും ലളിതവുമല്ലെന്ന് ഗർവ്വിഷ്ഠ മനസ്സിലാക്കി തുടങ്ങി. അവരുടെ ലൗകികപദവികളിലുള്ള വ്യത്യാസം പരിഗണിക്കുമ്പോൾ, അസാധാരണമായി തോന്നാമെങ്കിലും, അപകർഷവും അസൂയയും തോന്നാതിരിക്കാൻവയ്യ. കൃപാമഹത്വത്തിന് ആ താഴ്‌വരയിൽ സ്വന്തമായൊരു വീടില്ല, ഭർത്താവില്ല, മക്കളും പദവിയുമില്ല. എന്നിരുന്നാലും രണ്ടു രാജകീയ പരിചാരികമാരാൽ ശുശ്രൂഷിക്കപ്പെട്ട്, ആവശ്യങ്ങളെല്ലാം സാധിച്ച്, പൂർണ്ണസ്വാതന്ത്ര്യവും സ്വാശ്രയത്വവും അനുഭവിച്ച്, അവൾ ഒരു രാജ്ഞിയെപ്പോലെ ജീവിക്കുന്നു. അവൾക്ക് മറ്റുള്ളവരുടെ മേലുള്ള സ്വാധീനശക്തി അസാധാരണമാംവിധം വർദ്ധിച്ചുവരുന്നു. അവളുടെ അമ്മായിക്കും ബന്ധുക്കൾക്കും അവളോടുള്ള മനോഭാവത്തിലും ആകെ മാറ്റം വന്നിരിക്കുന്നു-മുമ്പ് അവർ അവളെ എത്രമാത്രം വെറുത്തിരുന്നുവോ അത്രമാത്രം അവർ ഇപ്പോൾ അവളെ സ്നേഹിക്കുന്നു! ഇതിനുപുറമേ, ഭീരുത്തറവാട്ടിലെ അവളുടെ ബന്ധുക്കളിൽ വളരെയേറെപ്പേർ ഇടയൻെറ സേവനത്തിൽ പ്രവേശിക്കുകയുമാണ്! ഇടയനുമായുള്ള ബന്ധംമൂലം അവൾക്കു ലഭിച്ച സ്വാധീനവും ശക്തിയും കൊണ്ട് താഴ്‌വരയിലെ അനേകർ ഇടയൻെറ സേവനത്തിൽ പ്രവേശിച്ചുകഴിഞ്ഞു. ഇതു ഗർവ്വിഷ്ഠയ്ക്ക് അരോചകമായി തോന്നി. കാരണം ഇടനാണ് അവളുടെ ഭർത്താവിനെ തരംതാഴ്ത്തിയത്; ഭീരുവംശജർ എല്ലാംതന്നെ വളരെക്കാലം വെറുത്തിരുന്ന ഇടയനെ അവർ ഇപ്പോൾ ഒരു രാജാവിനെപ്പോലെ സ്വീകരിച്ചിരിക്കുന്നു! ഭീരുപ്രഭുവിൻെറ ബന്ധുക്കളെങ്കിലും അത്രസമ്പന്നരല്ലാത്ത ശ്രീമതി ദുശ്ശകുനത്തിൻെറ കുടുംബം മാത്രമല്ല ഇപ്രകാരം ചെയ്തത്. ഉദാഹരണമായി, ഇടയൻെറ അനുയായിയാകാൻ വേണ്ടി തിക്തത അഭിവൃദ്ധികരമായ തൻെറ ഹോട്ടൽ നിറുത്തുകയാണ്. അതുപോലെതന്നെ നീരസം തൻെറ ബാങ്കു മാനേജർ സ്ഥാനം രാജിവയ്ക്കാനുള്ള ആഗ്രഹം അറിയിച്ചിരിക്കുന്നു. കാരണം ബാങ്ക് ഇടപാടുകാരിൽ അനേകരെ സമ്പന്നരാക്കിയ 'മരണത്താഴ്‌വര'യിലുള്ള ഖനികളിലെ മുതൽമുടക്കിനെപ്പറ്റി അനാവശ്യമായ മനഃസാക്ഷിപ്രശ്നങ്ങൾ ഇടയൻ അവനിൽ ഉണർത്തിയിരിക്കുന്നു!

www.malankaralibrary.com

'ആത്മാനുകമ്പ'യും അവൻെറ വിഡ്ഢിയായ ഭാര്യ 'നിസ്സഹായ'യും ഇടയനുവേണ്ടി ജോലി ചെയ്യുന്നതിൽ ആനന്ദം കണ്ടെത്തുന്നു! അതിനു മുപരി താഴ്വരയിലെ അപ്രധാനികളായ അനേകം പൗരന്മാരും അങ്ങനെ ചെയ്യുന്നതായി കിംവദന്തിയുമുണ്ട്. ഇതിനൊക്കെ മകുടം ചാർത്തുമാറ് കൃപാമഹത്വത്തിന് അവരുടെ ഇടയിൽ സ്വാധീനവും അധികാരവുമുള്ള പദവിയുമുണ്ട്. അഹങ്കാരത്തിൻെറ ഭാര്യയും ശ്രീമാൻ ഉദ്ധതൻെറ മരുമകളുമായ ഗർവ്വിഷ്ഠയ്ക്ക് ഇതൊന്നും ലഭിച്ചിരുന്നില്ല!

കൃപാമഹത്വത്തോടുള്ള സൗഹൃദം അവസാനിപ്പിക്കുകയും അവളേയും അവളുടെ സുഹൃത്തുക്കളേയും കാണുമ്പോൾ തന്നിൽ വർദ്ധിച്ചുവരുന്ന അപകർഷബോധത്തിൽനിന്ന് എന്നന്നേയ്ക്കുമായി രക്ഷപ്പെടുകയുമല്ലേ അഭികാമ്യമെന്ന് ഗർവ്വിഷ്ഠ ചിന്തിച്ചുതുടങ്ങി. തൻെറ സ്നേഹിതയെ ഉപേക്ഷിക്കുകയും അങ്ങനെ ഇടയനുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിച്ച് അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളെപ്പറ്റി പരിപൂർണ്ണ നിസ്സംഗത പുലർത്തുകയും ചെയ്യണമോ അതോ, സൗഹാർദ്ദം തുടരുകയും അങ്ങനെ ഒരിക്കൽ തൻെറ രക്ഷാധികാരത്തിലും നേതൃത്വത്തിലുമായിരുന്ന അവൾ തന്നെ പൂർണ്ണമായും പിന്നിലാക്കിയിരിക്കുന്നുവെന്ന വസ്തുത അംഗീകരിക്കുകയും ചെയ്യണമോ?

വിചിത്രമെന്നു പറയട്ടെ, ഗർവ്വിഷ്ഠ രണ്ടാമത്തെ മാർഗ്ഗമാണു സ്വീകരിച്ചത്. എന്തുകൊണ്ടാണെന്നു പറയാനാവില്ല. ഒന്നുമാത്രം പറയാം: പഴയ ഭീതയെ സ്നേഹിച്ചിരുന്നതിനെക്കാൾ കൂടുതലായി കൃപാമഹത്വത്തെ അവൾ സ്നേഹിക്കുന്നു. ആ ബന്ധത്തിൽനിന്ന് വേർപിരിയാനും അവൾക്കു സാധ്യമല്ല. അത് അവൾ സ്വയം സമ്മതിച്ചപ്പോൾ ഒരുകാര്യം കൂടി ബോധ്യപ്പെട്ടു: മനസ്സിൻെറ അടിത്തട്ടിൽ കൃപാമഹത്വത്തോട് അവൾക്ക് അസൂയതോന്നിയിരുന്നു. മാത്രമല്ല, അവൾ കണ്ടെത്തിയതു കാണാനും ഇടയനെപ്പറ്റി കൂടുതൽ അറിയാനുമുള്ള ആഗ്രഹവും അവൾക്ക് ഉണ്ടായിരുന്നു. ഇക്കാര്യം മറ്റാരോടും തുറന്നു പറയാൻ അവൾക്കു കഴിഞ്ഞില്ല. എന്നാൽ അവൾ രഹസ്യമായി ഇങ്ങനെ തീരുമാനിച്ചു. അവളിൽ അപകർഷവും അസൂയയും ഉളവാക്കിയ വ്യക്തിയോടുള്ള സ്നേഹം അവൾ ഉപേക്ഷിക്കുകയില്ല. ഈ തീരുമാനമെടുത്ത് അധികം കഴിയുന്നതിനുമുമ്പ് ഗർവ്വിഷ്ഠ തൻെറ ഭർത്താവിൽ ഒരു മാറ്റം ദർശിച്ചു. അവൻ കൂടുതൽ ചിന്താധീനനും നിശ്ശബ്ദനും ഏതോ ഹൃദയഭാരം പേറുന്നവനുമായി കാണപ്പെട്ടു. ഉത്ക്കണ്ഠയോ മന:

www.malankaralibrary.com

ക്ലേശമോ എന്നു പറയുക എളുപ്പമായിരുന്നില്ല. അവൻ ആ രഹസ്യം അവളോട് പറഞ്ഞതുമില്ല. അവളുടെ ജിജ്ഞാസ നിറഞ്ഞ ചോദ്യങ്ങളെ ചിരിച്ചുതള്ളിക്കൊണ്ട് അവൻ അപ്പോഴും ചിന്തയിൽ മുഴുകികഴിഞ്ഞു.

ഒരു പ്രഭാതത്തിൽ പതിവിലും നേരത്തെ പ്രഭാതഭക്ഷണത്തിനു അവർ ഊൺമുറിയിലെത്തി. കാരണം തനിക്കു വിനാശനഗരം സന്ദർശിക്കാൻ നേരത്തെ പുറപ്പെടണമെന്ന് അഹങ്കാരം തലേദിവസം വൈകുന്നേരം അറിയിച്ചിരുന്നു. ബാങ്കുമാനേജർ സ്ഥാനത്തുനിന്നു വിരമിക്കുന്ന ബന്ധുവായ നീരസം ആ സായാഹ്നത്തിൽ അവനെ സന്ദർശിക്കുകയും രണ്ടുപേരും കുറച്ചുസമയം രഹസ്യസംഭാഷണം നടത്തുകയും ചെയ്തിരുന്നു. ആ സന്ദർശനത്തിനു കച്ചവടത്തിലെ എന്തെങ്കിലും കുഴപ്പവുമായി ബന്ധമുണ്ടെന്നു ഗർവ്വിഷ്ഠ സംശയിച്ചു. കാരണം അതിനുശേഷം അഹങ്കാരം വളരെ കോപിഷ്ടനായി കാണപ്പെട്ടു. ഭർത്താവിന്റെ ധൂർത്തിനെപ്പറ്റി അവൾക്കറിയാമായിരുന്നു. ബാങ്കിൽനിന്നു വൻതുക കടമെടുത്തിരിക്കാമെന്ന് അവൾക്കുസംശയം തോന്നി. എന്നാൽ അവളുടെ സ്വത്ത് അവരുടെ ആവശ്യങ്ങൾക്ക് മതിയാകുമെന്ന് അവൾ മനസ്സിലാക്കിയിരുന്നു. അത് അവളുടെ അധീനത്തിലായിരുന്നതിനാൽ അവന്റെ അനാവശ്യച്ചെലവു നിയന്ത്രിക്കാമെന്നും അവൾ അറിഞ്ഞിരുന്നു. അതിനാൽ അവൾക്ക് ഒട്ടും ഭയം തോന്നിയില്ല.

പിറ്റേന്നു രാവിലെ അവൾക്കു ഭർത്താവിനോടു പറയേണ്ടിയിരുന്ന വാർത്ത - പാൽക്കാരൻ കൊണ്ടുവന്ന വിവരം - തലേരാത്രിയിലെ ഭർത്താവിന്റെ കോപഭാവത്തെപ്പറ്റിയുള്ള ഓർമ്മ അവളുടെ മനസ്സിൽ നിന്ന് തുടച്ചുനീക്കി.

പ്രഭാതഭക്ഷണത്തിന് അവൻ മുറിയിൽ കടന്നയുടനെ അവൾ പറഞ്ഞു: "അഹങ്കാരം," "കഴിഞ്ഞരാത്രി എന്തുസംഭവിച്ചുവെന്നറിയാമോ? പാൽക്കാരൻ ഇന്നുരാവിലെ കൊണ്ടുവന്ന വാർത്തയാണ്. ശ്രീമതി ആവലാതിയുടെ ഹോട്ടൽ നിശ്ശേഷം കത്തിനശിച്ചിരിക്കുന്നു. യാതൊന്നും ശേഷിച്ചിട്ടില്ലെന്നാണു കേട്ടത്. ഇടയനെ പിൻതുടരാൻവേണ്ടി തിക്തത കച്ചവടത്തിലെ പങ്ക് ഉപേക്ഷിച്ചപ്പോൾ ആവലാതി നിയമിച്ച പുതിയ മാനേജർ, 'കുശാഗ്രബുദ്ധി', താഴത്തെ നിലയിലുള്ള തന്റെ മുറിയിലിരുന്നു കുടിച്ചുകൊണ്ടിരുന്നപ്പോൾ എങ്ങനെയോ ആ മുറിയിൽനിന്ന് തീ പിടുത്തം തുടങ്ങി. മുകളിലത്തെ നിലയിലെ ആളുകൾ

www.malankaralibrary.com

ഉണർന്നപ്പോൾ താഴത്തെ നിലയിൽ തീ ആളിപ്പടർന്നിരുന്നു. അവർക്കു ജാലകത്തിലൂടെ രക്ഷപ്പെടേണ്ടിവന്നു. അഗ്നിശമനയന്ത്രം എത്തിയപ്പോഴേക്ക് തീ നിയന്ത്രണാതീതമായിക്കഴിഞ്ഞിരുന്നു. പരിസരം മുഴുവൻ ആളിക്കത്തുകയായിരുന്നു. അവർക്കു ജീവനും കൊണ്ടു രക്ഷപെടാൻ ഭാഗ്യമുണ്ടായി. മറ്റുള്ളതെല്ലാം നഷ്ടപ്പെട്ടു – എല്ലാം! മക്കളെ രക്ഷിക്കാനുള്ള ശ്രമത്തിൽ ആവലാതിയുടെ മുഖത്തും കയ്കളിലും പൊള്ളലേറ്റെന്നാണ് ആളുകൾ പറയുന്നത്. മറ്റനേകർക്കും പരിക്കുപറ്റി. എത്ര ഭയങ്കര നഷ്ടം! ഹോട്ടലും പരിസരവും ഇൻഷൂർ ചെയ്തതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു !''

അസാധാരണമാംവിധം ഭയചകിതമായ മുഖത്തോടെ ഭാര്യയെ തുറിച്ചുനോക്കിക്കൊണ്ടിരുന്ന ഭർത്താവ് മന്ത്രിച്ചു: ''ആ സ്ഥലം ഇൻഷൂർ ചെയ്തതല്ലെന്ന് എനിക്കറിയാം. അതിൻെറ അർത്ഥം ആവലാതിക്കു സ്ഥലവും നഷ്ടമായി എന്നാണ്. കുശാഗ്രബുദ്ധി എന്ന ആ മനുഷ്യൻ അവളുടെ സമ്പാദ്യം മുഴുവൻ ഉപയോഗിച്ച് ആ സ്ഥലം വിപുലീകരിച്ച് പൊളിച്ചു പണിയാനും നന്നാക്കാനും അവളെ പ്രേരിപ്പിച്ചു. കച്ചവടം നന്നായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നതിനാൽ ഈ പണിക്കുപറ്റിയ സമയം ഇതുതന്നെയെന്ന് അവൾ തീരുമാനിച്ചു. ചെലവേറിയ എല്ലാ പണികളും പൂർത്തിയാകുന്നതുവരെ അത് ഇൻഷൂർ ചെയ്യുകയില്ലെന്ന് അവൾ എന്നോടു പറഞ്ഞു. 'കുശാഗ്രബുദ്ധിക്ക്' എന്തു സംഭവിച്ചു?''

''ആർക്കും അറിയില്ല. അവൻെറ ഒരു പൊടിപോലും കാണാനില്ല. അവൻ കത്തിക്കരിഞ്ഞ നഷ്ടാവശിഷ്ടങ്ങളുടെ അടിയിൽ കിടക്കുകയാണോ, അതോ രക്ഷപ്പെട്ടോ എന്നു കൃത്യമായി ഇപ്പോഴും മനസ്സിലായിട്ടില്ല. എന്നാൽ അവരുടെ വിചാരം അവൻ രക്ഷപ്പെട്ടു എന്നാണ്. കാരണം അവൻെറ മുറിയിലെ സെയ്ഫ് തുറന്നുകിടന്നു, ശൂന്യമായ നിലയിൽ. എന്നും വൈകുന്നേരം പണം അതിൽ സൂക്ഷിക്കാൻ ആവലാതി അവനെ അനുവദിച്ചിരുന്നു. പിറ്റേ ദിവസമാണ് അവൾ അതു ബാങ്കിൽ നിക്ഷേപിച്ചിരുന്നത്. മറ്റെല്ലാവിധത്തിലും വളരെ കൗശലക്കാരിയായിരുന്നു അവൾ എന്നകാര്യം ചിന്തിക്കുമ്പോൾ അയാളെ അങ്ങനെ വിശ്വസിച്ചതു വിചിത്രമായി തോന്നുന്നു.''

തിക്തയുടെ പങ്കിന് എന്തു സംഭവിച്ചു, അഹങ്കാരം ? ഹോട്ടലിൻെറ പുതുക്കിപ്പണികൾക്ക് ഭർത്താവിൻെറ പണം അവൾ ഉപയോഗി

www.malankaralibrary.com

ച്ചിട്ടില്ല എന്നു ഞാൻ കരുതുന്നു.

''കച്ചവടത്തിനു മുടക്കിയ പണത്തിൻെറ മേലുള്ള സകല അവകാശവും അയാൾ ഉപേക്ഷിച്ചുവെന്നാണ് എൻെറ അറിവ്.'' അവളുടെ ഭർത്താവ് സ്വരം താഴ്ത്തിപ്പറഞ്ഞു. ''ആളുകളെ നശിപ്പിച്ചിട്ടു നേടിയ പണമാണതെന്നും അതിലൊരു പൈസപോലും കയ്കൊണ്ട് തൊടുകയില്ലെന്നുമാണ് അയാൾ പറഞ്ഞത്. അങ്ങനെ അതു മുഴുവൻ ആവലാതിക്കു ലഭിച്ചിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു.''

''അതവരുടെ സമ്പൂർണ്ണ നാശമാണ്.'' സഹതാപഭാവത്തിൽ ഗർവ്വിഷ്ഠ പറഞ്ഞു. പക്ഷേ പരിപൂർണ്ണ സാമ്പത്തിക ഭദ്രതയുള്ളവർ മറ്റുള്ളവരുടെ നാശത്തിൽ മുതലക്കണ്ണീർ പൊഴിക്കുന്നതുപോലെയായിരുന്നു അത്.

ഭർത്താവ് അവളെ വിചിത്രമായി ഒന്നുനോക്കി. അവൻെറ മുഖം വിളറിയിരുന്നു; കയ്കൾ വിറയ്ക്കുന്നുണ്ടായിരുന്നു. ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം അവൻ ഇത്രമാത്രം പറഞ്ഞു: ''തിക്തത മുമ്പേതന്നെ ഇടയൻെറ സേവനത്തിൽ പ്രവേശിച്ചത് എത്ര നന്നായി! ഏതായാലും അവർക്ക് ഒരു കിടപ്പാടമുണ്ടാകും; ജീവിക്കാൻ എന്തെങ്കിലും ഒരു മാർഗ്ഗവും. ഇടയൻ തന്നെ സഹായിക്കുന്നവർക്ക് ആവശ്യമുള്ളപ്പോൾ എല്ലാം ഉദാരമായി ഒരുക്കിക്കൊടുക്കും. ആവലാതി ഭർത്താവിൻെറ അഭിപ്രായത്തോടു യോജിച്ചു കച്ചവടം ഉപേക്ഷിക്കുകയും അങ്ങനെ ഈ പൂർണ്ണ നഷ്ടത്തിൽനിന്നു രക്ഷപ്പെടുകയും ചെയ്യാതിരുന്നത് എത്ര കഷ്ടമായിപ്പോയി.'' പരുഷവും വിചിത്രവുമായ ഒരു ചിരിയോടെ അഹങ്കാരം കൂട്ടിച്ചേർത്തു: ''വിധിയും സൗഭാഗ്യവും എപ്പോഴും ഇടയൻെറ അനുയായികളുടെ ഭാഗത്താണെന്നു തോന്നുന്നു, ദൗർഭാഗ്യം അദ്ദേഹത്തിൻെറ ശത്രുക്കളുടെയും.''

അവൻെറ ഭാര്യ ആശ്ചര്യത്തോടെ അവനെ നോക്കി. അവൻ മുമ്പൊക്കെ ഈ സ്വരത്തിൽ സംസാരിക്കുകയോ ഇടയനെപ്പറ്റി ഈ രീതിയിൽ പരാമർശിക്കുകയോ ചെയ്യുന്നത് അവൾ കേട്ടിട്ടില്ല. അവൾക്കൊന്നും പറയാൻ കഴിയുന്നതിനുമുമ്പേ, അപ്പോൾ എത്തിയ പ്രഭാതപത്രവുമായി വേലക്കാരി മുറിയിലേയ്ക്കു കടന്നുവന്നു. അസാധാരണമായി പേടിച്ചരണ്ട മുഖഭാവത്തോടെ അത് യജമാനൻെറ പാത്രത്തിനടുത്തുവച്ചിട്ട് അവൾ ഉടനെ സ്ഥലം വിട്ടു.

www.malankaralibrary.com

അഹങ്കാരം പത്രം തുറന്നു. മുൻപേജിൽ വലിയ കറുത്ത തലവാചകങ്ങൾ! തൻെറ ഭർത്താവ് വെളുത്തു വിളറുന്നത് ഗർവ്വിഷ്ഠ കണ്ടു: അവൻെറ മരവിച്ച കയ്കളിൽനിന്നു പത്രം താഴെവീണു. അവൻ മേശപ്പുറത്തേയ്ക്കു തളർന്നു വീഴുന്നതുകണ്ട് അവൾ വാവിട്ടുകരഞ്ഞു. ഉടൻ സഹായത്തിനായി മണിയടിച്ചിട്ട് ഭർത്താവിൻെറ അടുത്തേയ്ക്ക് അവൾ നീങ്ങി. നിലത്തുവീണുകിടന്ന പത്രത്തിലെ തലവാചകങ്ങൾ അവളുടെ കണ്ണിൽപ്പെട്ടു:

### ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വഞ്ചന
### മരണത്താഴ്‌വര ഖനികൾ ഒരു വൻതട്ടിപ്പ്

"വിനാശ നഗരത്തിലെ ബാങ്കുകളുടെ പൂർണ്ണ തകർച്ച..

മുതൽമുടക്കെല്ലാം പൂർണ്ണ നഷ്ടത്തിൽ.

പേടിച്ചരണ്ട കണ്ണുകളോടെ ഈ വാക്കുകൾ വായിച്ചപ്പോൾ, വിധിയുടെ ആഘാതങ്ങൾക്ക് അതീതയാണു താൻ എന്നു വിചാരിച്ചിരുന്ന ആ അവകാശിനി, ആവലാതിക്കു രാത്രിയിൽ സംഭവിച്ച പൂർണ്ണനാശം അവരേയും കീഴടക്കിക്കഴിഞ്ഞുവെന്നു മനസ്സിലാക്കി. അവൾക്കും അവളുടെ ഭർത്താവിനും ഭർത്താവിൻെറ മാതാപിതാക്കൾക്കുമുള്ള സമ്പാദ്യത്തിൽ ഓരോ പൈസയും ഈ ''വൻതട്ടിപ്പിലെ'' മുതൽ മുടക്കിൽ നിന്നാണെന്ന് അവൾക്ക് നന്നായി ബോധ്യപ്പെട്ടു. അവർക്കുള്ളതെല്ലാം ഒരു പൊട്ടിയ കുമിളപോലെ ഇല്ലാതായിരിക്കുന്നു!

അഹങ്കാരത്തിനു ബോധം തെളിഞ്ഞപ്പോൾ അവൻ ഭയവും ദുഃഖവും നിറഞ്ഞ ഒരു മാനസീകാവസ്ഥയിലായിരുന്നു. അവരെ തകർത്തുകളഞ്ഞ ഈ അത്യാഹിതത്തെപ്പറ്റി ആഴ്ചകൾക്കുമുമ്പുതന്നെ അയാൾ ഭയപ്പെട്ടിരുന്നെങ്കിലും നീരസം കൊണ്ടുവന്ന ഈ കിംവദന്തി അസത്യമായിരിക്കാമെന്നു നേരിയ പ്രത്യാശ വച്ചുപുലർത്തിയിരുന്നു. ഇപ്പോഴിതാ അടി തൻെറമേൽ വീണിരിക്കുന്നു. തനിക്കുള്ളതെല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞു. ഇനി തൻെറ ഭാര്യയേയും കുടുംബത്തേയും ഒന്നുമില്ലാത്ത മാതാപിതാക്കളെയും എങ്ങനെ സംരക്ഷിക്കുമെന്ന ചിന്ത അവനെ അലട്ടാൻ തുടങ്ങി. ജോലിചെയ്യാൻ അവൻ പഠിച്ചിരുന്നില്ല; തൊഴിലോ കച്ചവടമോ അവനു വശമില്ലായിരുന്നു. ഇക്കാലമത്രയും അല്ലലറിയാതെ ജീവിച്ച അവന് കഠിനാദ്ധ്വാനം അചിന്ത്യവുമായിരുന്നു. പുതിയതും ഭയാനകവുമായ ഈ സാഹചര്യത്തെ നേരിടാൻ താൻ തികച്ചും അപ്രാ

www.malankaralibrary.com

പ്തനാണെന്നും ജീവിതം വഴിമുട്ടിനില്ക്കുകയാണെന്നുമുള്ള പേടിപ്പിക്കുന്ന യാഥാർത്ഥ്യം അവനെ തുറിച്ചുനോക്കി. നിരാലംബരായ തന്റെ ഭാര്യയെയും കുട്ടികളെയുംപറ്റിയുള്ള ചിന്ത ആത്മഹത്യയിൽനിന്ന് അവനെ പിൻതിരിപ്പിച്ചു. എങ്കിലും അവരോടുകൂടെ താൻ ഉണ്ടായിരുന്നാലും അവർക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയുകയില്ലല്ലോ എന്നോർത്തു അവൻ വേദനിച്ചു. താൻ വിശ്വാസമർപ്പിച്ചിരുന്നതെല്ലാം തന്നിൽനിന്ന് പെട്ടെന്നു കവർന്നെടുക്കപ്പെട്ടിരിക്കുന്നു! ഈ ആഘാതത്തെ നേരിടാൻ താൻ അപഹാസ്യമാംവിധം അശക്തനും അപ്രാപ്തനുമാണെന്നു മനസ്സിലാക്കിയപ്പോൾ ജീവിച്ചിരിക്കുന്നതുതന്നെ അപമാനകരമായി അവനു തോന്നി.

സമ്പത്തു നല്കിയിരുന്ന സേവനവും സ്വസ്ഥതയും സന്തോഷവും നിഷേധിക്കപ്പെട്ടപ്പോൾ, ജീവിതത്തേയും അതിന്റെ ആവശ്യങ്ങളേയും അഭിമുഖീകരിക്കാൻ കഴിവില്ലെന്നു മനസ്സിലായപ്പോൾ, അവന്റെ ഭാര്യയായ ഗർവ്വിഷ്ഠയ്ക്കും അവനെപ്പോലെതന്നെ ഭയം തോന്നി. ഏതായാലും അവളുടെ പ്രതികരണം ഭർത്താവിന്റേതിൽനിന്നു വ്യത്യസ്തമായിരുന്നു. ഇടയനെപ്പറ്റി കൂടുതൽ അറിയാനുള്ള ആഗ്രഹംകൊണ്ട് - അതവൾ സ്വയം സമ്മതിച്ചിരുന്നല്ലോ- കൃപാമഹത്വത്തെ തുടർന്നു സ്നേഹിക്കാൻ ഏതാനും ദിവസങ്ങൾക്കുമുമ്പ് അവൾക്കുണ്ടായ ഉൾപ്രേരണയാണ് ഈ വലിയ പ്രതിസന്ധിയിൽ അറ്റകൈയ്യന്ന നിലയിൽ ഇടയന്റെ സഹായമഭ്യർത്ഥിക്കാൻ അവളെ പ്രേരിപ്പിച്ചത്. അവസാനം അരഭ്രാന്തനായിത്തീർന്ന അവളുടെ ഭർത്താവ് അവളെ ശ്രവിക്കാൻ സന്നദ്ധനായപ്പോൾ, തങ്ങൾ ഇതുവരെ ആരെ നിന്ദിക്കുകയും നിരസിക്കുകയും ചെയ്തുവോ ആ വ്യക്തിയെത്തന്നെയാണ് ഈ വിനാശകാലത്തു സമീപിക്കേണ്ടതെന്ന് അവൾ നിർദ്ദേശിച്ചു. അഹങ്കാരത്തിന്റെ പ്രതികരണം ലജ്ജയുടെയും വേദനിപ്പിക്കുന്ന ഭീതിയുടേതുമായിരുന്നു.

"നീ എന്താണീ പറയുന്നത്?" ഭാര്യയുടെ നേരെ തിരിഞ്ഞ് അവൻ അലറി. "എങ്ങനെ നമുക്കിപ്പോൾ അദ്ദേഹത്തോടു താണുകേണപേക്ഷിക്കാൻ കഴിയും? നമ്മൾ ഇപ്പോൾ എല്ലാം നശിച്ച് അനാഥരായിരിക്കുന്ന സ്ഥിതിക്ക്, സമ്പന്നരും സുരക്ഷിതരുമായിരുന്ന ഇക്കാലമത്രയും അദ്ദേഹത്തെ പുച്ഛിച്ചതിനുശേഷം, എങ്ങനെയാണ് ഇപ്പോൾ അദ്ദേഹത്തിന്റെ സഹായത്തിനപേക്ഷിക്കുന്നത്? യാചകരെപ്പോലെ അദ്ദേഹത്തി

www.malankaralibrary.com

ൻെറ മുമ്പിൽ നക്കാപ്പിച്ചയ്ക്കുവേണ്ടി കേണപേക്ഷിക്കുകയും നിന്ദിച്ചാട്ടിയോടിക്കപ്പെടാൻ ഇടയാവുകയും ചെയ്യുന്ന മാനഹാനിയിൽനിന്നെങ്കിലും ചുരുങ്ങിയ പക്ഷം നമുക്കു രക്ഷപ്പെടണം!''

''നമ്മൾ ഇപ്പോൾ വെറും യാചകർ തന്നെ!'' ഗർവ്വിഷ്ഠ വിറയലോടെ പറഞ്ഞു. ''യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുകയും നമ്മുടെ യഥാർത്ഥ അവസ്ഥ അംഗീകരിക്കുകയും ചെയ്യുന്നതല്ലേ കൂടുതൽ മെച്ചം, അഹങ്കാരം? ഇടയൻ നമ്മെ സ്വീകരിക്കുകയും പ്രയോജനമുള്ള എന്തെങ്കിലും തൊഴിൽ - എത്ര നികൃഷ്ടമായാലും - പഠിപ്പിക്കുകയും ചെയ്യാത്ത പക്ഷം, നമുക്കു മറ്റ് എന്ത് പ്രതീക്ഷയാണുള്ളത്.''

അഹങ്കാരം മനോവേദനയോടെ ഞരങ്ങി. ''എനിക്കു ചെയ്യാൻ കഴിയുന്നതായി ഒന്നുമില്ല. ഈ ദാരുണമായ മഹാവിപത്ത് നമുക്കു സംഭവിച്ചാൽ സ്വീകരിക്കേണ്ട മാർഗ്ഗത്തെപ്പറ്റി ആഴ്ചകളോളം ഞാൻ ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്തു. എന്നാൽ ഒരു പരിഹാരമാർഗ്ഗവും കണ്ടില്ല. മരിക്കുകയല്ലാതെ എനിക്ക് ഒരു വഴിയുമില്ല. ഒരുപക്ഷേ അപ്പോൾ ഇടയൻ നിന്നെ സഹായിച്ചേക്കാം. എന്നാൽ എനിക്കുവേണ്ടി അദ്ദേഹം ഒന്നും ചെയ്യുകയില്ല. കാരണം ഇക്കാലമത്രയും അദ്ദേഹത്തിൻെറ ഏറ്റവും വലിയ ശത്രുവായിരുന്നു ഞാൻ.''

അപ്പോൾ ശാന്തവും ആജ്ഞാശക്തിയുമുള്ള ഒരു സ്വരം കേട്ടു. ''അഹങ്കാരം, നീയും ഗർവ്വിഷ്ഠയും എന്നെ ശ്രവിക്കാൻ തയ്യാറാകുമോ?'' വേദനയുടെയും അധഃപതനത്തിൻെറയും നടുവിൽ നിന്നുകൊണ്ടു മുകളിലേയ്ക്കു നോക്കിയപ്പോൾ മുറിയിൽ അവരുടെ അടുത്ത് ഇടയൻ നിൽക്കുന്നതായി അവർ കണ്ടു. അദ്ദേഹത്തിൻെറ മുഖം ഗൗരവമുള്ളതും ശബ്ദം ശക്തവുമായിരുന്നു. എന്നാൽ അതിൽ അനുകമ്പയുടെ ലാഞ്ഛനയുണ്ടായിരുന്നു. രണ്ടുപേരും അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ വിറയ്ക്കുകയും തളർന്നു പാദത്തിൽ വീഴുകയും ചെയ്തു. എങ്കിലും ഹൃദയത്തിൻെറ അടിത്തട്ടിൽ രണ്ടുപേർക്കും അവാച്യമായ സന്തോഷവും ആശ്വാസവും അനുഭവപ്പെട്ടു.

''അഹങ്കാരം, ഗർവ്വിഷ്ഠ,'' ആജ്ഞാശക്തിയുള്ള ആ ശാന്തസ്വരം തുടർന്നു, ''ജീവിതകാലം മുഴുവനും, നിങ്ങളുടെ പേരു സൂചിപ്പിക്കുന്നതുപോലെ നിങ്ങൾ മറ്റുള്ളവരുടെമേൽ അഹങ്കാരവും ഗർവ്വും പുലർത്തി

www.malankaralibrary.com

യിരുന്നു. എന്നാൽ നിങ്ങളുടെ ഈ സാങ്കൽപ്പികഗർവ്വ് എന്തിലടങ്ങിയിരിക്കുന്നു? മറ്റുള്ളവർക്കില്ലാത്ത സമ്പത്തും ആനുകൂല്യങ്ങളും നിങ്ങൾക്കുണ്ടായിരുന്നു എന്നതിലാണോ? നിങ്ങളുടെ യഥാർത്ഥ അവസ്ഥയിലേയ്ക്കു തിരിഞ്ഞുനോക്കാൻ നിങ്ങൾ ഒരിക്കൽപോലും കൂട്ടാക്കിയിട്ടില്ല. -നിങ്ങൾക്കു വലിയഭാവം നൽകിയിരുന്ന സമ്പാദ്യങ്ങളെല്ലാം നിങ്ങളിൽനിന്ന് എടുക്കപ്പെട്ടിരിക്കുന്ന സ്ഥിതിയ്ക്കു നിങ്ങളുടെ ഗർവ്വ് എവിടെ ? എന്തിനെപ്പറ്റിയാണു നിങ്ങൾ ഇപ്പോൾ അഹങ്കരിക്കുക? ഹൃദയശാന്തതയും എളിമയുമുള്ള എന്നിൽനിന്ന് പഠിക്കുവാനും നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം നേടാനും അവസാനം നിങ്ങൾ ഒരുക്കമാണോ? കാരണം എളിമയെന്നത് നിങ്ങൾ ആയിരിക്കുന്നതുപോലെ നിങ്ങളെ കാണുകയാണ്; ശാന്തതയാകട്ടെ നിങ്ങളെപ്പറ്റിയുള്ള ആ സത്യം സമ്മതിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയുമത്രേ.''

രണ്ടുപേരും അദ്ദേഹത്തിൻെറ മുമ്പിൽ തലകുനിച്ചു നിശ്ശബ്ദരായി നിന്നു. അതിനുശേഷം അഹങ്കാരം തേങ്ങലോടെ മന്ത്രിച്ചു: ''അങ്ങു പറഞ്ഞതു ശരിയാണ്, സർ! ഇതെല്ലാം സത്യമാണ്. എന്നാൽ എങ്ങനെ ഞങ്ങൾക്ക് അതിനു കഴിയും? എങ്ങനെ എനിക്കു കഴിയും? ഇക്കാലമത്രയും അഹങ്കാരത്തോടെ അങ്ങയെ തിരസ്ക്കരിച്ചതിനുശേഷം അങ്ങയുടെ സഹായമഭ്യർത്ഥിക്കാൻ ഇപ്പോൾ എങ്ങനെ കഴിയും?''

''നീ ഇപ്പോഴും ഒരു വിഡ്ഢിയാണോ, അഹങ്കാരം ?'' ഇടയൻ ചോദിച്ചു. ''സമ്പത്തുണ്ടായിരിക്കുകയും എന്നെക്കൂടാതെ ജീവിക്കാൻ കഴിയുമെന്നു ചിന്തിക്കുകയും ചെയ്തിരുന്ന ഇക്കാലമത്രയും എന്നെ തിരസ്ക്കരിച്ചതു വലിയ വിഡ്ഢിത്തമായിരുന്നു. നിങ്ങളുടെ നിസ്സഹായാവസ്ഥയും നിങ്ങൾക്കു സ്വന്തം നിലയ്ക്കു യാതൊന്നും ഇല്ലെന്നുള്ള വസ്തുതയും മനസ്സിലായ സ്ഥിതിക്ക് ഇനിയും എന്നെ നിരസിച്ചുകൊണ്ടിരിക്കുന്നത് വെറും ഭ്രാന്താണെന്നു മനസ്സിലാകുന്നില്ലേ? ഓ, മഠയനായ മനുഷ്യാ! ഇന്നല്ലെങ്കിൽ നാളെ ഓരോ മനുഷ്യാത്മാവും തന്നിൽതന്നെ ഒന്നുമല്ലെന്നും പൂർണ്ണമായി എന്നെ ആശ്രയിച്ചിരിക്കുന്നുവെന്നും ബോധ്യപ്പെടുന്ന വിധത്തിലാണ് ഈ ലോകവും ലൗകിക ജീവിതവും ക്രമപ്പെടുത്തിയിരിക്കുന്നതെന്നു നീ മനസ്സിലാക്കുന്നില്ലേ? ലൗകിക സമ്പത്തുണ്ടായിരുന്നപ്പോൾ നീ ഈ സത്യം മനസ്സിലാക്കാൻ കൂട്ടാക്കിയില്ലെങ്കിൽ, അതു മനസ്സിലാക്കിത്തരാൻ സ്നേഹത്തിനു ചെയ്യാവുന്നത് ഒന്നേയുണ്ടായിരുന്നുള്ളൂ: നിൻെറ സമ്പാദ്യങ്ങളെല്ലാം നിന്നിൽനി

www.malankaralibrary.com

ന്നെടുത്ത്, നിന്നെ നഗ്നനും ശൂന്യനും നിസ്വനും സ്വന്തം അവസ്ഥ മനസ്സിലാക്കാൻ കഴിവുള്ളവനുമാക്കുക. അല്ലയോ അഹങ്കാരം ! ഗർവ്വിഷ്ഠ! സ്നേഹമാണ്, സ്നേഹം തന്നെയാണ്, നാശമെന്നു തോന്നുന്ന ഈ അവസ്ഥയിലേയ്ക്കു നിങ്ങളെ എത്തിച്ചത്. സത്യത്തെ നിങ്ങളിൽനിന്നു മറയ്ക്കാൻവേണ്ടി നിങ്ങൾ ഉയർത്തിയ മറയെ തട്ടിമറിച്ചു വലിച്ചെറിയുന്നത് നാശമാണോ? നിങ്ങൾ അവസാനം സത്യത്തെ കണ്ടെത്തത്തക്ക വിധത്തിലാണു സ്നേഹത്തിൻെറ ക്രമീകരണം. നിങ്ങൾ എന്തായിരിക്കുന്നുവോ അതുപോലെ നിങ്ങളെത്തന്നെ കാണുക, അല്ലാതെ നിങ്ങളുടെ അന്ധമായ ഭാവനയിൽ സ്വയം നിറം പിടിപ്പിച്ച വിധത്തിലാകരുത്. എൻെറ സഹായവും കൃപയും തേടാൻ നിങ്ങൾ യോഗ്യരല്ലെന്ന കാരണത്താൽ അത് ഇനിയും നിങ്ങൾ നിരസിക്കുവാൻ തുടങ്ങുകയാണോ? ഒരു ഭ്രാന്തനായിരിക്കാനാണോ നീ മുതിരുന്നത്, അഹങ്കാരം? അതോ, ഞാൻ ആഗ്രഹിക്കുന്നതുപോലെ നിന്നെ ആക്കിത്തീർക്കുവാൻ നീ നിന്നെതന്നെ എളിമപ്പെടുത്തുമോ?''

''സർ,'' അഹങ്കാരം വിറയലോടെ അപേക്ഷിച്ചു, ''സർ, ഞാൻ അതിനുവേണ്ടി അപേക്ഷിച്ചാൽ എന്നോടു ക്ഷമിക്കണം. എന്നെപ്പോലെ നിസ്സഹായനും നിന്ദ്യനുമായ ഒരുവനുവേണ്ടി എന്തെങ്കിലും ചെയ്യാൻ യഥാർത്ഥത്തിൽ അങ്ങേയ്ക്കു കഴിയുമോ?''

''ഞാൻ നിന്നെ സൃഷ്ടിച്ചപ്പോൾ നീ എന്തായിത്തീരണമെന്ന് ഉദ്ദേശിച്ചുവോ നിന്നെ അതാക്കിത്തീർക്കാൻ എനിക്കു കഴിയും. നീ ഹൃദയശാന്തതയും എളിമയുമുള്ളവനായിരിക്കുകയും എന്നെപ്പറ്റി പഠിക്കുകയും ചെയ്യുന്നെങ്കിൽ, നിനക്കു ലഭിച്ചിട്ടുള്ള എല്ലാ നന്മകളും നേട്ടങ്ങളും ആനുകൂല്യങ്ങളും എൻെറ മഹത്വത്തിനുവേണ്ടി എങ്ങനെ ഉപയോഗിക്കാമെന്നു നിന്നെ ഞാൻ പഠിപ്പിക്കാം. എന്നാൽ ഒന്നും ഇല്ലാത്ത അവസ്ഥയിൽത്തന്നെ തുടക്കം കുറിക്കാൻ നീ സന്നദ്ധനാകണം; നിൻെറ ജീവിതത്തിൽ നീ വിലമതിച്ചിരുന്നതിൻെറയെല്ലാം നഷ്ടം എൻെറ കയ്യിൽനിന്ന് ഏറ്റുവാങ്ങുകയും പകരം നീ നിന്ദിച്ചിരുന്ന- ലോകം നിന്ദ്യമായികരുതുന്ന താഴ്ന്ന പദവി, ദാരിദ്ര്യം, ഹീനത്വം എന്നിവ സ്വീകരിക്കുകയും ചെയ്യാൻ നീ തയ്യാറാകണം. മൂല്യങ്ങളുടെ പുതിയ മാനദണ്ഡങ്ങളെപ്പറ്റി നീ പഠിക്കുകയും നിനക്കുവേണ്ടി ഞാൻ തിരഞ്ഞെടുക്കുന്നതിനോടു നിൻെറ ആഗ്രഹങ്ങളെ പൊരുത്തപ്പെടുത്തുകയും വേണം. ഇത് പ്രയാസമാണ്, അഹങ്കാരം .എന്നാൽ നിൻെറ ജീവി

www.malankaralibrary.com

തകാലം മുഴുവൻ നീ സ്വീകരിക്കാൻ വിസമ്മതിച്ച സത്യമാണത്.''

അദ്ദേഹം സംസാരം നിറുത്തിയപ്പോൾ മുറിയിൽ നിശ്ശബ്ദത പരന്നു. ഇത്രയും കാലം സ്നേഹനാഥനെ വെറുക്കുകയും ചെറുക്കുകയും തന്റെ എതിർപ്പുമൂലം മുടന്തനായി നാശത്തിലേയ്ക്കു നീങ്ങുകയും ചെയ്ത ആ മനുഷ്യനും, ഭർത്താവിനെപ്പോലെ താൻ ആയിരിക്കുന്ന അവസ്ഥയിൽ സ്വയം കാണാൻ വിസമ്മതിച്ച ആ സ്ത്രീയും തങ്ങളെപ്പറ്റിയുള്ള സത്യം അംഗീകരിക്കണമോ നിരാകരിക്കണമോ എന്ന ചിന്താക്കുഴപ്പത്തിൽപ്പെട്ടു നിശ്ശബ്ദരായിരുന്നു.

പിന്നെ ഗർവ്വിഷ്ഠ എഴുന്നേറ്റ്, ഭർത്താവിന്റെ അടുത്തുപോയി കയ്പിടിച്ച് ഇടറിയ സ്വരത്തിൽ പറഞ്ഞു: ''നമ്മുടെ ജീവിതത്തിലെ വലിയൊരു അവസരമാണിത്. നമ്മൾ വിഡ്ഢികളായിരുന്നു. ഇന്നു മുതൽ നമുക്കു വിഡ്ഢിത്തങ്ങൾ അവസാനിപ്പിച്ചുകൂടേ? നമുക്ക് ഉള്ളതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു; നാം ജീവിക്കാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതുപോലെ ജീവിതംനയിക്കാൻ വേണ്ടി നമ്മെയുംകൂടി നഷ്ടപ്പെടുത്തുക എത്ര അനുഗ്രഹപ്രദം ! അദ്ദേഹത്തെപ്പോലെ ഹൃദയശാന്തതയും എളിമയും ഉള്ളവരായി നമ്മെ മാറ്റാമെന്ന് അദ്ദേഹം പറയുന്നു. 'ഗർവ്വിഷ്ഠ' ആയിരിക്കുന്നത് എനിക്ക് അങ്ങേയറ്റം പ്രയാസകരമാണ്. 'അഹങ്കാരം' ആയിരിക്കുന്നതിൽ നിങ്ങൾക്ക് പ്രയാസമില്ലേ?''

അപ്പോൾ അവളുടെ ഭർത്താവും എഴുന്നേറ്റു. രണ്ടുപേരും പോയി ഇടയന്റെ മുമ്പിൽ മുട്ടുകുത്തി ഇങ്ങനെ പറഞ്ഞു: ''സർ, ഞങ്ങൾ ഒന്നുമല്ല; ഞങ്ങൾ ദുരിതമനുഭവിക്കുന്ന യാചകരാണ്; അങ്ങയുടെ സഹായം അപേക്ഷിക്കുവാൻ യോഗ്യരല്ല. എന്നാൽ ഞങ്ങൾ ഇന്നു മുതൽ എന്നേയ്ക്കും അങ്ങയുടെ അടിമകളാണ്.''

ഇടയൻ നിസ്സീമമായ ദയാവായ്പ്പോടും സ്നേഹത്തോടുംകൂടി പറഞ്ഞു: ''എനിക്കധീനരായ ശാന്തതേ, ഹൃദയവിനീതേ, എന്നിൽനിന്നു പഠിക്കുക....നിങ്ങളുടെ ആത്മാക്കൾ വിശ്രമം കണ്ടെത്തും. കാരണം എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്.''

❀ ❀ ❀ ❀

www.malankaralibrary.com

## അദ്ധ്യായം - 16

# മീറഗിരി (ശാന്തത)

### സ്നേഹ സാമ്രാജ്യമാണ് സ്വർഗ്ഗം

രാജാവ് വളർത്തിയ മനോഹരമായ ശാന്തതയുടെ വൃക്ഷങ്ങൾ വളർന്നിരുന്ന സ്ഥലമായിരുന്നു മീറഗിരി. അദ്ദേഹത്തിനു പ്രത്യേകം താത്പര്യമുള്ള ഒരു സുഗന്ധദ്രവ്യം ആ വൃക്ഷങ്ങൾ ധാരാളമായി ഉത്പാദിപ്പിച്ചിരുന്നു. ഒൻപത് സുഗന്ധഗിരികളിൽ അവസാനത്തേതിനു തൊട്ടുമുമ്പുള്ള കൊടുമുടിയിലാണ് ഈ മരങ്ങൾ വളർന്നിരുന്നത്. മറ്റു താഴ്വരകളിലേക്കു നയിക്കുന്ന മലയിടുക്കുകൾ ഉണ്ടായിരുന്നെങ്കിലും ഈ ഒൻപതു പർവ്വതങ്ങൾചേർന്ന് അവമതീതാഴ്വരക്കുചുറ്റും ഉയരത്തിൽ ഉന്നതങ്ങളുടെ ഒരു വലയം സൃഷ്ടിച്ചിരുന്നു. രാജാവും അദ്ദേഹത്തിൻെറ സുഹൃത്തും ഈ എട്ടാമത്തെ പർവ്വതത്തിലെത്തിയപ്പോഴേക്കും മിക്കവാറും ആ വൃത്തം പൂർത്തിയാക്കിക്കഴിഞ്ഞു. അവർ യാത്ര പുറപ്പെട്ട മാതളപർവ്വതത്തിനും അവർക്കുമിടയിൽ ഇപ്പോൾ ശേഷിച്ചത് അകിൽ ഗിരി മാത്രമാണ്.

എല്ലാ പർവ്വതങ്ങളും വൈവിധ്യമാർന്നവയായിരുന്നെങ്കിലും മീറഗിരി മറ്റുള്ളവയിൽനിന്ന് ആശ്ചര്യകരമാംവിധം വ്യത്യസ്തമായിരുന്നു. ഈ പർവ്വതത്തിനു മാതള പർവ്വതത്തിനു മുമ്പിലുള്ള ഉയരംകുറഞ്ഞ കറുത്ത പർവ്വതത്തോടു രൂപസാദൃശ്യമുണ്ടായിരുന്നു. അതായത് കറുത്ത പർവ്വതത്തെക്കാൾ വളരെ ഉയരക്കൂടുതലുണ്ടായിരുന്നുവെങ്കിലും ഇതു പൂർണ്ണമായും ഒരു പിരമിഡുപോലെയായിരുന്നു. വാസ്തവത്തിൽ മറ്റ്

www.malankaralibrary.com

എട്ടു പർവ്വതങ്ങളെക്കാളും ഇതിന് ഉയരക്കൂടുതലുണ്ടായിരുന്നു. സ്നേഹവൃക്ഷങ്ങൾ വളർന്നിരുന്ന മാതളപർവ്വതം മാത്രമായിരുന്നു ഇതിനൊരപവാദം.

ശാന്തതയുടെ സുഗന്ധദ്രവ്യം തരുന്ന കുറ്റിച്ചെടികൾ ഈ പർവ്വതത്തിൻെറ സാനുക്കളെ അടിമുടി ആടയണിയിച്ചിരുന്നു. അവ മറ്റു പർവ്വതങ്ങളിലെ സുഗന്ധ വൃക്ഷങ്ങളിൽനിന്നു വ്യത്യസ്തമായിരുന്നു. ഉന്നതങ്ങളിലേക്കുള്ള യാത്രയിൽ മാറാ അരുവിയിലെ കയ്പുവെള്ളത്തെ അത്ഭുതകരമായി മാധുര്യമുള്ളതാക്കിത്തീർത്ത മുൾച്ചെടിയെപ്പറ്റി കൃപാമഹത്വത്തെ ഇവ ഓർമ്മപ്പെടുത്തി. ആ അരുവിയിൽനിന്ന് അവൾ കുടിക്കുകയും മുട്ടിന്മേൽനിന്നു തൻെറ ഹൃദയത്തെ ഭേദിക്കുവാൻ അവൾ സമ്മതിക്കുയും ചെയ്തിരുന്നല്ലോ. അവൾ ഇതു സൂചിപ്പിച്ചപ്പോൾ രാജാവു പറഞ്ഞു: "ആ അരുവിയുടെ അരികിൽ വളരുന്ന മുൾച്ചെടി ഒരു പ്രത്യേകതരം മീറാമരമാണ്. അവർ നിന്നിരുന്ന മലയിൽനിന്ന് അതിനെ ആ സാനുക്കളിൽ പറിച്ചുനട്ടതത്രേ. അതു മുരടിച്ച് അപൂർണ്ണമായ വിധത്തിലാണു വളരുന്നതെങ്കിലും അരുവിയിലെ അരുചികരവും കയ്പുള്ളതുമായ വെള്ളത്തെ മധുരതരമാക്കിയ അമൂല്യമായ അതേ സുഗന്ധദ്രവ്യം അതിൽ അടങ്ങിയിട്ടുണ്ട്."

ഇവിടെ വളരുന്ന എല്ലാ കുറ്റിച്ചെടികളും പൊക്കംകുറഞ്ഞവയും മുള്ളുനിറഞ്ഞവയുമാണെന്നും അവയ്ക്ക് ഇലകൾ തീരെ കുറവാണെന്നും അവൾ ശ്രദ്ധിച്ചു. എന്നിരുന്നാലും ഈ ഋതുവിൽ എല്ലാ കുറ്റിച്ചെടികളിലും മുകുളങ്ങൾ നിറയുകയും വിടരാൻ ഒരുങ്ങുകയും ചെയ്തിരിക്കുന്നു. കുറച്ചു സമയത്തിനുള്ളിൽ അവയെല്ലാം പുഷ്പങ്ങൾകൊണ്ടു നിറയുമെന്നു രാജാവു പറഞ്ഞു. പൂക്കാലത്ത് അവളെ വീണ്ടും ഈ പർവ്വതത്തിൽ കൊണ്ടുവരാമെന്നു രാജാവു വാഗ്ദാനം ചെയ്തു. രാജകീയമായ രക്തവർണ്ണമേലങ്കിയണിഞ്ഞതുപോലെ അപ്പോൾ ഈ പ്രദേശമെല്ലാം വെട്ടിത്തിളങ്ങും.

നീളമുള്ളതും കൂർത്തതുമായ ഓരോ മുള്ളിൻെറയും അഗ്രത്തിൽ മുകുളങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയപ്പോൾ രാജാവിൻെറ ജോലിക്കാരിൽ ഒരുസംഘം ചെടികൾക്കിടയിലൂടെ തിരക്കിട്ട് നടന്ന് ഓരോ ചെടിയുടെയും തടിയിൽ വെട്ടി മുറിവുണ്ടാക്കി. ആ മുറിവുകളിൽനിന്ന് ഒഴുകിയിരുന്ന വിലപിടിച്ച ശാന്തതയുടെ ദ്രവം ശ്രദ്ധയോടെ വച്ചിരുന്ന

www.malankaralibrary.com

പാത്രങ്ങളിൽ അവർ ശേഖരിച്ചു. ചെടികൾക്ക് ശരിക്കും പൂവണിയാൻ കഴിയുന്നതിനുമുമ്പേ അവ തങ്ങളെയും തങ്ങളുടെ ആന്തരിക നിധിയായ സൗരഭ്യമേറിയ പശയേയും അതു ശേഖരിക്കാൻ വരുന്നവർക്കു കൊടുക്കേണ്ടതുണ്ട്. മൂർച്ചയേറിയ കത്തികൾവഴി തങ്ങളുടെ ശരീരത്തിൽ മുറിവുകൾ ഉണ്ടാക്കപ്പെടുവാൻ അവ അനുവദിക്കുന്നു. സന്തോഷത്തോടെയുള്ള സ്വയംദാനത്തിലൂടെ നന്ദിപൂർവ്വം സ്വയം ശൂന്യവൽകരിക്കുവാൻ ഈ മുറിവുകൾ അവയെ പ്രാപ്തരാക്കുന്നു.

കുറ്റിച്ചെടികളെയെല്ലാം കത്തികൊണ്ടു വെട്ടിക്കൊണ്ടിരുന്നപ്പോൾ രാജാവിൻെറ വേലക്കാർ ഇങ്ങനെ പാടി:

*മുറിവുണ്ടാക്കുന്ന കത്തിയെ ഭയപ്പെടരുത്*
*വേദനകൊണ്ടു ചുളുങ്ങിപ്പോകരുത്*
*ജീവൻെറ അരുണാഭബിന്ദുക്കൾ*
*രക്തമഴപോലെ നിപതിക്കട്ടെ.*
*മൃത്യുവിനു നീ നൽകുന്നതൊക്കെ*
*പുതുജീവിതത്തിൻെറ വിത്തുകളാണ്.*

*ശിശിരകാലത്തിൻെറ നിശ്വാസത്തെ ഭയപ്പെടേണ്ട.*
*വിത്തുകൾ ഭൂമിയിൽ പതിക്കട്ടെ*
*മരണത്തെ പുല്കിയതെന്തും*
*പുതുജന്മത്തെ പർത്തിരിക്കുന്നു.*
*പുഷ്പങ്ങൾ കൊഴിഞ്ഞുവീഴട്ടെ; മുള്ളുകളിൽ*
*മനോജ്ഞമായ മഹത്വങ്ങൾ വിരിയും*

*ജീവിത സന്തോഷങ്ങളെയും*
*ഗതകാലവർഷങ്ങളുടെ സുവർണ്ണഭണ്ഡാരങ്ങളെയും മുറുകെപിടിക്കരുത്.*
*കൂടുതൽ പ്രദാനം ചെയ്യാൻവേണ്ടി*
*സ്നേഹമാണ് എല്ലാം തകർക്കുന്നത്*
*കൂടുതൽ സമ്പന്നതകളിലേക്ക്, ഉജ്ജ്വലമുഖകാന്തിയോടെ*
*നമ്മെ നയിക്കുന്നതും സ്നേഹംതന്നെ.*

www.malankaralibrary.com

*ആത്മാനുകമ്പ തിക്തതയുടെ കണങ്ങൾ*
*ഒഴുക്കാതിരിക്കട്ടെ -ഭയാനകമായി*
*ഖേദിക്കുകയുമരുത്.*
*അവ വിത്തിനെ നശിപ്പിക്കുന്ന കീടങ്ങളത്രേ*
*അതിൽനിന്നു ജനിക്കുന്നതോ, ദുരന്തവും*
*അവ ഉപേക്ഷിക്കുവാൻ മനസ്സാകുമ്പോൾ*
*അത്യുൽകൃഷ്ടമായ സമ്മാനങ്ങൾ ദൈവം വർഷിക്കും.*

*പെട്ടെന്നോ സാവധാനമോ*
*ഈ പാഠം പഠിക്കുക.*
*ഇതു സ്വർഗ്ഗത്തിന്റെ നിയമമാകുന്നു.*
*പഴയവയെ നാം പുറംതള്ളണം.*
*പുതിയവക്കു വഴിയൊരുക്കാൻ.*
*ഇന്നു നഷ്ടപ്പെടുന്നവയ്ക്കു പകരം*
*ഉദാത്തമായ സൗഭാഗ്യങ്ങൾ*
*സന്തോഷത്തോടെ നാം കൊയ്തുകൂട്ടും.*

ഈ ദൃശ്യം വളരെ മനോഹരമായിരുന്നു. മുറിവേറ്റ മുൾച്ചെടികൾ അവയുടെ ഹൃദയത്തിലേറ്റ മുറിവുകളിലൂടെ സ്വയം നല്കുന്നതും രക്തം ഒഴുകുന്ന ഓരോ മുള്ളും, രാജകീയ പ്രൗഢിയോടെ വിരിയാൻ ഒരുങ്ങിനിൽക്കുന്ന ഓരോ രക്തമുകുളം കിരീടമായി അണിഞ്ഞിരിക്കുന്നതും കണ്ടപ്പോൾ കുറച്ചുസമയത്തേക്കു കൃപാമഹത്വം നിശ്ശബ്ദയായിനിന്നു. ഊറിവീഴുന്ന മീറപ്പശയുടെ രൂക്ഷഗന്ധം (മരിച്ചവരെ പൂശാൻ ഉപയോഗിക്കുന്ന സുഗന്ധദ്രവ്യം) വായുവിൽ നിറഞ്ഞു.

"ഇവ എന്റെ സന്തോഷകരമായ ചെടികളാണ്." അതിമനോഹരമായ ഒരു പുഞ്ചിരിയോടെ ഇങ്ങനെ പറഞ്ഞ് രാജാവ് അവസാനം ഒരു താഴ്ന്ന തിട്ടയിലിരുന്നു. "ഭൂമിയെ അവകാശപ്പെടുന്ന ശാന്തശീലരാണിവ -സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു."

കൃപാമഹത്വം ആകാംക്ഷയോടെ അദ്ദേഹത്തെ നോക്കി. അദ്ദേഹം പറയുന്നതുകേൾക്കാൻ കാത്തിരുന്നു.

www.malankaralibrary.com

അവർ കുറച്ചുസമയത്തേക്കു നിശ്ശബ്ദരായിരുന്നു. പിന്നീട് ശാന്തസ്വരത്തിൽ അദ്ദേഹം തുടർന്നു, ''കൃപാമഹത്വം, ഞാൻ നിന്നെ ഇവിടെ കൊണ്ടുവന്നതിൻെറ ഉദ്ദേശ്യമിതാണ്: സുഗന്ധം പരത്തിക്കൊണ്ടിരിക്കുന്നതും തങ്ങളുടെ ഹൃദയത്തിലെ നിധി വർഷിക്കുന്നതുമായ ശാന്തതയുടെ ഈചെറുചെടികൾക്ക് ഒരു വലിയപാഠം പഠിപ്പിക്കുവാനുണ്ട്. അവയുടെ ഇടയിൽ ഇരിക്കുമ്പോൾ, 'ശാന്തനും വിനീതഹൃദയനുമായ് എന്നിൽ നിന്നു പഠിച്ച് നിൻെറ ആത്മാവിന് ആശ്വാസം കണ്ടെത്താൻ മാത്രമല്ല, സ്വർഗ്ഗത്തിൻെറ രഹസ്യം മനസ്സിലാക്കാനും നിനക്കു കഴിയും.' 'നിൻെറ നാഥൻെറ-സ്വയം എളിയവനായിത്തീർന്ന് തന്നെത്തന്നെ മറ്റുള്ളവർക്കു പകർന്നുകൊടുത്ത നിൻെറ നാഥൻെറ-മനസ്സ് നിന്നിലും ഉണ്ടായിത്തീരട്ടെ' എന്നു ഞാൻ നിന്നോടു പറയുമ്പോൾ തന്നെത്തന്നെ മറ്റുള്ളവർക്കു ചൊരിയുക എന്നതിൻെറ അർത്ഥം വിശദമാക്കുന്ന മികച്ച ഉദാഹരണം നിനക്കുചുറ്റിലും കാണാം. സന്തോഷത്തിൻെറ അരൂപി എത്രമാത്രം നഷ്ടം സഹിച്ചിട്ടാണെന്നോ തൻെറ ഉള്ളിൻെറ ഉള്ളിൽ ആണ്ടുകിടക്കുന്ന നിധിയെ പുറത്തെടുക്കുന്നത്! തൻെറ മേൽ പതിയുന്നത് കത്തിയാണ് എന്നു ചിന്തിക്കുകപോലും ചെയ്യാതെ മറ്റുള്ളവരുടെ ഉപയോഗത്തിനുവേണ്ടി സ്വന്തം സത്തയെ ചൊരിഞ്ഞു കൊടുക്കുന്നതിൻെറ മാതൃക ഇവിടെ നിൻെറ മുമ്പിൽ കാണുന്നുണ്ടല്ലോ. ഈ ശാന്തതയാണ്, സ്വയം മുഴുവനായി ചൊരിഞ്ഞുകൊടുത്ത് എളിയവനാകാനുള്ള (എളിമ അവമാനത്തെ മധുരമായി ചെറുത്തുനിൽപില്ലാതെ സ്വീകരിക്കാനുള്ള സന്നദ്ധതയല്ലാതെ മറ്റൊന്നുമില്ല) സന്നദ്ധതയാണ് സ്നേഹസാമ്രാജ്യത്തിലെ പൗരന്മാരുടെ പ്രധാന പ്രത്യേകത, സ്വർഗ്ഗത്തിൽ വസിക്കുന്ന എല്ലാവരുടെയും പ്രത്യേകത. ഇതുതന്നെയാണ് മനുഷ്യപുത്രൻെറ സ്വഭാവവും! സ്വയം ദാനം ചെയ്യുക, യാതൊന്നും തിരികെത്തരാതെ എല്ലാം ആവശ്യപ്പെടുന്നവരുമായിപ്പോലും തന്നെത്തന്നെ പങ്കുവയ്ക്കുക, ബലപ്രയോഗംകൊണ്ട് തന്നിൽ നിന്നു മുതലെടുക്കാൻ ശ്രമിക്കുന്നവരോടുപോലും എതിർപ്പു കാണിക്കാതിരിക്കുക –ഇതാണ് ശാന്തത. സ്വാർത്ഥതയുടെയും അടിച്ചേൽപ്പിക്കലിൻെറയും നേരെ വിപരീതമാണത്. ശാന്തതയുടെ ഈ ചെറുചെടികളിൽ സ്വർഗ്ഗരാജ്യത്തിൻെറ പൂർണ്ണചിത്രം നിനക്കുകാണാം. ഓർമ്മിക്കുക, സ്നേഹനിയമം പാലിക്കപ്പെടുകയും പൂർണ്ണമായി അനുസരിക്കപ്പെടുകയും സ്നേഹനാഥനായ ഞാൻ ഭരിക്കുകയും ചെയ്യുന്നതെവിടെയാണോ അവിടെയാണ് സ്വർഗ്ഗരാജ്യം. അങ്ങനെയാണ് എൻെറ രാജ്യം മനുഷ്യ

www.malankaralibrary.com

ഹൃദയങ്ങളിൽ വരുകയും അവരിലൂടെ അതു ഭൂമിയിലെത്തുകയും ചെയ്യുന്നത്. ഭൂമിയിലെ ശാന്തശീലർ ഇപ്പോൾതന്നെ സ്വർഗ്ഗത്തിൽ ജീവിക്കുന്നു. അതായത് അവരുടെ ശരീരങ്ങൾ കുറച്ചുകാലംകൂടി ഭൗതികലോകത്തു കഴിയുകയും വേദനകൾക്കും മരണത്തിനും വിധേയമാകുകയും ചെയ്യുന്നുവെങ്കിലും അവരുടെ വേരുകൾ സ്വർഗ്ഗത്തിലാണ്. ശാന്തതയുള്ളവർ ലില്ലിച്ചെടികളെപ്പോലെയാണ്. അവയുടെ പൂക്കൾ ജലോപരിതലത്തിൽ ആടിയുലയുന്നുണ്ടെങ്കിലും വേരുകൾ ജലാന്തർഭാഗത്തുള്ള അദൃശ്യമേഖലയിലാണ്.''

അല്പസമയത്തേക്ക് അവർ നിശ്ശബ്ദരായി അവിടെ ഇരുന്ന് രാജാവിൻെറ തോട്ടക്കാർ അനുഗ്രഹീതരായ ശാന്തതയുടെ ചെടികൾക്കിടയിൽ ജോലിചെയ്യുന്നതും അവയിൽ മുറിവേല്പിക്കുന്നതും നോക്കിക്കൊണ്ടിരുന്നു. ഓരോ ചെടിയും തനിക്കേറ്റ മുറിവിലൂടെ സന്തോഷത്തോടും നന്ദിയോടുംകൂടെ സ്വന്തം സത്തയെ മറ്റുള്ളവർക്കുവേണ്ടി ചൊരിഞ്ഞുകൊടുക്കുന്നതും തത്ഫലമായി അവ പൂക്കളുടെയും ഫലങ്ങളുടെയും മഹത്വത്തിലേക്ക് പൊട്ടിവിടരാൻ ഒരുങ്ങുന്നതും അവർ ശ്രദ്ധിച്ചു.

തന്നെ സ്നേഹിക്കുന്ന എല്ലാവർക്കും വേണ്ടി അവാച്യമാംവിധം മഹത്വപൂർണ്ണമായ ഭാവി കരുപ്പിടിപ്പിക്കുന്ന സ്നേഹരാജാവിൻെറ മുഖത്തേക്ക് അവസാനം കൃപാമഹത്വം തിരിഞ്ഞുനോക്കി. മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വജീവൻ ചൊരിഞ്ഞുകൊടുത്ത വിലാപ്പുറത്തെ മുറിപ്പാടിനു തൊട്ടടുത്തിരുന്ന ആണിപ്പഴുതുള്ള അദ്ദേഹത്തിൻെറ കയ്യിലേയ്ക്ക് തൻെറ കയ് വച്ച്, മറ്റുള്ളവർക്കുവേണ്ടി താനും സ്വജീവൻ ചൊരിയേണ്ടതെങ്ങനെയെന്നു കാണിച്ചുകൊടുക്കാൻ അവൾ അപേക്ഷിച്ചു.

ശാന്തതയുടെ പർവ്വതം വിട്ടുപോകുന്നതിനുമുമ്പ് അദ്ദേഹം മറ്റൊരു പർവ്വതഗാനമാലപിച്ചു:

*ക്ഷമാശീലരായ ശാന്തവ്യക്തികൾ*
*എത്ര ഭാഗ്യവാന്മാർ,*
*അവർ നിശ്ശബ്ദരായി പീഡകൾ സഹിക്കുന്നു.*
*ഭോഷന്മാരായ ദുർബ്ബലർ*
*എത്ര മഹത്വമുള്ളവർ*
*ദൈവം അവരെ അതിബലവാന്മാരാക്കുന്നു,*

www.malankaralibrary.com

*വിജയിയുടെ കിരീടം സ്വന്തമാക്കാൻ മാത്രം*
*അതിബലവാന്മാർ –*
*വിശ്വം മുഴുവൻ അവർ തകിടംമറിക്കുന്നു.*

*ഭയം ജനിപ്പിക്കുന്ന ശാന്തശീലർ!*
*ആർക്കും സാധ്യമല്ല,*
*അവരുടെ ആയുധത്തെ തടയാൻ.*
*ശക്തി അവരുടെ മുമ്പിൽ മഞ്ഞുപോലുരുകുന്നു;*
*ഭൂമിയിലെ ശക്തന്മാർ നിലംപതിക്കുകയും*
*കീഴടങ്ങുകയും ചെയ്യുന്നു.*
*അവരെ നിഹനിക്കുക –ധൂളിയിലാഴ്ത്തുക.*
*ഭൂമിയുടെ ശക്തി ശാന്തശീലർക്കു മുമ്പിൽ നമിക്കട്ടെ.*

*അനശ്വരരായ ശാന്തശീലർ!*
*എല്ലാം ചുഴറ്റിയെറിഞ്ഞ്*
*അവർ ഭൂമി സ്വന്തമാക്കുന്നു.*
*അവർ മരണം പുല്കുന്നു;*
*എന്നാൽ മരണം അവർക്ക് ജനനമാണ്.*
*അവർക്ക് നഷ്ടപ്പെടുന്നു.*
*എന്നാൽ അവർ വിജയം വരിക്കുന്നു.*
*വെട്ടിവീഴ്ത്തപ്പെട്ടും തൊലിയുരിക്കപ്പെട്ടും*
*പരിഹസിക്കപ്പെട്ടും വധിക്കപ്പെട്ടും*
*അവർ ഭൂമിയുടെ യഥാർത്ഥ രാജാക്കന്മാരായി*
*ജീവിക്കുകയും വാഴുകയും ചെയ്യുന്നു.*

*ക്രിസ്തുവിനെപ്പോലെ ശാന്തശീലർ!*
*സ്വർഗ്ഗത്താൽ അവർ അനുഗ്രഹിക്കപ്പെടുന്നു.*
*നരകം അവരുടെ മുമ്പിൽ വിറകൊള്ളുന്നു*
*അന്ധരായ വിഡ്ഢികളാൽ അവർ മർദ്ദിക്കപ്പെടുന്നു*
*എന്നിട്ടും അവർ ഭൂമിയെ പ്രകമ്പനംകൊള്ളിക്കുന്നു*
*നഷ്ടത്തിലൂടെ നേട്ടം കൊയ്തവൻെറ,*
*കുരിശുമരണത്തിലൂടെ വിജയം നേടിയവൻെറ, മുളയാണവർ.*

www.malankaralibrary.com

## അദ്ധ്യായം -17

# അകിൽഗിരി (ആത്മസംയമനം)

### സ്നേഹത്താലുള്ള ആത്മസംയമനം

അതിനുശേഷം അധികം കഴിയുന്നതിനുമുമ്പ് ഒരു ദിവസം കൃപാ മഹത്വം ഒൻപതു സുഗന്ധഗിരികളിൽ അവസാനത്തേതായ അകിൽഗിരിയിലേയ്ക്കു നയിക്കപ്പെട്ടു. മനോഹരമായ കൊടുമുടികളുടെ വൃത്തത്തെ അതു പൂർത്തിയാക്കി. അങ്ങനെ അവൾ ആദ്യം യാത്രപുറപ്പെട്ട മാതളഗിരിയുടെ വക്കിലെത്തി.

ഈ അവസാനത്തെ പർവ്വതം ഒരുവിധത്തിൽ മറ്റെല്ലാ പർവ്വതങ്ങളേയുംക്കാൾ മനോഹരമാണെന്ന് അവൾക്കു തോന്നി. എല്ലാ പർവ്വതങ്ങളും ആശ്ചര്യകരമാംവിധം ഭംഗിയുള്ളതായിരുന്നതിനാൽ ഒന്ന് മറ്റുള്ളവയേക്കാൾ മെച്ചമാണെന്നു പറയാൻ പ്രയാസമായിരുന്നു. രാജാവ് നട്ടുവളർത്തുന്ന സുഗന്ധദ്രവ്യത്തോട്ടത്തിൻെറ ഭാഗങ്ങളാണല്ലോ അവയെല്ലാം.

അകിൽഗിരിക്കും മാതളഗിരിക്കും മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായ ഒരു പ്രത്യേകതയുണ്ടായിരുന്നു. അവയ്ക്കിടയിലുള്ള ശാന്തമായ ഒരു താഴ്വരയിലൂടെ സ്ഫടികതുല്യമായ വെള്ളമുള്ള ഒരു നദി ഒഴുകിയിരുന്നു. ഈ താഴ്വര ഉന്നതങ്ങളിലേയ്ക്കുള്ള കോണിപ്പടിപോലെയായിരുന്നു. അകിൽഗിരിയുടെ മുകളിലുള്ള പാറക്കെട്ടിൽനിന്ന് വെള്ളച്ചാട്ടമായി താഴേക്കുപതിച്ച് രണ്ടു പർവ്വതങ്ങളുടെ ഇടയിലുള്ള താഴ്വരയിലൂ

www.malankaralibrary.com

ടെ അത് ഒഴുകിനീങ്ങി. നദിയുടെ ഉത്ഭവസ്ഥാനത്തിനു മുകളിൽ, താഴ്‌വരയുടെ ശാന്തമായ ഭാഗത്ത് ഒരു നടപ്പാത ഉണ്ടായിരുന്നു. അത് ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്കുപോയി ഈ ലോകത്തിനപ്പുറത്തെത്തി ആകാശത്തട്ടുവരെ നീണ്ടുകിടന്നു. ചിലപ്പോൾ ഉന്നതങ്ങളിലെ നിവാസികളിൽ ചിലർ താഴെയുള്ള ഈ നദിയുടെ മറുകരയിൽ വന്നിരുന്നു. രാജാവിന്റെ സ്നേഹിതരിൽ ഈ ലോകം വിട്ടുപോകാൻ സമയമായവരെ മറുകരയിലേക്കു സ്വാഗതം ചെയ്യുകയായിരുന്നു അവരുടെ ആഗമനോദ്ദേശ്യം.

ഈ അവസരത്തിൽ, രാജാവ് കൃപാമഹത്വത്തെ നയിച്ചത് പർവ്വതങ്ങളിലുള്ള ശാന്തമായ താഴ്‌വരയിലേക്കായിരുന്നില്ല, മറിച്ച് അകിൽ ഗിരിയിലേക്കായിരുന്നു.

ഇവിടെ ആത്മസംയമനത്തിന്റെ അകിൽവൃക്ഷങ്ങൾ വളർന്നിരുന്നു. അവ മനോഹരവും ഭീമാകാരവുമായ മരങ്ങളായിരുന്നു. ഏറ്റവും വലിയ വനവൃക്ഷങ്ങളെപ്പോലും നിസ്സാരമാക്കുന്ന അവയുടെ കൂറ്റൻ തടികൾ ശാഖോപശാഖകളായി പിരിഞ്ഞ് ഒരു കത്തീഡ്രലിനെപ്പോലും മറയ്ക്കത്തക്കവിധം പടർന്നുനിന്നു. കമാനരൂപത്തിൽ മേൽക്കൂരപോലെ ഇടതൂർന്നുനിൽക്കുന്ന അവയുടെ ഇലകൾക്കിടയിലൂടെ മഞ്ഞോ, മഴത്തുള്ളികളോ താഴേക്ക് വീഴുമായിരുന്നില്ല.

പർവ്വതസാനുകളിൽ ഇടവിട്ടു വളർന്നിരുന്ന ഇവ ഓരോന്നും മനോഹരമായ ഒരു ദൈവാലയംപോലെ ഉയർന്നുനിന്നു. ഇവയുടെ തണലിലിരുന്ന് പക്ഷികൾ ശ്രുതിമധുരമായ ഗാനങ്ങളാലപിച്ചിരുന്നു. ഈ വൻമരങ്ങൾ ഉത്പാദിപ്പിച്ചിരുന്ന സുഗന്ധം ശേഖരിച്ചിരുന്നത് അവയുടെ തൊലി ഉരിഞ്ഞെടുത്താണ്. അത് പെട്ടെന്നു വീണ്ടും വളർന്നിരുന്നതിനാൽ "ഉരിഞ്ഞെടുക്കൽ" പ്രക്രിയ ആണ്ടിൽ പലപ്രാവശ്യം ചെയ്യാൻകഴിഞ്ഞു. ഇതിന്റെ ഫലമായി മരങ്ങൾക്കു കൂടുതൽ ശക്തിയും വളർച്ചയും ലഭിച്ചിരുന്നു.

ദൈവാലയംപോലുള്ള ഈ വൻമരങ്ങളുടെ തണലിൽ ഇരിക്കുക ഭയാദരങ്ങളുളവാക്കുന്ന ഒരു അനുഭവമായിരുന്നു. എന്നാൽ, അവർ ഇരുന്നയുടനെ അണ്ണാന്മാർ കുട്ടികളെപ്പോലെ ശാഖകളിൽ തുള്ളിക്കളിക്കുന്നതും പക്ഷികൾ തന്റെ തലയ്ക്കു മുകളിലുള്ള ശാഖകളിൽ കൂടു

www.malankaralibrary.com

കൂട്ടുന്നതും ചിലയ്ക്കുന്നതും കൃപാമഹത്വത്തിൻെറ ശ്രദ്ധയിൽപ്പെട്ടു. വാസ്തവത്തിൽ, സൃഷ്ടിജാലങ്ങളുടെ നിരവധിഗണങ്ങൾ സകലരെയും സ്വാഗതം ചെയ്തു നില്ക്കുന്ന ആ വൃക്ഷസങ്കേതങ്ങളിൽ സന്തോഷത്തോടെ കൂടുകെട്ടി വസിക്കുന്നുണ്ടായിരുന്നു. ഒരു കത്തീഡ്രലിൻെറയോ ആരാധനാലയത്തിൻെറയോ ഭക്ത്യാദരങ്ങളുണർത്തുന്ന സൗന്ദര്യമാണ് ആദ്യം അവൾക്ക് അനുഭവപ്പെട്ടതെങ്കിൽ ആ ദൈവാലയം ആനന്ദത്തിൻെറയും ജീവസ്സുറ്റ ആഹ്ലാദത്തിൻെറയും ഒരു കേന്ദ്രമാണെന്ന് അവൾ വേഗം മനസ്സിലാക്കി. തലയ്ക്കുമുകളിൽ പടർന്നുനിന്ന ശാഖകളുടെ രൂപഭംഗിയും ഗാംഭീര്യവും ആദരവോടെ ആസ്വദിച്ചുകൊണ്ട് അവൾ അവിടെയിരുന്നു. നന്മയുടെയും സൗന്ദര്യത്തിൻെറയും ശക്തിയുടെയും പൂർണ്ണതയെപ്പറ്റിയുള്ള ഒരു പ്രതീതിയാണ് ഇതെല്ലാം അവളിൽ ഉളവാക്കിയത്. ആഹ്ലാദാശ്ചര്യങ്ങളോടെ അവൾ ചുറ്റും കണ്ണോടിച്ചപ്പോൾ, നദീതീരത്തു വളരുന്ന മരങ്ങൾ ഇത്ര ഗംഭീരവും സുന്ദരവുമാണെങ്കിൽ അത്യുന്നതങ്ങളിൽ വളരുന്ന അകിൽമരങ്ങൾ എങ്ങനെയിരിക്കുമെന്ന് അവൾ അത്ഭുതപ്പെട്ടു.

ഉടനെ ചുറ്റുമുള്ള സാനുക്കളിലെ അകിൽമരങ്ങളിൽനിന്ന്, അദൃശ്യരായ ഗായകസംഘങ്ങൾ ഒന്നുചേർന്ന് തികഞ്ഞ താളലയങ്ങളോടെ ശ്രുതിമധുരമായ ഒരു ആനന്ദഗീതം ആലപിക്കുന്നതായി അവൾക്കു തോന്നി:

*സ്നേഹം ഒരു വിവാഹവിരുന്നൊരുക്കി*
*സമ്പന്നനും ദരിദ്രനും ഉന്നതനും താഴ്ന്നവനും*
*സ്നേഹത്തിൻെറ കല്പനയാൽ  വിരുന്നിനു ക്ഷണിക്കപ്പെട്ടു.*
*അവൻെറ മഹത്വപൂർണ്ണമായ സന്തോഷം*
*ആഘോഷിക്കുവാൻ അവർ ഒരുമിച്ചുകൂടി.*

*പ്രേമിച്ചു സ്വന്തമാക്കിയ വധുവിനോടൊപ്പം*
*ഇതാ രാജകുമാരൻ!*
*മഹത്വം ധരിച്ച അവൻെറ സമീപം*
*ഇതാ, അവൾ നിലകൊള്ളുന്നു.*
*എന്നും തൻേറതായിരിക്കുവാൻ*
*അവൻ അവളെ തിരഞ്ഞെടുത്തു.*

www.malankaralibrary.com

*സ്നേഹത്തിൻെറ ജൈത്രയാത്ര, സ്നേഹത്തിൻെറ വിജയോത്സവം!*
*ദുഃഖത്തിൽനിന്നുളവായ ഫലം.*
*അവൻെറ പദ്ധതികൾ അവൻ നടപ്പാക്കി*
*അവൾ പൂർണ്ണമായും അവൻെറ സ്വന്തം.*
*അവളുടെ ഹൃദയവും ആത്മാവും*
*അവൻെറ പൂർണ്ണമായ അധീനതയിൽ.*

ഗാനം നിലച്ചു നിശ്ശബ്ദത പരന്നപ്പോൾ രാജാവും കൂട്ടുകാരിയും പർവ്വതസാനുക്കളിൽനിന്ന് അവരുടെ മുമ്പിൽ വ്യാപിച്ചുകിടക്കുന്ന ദൃശ്യങ്ങളിലേയ്ക്കു നോക്കി, നിശ്ശബ്ദരായി ഇരുന്നു. കുന്തിരിക്കമലയിൽ നിന്നു കൃപാമഹത്വം കണ്ട അതിദീർഘമായ പർവ്വത ശൃംഖലയും വിദൂരമായ താഴ്വരയുമായിരുന്നു അവ. അകിൽഗിരിയിലെ അന്തരീക്ഷം വളരെ നിർമ്മലമായിരുന്നതുകൊണ്ട് അവർക്ക് ഭൂമിയിലെ അതിവിദൂരമായ സ്ഥലങ്ങളും കാണാൻ സാധിച്ചു. സ്നേഹം അജ്ഞാതമായിരുന്ന ആ പ്രദേശങ്ങളിൽനിന്ന് അദ്ദേഹത്തിൻെറ സ്നേഹത്തിനു യാതൊരു പ്രത്യുത്തരവും ലഭിച്ചില്ല.

കൃപാമഹത്വം ദീർഘനേരം ആ താഴ്ന്ന സ്ഥലങ്ങളെ നോക്കിയിരുന്നതിനുശേഷം നിശ്ശബ്ദയായി രാജാവിൻെറ നേരെ തിരിഞ്ഞു. തങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്ന ആ താഴ്വരകളെപ്പറ്റിയും അവിടെ അലഞ്ഞുതിരിയുന്ന ജനസഞ്ചയങ്ങളെപ്പറ്റിയും അദ്ദേഹം കൂടുതലായി ഒന്നും തന്നോടു പറയാതിരുന്നത് എന്തുകൊണ്ടാണെന്ന് അവൾ അത്ഭുതപ്പെട്ടു. നേരിട്ടു ചോദിച്ചില്ലെങ്കിലും ചോദ്യഭാവം സ്ഫുരിക്കുന്ന കണ്ണുകളോടെ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു നോക്കിയപ്പോൾ അവളുടെ നേർക്കു പ്രഭാപൂർണ്ണമായ പുഞ്ചിരി പൊഴിച്ച് അദ്ദേഹം പറഞ്ഞു: "സമയം അടുത്തുകഴിഞ്ഞു, കൃപാമഹത്വം. എങ്കിലും പദ്ധതികൾ ഇനിയും പൂർത്തിയായിട്ടില്ല."

ഇതു കേട്ടപ്പോൾ, ഏതോ സന്തോഷകരമായ രഹസ്യമോർത്ത് അദ്ദേഹം സ്വയം ചിരിക്കുകയാണെന്ന് അവൾ വിചാരിച്ചു. എന്നാൽ ഒരു നിമിഷത്തിനുശേഷം ആ വിഷയം മാറ്റി അദ്ദേഹം ഇങ്ങനെ തുടർന്നു:

ഈ പർവ്വതത്തിലെ മരങ്ങൾ 'സ്നേഹത്താലുള്ള ആത്മസംയമനത്തിൻെറ വൃക്ഷങ്ങളാണ്.' ഉന്നതങ്ങളിലെ ഏറ്റവും വളർച്ച പ്രാപിച്ചതും പൂർണ്ണസൗരൂപ്യമുള്ളതുമായ മരങ്ങളാണവ. മുകളിലുള്ള ശാഖക

www.malankaralibrary.com

ളേക്കാളധികം വേരുകൾ മണ്ണിനടിയിൽ വ്യാപിച്ചുകിടക്കുന്നു എന്നതാണ് അവയുടെ വളർച്ചയുടെ രഹസ്യം. ഈ വൻമരങ്ങൾ ഓരോന്നും ഏതാനും വേരുകളെങ്കിലും 'ജീവൻെറനദി'യിലേയ്ക്ക് അയക്കുന്നു. അത്യുന്നതങ്ങളിൽനിന്നു താഴേയ്ക്ക് ഒഴുകുന്ന ആ നദിയാണ് ഈ താഴ്‌വരയിലൂടെ കടന്നുപോകുന്നതായി നീ കാണുന്നത്.

"സ്നേഹത്താലുള്ള ആത്മസംയമനം!" കൃപാമഹത്വം ആലോചനാപൂർവ്വം ആവർത്തിച്ചു. "എൻെറ നാഥാ, ഞാൻ എപ്പോഴും ചോദ്യങ്ങൾ ചോദിക്കുകയും അങ്ങ് വളരെയധികം ക്ഷമയോടും ദയയോടുംകൂടെ അവയ്ക്കെല്ലാം ഉത്തരം നൽകുകയും ചെയ്യുന്നു. ഞാൻ ഒരു ചോദ്യം കൂടെ ചോദിക്കട്ടെ? എന്താണ് ആത്മസംയമനം?."

"സ്വത്വം" അല്ലെങ്കിൽ വ്യക്തിയുടെ ഇച്ഛാശക്തി മഹത്തായ ഒരു രഹസ്യമാണ്, രാജാവു പറഞ്ഞു: "എന്തുകൊണ്ടെന്നാൽ, ഒരു വ്യക്തിയുടെ ഇച്ഛാശക്തി യഥാർത്ഥത്തിൽ സ്രഷ്ടാവിൻെറ തന്നെ ഇച്ഛാശക്തിയുടെയും അവബോധത്തിൻെറയും ഒരു ഭാഗമാണ് -മറ്റു വ്യക്തികളുടെയും തനിക്കു രൂപം നല്കിയ സ്രഷ്ടാവിൻെറ തന്നെയും ഇച്ഛാശക്തിയിൽനിന്ന് ഏതോ നിഗൂഢവും മനോജ്ഞവുമായ രീതിയിൽ വ്യത്യസ്തമായിരിക്കത്തക്കവിധം സ്രഷ്ടാവുതന്നെ സ്വതന്ത്രമാക്കിയ ഒരു ഭാഗം. എന്നാൽ അത്, എവിടെനിന്ന് ഉത്ഭവിച്ചുവോ അവിടേയ്ക്കുതന്നെ മടങ്ങിപ്പോയി ഐക്യപ്പെടാൻ തിടുക്കവും സഹജമായ ആവേശവും പ്രകടിപ്പിക്കത്തക്കവിധമാണ് അതിനെ സൃഷ്ടിച്ചിരിക്കുന്നതും രൂപപ്പെടുത്തിയിരിക്കുന്നതും. സ്നേഹിക്കുവാനുള്ള കഴിവാണത്. അതുകൊണ്ട് അതു നിത്യമായ ദിവ്യസ്നേഹാഗ്നിയുടെ ഒരു സ്ഫുലിംഗമാണ്. തീയിൽനിന്നു മേൽപോട്ടു കുതിക്കുന്ന തീപ്പൊരികൾക്കു വേറിട്ടു നിൽക്കാനാവില്ലല്ലോ. ആ തീപ്പൊരികൾ തീയിലേയ്ക്കുതന്നെ പതിക്കുന്നതുപോലെ വ്യക്തിയുടെ ഇച്ഛാശക്തി അതിൻെറ ഉറവിടമായ ദൈവത്തിൻെറ ഹൃദയത്തിലേയ്ക്കു തിരിച്ചുപോകുന്നു. അതു നിലയ്ക്കാത്ത വിശപ്പും ദാഹവുമാണ്. സ്വന്തം ഉറവിടമായ ദൈവത്തിൻെറ ആകർഷണശക്തിക്കു വിധേയമാകുന്നതുവരെ അതു സംതൃപ്തിക്കുവേണ്ടി എവിടെയെല്ലാം അന്വേഷിച്ചാലും ഒന്നും കണ്ടെത്തുകയില്ല. ഉത്ഭവകേന്ദ്രത്തിൽനിന്ന് അകന്നുപോവുകയും ദൈവത്തിൻെറ സ്നേഹഹൃദയത്തിലേയ്ക്കു തിരിച്ചുചെന്ന് തൻെറ സ്വയംനിയന്ത്രണാവകാശം അവിടുത്തേക്കു വിധേയമാക്കാതിരിക്കുകയും

www.malankaralibrary.com

ചെയ്യുന്നിടത്തോളംകാലം അത് അലഞ്ഞുതിരിയുന്ന ഒരു നക്ഷത്രമോ നഷ്ടപ്പെട്ട ഉൽക്കയോപോലെയാണ്. മനുഷ്യാരൂപി സ്നേഹിക്കുവാനും സ്നേഹത്തിനു പ്രത്യുത്തരം നൽകുവാനുമുള്ള കഴിവാണ്. അത് എന്തിനെ സ്നേഹിക്കാൻ തീരുമാനിക്കുന്നുവോ അതിനനുസരിച്ചായിരിക്കും അതിനു ലഭിക്കുന്ന അനുഗ്രഹവും ദൗർഭാഗ്യവും."

*ഇതാ സ്നേഹത്തിൻെറ ഉത്ഭവത്തെപ്പറ്റി ഒരു ഗാനം:*

*സ്നേഹം മഹത്വവും വേദനയുമാണ്*
*അത് ജ്വലിക്കുന്ന അഗ്നിയാണ്.*
*ഇനിയൊരിക്കലും ആഗ്രഹത്തെകുറിച്ചുള്ള*
*അറിവ് നഷ്ടപ്പെടാത്ത ജീവിതത്തിൻെറ ജ്വാല.*
*എന്തെന്നാൽ സ്നേഹം നിത്യജ്വാലയിൽനിന്ന്*
*പുറപ്പെട്ട് അവൻെറ സുന്ദരനാമം വഹിക്കുന്നു.*

*മനുഷ്യ ഹൃദയത്തിൽ ജ്വലിപ്പിക്കപ്പെട്ട സ്നേഹം*
*ദിവ്യസ്നേഹത്തിൻെറ ഒരു സ്ഫുലിംഗം മാത്രം*
*അന്ധകാരത്തിൽ പ്രകാശം തൂകാൻ വേർതിരിക്കപ്പെട്ട സ്ഫുലിംഗം,*
*സ്വാർത്ഥ സ്നേഹത്തോടു വിടപറയുംവരെ*
*അതു നിർവൃതിയോ സമാധാനമോ അറിയുന്നില്ല.*

*സ്നേഹാഗ്നിയുടെ ഒരു നാളംപോലെ*
*അതും സഹജഭാവം പ്രകടിപ്പിക്കുന്നു.*
*ആരുടെ നാമം അതുവഹിക്കുന്നുവോ*
*അവനുവേണ്ടി തീവ്രമായി ദാഹിക്കുന്നു.*

*അതിനാൽ താൻ കണ്ടുമുട്ടുന്ന, ജ്വലിക്കുന്ന ആത്മാക്കളെ*
*സ്നേഹത്താൽ കുതിച്ചുചെന്ന് അതു സ്വാഗതം ചെയ്യുന്നു.*
*അതേ, 'ഒന്നാവുക', അതാണ് സ്നേഹത്തിൻെറ ഹൃദയഭാവം;*
*ഏകാന്തമായി ജ്വലിക്കുക -നൈരാശ്യത്തിൻെറയും.*
*ഉന്നതങ്ങളിലുള്ള ദൈവത്തോട് ഒന്നാവുക*
*എല്ലായിടത്തുമുള്ള മനുഷ്യരോടും.*
*സ്വർഗ്ഗത്തിലേക്ക് ഉയർന്ന് ജ്വലിച്ച് അത് ക്രിസ്തുവിൻെറ മുഖം ധരിക്കുന്നു.*
*അവൻെറ വാസസ്ഥാനമായ ഭൂമിയിൽ നിലകൊള്ളുകയും ചെയ്യുന്നു.*

www.malankaralibrary.com

ഈ ഗാനം അവസാനിച്ചയുടനെ അകിൽമരങ്ങൾക്കിടയിലെ അദൃശ്യഗായകർ വീണ്ടും പാടിത്തുടങ്ങി. എന്നാൽ അതു കൃപാമഹത്വത്തിനു മനസ്സിലാക്കാൻ കഴിയാത്ത ഭാഷയിലായിരുന്നു. എങ്കിലും ആ ഭാഷയ്ക്ക്, അവൾ വളരെമുമ്പ് ശൈശവകാലത്തു കേൾക്കുകയും കാലാന്തരത്തിൽ വിസ്മരിക്കപ്പെടുകയും ചെയ്ത ഭാഷയോട് അസാധാരണമായ ഏതോ സാദൃശ്യമുണ്ടായിരുന്നു. അതു വീണ്ടും കേട്ടപ്പോൾ പൂർവ്വകാലാഹ്ലാദങ്ങളെപ്പറ്റിയുള്ള മധുരസ്മരണകൾ അവളിൽ ഉണരുകയും ഗാനം അതീവ ഹൃദ്യമായി അവൾക്ക് അനുഭവപ്പെടുയും ചെയ്തു. ക്രമേണ സംഘഗാനം നേർത്തുനേർത്ത് ഒരു മൃദുല പശ്ചാത്തലമായി ത്തീർന്നു. ഒരു വ്യക്തിയുടെ മാത്രം സ്വരം –അവൾ ഇതുവരെ കേട്ടിട്ടുള്ളതിൽ രാജാവിൻെറ ശബ്ദം ഒഴികെ മറ്റ് ഏതിനേയുംകാൾ മനോഹരമായ ഒരു സ്വരം –ഒറ്റയ്ക്കു പാടിത്തുടങ്ങി. ആദ്യം അതൊരു മാലാഖയാണെന്ന് അവൾക്കു തോന്നി. പിന്നീട്, എല്ലാ മനുഷ്യരുടെയും ആദ്യമാതാവായിരിക്കാം അതെന്ന് അവൾ വിചാരിച്ചു. എന്നാൽ, വാക്കുകൾ ക്രമേണ വ്യക്തമായപ്പോൾ അതു രാജ്ഞിയുടെ –സ്നേഹരാജാവിൻെറ മണവാട്ടിയുടെതന്നെ –സ്വരമാണെന്ന് അവൾക്കു മനസ്സിലായി.

*എൻെറ ബന്ധനങ്ങൾ വളരെവളരെ ശക്തമാണ്*
*എനിക്ക് ഒരിക്കലും സ്വൈരിണിയാകാനാവില്ല*
*ഞാനിപ്പോൾ ദിവ്യസ്നേഹത്തിൻെറ സ്വന്തമാണ്;*
*അവൻ എൻേറയും സ്വന്തം.*
*ഭൂസ്വർഗ്ഗങ്ങളുടെ സർവ്വശക്തിയും*
*എൻെറ സ്നേഹബന്ധിതമായ കയ്കളിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു.*

*അവനാൽ നിയന്ത്രിക്കപ്പെട്ട എനിക്ക്*
*സ്വാർത്ഥ പദ്ധതികൾക്കും തിരഞ്ഞെടുപ്പുകൾക്കും ശക്തിയില്ല.*
*എന്നാൽ ഈ നിയന്ത്രണമാണ് എൻെറ സന്തോഷം*
*സ്വാതന്ത്ര്യം ഞാൻ തിരസ്കരിക്കുന്നു.*
*സ്നേഹരാജാവിനെ എൻെറ നാഥനായി*
*ഞാൻ സ്വന്തമാക്കിയിരിക്കുന്നു.*
*അവനോടൊപ്പം അവൻെറ സിംഹാസനത്തിൽ*
*ഞാൻ ആരൂഢയായിരിക്കുന്നു.*

❀ ❀ ❀ ❀

www.malankaralibrary.com

## അദ്ധ്യായം-18

# സുഗന്ധഗിരികളുടെ മുകളിലെ അവസാനരംഗം

ഈ അദ്ധ്യായങ്ങളിൽ വിവരിച്ച സംഭവങ്ങൾക്കുശേഷം കുറച്ചുകഴിഞ്ഞ് ഉന്നതങ്ങളിൽ ഒരു വിരുന്നു നടത്തപ്പെട്ടു. അവമതീതാഴ്‌വരയിലെ നിവാസികളിൽ വളരെപ്പേർ അകിൽഗിരിയിൽ രാജാവിനോടൊപ്പം സമ്മേളിച്ചു. നിങ്ങൾക്കു തിരിച്ചറിയാവുന്ന പലരും അക്കൂട്ടത്തിലുണ്ട്. ശ്രീമതി ധീര, തന്റെ മകളായ കരുണയോടും മരുമകനായ നിർഭയാർപ്പണത്തോടുമൊപ്പം അവിടെ എത്തിയിരുന്നു.അവളുടെ സ്നേഹിതയായ ശ്രീമതി കൃതജ്ഞത, അവളുടെ രണ്ടുപെൺമക്കൾ,മരുമകൾ കൃപാമഹത്വം, മകൻ നിർഭയസാക്ഷി (അവിടെ വന്നവരിൽ ഏറ്റവും ഉയരം കൂടിയവൻ)എന്നിവരും സന്നിഹിതരായിരുന്നു.തന്റെ നാഥനും രാജാവുമായ ഇടയനുവേണ്ടി സാക്ഷ്യം വഹിച്ചപ്പോൾ ലഭിച്ച മുറിപ്പാടുകൾ അവന്റെ മുഖത്തും കയ്കളിലുമുണ്ടായിരുന്നു. അവന്റെ സഹോദരീഭർത്താവായ ദൃഢചിത്തനും അതുപോലെതന്നെ സഹനശക്തിയും അവന്റെ ഭാര്യ 'സന്നദ്ധത'യും (അവരെ കണ്ടാൽ പഴയ ആത്മാനുകമ്പയും നിസ്സഹായയുമാണവരെന്ന് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.) അവിടെ എത്തിയിരുന്നു. 'ശക്തി'എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന പഴയസത്രം സൂക്ഷിപ്പുകാരനും അവന്റെ ഭാര്യ 'മധുരസംതൃപ്തി'യും സമ്മേളനത്തിനെത്തിയവരിൽപ്പെടും. (ഉന്നതങ്ങളിൽ അവസാനമായെത്തിയ അവൾ സംഘത്തിലെ ഒരു നവാഗതയാണ്.) മുൻ ബാങ്കുമാനേജർ 'ഉദാരമതി' അവന്റെ സുന്ദരിയായ ഭാര്യ'ക്ഷമ'എന്നിവരോടൊപ്പം ഒരു കാലത്ത് 'അഹങ്കാര'വും 'ഗർവ്വിഷ്ഠ'യുമായിരുന്ന 'ശാന്തത'യും 'വിനയ'വും അവരുടെ അടുത്ത് ഇരിപ്പുറപ്പിച്ചിരുന്നു. മുൻപേജുകളിൽ നി

www.malankaralibrary.com

ങ്ങൾ പരിചയപ്പെടാത്ത മറ്റനേകം അതിഥികളും അവരോടൊപ്പമുണ്ടായിരുന്നു. അവരെല്ലാവരും രാജാവിനുചുറ്റും കൂടിയിരുന്ന് അദ്ദേഹത്തോടൊപ്പം ആഹ്ലാദിച്ചു. ഈ വിരുന്നുദിനത്തിനൊരു പ്രത്യേകതയുണ്ടായിരുന്നു. സംഘത്തിലെ രണ്ടുപേർ രാജാവിൻെറകൂടെ നദിയ്ക്കക്കരെ പോയി സ്നേഹസാമ്രാജ്യത്തിലെ അത്യുന്നതങ്ങളിലേക്ക് ആരോഹണം ചെയ്യാൻ ഒരുങ്ങുന്ന ദിനമായിരുന്നു അത്. എല്ലാവർക്കും പ്രിയങ്കരിയായ ശ്രീമതി 'ധീര'യും അവളുടെ സുഹൃത്ത് 'കൃതജ്ഞത'യും നദിയ്ക്കക്കരെയുള്ള ലോകത്തിലെ നിവാസികളാകാൻ പോകുന്നു. അവർക്കു മംഗളം ആശംസിക്കുവാനും കുറച്ചുനാളത്തേയ്ക്ക് അവരോടു വിടപറയാനുമായിരുന്നു താഴ്വരയിലെ സുഹൃത്തുക്കൾ അവിടെ സമ്മേളിച്ചത്.

ഒരു വലിയ അകിൽമരത്തണലിൽ ഇരുന്ന് അവർ വിരുന്നുണ്ട് ആഹ്ലാദിച്ചരംഗം വേണ്ടപോലെ വർണ്ണിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. അവർക്കുചുറ്റും പുൽപ്പരപ്പിൽ ലില്ലിപ്പൂക്കൾ വിരിഞ്ഞുനിന്നു. സുഗന്ധദ്രവ്യങ്ങൾ അന്തരീക്ഷത്തെ പരിമളമയമാക്കി. രാജാവിൻെറ ഒരുവശത്തു ശ്രീമതി ധീരയും മറുവശത്തു ശ്രീമതി കൃതജ്ഞതയും (പഴയ വിധവ ദുശ്ശകുനം) ഇരുന്നു.സാധാരണയിലേറെ ഭംഗിയുള്ള ഒരു ഷോൾ ആയിരുന്നു അവൾ ധരിച്ചിരുന്നത്. അസംതൃപ്തിയുടെയും ദുശ്ശകുനത്തിൻെറയും ചുളിവുകൾ അവളുടെ മുഖത്തുനിന്നു നിശ്ശേഷം അപ്രത്യക്ഷമായിരുന്നു. (രോഗശാന്തി നല്കുന്ന മലയരുവികളിൽ ഒന്നിൽ അവ കഴുകിനീക്കപ്പെട്ടു.)

ആ സംഘം മുഴുവൻ രാജാവിനെ ശ്രവിച്ചുകൊണ്ടിരുന്നു.നദിയുടെ മറുകരയിലെ ജീവിതത്തെപ്പറ്റിയും മനുഷ്യദൃഷ്ടിക്കു കാണാനാവാത്ത കൊടുമുടികളോടുകൂടിയ ആ അത്യുന്നത പർവ്വതനിരകളിലെ അനേകം രാജകീയ ഭവനങ്ങളെപ്പറ്റിയും അദ്ദേഹം അവരെ പഠിപ്പിച്ചു.

ഇടയ്ക്കിടെ കുട്ടികളുടെ ശബ്ദവും ഉല്ലാസകരമായ പൊട്ടിച്ചിരിയും അവരുടെ കാതുകളിൽ അലയടിച്ചുകൊണ്ടിരുന്നു.കാരണം ആ സംഘത്തിലുള്ളവരുടെ ചെറിയ കുട്ടികളെല്ലാം അടുത്തുള്ള ഒരു പുൽത്തകിടിയിൽ കളിക്കുന്നുണ്ടായിരുന്നു. (അവരുടെ മാതാപിതാക്കൾ അവരെ എടുത്തുകൊണ്ടുവന്നു രാജാവിൻെറ കളിസ്ഥലങ്ങളിലൊന്നിലാക്കിയതാണ്.) സ്നേഹസാമ്രാജ്യനിവാസികളിൽ ചിലരുടെ വാത്സല്യപൂർവ്വകമായ മേൽനോട്ടത്തിൽ അവർ അവിടെ കളിച്ചുല്ലസിച്ചു. 'നിരു

www.malankaralibrary.com

ന്മേഷൻ'എന്നു വിളിക്കപ്പെടുന്ന കുട്ടിയും ഇരട്ടകളായ 'തേങ്ങലും' 'ചാറ്റമഴ'യും അവരുടെ സഹോദരൻ 'ദുശ്ശാഠ്യ'വും കൊച്ചു'തിരിച്ചടി'യും അക്കൂട്ടത്തിലുണ്ടായിരുന്നു.ഉന്നതങ്ങളിൽ അവരെല്ലാം പുതിയ പേരുകൾ വിളിച്ചാൽ വിളികേൾക്കുകയും പഴയപേരുകൾ വെറുക്കാൻ തുടങ്ങുകയും ചെയ്തിരുന്നുവെന്നു സന്തോഷപൂർവ്വം രേഖപ്പെടുത്തട്ടെ. രാജാവിൻെറ രാജകീയ രത്നങ്ങളുടെ പേരുകളാണ് അവർക്കു നൽകപ്പെട്ടിരുന്നത്.സൂര്യപ്രകാശത്തിൽ ഓടിക്കളിച്ചപ്പോൾ അവർ രത്നക്കല്ലുകളെപ്പോലെ പ്രശോഭിക്കുകതന്നെചെയ്തു.

അകിൽഗിരിയുടെ ഒരുവശത്ത്,രാജാവിൻെറ സംഘം സമ്മേളിച്ചിരുന്ന സ്ഥലത്തിനടുത്ത്,ഒരു നദി'സ്ഫടികനിർമ്മലജല'ത്തോടെ നിറഞ്ഞൊഴുകി.അത് ഒരു പാറക്കെട്ടിൻെറ മുകളിലൂടെ വലിയൊരു വെള്ളച്ചാട്ടമായി താഴ്വരയിലേക്കു പതിച്ചു. താഴ്ന്നസ്ഥലങ്ങളിൽ എത്തിയശേഷം അതു ''നിഴലിൻെറതാഴ്വര''യിലൂടെ ഒഴുകിനീങ്ങി.തദ്ദേശവാസികളുടെയിടയിൽ ''മരണനദി''യെന്നാണ് അത് അറിയപ്പെട്ടിരുന്നത്.കാരണം അവിടെയെത്തുമ്പോൾ അതിൻെറ ജലം ഇരുണ്ടതും മഞ്ഞുകട്ടപോലെ തണുത്തതുമായിത്തീർന്നിരുന്നുവെന്നുമാത്രമല്ല, അതിലൂടെ കടന്നുപോകുന്നവർ താഴ്വരയിലെ കൂടുതൽ തണുത്തതും ഇരുണ്ടതുമായ ഒരു ഭാഗത്ത് എത്തിച്ചേരുകയും അതിനുശേഷം ഇരുൾ മൂടിയപർവ്വതങ്ങൾക്കിടയിലൂടെ ആർക്കും അനുധാവനം ചെയ്യാൻ സാധിക്കാത്തവിധം അപ്രത്യക്ഷരാവുകയും ചെയ്തിരുന്നു. എന്നിരുന്നാലും ഉന്നതങ്ങളിൽ ഈ നദി ''ജീവൻെറനദി'' എന്നു വിളിക്കപ്പെട്ടു.കാരണം അതിലൂടെ കടന്നുപോകുന്നവർ അവരുടെ നശ്വരശരീരങ്ങൾ ഉപേക്ഷിച്ച്,മരണമോ വിലാപമോ ദു:ഖമോ നിത്യമായ വേർപാടോ ഇല്ലാത്ത നിത്യജീവൻെറയും സ്നേഹത്തിൻെറയും സമ്രാജ്യത്തിലേയ്ക്ക് നേരെ പ്രവേശിച്ചിരുന്നു.

കുറച്ചു സമയത്തെ വിരുന്നിനും ആഹ്ലാദപ്രകടനങ്ങൾക്കും ശേഷം രാജാവ് അവരോടു സംസാരിച്ചു. അവസാനം എല്ലാവരുംചേർന്ന് പർവ്വതഗാനങ്ങളിൽ ഒന്ന് ആലപിച്ചു.

സ്നേഹം പരാജയപ്പെടുമെന്നു നീ ഭയപ്പെടുന്നോ? വിഷാദാത്മകവും വിഡ്ഢിത്തം നിറഞ്ഞതുമായ വിചാരം .

www.malankaralibrary.com

*"ദൈവം സ്നേഹമാകുന്നു"-*
*ഈ ചിന്ത നിലനില്ക്കണം*
*സ്നേഹം സർവ്വഭയവും ദൂരികരിക്കുന്നു.*
*അവിടുത്തെ മനോജ്ഞമായ പദ്ധതി*
*മനുഷ്യപുത്രനായ ദൈവസുതനിൽ നാം കണ്ടു.*

*മധുരമായ സ്നേഹത്തെപ്രതിയല്ലാതെ ദിവ്യസ്നേഹത്തിനു*
*യാതൊന്നും സൃഷ്ടിക്കുവാനാകുമായിരുന്നില്ല.*
*അതിനാൽ നാം അവിടുത്തെ സൃഷ്ടികൾ*
*പൂർണ്ണമായ ഐക്യത്തെ കാത്തിരിക്കുന്നു.*
*സ്നേഹത്തിൻെറ പ്രവൃത്തി പൂർത്തിയാകുമ്പോൾ*
*ദൈവവും മനുഷ്യനും ഒന്നായ്ഭവിക്കും.*

*ദൈവം സ്നേഹമാണെന്ന് നാം അറിയും*
*പിതാവിൻെറ ഹൃദയം നാം മനസ്സിലാക്കും*
*ഉന്നതങ്ങളിൽ നിന്ന് അവിടുന്നു സംസാരിച്ചു.*
*നമ്മുടെ സംശയങ്ങൾ ഓടിയൊളിച്ചു.*
*നമുക്കു സംതൃപ്തിയേകുന്നതെന്തെന്ന്*
*യേശുക്രിസ്തുവിൻെറ മുഖത്ത് നാം ദർശിച്ചു.*

പാട്ടുകഴിഞ്ഞപ്പോൾ രാജാവ് തിളക്കമാർന്ന പുഞ്ചിരിയോടെ എഴുന്നേറ്റ് എല്ലാവരേയും അനുഗ്രഹിച്ച് ഒരു കയ് ശ്രീമതി ധീരയ്ക്കും മറ്റേ കയ് ശ്രീമതി കൃതജ്ഞതയ്ക്കും കൊടുത്ത് അവരെ നദീതീരത്തേയ്ക്കാനയിച്ചു. അവരുടെ സുഹൃദ്സംഘവും അവരോടൊന്നിച്ചു പുറപ്പെട്ടു. നദീതീരത്തു വളർന്നിരുന്ന അകിൽമരങ്ങൾ നദിയുടെ മുകളിൽ തണൽ വിരിച്ചുനിന്നു. അവയുടെ ശാഖകൾ നിറയെ മധുരമായി പാടുന്ന പക്ഷികളെക്കൊണ്ടു നിറഞ്ഞിരുന്നു.

അവിടെവച്ച് കുറച്ചുനേരത്തേയ്ക്ക് അവർ കൂട്ടം പിരിഞ്ഞു. രാജാവു തൻെറ രണ്ടു സുഹൃത്തുക്കളുടെ കൂടെ നദിയിലേയ്ക്കിറങ്ങി അവരെ അക്കരെ എത്തിച്ചു. അവിടത്തെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശംമൂലം അകിൽഗിരിയിൽ നില്ക്കുന്നവർക്ക് ഒന്നും വ്യക്തമായി കാണാൻ കഴിഞ്ഞില്ല. എന്നാൽ ആ ഉജ്ജ്വലപ്രകാശം മറുകരയിലുള്ള തിളങ്ങുന്ന നിരവധി രൂപങ്ങളിൽനിന്നു വരുന്നതായും അവിടത്തെ നിവാസികളിൽ വലി

www.malankaralibrary.com

യൊരുഭാഗം രാജാവിൻെറ സുഹൃത്തുക്കളെ സ്വാഗതം ചെയ്യുവാൻ അത്യുന്നതങ്ങളിൽനിന്ന് അവിടെ എത്തിയിരിക്കുന്നതായും അവർക്കു തോന്നി.

നദിയിൽ പ്രവേശിച്ചയുടനെ ആ സ്ത്രീകളുടെ നശ്വരശരീരം പഴകി ദ്രവിച്ച വസ്ത്രങ്ങൾപോലെ അവരിൽനിന്നു വേർപെട്ടുപോകുന്നത് അവർ കണ്ടു. കവിഞ്ഞൊഴുകിയിരുന്ന നദി അവയെ ഒഴുക്കിക്കൊണ്ടു പോയി വെള്ളച്ചാട്ടത്തിൻെറ മുകളിലൂടെ വളരെ താഴെയുള്ള മരണത്താഴ്‌വരയിലേക്കു തള്ളി. ആ നശ്വരശരീരങ്ങളിൽ ജീവിച്ചിരുന്നവരും ഇപ്പോൾ സ്വതന്ത്രരായി പുറത്തിറങ്ങിയവരുമായ രണ്ട് ആത്മാക്കളുടെ കമനീയരൂപം അവ്യക്തമായെങ്കിലും അവർക്കു കാണാൻ കഴിഞ്ഞു. മിനുക്കിയ പടച്ചട്ട ധരിച്ചതുപോലെ മിന്നിത്തിളങ്ങുന്ന സ്വർണ്ണവർണ്ണമുള്ള ഒരു നിവർന്നരൂപം അവരുടെ സുഹൃത്തായ ധീരയുടെ സ്ഥാനത്ത് രാജാവിൻെറ ഒരുവശത്തു നടന്നിരുന്നു. മറ്റേവശത്തു കണ്ണഞ്ചിക്കുന്ന പ്രകാശത്തോടുകൂടിയ വെള്ളക്കുപ്പായമണിഞ്ഞ ഒരു രൂപമായിരുന്നു. പെട്ടെന്ന് ഒരു ഉജ്ജ്വലപ്രകാശം എല്ലാറ്റിനേയും വിഴുങ്ങി. അവമതീതാഴ്‌വര ആ രണ്ടുപേരേയും ഇനി ഒരിക്കലും കാണുകയില്ലെന്ന് അവരുടെ സുഹൃത്തുക്കൾ മനസ്സിലാക്കി.

അവർ കാഴ്ചയിൽനിന്നു മറഞ്ഞയുടനെ പർവ്വതസാനുക്കളിൽ കൂടിയിരുന്ന ആ ചെറുസംഘം സാവധാനത്തിൽ പിരിഞ്ഞു വിവിധ മാർഗ്ഗങ്ങളിലൂടെ മടങ്ങിപ്പോയി. എന്നാൽ ശ്രീമതി കൃതജ്ഞതയുടെ രണ്ടു പെൺമക്കളും മരുമകൾ കൃപാമഹത്വവും മകൻ നിർഭയസാക്ഷിയും,രാജാവ് അവരുടെ പ്രിയപ്പെട്ടവരെ കൊണ്ടുപോയ മറുകരയിലേയ്ക്കു നോക്കി അവരുടെ ജീവിതത്തിൽ അദ്ദേഹം നിർവ്വഹിച്ച അത്ഭുതകരമായ കാര്യങ്ങളെപ്പറ്റിചിന്തിച്ചു കുറച്ചുസമയംകൂടെ നദീതീരത്തുതന്നെ നിന്നു.പിന്നെ അവർ പരസ്പരം നോക്കി.കണ്ണുകൾ ഈറനണിഞ്ഞിരുന്നെങ്കിലും നിറഞ്ഞ സന്തോഷത്തോടെ അവർ പുഞ്ചിരിതൂകി.

''നമുക്കു പ്രിയപ്പെട്ടവരുടെ ഒരു സംഘം മറുകരയിൽ ഉണ്ടായിരിക്കുന്നതു നല്ലതാണ്,'' 'സ്തുതി'പറഞ്ഞു.

''വീണ്ടും ഒരിക്കലും വേർപിരിയാനാവാത്തവിധം കുറച്ചുനാൾക്കകം നമുക്കും അങ്ങോട്ടുപോകാം,'' 'ദയ'കൂട്ടിച്ചേർത്തു.

www.malankaralibrary.com

“ശരി,” നിർഭയസാക്ഷിപറഞ്ഞു,“പക്ഷേ, അതിനുമുമ്പ് നമുക്ക് ഇവിടെ മഹത്തായ ജോലികൾ ചെയ്യാനുണ്ട്. അങ്ങനെ നമ്മളും നദിയ്ക്കക്കരെ എത്തി അവരോടുചേരേണ്ട സമയം വരുമ്പോഴേയ്ക്കും രാജാവിൻെറ കൃപാമഹത്വത്തെ പ്രഘോഷിക്കുന്ന സമ്മാനങ്ങളും നമുക്കു കൊണ്ടുപോകാനുണ്ടാകും.”

തനിക്കു പ്രിയങ്കരമായിത്തീർന്ന ഒരു പേര് ബോധപൂർവ്വമല്ലെങ്കിലും ഉറക്കെ പറഞ്ഞുവെന്നു മനസ്സിലാക്കിയപ്പോൾ അവൻ തൻെറ ബന്ധുവിൻെറ മുഖത്തേയ്ക്കു നോക്കി സൗമ്യമായി പുഞ്ചിരിച്ചു.ആക്രമണകാരിയായ ഹീനഭീതിക്ക് ഒരിക്കലും ചേരാത്ത സൗമ്യത! നദീതീരത്ത് കൃപാമഹത്വത്തിൻെറ അടുത്തുനിന്നതു പഴയ ‘ഹീനഭീതി’യായിരുന്നില്ല, പ്രത്യുത, രാജാവ് ‘നിർഭയസാക്ഷി’യായി മാറ്റിയ സേവകപ്രമുഖനായിരുന്നു.

കൃപാമഹത്വം ഒരു വാക്കുപോലും ഉരിയാടിയില്ല, എന്നാൽ അവർ നാലുപേരും നദീതീരത്തുനിന്നു തിരിച്ചപ്പോൾ അവൾ മാത്രം വഴുതിമാറി ഒരു അകിൽമരച്ചുവട്ടിലിരുന്നു. അവിടെയിരുന്നു നോക്കുമ്പോൾ വിദൂരതയോളം നീണ്ടുകിടക്കുന്ന താഴ്‌വരകളുടെ നീലിമയാർന്ന ദൃശ്യം അവൾക്കുവ്യക്തമായി കാണാമായിരുന്നു.അവിടെ ദൃഷ്ടികളുറപ്പിച്ച് സുഗന്ധപർവ്വതങ്ങളിൽവച്ച് താൻ  പഠിച്ച പാഠങ്ങൾ അവൾ ഓർമ്മിച്ചു.

രാജാവ് തിരിച്ചുവന്ന് നിർഭയസാക്ഷിയെ താൻ ഇരുന്ന സ്ഥലത്തിനടുത്തേയ്ക്കു നയിക്കുന്നതായി അവൾ കണ്ടു. അവർ ഗൗരവപൂർവ്വം സംസാരിച്ചുകൊണ്ട് അടുത്തടുത്തു നില്ക്കുന്നതു കണ്ടപ്പോൾ അവൾക്കു ജിജ്ഞാസതോന്നി. അവർ പറഞ്ഞുകൊണ്ടിരുന്നത് എന്തെന്ന് വ്യക്തമായിരുന്നില്ലെങ്കിലും അവരെ കാണാനും അവരുടെ സംസാരത്തിൻെറ മർമ്മരശബ്ദം കേൾക്കാനും അവൾക്കു സാധിച്ചു. രാജാവ് വിദൂരസ്ഥമായ താഴ്‌വരയിലേയ്ക്കു വിരൽ ചൂണ്ടുന്നതും നിർഭയസാക്ഷി തൻെറ തോളുകൾ ഇളക്കി ആവേശപൂർവ്വം പ്രതികരിക്കുന്നതും അവൾ ശ്രദ്ധിച്ചു. ഒരിക്കൽ ആക്രമണകാരിയായിരുന്ന ഹീനഭീതിയുടെ തോളുകളിലേയ്ക്ക് രാജാവു സ്നേഹത്തോടെ തൻെറ കയ്‌വയ്ക്കുന്നതു കണ്ടപ്പോൾ അവൾക്കു സന്തോഷം തോന്നി. അവൻെറ ഏറ്റവും വലിയ കളങ്കവും ദൗർബല്യവും ഇപ്പോൾ ഏറ്റവും വലിയ ശക്തിയായി മാറിയിരിക്കുന്നു! അവൻെറമേൽ രാജാവു ചൊരിഞ്ഞ വാത്സല്യത്തിൻെറയും സ്നേഹത്തിൻെറയും പുഞ്ചിരി കണ്ട് ആശ്ചര്യത്തോടെ അവൾ ഇങ്ങ

www.malankaralibrary.com

നെ ആത്മഗതം ചെയ്തു:

''രാജാവ് അവനെ എത്രമാത്രം സ്നേഹിക്കുന്നു! നിർഭയസാക്ഷിയോട് രാജാവിനുള്ള സ്നേഹം അത്ഭുതാവഹം തന്നെ! എങ്കിലും രാജാവിൽനിന്ന് ഇത്രയുംകാലം ഒളിച്ചോടുകയും ഞാൻ വളരെയേറെ വെറുക്കുകയും ഭയപ്പെടുകയും ചെയ്തിരുന്ന ആളാണല്ലോ അവൻ!''

നിർഭയസാക്ഷിയുടെ കലകൾനിറഞ്ഞ തടിച്ചരൂപത്തെ നിശ്ചലയായി അവൾ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.അവൻെറ തോളുകളിൽ രാജാവിൻെറ കയ്കൾ അപ്പോഴും വാത്സല്യപൂർവ്വം വിശ്രമിക്കുന്നുണ്ടായിരുന്നു.പെട്ടെന്ന് അവളുടെ ഉൾക്കണ്ണുകൾ തുറക്കുകയും മുമ്പൊരിക്കലും മനസ്സിലാക്കാത്ത ഒരു സത്യം അവൾ ഗ്രഹിക്കുകയുംചെയ്തു. ഒരു ഞെട്ടലോടെ അവൾ ആത്മഗതം ചെയ്തു: എത്രവലിയ കാര്യമാണ് രാജാവു നിർവ്വഹിച്ചിരിക്കന്നത്!എൻെറ ജീവിതത്തിലെ ഏറ്റവും വലിയ പീഡനവും നൈരാശ്യവും ആയിരുന്ന, ഞാൻ ഏറ്റവും ഭയപ്പെടുകയും വെറുക്കുകയും ചെയ്തിരുന്ന,ഒന്നിനെ അദ്ദേഹം എല്ലാറ്റിലും നല്ലതാക്കി മാറ്റിയിരിക്കുന്നു! എന്നെ പീഡിപ്പിച്ചിരുന്ന ശക്തമായ ഭയംമൂലം ഞാൻ ഒരു 'ഹീനഭീതി' ആയേക്കുമോ എന്ന സംശയംപോലും എനിക്കുണ്ടായിരുന്നു. അദ്ദേഹം തൻെറ അത്ഭുതകരമായ അനുഗ്രഹം കൊണ്ട്, എനിക്ക് ഒരിക്കലും ആശിക്കാൻ കഴിയാത്ത ഒന്നായി, ഒരു നിർഭയസാക്ഷിയായി, എന്നെ മാറ്റിയിരിക്കുന്നു! ഓ, രാജാവിൻെറ സ്നേഹത്തിൻെറ ശക്തി എത്ര അത്ഭുതാവഹം! ഓ, എത്ര മനോഹരമായ ലക്ഷ്യങ്ങളും പദ്ധതികളുമാണ് അദ്ദേഹത്തിൻേറത്! ഞങ്ങളുടെ ഏറ്റവും വലിയ പീഡകളും പരാജയങ്ങളും ജീവിതത്തിലെ ഏറ്റവും വലിയ ശക്തിയും നന്മയുമായി അദ്ദേഹം പകർത്തിയിരിക്കുന്നു; ബലഹീനരായ ഞങ്ങളെ ശക്തരും ധീരരുമാക്കിമാറ്റി പൊരുതി ജയിക്കാൻ പ്രാപ്തരാക്കിയിരിക്കുന്നു!''

അല്പനേരത്തിനുശേഷം അവൾ തുടർന്നു: ''രാജാവ് അവനെ സ്നേഹിക്കുന്നതിൽ യാതൊരു അത്ഭുതവുമില്ല,''പിന്നെ അവൾ സന്തോഷത്തോടെ ഒന്നു ചിരിച്ചു.''എന്ത്! കാഹളധ്വനി കേൾക്കുമ്പോൾ വിദൂരസ്ഥമായ താഴ്വരകളിലേയ്ക്കു കുതിക്കാനും സാക്ഷ്യം വഹിക്കാനും ഒരുങ്ങിനില്ക്കുന്ന ഒരു പടക്കുതിരയെപ്പോലെയാണ് അവൻ ഇപ്പോൾ! ആക്രമണത്തിനുവേണ്ടി അവൻ ഉപയോഗിച്ചിരുന്ന ഊർജ്ജവും ശക്തിയും മുഴുവൻ പുതിയ സേവനരംഗത്തേയ്ക്കു തിരിച്ചുവിട്ടപ്പോൾ അവ

www.malankaralibrary.com

അവന്റെ ഏറ്റവും വലിയ മുതൽക്കൂട്ടായിമാറിയിരിക്കുന്നു.''

തന്റെ ചിന്തകൾ ഈ ഘട്ടത്തിലെത്തിയപ്പോൾ 'നിർഭയസാക്ഷി' രാജാവിന്റെ നേരെതിരിഞ്ഞ് ഒരു ചോദ്യം ചോദിക്കുന്നത് അവൾ കണ്ടു. അപ്പോൾ രാജാവ് ചെറുതായി ഒന്നു പുഞ്ചിരിച്ച് ശബ്ദമുയർത്തി അവൾക്കു കേൾക്കത്തക്കവണ്ണം വ്യക്തമായി ഇങ്ങനെ പറഞ്ഞു:

''ഉത്തരമെന്താണെന്നു ചോദിച്ചു മനസ്സിലാക്കൂ.'' ഇത്രയും പറഞ്ഞ് അവർ ഇരുവരും ആ വലിയ മരത്തണലിൽ ഒറ്റക്കിരിക്കുന്ന അവളുടെ നേരെ തിരിഞ്ഞുനോക്കി.

''കൃപാമഹത്വം,'' രാജാവ് അവളെ വിളിച്ചു.''ഞങ്ങളുടെ അടുത്തേക്കു വരൂ; ഞങ്ങൾക്ക് നിന്നോടു സംസാരിക്കാനുണ്ട്.''

ഒരു നിമിഷംപോലും ശങ്കിച്ചുനില്ക്കാതെ കൃപാമഹത്വം എഴുന്നേറ്റ് അവരുടെ അടുക്കലേയ്ക്കുപോയി.'സമാധാന'വും 'സന്തോഷ'വും അവളുടെ പിന്നാലെ നടന്നു. അപ്പോൾ അവൾ മുമ്പത്തേക്കാളേറെ പൊക്കവും രാജകീയപ്രൗഢിയും സൗന്ദര്യവുമുള്ളവളായി കാണപ്പെട്ടു.

''കൃപാമഹത്വം,'' നിർഭയസാക്ഷി പറഞ്ഞു,''ഞങ്ങൾ ലോകത്തിലുള്ള അനേകം വിദൂര താഴ്‌വരകളെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. രാജാവിന് അവിടെ നിർഭയസാക്ഷികളെ ആവശ്യമുണ്ട്.

''ശരിയാണ്,'' അവൾ പറഞ്ഞു.

''ഞങ്ങൾ അവിടേയ്ക്കു പോവുകയാണ്. നീ ഞങ്ങളുടെകൂടെ വരുന്നോ?'' രാജാവു ചോദിച്ചു.

അപ്പോൾ കൃപാമഹത്വം തന്റെ ഒരു കയ് രാജാവിന്റെ കയ്യിലും മറ്റേകയ് നിർഭയസാക്ഷിയുടെ കയ്യിലും പിടിച്ചു പറഞ്ഞു,''എന്നെ എന്തൊക്കെയാക്കിത്തീർക്കണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുവോ അതെല്ലാം ആക്കിത്തീർക്കുക. എന്റെ നാഥാ, അങ്ങ് ആഗ്രഹിക്കുന്നതെല്ലാം എന്നിൽ പ്രവർത്തിക്കുക.''

അവർ മൂവരും അവിടെ ഒരുമിച്ചുനിന്നു, സ്രഷ്ടാവും അവിടുത്തോട് ഐക്യപ്പെട്ട രണ്ടു സൃഷ്ടികളും. സ്നേഹത്തിനുള്ള ഇച്ഛാശക്തി

www.malankaralibrary.com

യായിരുന്നു അവിടുന്ന്. അവരാകട്ടെ ആ ഇച്ഛാശക്തിക്കുള്ള പ്രത്യു ത്തരവും ആ സ്നേഹം പ്രകടപ്പിക്കുന്ന കൈവഴികളും.

അപ്പോൾ രാജാവിന്റെ ആനന്ദനിർഭരമായ ആജ്ഞാശബ്ദം അകിൽഗിരിയിൽ ശക്തവും വ്യക്തവുമായി മുഴങ്ങി.

''എന്നോടു ചോദിച്ചുകൊള്ളുക, ഞാൻ നിനക്കു ജനതകളെ അവ കാശമായിത്തരും; ഭൂമിയുടെ അതിരുകൾ നിനക്ക് അധീന മാകും.''(സങ്കി.2:8)

അകിൽഗിരിയും സുഗന്ധഗിരിനിരകളും വിട്ടുപോകുന്നതിനുമുമ്പാ യി അവർ മൂവരും രത്നഗാനത്തിന്റെ (ഏശയ്യാ 54:11) ഒരു പുതിയ രൂ പം ഒരുമിച്ച് ആലപിച്ചു.

*ഇവിടെയിതാ ഇന്ദ്രനീലക്കല്ല്!*
*എന്റെ ഹൃദയമാകുന്ന തിളങ്ങുന്ന സിംഹാസനം.*
*അവിടെ സ്നേഹംതന്നെ രാജാവായി കിരീടമണിഞ്ഞിരിക്കുന്നു.*
*ഇവിടെ എന്റെ അനുസരിക്കുന്ന ഹൃദയം*
*എല്ലാത്തിലും നിന്റെ തിരുവിഷ്ടം അറിയുവോളം*
*ശ്രവിക്കുന്നതിൽ സന്തുഷ്ടയായിരിക്കുന്നു.*

*ഇവിടെയിതാ വൈഢൂര്യരത്നം!*
*(രത്നക്കല്ലുകളുടെ നാഥൻ)*
*രക്തത്തിന്റെയും തീജ്വാലയുടെയും പത്മരാഗക്കല്ല്.*
*പൂർണ്ണസൗഖ്യം പുല്കിയ എന്റെ തകർന്ന ഹൃദയം,*
*അതിന്റെ ഓരോ വശത്തും*
*നിന്റെ നാമം നിത്യമായി ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.*

*ഇവിടെയിതാ മനോജ്ഞമായ മരതകരത്നം!*
*മുറിവേറ്റു ചിതറിയ വിത്തുകളിൽനിന്ന്*
*എല്ലായിടത്തും പൊട്ടിവിടരുന്ന ജീവന്റെ തുടിപ്പ്.*
*വാഗ്ദാനം പാലിച്ച, നൂറിരട്ടി ഫലം നല്കിയ*
*നാഥനെ ഞാൻ ഇവിടെ പാടിപ്പുകഴ്ത്തും.*

www.malankaralibrary.com

എന്റെ ഈ അതിർത്തിക്കല്ലുകൾ
എത്ര വർണ്ണാഭമായി പ്രകാശിക്കുന്നു,
ചുളിവില്ലാത്ത രാജകീയ കൊടിക്കൂറകൾപോലെ.
എന്റെ നാഥാ, നിന്റെ വചനത്തിന്റെ ശക്തിയാൽ
ലോകം മുഴുവൻ അവകാശപ്പെടുത്താൻ
ഇതാ ഞാൻ പുറപ്പെടുന്നു.

◆ ◆ ◆

www.malankaralibrary.com

# സുഗന്ധഗിരികളിലൂടെ

## ഹന്നാ ഹെർണാർഡ്

"ഒരുവൻ ഒന്നുകിൽ ഭീതിനിറഞ്ഞ തന്റെ പ്രകൃതത്തിനടിമപ്പെട്ട് ജീവിതകാലമത്രയും ഒരു 'ഹീനഭീതി'യായി കഴിയണം; അല്ലെങ്കിൽ ഭീതി നിറഞ്ഞ തന്റെ പ്രകൃതത്തെ പൂർണ്ണമായി നാഥനു സമർപ്പിച്ച്, ഭയത്തിനു കീഴടങ്ങാനുള്ള ഓരോ പ്രലോഭനവും വിശ്വാസത്തിൽ അടിയുറയ്ക്കാനുള്ള അവസരമായി ഉപയോഗിച്ച്, നാഥന്റെ സ്നേഹവും ശക്തിയും വിളംബരം ചെയ്യുന്ന 'നിർഭയസാക്ഷി'യായി രൂപാന്തരപ്പെടണം. ഇതിനു രണ്ടിനുമിടയ്ക്ക് മറ്റൊരുമാർഗ്ഗമില്ല. മ്ലാനപ്രകൃതി, പരപുച്ഛം നിറഞ്ഞ മൂർച്ചയുള്ള നാവ്, ദുശ്ശകുനഭീതികൊണ്ട് അസ്വസ്ഥമായ മനസ്സ് എന്നിങ്ങനെ ഈ ഗ്രന്ഥത്തിൽ വ്യക്തിരൂപം പൂണ്ടിട്ടുള്ള സ്വഭാവസവിശേഷതകളെല്ലാം അവയ്ക്കുനേരെ വിപരീതമായ മഹത്ഗുണങ്ങായി രൂപാന്തരീകരിക്കപ്പെടാൻ കഴിയും. സ്നേഹം നമ്മുടെ പോരായ്മകളെയും വൈകല്യങ്ങളെയും സ്വീകരിച്ച് അവയിൽനിന്ന്, 'വക്രബുദ്ധിയായ യാക്കോബിൽ' നിന്നെന്നപോലെ, ദൈവത്തിന്റെ രാജകുമാരന്മാരെയും രാജകുമാരിമാരെയും രൂപപ്പെടുത്തുന്നു."

(ആമുഖത്തിൽനിന്ന്.)

ഈ പുസ്തകത്തിലെ പ്രധാന കഥാപാത്രമായ 'ഭീത' ('കൃപാമഹത്വം') തനിക്കു ലഭിച്ച ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവച്ച് അവരേയും ഇടയപ്രമുഖനിലേക്ക് നയിക്കുന്നതുപോലെ, ഈ ഗ്രന്ഥം വായിക്കുന്ന ഓരോരുത്തരും തങ്ങൾക്ക് ലഭിക്കുന്ന ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവച്ച് തങ്ങളുടെ ജീവിതം ഫലസമൃദ്ധമാക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.

ഫാ. സി.ജെ. വർക്കി.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com